# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടയം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: mlktm.ksad@kerala.gov.in
ഫോൺ : 0481-2566665

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എം.എം 3/158/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 12/07/2022
ഇ-മെയിൽ: mlktm.ksad@kerala.gov.in
ഫോൺ: 0481-2566665

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കോട്ടയം മുനിസിപ്പാലിറ്റി

സർ,

വിഷയം : കോട്ടയം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടയം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
2.നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3.റീജിയണൽ ജോയിന്റ് ഡയറക്ടർ നഗരകാര്യ വകുപ്പ്, കൊല്ലം
4.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.കെ.എം.എം 3/158/2022 തീയ്യതി: 12/07/2022

## കോട്ടയം ജില്ലയിലെ കോട്ടയം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കോട്ടയം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-09-2020 മുതൽ 31-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-08-2020 മുതൽ 31-01-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 92 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2020 | 01-03-2021 |
| ശ്രീ.കെ.വി.സന്തോഷ് | ഡെപ്യൂട്ടി ഡയറക്ടർ | 02-03-2021 | 31-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-04-2020 | 31-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മായാമാധവൻ നായർ (ഓഡിറ്റ് ഓഫീസർ, ഹയർ ഗ്രേഡ്)
ശ്രീമതി.കൊച്ചുമോൾ.എം (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീമതി.ശ്രീലത.ആർ.ബി (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ.ഹരികുമാർ.ബി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി.ജ്യോതിലക്ഷ്മി.ആർ (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.സോന.പി.ആർ | ചെയർപേഴ്സൺ | 01-04-2020 | 12-11-2020 |

| | | | |
|---|---|---|---|
| ഭരണ നിർവ്വഹണ സമിതി | ചെയർപേഴ്സൺ | 13-11-2020 | 27-12-2020 |
| ശ്രീമതി.ബിൻസി സെബാസ്റ്റ്യൻ | ചെയർപേഴ്സൺ | 28-12-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഇ. റ്റി. സുരേഷ് കുമാർ | സെക്രട്ടറി ഇൻ ചാർജ് | 01-04-2020 | 04-06-2020 |
| ശ്രീ.എസ്. എസ്. സജി | സെക്രട്ടറി | 05-06-2020 | 27-01-2021 |
| ശ്രീ.ഇ. റ്റി. സുരേഷ് കുമാർ | സെക്രട്ടറി | 28-01-2021 | 07-02-2021 |
| ശ്രീ.എസ്. ബിജു | സെക്രട്ടറി | 08-02-2021 | 31-03-2021 |
| ശ്രീമതി.ശ്രീലത. സി. വി | മെഡിക്കൽ ഓഫീസർ (ആയുർവേദം ) | 01-04-2020 | 31-03-2021 |
| ഡോ. അനുഷ് | മെഡിക്കൽ ഓഫീസർ (പി. എച്ച്. സി ) | 01-04-2020 | 24-01-2021 |
| ഡോ. ജ്യോതി സൂസൻ ജോയ് | മെഡിക്കൽ ഓഫീസർ (പി. എച്ച്. സി ) | 25-01-2021 | 31-03-2021 |
| ശ്രീ. പ്രശാന്ത്. ബി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.വൈശാഖി. എ. എസ് | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | 01-04-2020 | 15-03-2021 |
| ശ്രീമതി. മഞ്ജു. എം. പിള്ള | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | 16-03-2021 | 31-03-2021 |
| ശ്രീ. മാൻസി ബാബുജി | സീനിയർ വെറ്റിനറി സർജൻ | 01-04-2020 | 02-11-2020 |
| ശ്രീ. ജയന്ത് ഗോവിന്ദൻ | സീനിയർ വെറ്റിനറി സർജൻ | 03-11-2020 | 31-03-2021 |
| ശ്രീ. സൈനുദ്ദീൻ. കെ. എം | പ്രൊജക്ട് ഓഫീസർ (അർബൻ പോവെർട്ടി അലീവിയേഷൻ സെൽ ) | 01-04-2020 | 02-02-2021 |
| ശ്രീ. പ്രകാശ്. റ്റി | പ്രൊജക്ട് ഓഫീസർ (അർബൻ പോവെർട്ടി അലീവിയേഷൻ സെൽ ) | 03-02-2021 | 31-03-2021 |
| ശ്രീമതി. മഞ്ജു. ഡി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. പി. വിദ്യാധരൻ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ. സജൻ. എസ്. നായർ | പ്രിൻസിപ്പൽ | 01-04-2020 | 31-03-2021 |
| ശ്രീമതി.സൂസൻ മേരി എ. കെ | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ | 01-04-2020 | 13-09-2020 |
| ശ്രീമതി. രമ.സി. എസ് | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ | 14-09-2020 | 31-03-2021 |
| ശ്രീമതി. ബിജി മോൾ. ഇ. ആർ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സുമ. എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 24-08-2020 |
| ശ്രീ. അജു . ബി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഡീഷണൽ ചാർജ്) | 25-08-2020 | 05-01-2021 |
| ശ്രീ. രാജീവ്. ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 06-01-2021 | 31-03-2021 |
| ശ്രീമതി. ഷീജ. വി. എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 30-06-2020 |
| ശ്രീ ജീവൻ. പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-07-2020 | 31-03-2021 |
| ശ്രീമതി. കവിത. ഡി. എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 16-02-2021 |
| ശ്രീ. ജീവൻ. പി | അസിസ്റ്റന്റ് എഞ്ചിനീയർ (അഡീഷണൽ ചാർജ് ) | 17-02-2021 | 31-03-2021 |
| ശ്രീ. ജോസഫ് വിൽഫ്രഡ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഗീതു. ജി. പണിക്കർ | അസിസ്റ്റന്റ് എഞ്ചിനീയർ | 08-10-2020 | 31-03-2021 |
| ശ്രീ. അജി. സി. റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 10-08-2020 | 31-03-2021 |
| ശ്രീ. ഗോപാലകൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-05-2020 |
| ശ്രീ. അരുൺ ചന്ദ്. എം. വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 05-10-2020 |
| ശ്രീ. സോനു മാത്യു | അസിസ്റ്റന്റ് എഞ്ചിനീയർ | 13-04-2020 | 30-04-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: B Harikumar (Senior Grade Auditor, On 13-04-2022)<br>Last Updated By: Maya Madhavan Nair (Audit Officer, On 08-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: B Harikumar (Senior Grade Auditor, On 13-04-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 11-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: B Harikumar (Senior Grade Auditor, On 13-04-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 06-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: B Harikumar (Senior Grade Auditor, On 03-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: B Harikumar (Senior Grade Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-5 |
| 6 | അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി<br>Written By: B Harikumar (Senior Grade Auditor, On 10-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 06-07-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: B Harikumar (Senior Grade Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 06-07-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: B Harikumar (Senior Grade Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 04-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: B Harikumar (Senior Grade Auditor, On 04-06-2022)<br>Last Updated By: Maya Madhavan Nair (Audit Officer, On 07-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: B Harikumar (Senior Grade Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 04-06-2022) | 1-10 |
| 11 | ഓഡിറ്റ് ഇംപാക്ട് - വീട്ടു വാടക ബത്തയ്ക്ക് അർഹതയില്ലാത്ത ജീവനക്കാർക്ക് ആർജ്ജിതാവധി സറണ്ടറിനൊപ്പം അനുവദിച്ച വീട്ടു വാടക ബത്ത തിരികെ ഈടാക്കി<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: Jyothilekshmy.R (Auditor, On 04-06-2022) | 1-11 |
| 12 | ജനറൽ പർപ്പസ് ഗ്രാന്റ് ഒരു ഗഡു വിഹിതം നഷ്ടപ്പെടുത്തി<br>Written By: B Harikumar (Senior Grade Auditor, On 12-07-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-12 |
| 13 | തനത് ഫണ്ട് വരവു ചെലവു കണക്കുകൾ കൃത്യമല്ല<br>Written By: B Harikumar (Senior Grade Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-13 |
| 14 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-14 |
| 15 | ചെക്ക് ഉപയോഗം - നടപടിക്രമങ്ങൾ പാലിക്കുന്നില്ല<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 06-07-2022) | 1-15 |
| 16 | രസീത് ബുക്ക് നഷ്ടപ്പെട്ടു<br>Written By: Jyothilekshmy.R (Auditor, On 30-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-16 |
| 17 | തുകകൾ ബാങ്ക് അക്കൗണ്ടുകൾ മാറ്റി ഒടുക്കുന്നു.<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-17 |

| | | |
|---|---|---|
| 18 | വസ്തു നികുതി - അപാകതകൾ<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: Maya Madhavan Nair (Audit Officer, On 12-07-2022) | 1-18 |
| 19 | വസ്തു നികുതി ഒടുക്കാത്തതു സംബന്ധിച്ച്<br>Written By: M Kochumol (Asst. Audit Officer, On 30-04-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 06-07-2022) | 1-19 |
| 20 | കെട്ടിടം വിഭജിച്ച് വസ്തു നികുതി കണക്കാക്കിയിരിക്കുന്നതിനാൽ വാർഷിക വസ്തു നികുതിയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-20 |
| 21 | മൊബൈൽ ടവറുകളുടെ വസ്തുനികുതി<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-21 |
| 22 | സർക്കാർ സ്ഥാപനങ്ങളുടെ വസ്തുനികുതി<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-22 |
| 23 | ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക സമയബന്ധിതമായി ലൈബ്രറി കൗൺസിലിൽ ഒടുക്കുവരുത്തുന്നില്ല.<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-23 |
| 24 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-24 |
| 25 | നാട്ടകം മേഖല- തൊഴിൽനികുതി അപാകതകൾ<br>Written By: Sreelatha R B (Asst. Audit Officer, On 13-05-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-25 |
| 26 | ലേലം-പൊതു അപാകതകൾ<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: Maya Madhavan Nair (Audit Officer, On 11-07-2022) | 1-26 |
| 27 | ലൈസൻസ് ഫീസ് - അപാകതകൾ.<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: Jyothilekshmy.R (Auditor, On 04-06-2022) | 1-27 |
| 28 | D&O ട്രേഡ് ലൈസൻസ് ഫോറം വിൽപ്പനയിൽ വരുമാന നഷ്ടം<br>Written By: B Harikumar (Senior Grade Auditor, On 04-06-2022)<br>Last Updated By: Maya Madhavan Nair (Audit Officer, On 11-07-2022) | 1-28 |
| 29 | ദേശീയ വഴിയോരക്കച്ചവട നിയമം 2014 – പ്രാവർത്തികമായില്ല.<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 11-07-2022) | 1-29 |
| 30 | കടമുറികൾ വാടകകാലാവധിക്കുശേഷം പുതുക്കിയിട്ടില്ല – വാടകയിനത്തിൽ വരുമാന നഷ്ടം<br>Written By: B Harikumar (Senior Grade Auditor, On 09-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-30 |
| 31 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - അപാകതൾ<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: Maya Madhavan Nair (Audit Officer, On 11-07-2022) | 1-31 |
| 32 | സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ - അപാകതകൾ<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-32 |
| 33 | ജി.എസ്.ടി, പ്രളയ സെസ്സ് എന്നിവ ഒടുക്കിയതിലെ അപാകതകൾ<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-33 |
| 34 | ആദായനികുതി ഒടുക്കിയതിൽ കാലതാമസം വരുത്തി - നടപടിക്രമങ്ങൾ പാലിക്കുന്നതിൽ അപാകത<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-34 |
| 35 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതിലെ അപാകതകതൾ | 1-35 |

| | | |
|---|---|---|
| | Written By: B Harikumar (Senior Grade Auditor, On 08-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | |
| 36 | വാട്ടർ ചാർജ് - വാട്ടർ കണക്ഷനുകളുടേയും, ടാപ്പുകളുടേയും സമഗ്രവിവരങ്ങൾ നഗരസഭയിലില്ല – തുക അടവ് വരുത്തുന്നത് മോണിട്ടർ ചെയ്യുന്നില്ല.<br>Written By: M Kochumol (Asst. Audit Officer, On 30-04-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-36 |
| 37 | കടത്തുവള്ളം വാടകയ്ക്ക് നൽകൽ - ക്വൊട്ടേഷൻ വ്യവസ്ഥകൾ പാലിച്ചില്ല – നിരതദ്രവ്യം മടക്കി നൽകിയത് ക്രമാനുസൃതമല്ല.<br>Written By: B Harikumar (Senior Grade Auditor, On 04-06-2022)<br>Last Updated By: Maya Madhavan Nair (Audit Officer, On 11-07-2022) | 1-37 |
| 38 | കുടിവെള്ള വിതരണം - ചെലവഴിക്കാൻ അനുവദനീയമായ പരമാവധി തുകയിൽ അധികമായ തുക സംബന്ധിച്ച്<br>Written By: M Kochumol (Asst. Audit Officer, On 04-05-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-38 |
| 39 | മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താത്ത തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ്- നഗരസഭയ്ക്ക് നഷ്ടം<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-39 |
| 40 | മെറിറ്റോറിയൽ സ്കോളർഷിപ്പ്- സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക തുക നൽകി<br>Written By: Sreelatha R B (Asst. Audit Officer, On 13-05-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-40 |
| 41 | ബിറ്റുമിൻ മുഴുവൻ തിരികെ ലഭിച്ചതു സംബന്ധിച്ച രേഖകളില്ല.<br>Written By: Maya Madhavan Nair (Audit Officer, On 06-06-2022)<br>Last Updated By: Maya Madhavan Nair (Audit Officer, On 02-07-2022) | 1-41 |
| 42 | കമ്മ്യൂണിറ്റി കിച്ചനിലൂടെ ലഭ്യമാകുന്ന സൗജന്യ ഊണിനുള്ള ധനസഹായം ' പ്രോജക്ട്-ഒരേ ഇൻവോയിസ് പ്രകാരം സ്ഥാപനത്തിന് രണ്ട് പ്രാവശ്യം തുക നൽകി<br>Written By: Maya Madhavan Nair (Audit Officer, On 06-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-42 |
| 43 | സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം-സർക്കാർ നിബന്ധനകൾക്ക് വിരുദ്ധമായി ഉപകരണങ്ങൾ വാങ്ങി<br>Written By: Maya Madhavan Nair (Audit Officer, On 06-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-43 |
| 44 | മുനിസിപ്പൽ പാർക്ക് സംരക്ഷണത്തിനായി ലക്ഷങ്ങൾ ചെലവഴിച്ചിട്ടും പാർക്ക് നാശോൻമുഖമായ നിലയിൽ<br>Written By: B Harikumar (Senior Grade Auditor, On 08-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-44 |
| 45 | ഉറവിടമാലിന്യ നിർമ്മാർജ്ജനപദ്ധതി-ലക്ഷ്യം കൈവരിച്ചില്ല<br>Written By: Maya Madhavan Nair (Audit Officer, On 06-06-2022)<br>Last Updated By: Maya Madhavan Nair (Audit Officer, On 11-07-2022) | 1-45 |
| 46 | മുള്ളങ്കുഴി ഫ്ലാറ്റ് നിർമ്മാണം - സൈറ്റ് കൈമാറി നൽകാത്തതിനാൽ രണ്ടും മൂന്നും ഘട്ട നിർമ്മാണം ഓഡിറ്റ് വർഷം ആരംഭിക്കാൻ സാധിച്ചിട്ടില്ല.<br>Written By: B Harikumar (Senior Grade Auditor, On 08-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-46 |
| 47 | നഗരസഭയുടെ വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -തനത് ഫണ്ട് ചെലവ് സംബന്ധിച്ച്<br>Written By: M Kochumol (Asst. Audit Officer, On 30-04-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-47 |
| 48 | പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച്<br>Written By: M Kochumol (Asst. Audit Officer, On 19-05-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-48 |
| 49 | പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം-വിവിധ പ്രോജക്ടുകളിലായി 2020-21ൽ പൂർത്തീയാക്കാൻ അവശേഷിക്കുന്ന ഭവനങ്ങൾ സംബന്ധിച്ച്<br>Written By: M Kochumol (Asst. Audit Officer, On 28-05-2022) | 1-49 |

| | | |
|---|---|---|
| | Last Updated By: Maya Madhavan Nair (Audit Officer, On 11-07-2022) | |
| 50 | ഭവനനിർമ്മാണം-കുമാരനെല്ലൂർ 2-ാം ഘട്ടം പൂർത്തീകരിച്ചിട്ടില്ല.<br>Written By: M Kochumol (Asst. Audit Officer, On 30-04-2022)<br>Last Updated By: Maya Madhavan Nair (Audit Officer, On 11-07-2022) | 1-50 |
| 51 | ഭവനനിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല<br>Written By: Sreelatha R B (Asst. Audit Officer, On 21-05-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-51 |
| 52 | ആർദ്രം പ്രോജക്ട് (പ്രോജക്ട് നമ്പർ 311/20-21) ൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കോവിഡ് 19 റിലീഫ് ഫണ്ട് പിടിച്ച് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചത് CMDRF ലേയ്ക്ക് ഒടുക്കിയില്ല.<br>Written By: Sreelatha R B (Asst. Audit Officer, On 21-05-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-52 |
| 53 | മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിക്കായി വകയിരുത്താതെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-53 |
| 54 | പങ്കാളിത്ത പെൻഷൻ വിഹിതം ഒടുക്കുന്നില്ല<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: Maya Madhavan Nair (Audit Officer, On 10-06-2022) | 1-54 |
| 55 | സെൻട്രൽ പെൻഷൻ ഫണ്ട്-ഭീമമായ തുക ലഭിക്കാനവശേഷിക്കുന്നു<br>Written By: Maya Madhavan Nair (Audit Officer, On 06-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-55 |
| 56 | നഗരസഭ സെക്രട്ടറിയുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സഞ്ചിത നിധിയിലേക്ക് അടവാക്കുന്നില്ല.<br>Written By: Jyothilekshmy.R (Auditor, On 04-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-56 |
| 57 | വനിതകൾക്ക് സ്കൂട്ടർ (എസ്.ഒ.192/20-21) – രേഖകൾ ഹാജരാക്കിയില്ല<br>Written By: Sreelatha R B (Asst. Audit Officer, On 16-05-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-57 |
| 58 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (എസ് ഒ. 458/20-2)- ബിൽ ലഭ്യമായില്ല<br>Written By: Sreelatha R B (Asst. Audit Officer, On 13-05-2022)<br>Last Updated By: Maya Madhavan Nair (Audit Officer, On 10-06-2022) | 1-58 |
| 59 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങൽ (എസ് ഒ. 432/20-21) -ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Sreelatha R B (Asst. Audit Officer, On 17-05-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-59 |
| 60 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: M Kochumol (Asst. Audit Officer, On 30-04-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-60 |
| 61 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.അധിക തുക നിരാകരിക്കുന്നു<br>Written By: M Kochumol (Asst. Audit Officer, On 30-04-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-61 |
| 62 | നഗരത്തിലെ വിവിധ തോടുകളുടെ ആഴം കൂട്ടൽ ഡിപ്പോസിറ്റ് തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല.<br>Written By: M Kochumol (Asst. Audit Officer, On 30-04-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-62 |
| 63 | വൃദ്ധർക്ക് കട്ടിൽ (എസ്.ഒ433/20-21), (എസ്.ഒ434/20-21)- രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Sreelatha R B (Asst. Audit Officer, On 16-05-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-63 |

| | | |
|---|---|---|
| 64 | എന്റെ വാസസ്ഥലത്ത് നാടൻ നേന്ത്രവാഴകൃഷി-അപാകതകൾ<br>Written By: M Kochumol (Asst. Audit Officer, On 04-05-2022)<br>Last Updated By: Maya Madhavan Nair (Audit Officer, On 11-07-2022) | 1-64 |
| 65 | അത്യൽപ്പാദനശേഷിയുള്ള കുറിയഇനം തെങ്ങിൻതൈ വിതരണം-പദ്ധതി നിർവ്വഹണത്തിലെ അപാകകൾ<br>Written By: M Kochumol (Asst. Audit Officer, On 04-05-2022)<br>Last Updated By: Maya Madhavan Nair (Audit Officer, On 11-07-2022) | 1-65 |
| 66 | വീട്ടിൽ ഒരു ജൈവ പച്ചക്കറി തോട്ടം-അപാകതകൾ<br>Written By: M Kochumol (Asst. Audit Officer, On 04-05-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-66 |
| 67 | മിനിട്സ് തയ്യാറാക്കുന്നതിന് സകർമ്മ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നില്ല<br>Written By: B Harikumar (Senior Grade Auditor, On 08-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 1-67 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | മെറിറ്റോറിയൽ സ്കോളർഷിപ്പ്- സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക തുക നൽകി<br>Written By: Sreelatha R B (Asst. Audit Officer, On 13-06-2022)<br>Last Updated By: Maya Madhavan Nair (Audit Officer, On 11-07-2022) | 3-1 |
| 2 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.അധിക തുക നിരാകരിക്കുന്നു<br>Written By: M Kochumol (Asst. Audit Officer, On 08-07-2022)<br>Last Updated By: Maya Madhavan Nair (Audit Officer, On 11-07-2022) | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M Kochumol (Asst. Audit Officer, On 19-05-2022)<br>Last Updated By: Jyothilekshmy.R (Auditor, On 13-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M Kochumol (Asst. Audit Officer, On 06-05-2022)<br>Last Updated By: Maya Madhavan Nair (Audit Officer, On 10-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M Kochumol (Asst. Audit Officer, On 19-05-2022)<br>Last Updated By: Jyothilekshmy.R (Auditor, On 13-06-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M Kochumol (Asst. Audit Officer, On 07-05-2022)<br>Last Updated By: Jyothilekshmy.R (Auditor, On 13-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: M Kochumol (Asst. Audit Officer, On 07-05-2022)<br>Last Updated By: M Kochumol (Asst. Audit Officer, On 07-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: M Kochumol (Asst. Audit Officer, On 19-05-2022)<br>Last Updated By: Jyothilekshmy.R (Auditor, On 13-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M Kochumol (Asst. Audit Officer, On 07-05-2022)<br>Last Updated By: Sreelatha R B (Asst. Audit Officer, On 19-05-2022) | 4-7 |
| 8 | ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Maya Madhavan Nair (Audit Officer, On 10-06-2022)<br>Last Updated By: Maya Madhavan Nair (Audit Officer, On 11-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Maya Madhavan Nair (Audit Officer, On 10-06-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M Kochumol (Asst. Audit Officer, On 13-05-2022)<br>Last Updated By: B Harikumar (Senior Grade Auditor, On 12-07-2022) | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

| | |
|---|---|
| ബഡ്ജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയ്യതി | 19.03.20 |
| ബഡ്ജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയ്യതി | 24.03.2020 |
| റിവൈസ്ഡ് ബഡ്ജറ്റ് അംഗീകരിച്ച തീയ്യതി | 15.02.2021 |

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 410543240 | 247124690 | 163418550 |
| വരവ് | 1068851704 | 757116160 | 311735544 |
| ആകെ | 1479394944 | 1004240850 | 475154094 |
| ചെലവ് | 1014196651 | 791016813 | -223179838 |
| നീക്കിയിരിപ്പ് | 465198293 | 213224037 | 251974256 |

പ്രതീക്ഷിത ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ വലിയ അന്തരം ഉണ്ട്. പ്രതീക്ഷിത ബജറ്റ് വാസ്തവികവും യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ബജറ്ററി നിയന്ത്രണം ഫലപ്രദമായി നടപ്പാക്കുന്നില്ല

ബജറ്റിൽ പ്രതീക്ഷിച്ച ഓരോ വരവും പൂർണ്ണമായും സമാഹരിക്കുകയും ചെലവ് ചെയ്യുന്ന ഓരോ കണക്ക് ശീർഷകത്തിലും ചെലവിനാവശ്യമായ പണം ഉണ്ടെന്ന് ഉറപ്പുവരുത്തി ചെലവു ചെയ്യുക എന്നീ പ്രക്രിയകൾ ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നില്ല. ഓരോ മാസവും പ്രതിശീർഷ അക്കൗണ്ട് പരിശോധിക്കുമ്പോൾ വരവ്, ചെലവ് എന്നിവ ബജറ്റിനനുസൃതമായവ തന്നെയാണോ എന്ന കാര്യം ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി പരിശോധിക്കുകയോ ഗൗരവമുള്ള ബജറ്റ് വ്യതിയാനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ ഉടനടി തിരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയോ ചെയ്യുന്നതായി രേഖകൾ വ്യക്തമാക്കുന്നില്ല. ബജറ്ററി നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കാൻ ശ്രദ്ധപുലർത്തേണ്ടതാണ്

ബജറ്റ് പകർപ്പ് ഓഡിറ്റിനു നൽകുന്നില്ല

ഭരണസമിതി പാസ്സാക്കുന്ന വാർഷിക ബജറ്റിന്റെ പകർപ്പ് നിയമാനുസൃത ഓഡിറ്റർക്ക് നൽകണമെന്ന് കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 289 നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കുന്നില്ല. ബജറ്റ് പകർപ്പ് ഓഡിറ്റർക്ക് ലഭ്യമാക്കുന്നതിന് ശ്രദ്ധപുലർത്തേണ്ടതാണ്.

ബജറ്റ് വിവരങ്ങൾ നഗരസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നില്ല

2017-18 വർഷത്തിനുശേഷം നഗരസഭ പാസ്സാക്കുന്ന വാർഷിക ബജറ്റിന്റെ വിശദാംശങ്ങൾ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നില്ല. ബജറ്റ് സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളുടെ അറിവിനുവേണ്ടി പ്രദർശിപ്പിക്കുന്നതിൽ വീഴ്ച വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

- ഷെഡ്യൂൾ B15, RP-43, I-1:വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
- ഷെഡ്യൂൾ ബി3 : ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-മുൻ വർഷത്തെ തുക തന്നെയാണ് തൻ വർഷത്തെ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ എക്സ്പെൻഡിച്ചർ ആയി അക്കൗണ്ട് ചെയ്തിരിക്കുകയാണ്. ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.
- ബി-ഫണ്ട് വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ബി ഫണ്ട് ചെലവ് വിവരങ്ങൾ

I-14 ൽ കാണിക്കേണ്ടതാണ്

- RP-5 (സെയിൽ& ഹയർ ചാർജസ് ഷെഡ്യൂൾ I-4(b) യുമായി പൊരുത്തപ്പെടുന്നില്ല. RP-5 ൽ ഹയർ ചാർജസ് ഫോർ വെഹിക്കിൾസ് എന്ന ഹെഡ്ഡിൽ 14499 രൂപ മൈനസ് ഫിഗറായി കാണിച്ചിട്ടുള്ളത് കൃത്യമല്ല.
- ഷെഡ്യൂൾ B-7:-Deposits Received ഇനത്തിൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന തുകകൾ കൃത്യമല്ല. ഉദാ- കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് (-14116), കോൺട്രാക്ടേഴ്സ് റിറ്റെൻഷൻ മണി (-533217). ഇവയുടെ നീക്കിബാക്കി ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ഓരോയിനം ഡെപ്പോസിറ്റിന്റെയും വാർഷിക സംക്ഷിപ്തം തയ്യാറാക്കി ഷെഡ്യൂൾ ബി-7-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധയിനം ഡെപ്പോസിറ്റ് ബാലൻസുകളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.
- ഷെഡ്യൂൾ B14 :- 31.03.2021-ലെ ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന്റെ കൃത്യത സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.
- ഷെഡ്യൂൾ ബി 15- Sundry Debtors: ൽ നൽകിയിട്ടുള്ള ഡിമാൻറ് ചെയ്തിട്ടുള്ളതും പിരിഞ്ഞുകിട്ടാനുള്ളതുമായ ചുവടെ ചേർത്തിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കേണ്ടതാണ്.

| | | |
|---|---|---|
| 1 | Rent Receivables From Guest Houses (Current) | -73571 |
| 2 | Rent Receivables From Guest Houses (Arreares) | -6968 |
| 3 | Other Receivables (Current) | 338571749 |
| 4 | Rent Receivables From Buildings (Current) | -19844623 |
| 5 | Rent Receivables From Buildings (Arreares) | -389359 |
| 6 | Receivables For Surcharge On Property Tax (Current) | -6881 |
| 7 | Receivables For Surcharge On Property Tax (Arreares) | 2940 |

- ഷെഡ്യൂൾ ബി18: Loans,Advance&Deposit: മുനിസിപ്പാലിറ്റിക്ക് വേണ്ടി വിവിധ പ്രവൃത്തികൾ ചെയ്യുന്നതിനായി സ്ഥാപനങ്ങൾക്ക് നൽകുന്ന മുൻകൂറുകൾ പ്രവൃത്തി പൂർത്തീകരിച്ച് യൂട്ടിലൈസേഷൻ ലഭിക്കുന്ന മുറയ്ക്ക് ആസ്തിയാക്കി മാറ്റി അഡ്വാൻസിൽ നിന്നും ഒഴിവാക്കുന്നില്ല.
- സുലേഖ ചെലവ് പത്രിക പ്രകാരമുള്ള സേവനം, പശ്ചാത്തലം, മേഖലാ വിഭജനത്തിൽപ്പെടാത്തവ, എന്നീ ചെലവുകൾ വാർഷിക ധനകാര്യ പത്രികയിലെ I-14(a), I-14(b), I-14(c) എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തേണ്ടതും വ്യത്യാസമുള്ള സംഗതിയിൽ നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ വാർഷിക ധനാകര്യ പത്രികയിൽ മേൽ ഷെഡ്യൂൾ പ്രകാരമുള്ള ചെലവുകൾ ഉൾപ്പെടുത്തിയിട്ടില്ല.
- ഷെഡ്യൂൾ ബി16: Pre Paid Expense: ആകെ ലോൺ തുകയിൽ തിരിച്ചടക്കാൻ അവശേഷിക്കുന്നതായി B-5-ൽ രേഖപ്പെടുത്തിയിരിക്കുന്ന തുക B-16 ഷെഡ്യൂളിലും ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ B-16 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
- ഷെഡ്യൂൾ B2ൽ(earmarked Funds) നൽകിയിട്ടുള്ള പെൻഷൻ ഫണ്ട് ഫോർ കണ്ടിജന്റ് സ്റ്റാഫ് എന്ന ഹെഡ്ഡിൽ കാണിച്ചിരിക്കുന്ന -24547466 രൂപയുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
- ഷെഡ്യൂൾ ബി4 : Grants & Contributions For Specific Purposes: ൽ മൈനസ് ഫിഗറായി കാണിച്ചിട്ടുള്ള (-412490) മെയിന്റനൻസ് ഫണ്ട് റോഡ് അസ്സെറ്റ്സ് എന്ന എൻട്രി കൃത്യമാണോയെന്ന് പരിശോധിക്കുക. അതോടൊപ്പം തന്നെ അദർ ഗ്രാന്റ്സ് & കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപ്പസസിൽ കാണിച്ചിട്ടുള്ള ബാലൻസ് തുകയായ 3927829 രൂപയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
- കാലാവധി കഴിഞ്ഞിട്ടും പണമാകാത്ത ചെക്കുകൾ 'Liability In Respect Of Stale Cheques'(350800101) എന്ന ലയബിലിറ്റി ഹെഡ്ഡിലേക്ക് രശീത് ചെയ്ത് മാറ്റാതെ അതേ ഹെഡ്ഡിൽ പെയ്മെന്റ് ചെയ്ത് പുതിയ ചെക്ക് അനുവദിക്കുന്നതിനാൽ ബാങ്ക് റിക്കൺസിലിയേഷൻ കൃത്യമല്ല.
- പദ്ധതി പൂർത്തീകരണ സമയത്ത് ഓരോ പ്രോജക്ടും പരിശോധിച്ച് പ്രോജക്ട് രജിസ്റ്റർ, എ.സി.ആർ, എന്നിവയിൽ രേഖപ്പെടുത്തിയ ചെലവുകൾ ശരിയായി തന്നെ സുലേഖയിൽ ചേർക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 247124690 |
| വരവ് | 757116160 |
| ആകെ | 1004240850 |
| ചെലവ് | 791016813 |

| | |
|---|---|
| നീക്കിബാക്കി | 213224037 |

തൻവർഷ വരവ് ചെലവ്-ഘടക വിശകലനം (വാർഷിക കണക്ക് പ്രകാരം)

എ) വരവ്

| ഇനം | തുക |
|---|---|
| നികുതി/നികുതിയിതരം | 197512527 |
| ഗ്രാന്റുകൾ | 484435149 |
| വായ്പകൾ | 75168484 |
| ആകെ | 757116160 |

ബി) ചെലവ്

| ഇനം | തുക |
|---|---|
| പദ്ധതിച്ചെലവ് | 483899334 |
| പദ്ധതിയിതരം | 303727609 |
| വായ്പകൾ | 3389870 |
| ആകെ | 791016813 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് (അലോട്ട്മെന്റ് പ്രകാരമുള്ളത്) | ആകെ | *ചെലവ്* | *ലാപ്സായ തുക* |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 160759000 | 160759000 | 147633125 | 13125875 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 36334000 | 36334000 | 22525269 | 13808731 |
| വികസന ഫണ്ട്(റ്റ്.എസ്സ്.പി) | 0 | 1798000 | 1798000 | 459182 | 1338818 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 99861000 | 99861000 | 90753234 | 9107766 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 37106100 | 37106100 | 36938339 | 167761 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 89920000 | 89920000 | 27541244 | 62378756 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 254235914 | 254235914 | 133849749 | 120386165 |

ACR പ്രകാരമുള്ള ഫണ്ട് വരവ് ചെലവ് കണക്കുകൾ

| ക്രമനംപർ | ഫണ്ടിനം | വരവ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1. | വികസന ഫണ്ട് (സാധാരണവിഹിതം) | 144863135 | 115841395* | 80 |
| 2. | വികസന ഫണ്ട്(SCP) | 36334000 | 22525269 | 62 |
| 3. | വികസന ഫണ്ട്(TSP) | 1798000 | 459182 | 25 |
| 4. | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഫണ്ട്) | 89920000 | 27541244 | 31 |
| | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ഫണ്ട്) | 254235914 | 139416642 | 55 |
| | ആകെ | 344155914 | 166957886 | 49 |
| 5. | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 99861000 | 90753234 | 91 |
| 6. | മെയിന്റനൻസ് ഗ്രാന്റ്(നോൺറോഡ്) | 36730696 | 36563035** | 99.54 |

*അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം(58,69,200/- രൂപ), ലൈഫ് മിഷൻ വായ്പ തിരിച്ചടയക്കൽ(1,00,26,665/-രൂപ)എന്നീ ഇനങ്ങളിൽ സ്രോതസ്സിൽനിന്നും കുറവുചെയ്ത 1,58,95,865രൂപ ഉൾപ്പെടുത്താത്തതിനാൽ എ.സി.ആർ തുക വ്യത്യസ്തപ്പെട്ടിരിക്കുന്നു.

**വോട്ടിങ്ങ് മെഷീൻ വാങ്ങുന്നതിനായി സ്രോതസ്സിൽനിന്നും കുറവു ചെയ്ത 3,75,304/- രൂപ എ.സി.ആറിൽ ഉൾപ്പെടുത്തിയിട്ടില്ല.

പദ്ധതി വിഹിതം വരവുചെലവു കണക്കുകൾ

1)വികസനഫണ്ടായി കോട്ടയം നഗരസഭയ്ക്ക് 2020-21 വർഷം 3 ഗഡുക്കളിലായി താഴെപ്പറയും പ്രകാരം 19,88,91,000രൂപ ലഭിച്ചിട്ടുണ്ട്.

| വിഭാഗം | ഗഡു | ഉത്തരവു നംപർ | തുക |
|---|---|---|---|
| ജനറൽ | I | ജി.ഒ.(ആർ.ടി).2657/2020/ഫിൻ/തീയതി 1.4.2020 | 4,77,19,000 |
| ” | II | ജി.ഒ.(ആർ.ടി.)4461/2020/ഫിൻ/തീയതി 3.8.2020 | 3,55,94,200 |
| ” | II | ജി.ഒ(.ആർ.ടി.)3033/2020/ഫിൻ/തീയതി 14.5.2020 | 2,38,59,500 |
| ” | III | ജി.ഒ(.ആർ.ടി.)43/2021/ഫിൻ/തീയതി 1.1.2021 | 5,35,86,300 |
| ആകെ | | | 16,07,59,000 |
| എസ്.സി.പി | I | ജി.ഒ.(ആർ.ടി).2657/2020/ഫിൻ/തീയതി 1.4.2020 | 1,21,11,300 |
| ” | II | ജി.ഒ.(ആർ.ടി.)4461/2020/ഫിൻ/തീയതി 3.8.2020 | 60,55,750 |
| ”ജി.ഒ.(ആർ.ടി.)4461/2020/ഫിൻ/തീയതി 3.8.2020 | II | ജി.ഒ(.ആർ.ടി.)3033/2020/ഫിൻ/തീയതി 14.5.2020 | 60,55,650 |
| ” | III | ജി.ഒ(.ആർ.ടി.)43/2021/ഫിൻ/തീയതി 1.1.2021 | 1,21,11,300 |
| ആകെ | | | 3,63,34,000 |
| ടി.എസ്.പി | I | ജി.ഒ.(ആർ.ടി).2657/2020/ഫിൻ/തീയതി 1.4.2020 | 5,99,300 |
| ” | II | ജി.ഒ.(ആർ.ടി.)4461/2020/ഫിൻ/തീയതി 3.8.2020 | 2,99,750 |
| ” | II | ജി.ഒ(.ആർ.ടി.)3033/2020/ഫിൻ/തീയതി 14.5.2020 | 2,99,750 |
| ” | III | ജി.ഒ(.ആർ.ടി.)43/2021/ഫിൻ/തീയതി 1.1.2021 | 5,99,300 |
| | | ആകെ | 1798000 |
| ഒട്ടാകെ | | | 19,88,91,000 |

എന്നാൽ 2020-21 വർഷത്തെ നഗരസഭയുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ജനറൽ വിഭാഗത്തിലെ ആകെ വരവ് 144863135 രൂപ മാത്രമാണ്. അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പ എന്നീ ഇനങ്ങളിൽ സോഴ്സ് ഡിഡക്ഷൻ വരുത്തിയ 15,89,5865 രൂപ ഉൾക്കൊള്ളിക്കാതെയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ആകെ വരവ് നിർണ്ണയിച്ചത് എന്നതിനാലാണ് ഈ വ്യത്യാസം .

അനുവദിക്കപ്പെട്ട പൊതുവിഭാഗം ഫണ്ടിൽനിന്നും തൻവർഷം ചെലവഴിച്ച തുക(ബിൽ സമർപ്പിച്ച് മാറിയ തുക) വാർഷിക കണക്ക് ഷെഡ്യൂൾ RP6 പ്രകാരം 11,58,41,395 രൂപയാണ്. എന്നാൽ IKM ചെലവു പത്രിക പ്രകാരം തൻവർഷത്തെ ചെലവ് 13,17,37,260 രൂപയാണ്. അതായത് സോഴ്സ് ഡിഡക്ഷൻ വരുത്തിയ 1,58,95,865 രൂപ നഗരസഭയും വാർഷിക കണക്കിൽ ചെലവായി ഉൾക്കൊള്ളിച്ചിട്ടില്ല.

2) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഫണ്ടിനത്തിൽ ടൈഡ് ഫണ്ടായി 8,99,20,000 രൂപയും അൺടൈഡ് ഫണ്ടിനത്തിൽ 25,42,35,914 രൂപയും ഉൾപ്പെടെ ആകെ 34,41,55,914 രൂപ കോട്ടയം നഗരസഭയ്ക്ക് 2020-21 വർഷം അനുവദിച്ചിരുന്നു. ഇതിൽ

ഉപാധി ഫണ്ടിൽനിന്നും 2,75,41,244 രൂപയും ഉപാധിരഹിത ഫണ്ടിൽ നിന്നും 13,38,49,749 രൂപയും ഉൾപ്പെടെ ആകെ 16,13,90,993 രൂപ ചെലവഴിച്ചതായി IKM ചെലവു പത്രികയും ഗ്രാന്റ് സ്റ്റേറ്റ്മെന്റും വ്യക്തമാക്കുന്നു. എന്നാൽ നഗരസഭയുടെ വാർഷിക കണക്ക് RP6 പ്രകാരം ഈ ഇനത്തിലെ ആകെ ചെലവ് 16,05,55,913 രൂപ മാത്രമാണ്. (ഉപാധി ഫണ്ട് 2,75,41,244 രൂപയും ഉപാധിരഹിത ഫണ്ട് 13,30,14,669 രൂപയും) . അതായത് IKM ചെലവു പത്രികയും വാർഷികണക്കും തമ്മിൽ ആകെ ചെലവിൽ 8,35,080 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

3) ആസ്തി സംരക്ഷണ ഗ്രാന്റായി 2020-21 വർഷം റോഡ് ഇനത്തിൽ 9,98,61,000 രൂപയും റോഡിതര വിഭാഗത്തിൽ 3,71,06,100 രൂപയും ഉൾപ്പെടെ ആകെ 13,69,67,100 രൂപ അനുവദിച്ചിരുന്നു. ഇതിൽ ബില്ല് മാറിയത്(യഥാർത്ഥത്തിൽ ചെലവഴിച്ചത്) യഥാക്രമം 9,07,53,234 രൂപയും 3,69,38,339 രൂപയും ഉൾപ്പെടെ ആകെ 12,76,91,573 രൂപയാണെന്ന് IKM ചെലവു പത്രിക വ്യക്തമാക്കുന്നു.(ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ വരവ് 3,67,30,696 രൂപയും ചെലവ് 3,69,38,339 രൂപയും ആണ്. 2,07,643 രൂപ അധികം ചെലവഴിച്ചു. എന്നാൽ 2020-21 ലെ വാർഷിക കണക്കു പ്രകാരം(RP6) ഈ ഇനത്തിലെ ആകെ ചെലവ് യഥാക്രമം 9,06,78,412 രൂപയും 3,64,99,709 രൂപയും ഉൾപ്പെടെ ആകെ 12,71,78,121 രൂപ മാത്രമാണ്. ആകെ 5,13,452 രൂപയും (യഥാക്രമം 74,822 രൂപയും 4,38,630 രൂപയും വ്യത്യാസം കാണുന്നു.

4) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം സ്റ്റേറ്റ് സ്പോൺസേർഡ് സ്കീമുകൾക്കായി (SSS) 3,05,63,503 രൂപ ലഭിച്ചു.പക്ഷേ തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ IKM ചെലവു പത്രിക പ്രകാരം പ്രസ്തുത തുക ലഭിച്ചത് കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ടായിട്ടാണ്. സംസ്ഥാനാവിഷ്കൃത ഫണ്ടായി IKMചെലവു പത്രികയിൽ വരവു കാണിച്ചിട്ടുള്ളത് 1,14,14,779 രൂപയാണ്.

നഗരസഭയുടെ ധനസ്ഥിതിയും കോവിഡ് മഹാമാരിയും

കോവിഡ് മഹാമാരി ഇന്ത്യയിലെ മറ്റേതൊരു പ്രദേശത്തെയുംപോലെ കോട്ടയം നഗരസഭയുടെ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിച്ചു. നഗരസഭയുടെ 2020-21 വർഷത്തെ ധനസ്ഥിതിയിന്മേൽ കോവഡ് മഹാമാരി ചെലുത്തിയ ആഘാതം താഴെപ്പറയും പ്രകാരം സംഗ്രഹിക്കുന്നു.

<table>
<tr><th>വരവിനെ ബാധിച്ച വിധം</th><th>ചെലവിനെ ബാധിച്ച വിധം</th></tr>
<tr><td>നഗരസഭയുടെ തനത് വരുമാനത്തിൽ സംഭാവന ചെയ്തിരുന്ന മാർക്കറ്റ് ഫീസ് പിരിവ്, ബസ്സ് സ്റ്റാന്റ് ഫീസ് പിരിവ് ലേലം എന്നിവ കോവിഡ് വ്യാപനഭീതി മൂലം മുടങ്ങിയതിനാൽ ലഭിക്കേണ്ട വരുമാനത്തിൽ കുറവുണ്ടായി.<br>മുൻകൂർ പണമടച്ച് ബുക്ക് ചെയ്തിരുന്ന മാമ്മൻമാപ്പിള ഹാൾ, സ്റ്റേഡിയം, ഗ്രൗണ്ട് എന്നിവയുടെ ബുക്കിംഗ് കോവിഡ് വ്യാപനഭീതിയെ തുടർന്ന് റദ്ദുചെയ്യപ്പെട്ടതിനാൽ ഈയിനത്തിലെ വാടക വരുമാനത്തിൽ നഷ്ടം ഉണ്ടായി.<br>കോവിഡ് വ്യാപനത്തെത്തുടർന്ന് കടമുറികളുടെ വാടകയിൽ സർക്കാർ ഇളവ് പ്രഖ്യാപിച്ചതിനാൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികളുടെ കത്തകകാർക്ക് വാടകയിളവ്</td>
<td>കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെയും പരിരക്ഷാ പ്രവർത്തനങ്ങളുടെയും അടിസ്ഥാന യൂണിറ്റായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറിയതിനാൽ പ്രാദേശിക ഭരണസ്ഥാപനങ്ങൾക്ക് കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നു. കോട്ടയം നഗരസഭ പദ്ധതി മുഖേന മാത്രം താഴെപ്പറയും പ്രകാരം തുക 2020-21 വർഷം ചെലവഴിക്കുകയുണ്ടായി.
<table>
<tr><th>പ്രോജക്ട് നം/പേര്</th><th>തുക</th></tr>
<tr><td>408/2021 ശുചീകരണ സാമഗ്രികൾ വാങ്ങൽ</td><td>689281</td></tr>
<tr><td>420/2021 കമ്മ്യൂണിറ്റി കിച്ചണിലൂടെ ഭക്ഷണവിതരണ ധനസഹായം</td><td>2244901</td></tr>
<tr><td>421/2021 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ</td><td>3319846</td></tr>
<tr><td>429/2021 വിശപ്പ് രഹിത കേരളം- ജനകീയ ഹോട്ടൽ പ്രാവർത്തികമാക്കുന്നത്</td><td>10000</td></tr>
<tr><td>739/2021 ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്റർ സൗകര്യമൊരുക്കൽ</td><td>3109357</td></tr>
</table>
</td></tr>
</table>

| | |
|---|---|
| അനുവദിച്ചത് വഴി വരുമാനത്തിൽ കുറവുണ്ടായി. | |
| കോവിഡ് വ്യാപനത്തെതുടർന്ന് വസ്തുനികുതി, ലൈസൻസ് ഫീസുകൾ എന്നിവ ഒടുക്കേണ്ട കാലയളവ് സർക്കാർ ദീർഘിപ്പിക്കുകയും പിഴയിൽ ഇളവ് നിർദ്ദേശിക്കുകയും ചെയ്തതിനാൽ ഈയിനത്തിൽ ലഭിക്കേണ്ട തുക ലഭിക്കാതെ വന്നു. | ആകെ 9373385<br>ഇതിനുപുറമേ വിവിധ പ്രവർത്തനങ്ങൾക്ക് തനതുഫണ്ടിൽ നിന്നും 1880129 രൂപ ചെലവഴിച്ചിട്ടുണ്ട്. |
| കോവിഡ് വ്യാപനംമൂലം പലചെറുകിട സംരംഭകരും കച്ചവടക്കാരും തങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതായി നഗരസഭയ്ക്ക് അറിയിപ്പ് നൽകിയതിനെതുടർന്ന് അപേക്ഷാഫീസ്, ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നീയിനങ്ങളിൽ വരുമാന നഷ്ടമുണ്ടായി. | |

കോവിഡ്-രോഗ വ്യാപനം-തനതു ഫണ്ട് ചെലവുകൾ

| ക്രമനം | വൗച്ചർനം. | ചെലവു വിവരം | തുക | ചെക്ക് നമ്പർ/തീയതി |
|---|---|---|---|---|
| 1. | 09-4/20 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കമ്മ്യൂണിറ്റി കിച്ചണിലേക്ക് സാധനങ്ങൾ വാങ്ങുന്നതിന് രാജേഷ്.പി.ജി. ജെ.എച്ച് ഐ യ്ക്ക് മുൻകൂർ നൽകിയത് | 50000 | |
| 2. | 67-4/20 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിലേക്ക് സാധനങ്ങൾ വാങ്ങുന്നതിന് സിവിൽ സപ്ലൈസ് ഹൈപ്പർ മാർക്കറ്റിന് നൽകിയത് | 351585 | 032695/28.4.20 |
| 3. | 68-4/20 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിലേക്ക് സാധനങ്ങൾ വാങ്ങുന്നതിന് നാലിഫ് സ്റ്റോർസിന് നൽകിയത് | 42812 | 032696/28.4.20 |

| | | | | |
|---|---|---|---|---|
| 4. | 50-5/20 | കമ്മ്യൂണിറ്റി കിച്ചൺ വർക്കേഴ്സിനു പാചക കൂലി നൽകിയത് | 5850 | 0 |
| 5. | 104-5/20 | ക്വാറന്റൈൻ സെന്ററിലേക്ക് അവശ്യ സാധനങ്ങൾ വാങ്ങുന്നതിന് എച്ച്.ഐ. ജീവൻലാലിനു മുൻകൂർ നൽകിയത്. | 15000 | 032722/25.5.20 |
| 6. | 74-6/20 | കൊറോണ അടിയന്തിര ശുശ്രൂഷയുടെ ഭാഗമായി M/s Q-Rative Care എന്ന സ്ഥാപനത്തിൽനിന്ന് സാനിറ്റൈസർ മാസ്ക് എന്നിവ വാങ്ങിയത് | 38950/- | 032740/4.6.2020 |
| 7. | 97-6/20 | ഡിജിറ്റൽ തെർമോമീറ്റർ വാങ്ങുന്നതിന് Surgical & Scientific Company യ്ക്ക് നൽകിയത് | 31800 | 033013/12.6.20 |
| 8. | 168-6/20 | പി.പി.ഇ കിറ്റ്, സോഡിയം ഹൈപ്പോ ക്ലോറേറ്റ് എന്നിവ വാങ്ങിയതിന് ഫാം കെമിക്കൽസ് &എക്വിപ്മെന്റ് എന്ന സ്ഥാപനത്തിന് നൽകിയത് | 39500 | 033042/23.6.20 |
| 9. | 169-6/20 | സാനിറ്റേഷൻ മെറ്റീരിയൽസ് വാങ്ങിയതിന് റെയ്ഡകോ കേരള ലിമിറ്റഡിനു നൽകിയത് | 36926 | 033043/23.6.20 |
| 10. | 171-6/20 | പകർച്ച വ്യാധിക്കെതിരെ പ്രതിരോധപ്രവർത്തനങ്ങൾക്ക് അഞ്ജു കെ. തമ്പി, എച്ച്.ഐ.യ്ക്ക് നൽകിയ തുക | 45454 | 033044/23.6.20 |
| 11. | 20-07/20 | മുട്ടമ്പലം കോവിഡ് കെയർ ഹോസ്പിറ്റലിലേക്ക് അവശ്യസാധനങ്ങൾ വാങ്ങുന്നതിന് എച്ച്.ഐ അജിത് കുമാറിന് മുൻകൂർ നൽകിയത്. | 50000 | 032757/2.7.2020 |
| 12. | 87-07/20 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മൈക്ക് അനൗൺസ്മെന്റ് നടത്തിയതിന് ജെ.എച്ച്.ഐ. രാജേഷ് പി.ജിയ്ക്ക് മുൻകൂർ നൽകിയത്. | 5000 | 032796/13.7.2020 |
| 13. | 88-07/20 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി PPE Kit വാങ്ങിയതിന് സർജിക്കൽ & സയന്റിഫിക് കമ്പനിയ്ക്ക് നൽകിയത് | 20230 | 032797/13.7.2020 |
| 14. | 89-07/20 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മാസ്ക്, സാനിറ്റൈസർ | 63445 | 032798/13.7.2020 |

| | | | | |
|---|---|---|---|---|
| | | വാങ്ങിയതിന് Q Rative Care ന് നൽകിയത് | | |
| 15. | 108-07/200 | മുട്ടമ്പലം CFLTC യിലേക്ക് സാധനങ്ങൾ വാങ്ങുന്നതിന് എച്ച്.ഐ അജിത് കുമാറിന് മുൻകൂർ നൽകിയത് | 50000 | 032809/16.7.2020 |
| 16. | 135-07/20 | നാട്ടകം CFLTC യിലേക്ക് സാധനങ്ങൾ വാങ്ങുന്നതിന് എച്ച്.ഐ പ്രകാശ് റ്റി. യ്ക്ക് മുൻകൂർ നൽകിയത് | 75000 | 032820/21.7.2020 |
| 17. | 145-07/20 | നാട്ടകം CFLTC യിലേക്ക് Water Purifier , Washing Machine വാങ്ങുന്നതിന് എച്ച്.ഐ പ്രകാശ് റ്റി. യ്ക്ക് മുൻകൂർ നൽകിയത് | 75000 | 032831/23.7.2020 |
| 18. | 151-07/20 | മുട്ടമ്പലം CFLTC യിലേക്ക് സാധനങ്ങൾ വാങ്ങുന്നതിന് LEELAY Matresses &Pillows ന് നൽകിയത് | 95691 | 032837/23.7.20 |
| 19. | 39-08/20 | സേവാ സമിതി ചാരിറ്റബിൾ ട്രസ്റ്റ് കമ്മ്യൂണിറ്റി ഹാളിന്റെ കറന്റ് ചാർജ്ജ് നൽകിയത് | 17000 | 032861/7.8.20 |
| 20. | 40-08/20 | കൊറോണാ സെന്ററിലേക്കുള്ള പാത്രങ്ങളുടെ വാടക | 4083 | 032862/7.8.20 |
| 21. | 177-08/20 | മുട്ടമ്പലം CFLTC യിലേക്ക് 1.7.20 മുതൽ 2.8.20 വരെ ചായയും പലഹാരങ്ങളും വാങ്ങിയതിന് M/S Lourd Matha യ്ക്ക് നൽകിയത് | 58500 | 032955/24.8.20 |
| 22. | 178-08/20 | മുട്ടമ്പലം CFLTC യിലേക്ക് സാധനങ്ങൾ വാങ്ങുന്നതിന് LEELAY Matresses &Pillows ന് നൽകിയത് | 35421 | 032956/24.8.20 |
| 23. | 179-08/20 | മുട്ടമ്പലം CFLTC യിലേക്ക് സ്റ്റീൽ കട്ടിലുകൾ വാങ്ങിയതിന് SIDCO Sales Emporium Kottayam ന് നൽകിയത് | 137989 | 032957/24.8.20 |
| 24. | 180-08/20 | മുട്ടമ്പലം CFLTC യിലേക്ക് Folding Coat വാങ്ങിയതിന് സൂര്യ ഇൻഡസ്ട്രീസിനു നൽകിയത് | 111015 | 032958/24.8.20 |
| 25. | 236-08/20 | CFLTC ജോലികൾക്ക് ജഗൽചിത്ത് എം.സി യ്ക്ക് മുൻകൂർ നൽകിയത് | 10000 | 032990/27.8.20 |
| 26. | 80-9/20 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മൈക്ക് അനൗൺസ്മെന്റ് നടത്തിയതിന് പ്രകാശ് ടി.യ്ക്ക് നൽകിയത് | 10300 | 017072/16.9.20 |
| 27. | 81-9/20 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി | 3500 | " |

| | | | | |
|---|---|---|---|---|
| | | മൈക്ക് അനൗൺസ്മെന്റ് നടത്തിയതിന് തങ്കച്ചൻ ടി.എ യ്ക്ക് നൽകിയത് | | |
| 28. | 26-10/20 | മുട്ടമ്പലം CFLTC യിലേക്ക് ചായ, ലഘുഭക്ഷണം എന്നിവ വാങ്ങിയതിന് ലൂർദ്ദ് മാതാ ഷോപ്പിന് നൽകിയത് | 85345 | 017121/5.10.20 |
| 29. | 27-10/20 | മുട്ടമ്പലം CFLTC യിലേക്ക് ശുചീകരണ സാമഗ്രികൾ വാങ്ങിയതിന് സിവിൽ സപ്ലൈസ് കോർപറേഷന് നൽകിയത്. | 23056 | 017122/5.10.20 |
| 30. | 28-10/20 | മുട്ടമ്പലം CFLTC യിലെ പ്ലംബിങ് ജോലികൾക്ക് ശ്രീ സന്ദീപ് എസ് ന് നൽകിയത് | 4425 | 017123/5.10.20 |
| 31. | 52-10/20 | മുട്ടമ്പലം CFLTC യിലേക്ക് പമ്പ് സെറ്റ് വാങ്ങിയതിന് ശ്രീ മനു മധുസൂദനനു നൽകിയത് | 30005 | 034459/8.10.20 |
| 32. | 53-10/20 | മുട്ടമ്പലം CFLTC യിൽ റോഡ് ലെവൽ ചെയ്തതിനു ശ്രീ ശശി സി യ്ക്ക് നൽകിയത് | 34000 | 034460/8.10.20 |
| 33. | 185-10/20 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജേക്കബ്ബ് സൺ എച്ച്.ഐ.യ്ക്ക് നൽകിയത് | 33953 | 034536/28.10.20 |
| 34. | 175-10/20 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ചെലവുകൾക്കായി എച്ച്.ഐ പ്രകാശ് റ്റി. യ്ക്ക് നൽകിയത് | 6000 | 034530/28.10.20 |
| 35. | 186-10/20 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ചെലവുകൾക്കായിശ്രീ രാജേഷ് പി.ജി. ജെ.എച്ച്.ഐ യ്ക്ക് നൽകിയത് | 4554 | “ |
| 36. | 187-10/20 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ചെലവുകൾക്കായി ശ്രീ കെ.എം സൈനുദ്ദീൻ എച്ച്. ഐ യ്ക്ക് നൽകിയത് | 2339 | “ |
| 37. | 79-11/20 | CSI Retreat Centre, Kottayam ൽ പ്രവർത്തിക്കുന്ന Step Down CFLTC ലേക്ക് സാധനങ്ങൾ വാങ്ങുന്നതിന് വിജയകുമാർ ജെ.എച്ച് ഐ യ്ക്ക് നൽകിയത് | 50000 | 034573/13.11.20 |
| 38. | 8-1/21 | മുട്ടമ്പലം CFLTC യിലേക്ക് ചായ, ലഘുഭക്ഷണം എന്നിവ വാങ്ങിയതിന് ലൂർദ്ദ് മാതാ ഷോപ്പിനു നൽകിയത് | 91910 | 540731/1.1.21 |
| 39. | 36-1/21 | കുമാരനെല്ലൂർ സോണിലെ വിവിധ ക്വാറന്റൈൻ സെന്ററുകളിൽ | 6696 | 034720/6.1.21 |

| | | | | |
|---|---|---|---|---|
| | | സാധനസാമഗ്രികൾ എത്തിച്ചതിന് ജീവൻലാൽ എച്ച്.ഐ.യ്ക്ക് അനുവദിച്ചത് | | |
| 40. | 37-1/20 | ലോക്ഡൗൺ കാലത്ത് APJ അബ്ദുൾ കലാം ഓഡിറ്റോറിയത്തിലെ ചെലവുകൾക്ക് ശ്രീ സുനിൽ സി. എച്ച്.ഐ.യ്ക്ക് നൽകിയതുക | 1795 | " |
| 41. | 38-1/21 | കണ്ടൈൻമെന്റ് സോണിൽ മൈക്ക് അനൗൺസ്മെന്റ് ചെയ്തതിന് ശ്രീ ജേക്ക്ബ്സൺ എച്ച്. ഐ.യ്ക്ക് നൽകിയ തുക | 7500 | " |
| 42. | 39-1/21 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സാനിറ്റൈസർ വാങ്ങിയതിന് Q-Rative Care ന് നൽകിയത് | 18500 | 034721/6.1.21 |
| | | ആകെ | 1880129 | |

ജനറൽ പർപ്പസ് ഗ്രാന്റ് - മുഴുവൻ തുകയും വരവു വച്ചിട്ടില്ല .

കോട്ടയം നഗരസഭയ്ക്ക് 2020-21 സാമ്പത്തിക വർഷം ചുവടെ വിവരിക്കും പ്രകാരം ആകെ 7,24,97,695 രൂപ ജനറൽ പർപ്പസ് ഗ്രാന്റായി ലഭിച്ചിട്ടുണ്ട്.

| | | |
|---|---|---|
| എ | സാധാരണ വിഹിതം<br>വിവിധ സർക്കാർ ഉത്തരവുകൾ മുഖേന 12 തുല്യ ഗഡുക്കളായി 20-21 വർഷം അനുവദിച്ചത് @5857000 | 70284000 |
| ബി | പ്രത്യേക വിഹിതം ലഭിച്ചത്<br>(ജി.ഒ.(എം.എസ്)1058/2021/ഫിൻ തീയതി 6.2.2021) | 2213695 |
| | ആകെ | 72497695 |

എന്നാൽ ജനറൽ പർപ്പസ് ഗ്രാന്റ് സംബന്ധിച്ച് നഗരസഭ 2020-21 വർഷം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയോ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ കൃത്യമായി തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ഈ ശീർഷകത്തിൽ അനുവദിച്ച മുഴുവൻ തുകയും നഗരസഭയുടെ സ്പെഷ്യൽ ട്രഷറി സേവിങ്സ് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതായി വ്യക്തമാകുന്നില്ല. വാർഷിക കണക്ക് RP(6) ഷെഡ്യൂൾ 1-6 എന്നിവ പ്രകാരം ഈ ഇനത്തിൽ ബിൽ മാറി വരവു വച്ച യഥാർത്ഥ തുക 2,34,28,000 രൂപ മാത്രമാണെന്ന് കാണുന്നു. അതായത് ആകെ അനുവദിച്ച 12 ഗഡുക്കളിൽ നഗരസഭ ബിൽ മാറി വരവു വച്ചിട്ടുള്ളത് 4 ഗഡുക്കൾ മാത്രമാണ്. ബാക്കി 8 ഗഡുക്കളും പ്രത്യേക വിഹിതം 22,13,695 രൂപയുമുൾപ്പെടെ 4,90,69,695 രൂപ നഗരസഭാ അക്കൗണ്ടിൽ വരവു വച്ചിട്ടില്ലാ എന്നു കാണുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം | നടപ്പിലാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 726 | 840022354 | 443804277 | 53 | 434 | 88 | 204 | 72 |

2020-21 സാമ്പത്തിക വർഷം 726 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. അതിൽ 434 പദ്ധതികൾ മാത്രമാണ് പൂർത്തിയാക്കുവാൻ സാധിച്ചിട്ടുള്ളത്. 204 പദ്ധതികൾ നടപ്പാക്കിയിട്ടില്ല 88 എണ്ണം ഭാഗികമായി മാത്രം നടപ്പാക്കി. പദ്ധതി പൂർത്തീകരണ ശതമാനം 72% മാത്രമാണ്. പദ്ധതി നിർവ്വഹണത്തിൽ വൻ വീഴ്ച വരുത്തിയ നിർവ്വഹണോദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം | നടപ്പാക്കിയ | പൂർത്തീകരിച്ച | അടങ്കൽ | ചെലവ് | ചെലവ് |
|---|---|---|---|---|---|---|

| | ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതികളുടെ എണ്ണം | പദ്ധതികളുടെ ശതമാനം | | | ശതമാനം |
|---|---|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 0 | 0 | 1212000 | 0 | 0 |
| ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസനം | 1 | 0 | 0 | 150000 | 0 | 0 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 7 | 1 | 14 | 4260000 | 7000 | 1.64 |
| വെറ്റിനറി സർജൻ | 16 | 5 | 31 | 12112700 | 1264035 | 10.43 |

നഗര പ്രദേശത്ത് താമസിക്കുന്നവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും, നഗര സാമ്പത്തിക മേഖലയുടെ വളർച്ചയ്ക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും നഗരസഭയ്ക്ക് ഉത്തരവാദിത്തമുണ്ട്. നഗരത്തിന്റെ വികസനം എന്നത് അന്നന്ന് തീരുമാനിക്കപ്പെട്ട ഹ്രസ്വകാല സ്വഭാവത്തോടുകൂടിയതും തനിച്ച് നിൽക്കുന്നതുമായ പദ്ധതികളിൽ ഊന്നിയല്ല വേണ്ടത്. മറിച്ച് ദീർഘ വീക്ഷണത്തോടുകൂടിയതും, സമഗ്രവുമായ പദ്ധതികളാണാവശ്യം. എന്നാൽ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പകരം വാർഡ്തല വികസനം ലക്ഷ്യംവെച്ച് ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രോജക്ടുകൾ ആവിഷ്കരിക്കുകയാണ് നഗരസഭ ചെയ്യുന്നത്. ഇത് പദ്ധതി നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. നഗരവികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള മാസ്റ്റർ പ്ലാനിന്റെ സഹായത്തോടെയും അതിലെ നിർദ്ദേശങ്ങൾക്കനുസരണമായും നഗരസഭയുടെ പഞ്ചവൽസര പദ്ധതികളും വാർഷിക പദ്ധതികളും തയ്യാറാക്കാൻ നഗരസഭ ശ്രദ്ധപുലർത്തേണ്ടതാണ്.

കൃത്യമായ ആസൂത്രണമില്ലായ്മമൂലം പ്രോജക്ടുകളുടെ നിർവ്വഹണം വർഷാവസാനം വരെ നീണ്ടു പോകുകയും വലിയൊരു ശതമാനം പ്രോജക്ടുകൾ സ്പിൽ ഓവറാകുകയും ചെയ്യുന്നുണ്ട്. ഭരണസമിതി ഈ വിഷയത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. പരമ്പരാഗത പ്രോജക്ടുകളല്ലാതെ നൂതന പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. സ.ഉ (കൈ) നം.17/2018ത.സ്വ.ഭാ.വ തീയതി 02.02.2018 ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ച്കൊണ്ടല്ല പ്രോജക്ടുകൾ ആവിഷ്കരിച്ചത് എന്ന് വ്യക്തമാണ്. വികസനഫണ്ട് എല്ലാ ഘടകങ്ങളിലുമായി (ജനറൽ, എസ്.സി.പി, ടി.എസ്.പി) അനുവദിക്കുന്ന തുകയുടെ 5% വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കുമായി വകയിരുത്തണമെന്ന് പദ്ധതി രൂപീകരണ മാർഗ്ഗരേഖ വ്യക്തമാക്കുന്നു. ഇത് പ്രകാരം വികസന ഫണ്ട് അടങ്കലിന്റെ (289944292 രൂപ) 5% എന്ന നിലയിൽ 14497215 രൂപ വകയിരുത്തേണ്ടതായിരുന്നെങ്കിലും സി.ഡി.പി.ഒ, ഹെൽത്ത് സൂപ്പർവൈസർ, പട്ടികജാതി വികസന ഓഫീസർ, മെഡിക്കൽ ഓഫീസർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി ആകെ 8 പദ്ധതികളിലായി 13622493 രൂപ മാത്രമാണ് വകകൊള്ളിച്ചത്.

വാർഷികപദ്ധതി നിർവഹണം -നേട്ടങ്ങളും കോട്ടങ്ങളും

കോട്ടയം നഗരസഭയുടെ 2020-21 വർഷത്തെ പദ്ധതി നിർവഹണത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും താഴെപ്പറയുംപ്രകാരം സംഗ്രഹിക്കുന്നു.

| വാർഷിക പദ്ധതിനിർവഹണ മുൻഗണനകൾ | നേട്ടങ്ങൾ | കോട്ടങ്ങൾ |
|---|---|---|
| ഉത്പാദനമേഖലയുടെ സ്ഥായിയായ വളർച്ച | *നെൽകൃഷിവികസനം ലക്ഷ്യമിട്ട് 4പ്രോജക്ടുകളിലായി 14679764 രൂപ ചെലവഴിച്ചു.<br>*പച്ചക്കറികൃഷിവികസനത്തിനായ് 7 പ്രോജക്ടുകളിലായ് 949165 രൂപയും വാഴകൃഷിവികസനത്തിന് 3 പ്രോജക്ടുകളിലായ് 950561 രൂപയും ചെലവഴിച്ചു.<br>*മൃഗസംരക്ഷണരംഗത്ത് കന്നുകുട്ടിപരിപാലന പദ്ധതിയിൽ 625000 രൂപയും കറവപ്പശു വിതരണത്തിന് 2 പ്രോജക്ടുകളിലായ് 440000 രൂപയും ചെലവഴിച്ചു. | +ഉത്പാദന വർദ്ധനവ് സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ല.<br>+കാർഷികോല്പന്നങ്ങളുടെ സംസ്കരണവും വിപണനവും മെച്ചപ്പെടുത്താനുപകരിക്കുന്ന ഒരു പദ്ധതിയും ആവിഷ്കരിച്ചില്ല.<br>+കന്നുകുട്ടിപരിപാലനപദ്ധതിക്ക് പദ്ധതിവിഹിതം കൈമാറിയെന്നല്ലാതെ ആനുപാതിക വകുപ്പ് വിഹിതം വകയിരുത്തുകയോ കൈമാറുകയോ ചെയ്തിട്ടില്ല. |
| മാനവ വികസനം | *SSA വിഹിതമായ് 6000000രൂപ നൽകി. | +ജീവനോപാധികൾക്കുതകുന്നതിന് വളർത്തുമൃഗങ്ങളും പക്ഷികളും |

| | | | | |
|---|---|---|---|---|
| | | *പകർച്ചവ്യാധി തടയാനുള്ള വിവിധ പ്രവർത്തനങ്ങൾക്കായ് 4405907 രൂപ ചെലവഴിച്ചു.<br>* കോവിഡ് കാല പരിരക്ഷാപ്രവർത്തനങ്ങൾക്കായി ഒരുകോടിയിൽപ്പരം രൂപ വിനിയോഗിച്ചു. | നൽകുന്നതിനുവേണ്ടി 9 പദ്ധതികളാവിഷ്കരിച്ചുവെങ്കിലും ഒന്നുപോലും നടപ്പാക്കിയില്ല.<br>+സ്വയംതൊഴിൽ സംരംഭങ്ങൾ, ചെറുകിട തൊഴിൽ സംരംഭങ്ങൾ, എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായ് വ്യവസായവികസന ഓഫീസർ നിർവഹണോദ്യോഗസ്ഥനായ് 7 പദ്ധതികളാവിഷ്കരിച്ചെങ്കിലും അവയിലൊന്നുപോലും നടപ്പിലായില്ല. | |
| | ജീവിതനിലവാരം മെച്ചപ്പെടുത്തൽ | *വിവിധ പദ്ധതികളിൽ ഭവന നിർമ്മാണം, ഭവനപുനരുദ്ധാരണം എന്നിവയ്ക്കായ് 33436896 രൂപ ചെലവഴിച്ചു.<br>*വരൾച്ചാസമയത്ത് ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തി.<br>*വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായ് രണ്ടു പദ്ധതികളിലായ് 24242568 രൂപ വാട്ടർ അതോറിറ്റിക്ക് നല്കി.<br>*നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതലൈൻ ദീർഘിപ്പിക്കുന്നതിന് രണ്ടു പദ്ധതികളിലായ് 8021116 രൂപ കെ .എസ്.ഇ.ബിക്ക് നൽകി.<br>*കുടിവെള്ള വിതരണത്തിന് ROP പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 792400 രൂപ വിനിയോഗിച്ചു.<br>*കുടിവെള്ള ചാർജായ് 24469388 രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കി. | +പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനും വാട്ടർ അതോറിറ്റിയിലും കെ. എസ്.ഇ.ബിയിലും നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമല്ല.<br>+മുനിസിപ്പൽപരിധിയിലുള്ള പൊതു ടാപ്പുകളുടേയും വാട്ടർ കണക്ഷനുകളുടേയും കൃത്യമായ വിവരം നഗരസഭയിലില്ല. തന്മൂലം വെള്ളക്കരമിനത്തിൽ നഗരസഭ ഒടുക്കുന്ന തുകയുടെ കൃത്യത വ്യക്തമാകുന്നില്ല.<br>+പ്രവർത്തനക്ഷമമല്ലാത്തതും നിലവിലില്ലാത്തതുമായ വാട്ടർ കണക്ഷനുകൾക്കുപോലും നഗരസഭ നിലവിൽ വാട്ടർചാർജ് ഒടുക്കുന്നു.<br>+ഊർജ്ജസംരക്ഷണത്തിനുതകുന്ന പദ്ധതികൾ കാര്യമായി നടപ്പിലാക്കിയിട്ടില്ല.<br>+രണ്ട് കുടിവെള്ളപദ്ധതികൾക്ക് സ്ഥലം വാങ്ങുന്നതിന് 1കോടി 5 ലക്ഷം രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയിരുന്നെങ്കിലും അത് നടപ്പിലായില്ല. | |
| | സേവനപ്രദാന സംവിധാനത്തിന്റെ ഗുണമേന്മ | *നഗരസഭ ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് 218440 രൂപ ചെലവഴിച്ച് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി.<br>*സിവിൽ രജിസ്ട്രേഷന് മുൻകാലവിവരങ്ങളുടെ കമ്പ്യൂട്ടറൈസേഷന് 75000 രൂപ വിനിയോഗിച്ചു.<br>*മൃഗാശുപത്രിക്ക് 99035 രൂപയുടെ ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങി നൽകി.<br>*ആയുർവേദാശുപത്രി, പി.എച്ച്.സി, ഹോമിയോ ആശുപത്രി എന്നിവയിലേക്ക് മരുന്നു വാങ്ങാൻ യഥാക്രമം<br>2000000 ,1099860, 200000 എന്നിങ്ങനെ തുക വിനിയോഗിച്ചു.<br>*മെയിന്റനൻസ് ഗ്രാന്റ് 1934958 | +വാർഡ് 48ൽ ഗവ.മുഹമ്മദൻസ് യു.പി.സ്കൂളിന് പുതിയ സ്കൂൾ കെട്ടിടം പണിയാനുള്ള 32 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലായില്ല.<br>++ആയുർവേദാശുപത്രിയുടെ അറ്റകുറ്റപ്പണിക്കായുള്ള 20 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലായില്ല.<br>++110-ാം നമ്പർ അങ്കണവാടി, മുളങ്കുഴ അങ്കണവാടി എന്നിവയുടെ അറ്റകുറ്റപ്പണികൾക്കും അനുബന്ധസൗകര്യങ്ങൾക്കുംവേണ്ടി ആവിഷ്കരിച്ച 1362661 രൂപയുടെ 2 പദ്ധതികൾനടപ്പിലായില്ല.<br>+അയ്യങ്കാളിസ്മാരക മന്ദിരത്തിന്റെ പെയിന്റിംഗ്, സാനിറ്ററി വർക്കുകൾ ബാക്കിനിൽക്കുന്നു. ഇതിനായാവിഷ്കരിച്ച 200000 രൂപയുടെ പദ്ധതി തൻവർഷം നടപ്പിലായില്ല.<br>+നഗരസഭാ പരിധിയിലെ കെട്ടിടങ്ങളുടെ | |

| | | |
|---|---|---|
| | രൂപ വിനിയോഗിച്ച് വാർഡ് 18, 42,44 എന്നിവയിലെ അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ നിർവഹിച്ചു.<br>*571985 രൂപ ചെലവിട്ട് ഗവ.വേളൂർ എൽ പി സ്കൂളിന്റെ അറ്റകുറ്റപ്പണി നടത്തി.<br>*അയ്യങ്കാളി സ്മാരക മന്ദിരപൂർത്തീകരണത്തിന് 1975574 രൂപ വിനിയോഗിച്ചു. | ഡാറ്റാ എൻട്രി, ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ നാളിതുവരെ പൂർണ്ണതയിലെത്തിയിട്ടില്ല. |
| സാമൂഹ്യനീതി | * മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് 6951800/- രൂപ വിനിയോഗിച്ചു.<br>* പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് പഠനമുറിക്കായി 2 പ്രോജക്ടിലൂടെ 625000/- രൂപയും ടി വിഭാഗത്തിലെ കുട്ടികൾക്ക് ലാപ്ടോപ്പ് നൽകുന്നതിന് 1959876/- രൂപയും വിനിയോഗിച്ചു.<br>*വൃദ്ധർക്ക് കട്ടിലുകൾ നൽകാൻ 269668/- രൂപ വിനിയോഗിച്ചു.<br>*നാഗമ്പടം ബസ്സ്സ്റ്റാൻഡ് കെട്ടിടത്തിനു മുകളിൽ "ഷീ ലോഡ്ജ്" പണിയുന്നതിന് 3107289/- രൂപയും ഫീഡിംഗ് റൂം പണിയുന്നതിന് 672408/- രൂപയും വിനിയോഗിച്ചു. | + മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് തനതുഫണ്ടിൽ നിന്നും നൽകിയ 1951800/- രൂപ അംഗീകൃത പദ്ധതി അടങ്കലിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>+ പരമ്പരാഗത തൊഴിൽ മേഖലയിൽ പണിയെടു<br>ക്കുന്നവർക്കും സഹായമേകുന്ന പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. |
| ആസ്തിപരിപാലനം | *നടപ്പുവർഷം റോഡ്/കെട്ടിടം എന്നിവയുടെ നിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തി.<br>* നാഗമ്പടം ബസ്സ്സ്റ്റാൻഡ് കെട്ടിടത്തിന്റെ നവീകരണത്തിന് 1607870/- രൂപയും കോടിമത വെജിറ്റബിൾ മാർക്കറ്റിന്റെ അറ്റകുറ്റപ്പണിക്ക് 2952752/- രൂപയും ചെലവഴിച്ചു.<br>* ആധുനിക അറവുശാലയിൽ മെക്കാനിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് 6783000/- രൂപ ചെലവഴിച്ചു.<br>* കുട്ടികളുടെ പാർക്കിൽ കളിയുപകരണങ്ങൾ സ്ഥാപിക്കുന്നതിന് 643826/- രൂപ വിനിയോഗിച്ചു.<br>* കുമാരനെല്ലൂരിലെ മുനിസിപ്പൽ മൈതാനത്ത് ഓപ്പൺ സ്റ്റേജ് നിർമ്മിക്കുന്നതി് 2013336/- രൂപ വിനിയോഗിച്ചു. | + ആസ്തികളുടെ കൃത്യമായ മൂല്യനിർണ്ണയം നടത്തിയിട്ടില്ല്. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>+ ആധുനിക അറവുശാല പ്രവർത്തനക്ഷമമാക്കുന്നതിനു വേണ്ട എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ എന്നിവ നിർവ്വഹിക്കപ്പെടാത്തതിനാൽ ഔദ്യോഗിക ഉദ്ഘാടനം കഴിഞ്ഞെങ്കിലും അറവുശാലയുടെ പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടില്ല.<br>+ സ്റ്റാർ ജംഗ്ഷനിൽ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാനുള്ള പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| നഗര ഗതാഗതം | *നഗരസഭയുടെ അധികാര | + വാഹന പാർക്കിംഗിന് പുതിയതായി |

| | | |
|---|---|---|
| | പരിധിയിലുള്ള റോഡുകളും പാലങ്ങളും നിർമ്മിക്കുകയും അറ്റകുറ്റപ്പണി നടത്തുകയും ചെയ്തു. | എന്തെങ്കിലും സൗകര്യമൊരുക്കാൻ സാധിച്ചിട്ടില്ല.<br>+ നഗരസഭാ റോഡുകളിൽ മയിൽകുറ്റികൾ സ്ഥാപിക്കാനുള്ള 1093000/- രൂപയുടെ പദ്ധതി നടപ്പിലായില്ല. |
| ശുചിത്വം/മാലിന്യ നിർമ്മാർജ്ജനം | *വാർഡ് തലത്തിലുള്ള ശുചീകരണപ്രവർത്തനങ്ങൾക്കായ് ആറ് പദ്ധതികളിലായി 4244798/രൂപ ചെലവഴിച്ചു.<br>*ഹരിതകർമ്മസേനാംഗങ്ങൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടായി 1144200/ രൂപ നൽകുകയും ഹരിതസ്ഥാപന നടത്തിപ്പിന് 379109/ രൂപ ചെലവഴിക്കുകയും ചെയ്തു.<br>*സ്വച്ഛ്ഭാരത് മിഷന്റെ ഭാഗമായി ഖരമാലിന്യ സംസ്കരണ പദ്ധതിക്ക് 5500000/ രൂപയും പൊതു ടോയിലറ്റുകളുടെ നിർമ്മാണത്തിന് 2107000/ രൂപയും ചെലവഴിച്ചു.<br>*ടേക്ക് എ ബ്രേക്ക് പദ്ധതിക്ക് കീഴിൽ നാഗമ്പടം പ്രൈവറ്റ് സ്റ്റാന്റിൽ ടോയിലറ്റ് ബ്ളോക്ക് നിർമ്മിക്കാൻ 497763/ രൂപ ചെലവഴിച്ചു. | + ടേക്ക് എ ബ്രേയ്ക്ക് പദ്ധതിയിൽ നിർവഹിക്കേണ്ടിയിരുന്ന കെ എസ് ആർ ടി സി ബസ് സ്റ്റാന്റിലെ ടോയിലറ്റ്ബ്ലോക്കിന്റെ നിർമ്മാണം ഉപേക്ഷിക്കേണ്ടി വന്നു. പകരം പ്രോജക്ട് നടപ്പിലായില്ല.<br>+നഗരത്തിലെ വിവിധ തോടുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് ആഴംകൂട്ടി ശുചീകരിക്കുന്നതിനായ് ആവിഷ്കരിച്ച 14440000/ രൂപയുടെ രണ്ട് പ്രോജക്ടുകൾ നടപ്പിലായില്ല.<br>+പ്ലാസ്റ്റിക് ഷ്രഡ് ചെയ്ത ബിറ്റുമിൻ റോഡുനിർമ്മാണത്തിനുപയോഗിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. |

## 1-6 അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി

പദ്ധതി പ്രകാരമുള്ള ആകെ വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,36342.78 |
| വരവ് | 1,00,00,000 |
| പലിശ വരവ് | 1,00,409 |
| ആകെ | 1,02,36,751.78 |
| ചെലവ് | 41,65,962.64 |
| നീക്കിയിരിപ്പ് | 60,70,789.14 |

നഗരസഭയിൽ 2020-21 സാമ്പത്തിക വർഷം 421 പദ്ധതികൾ വിഭാവനം ചെയ്തിരുന്നുവെങ്കിലും 59 പദ്ധതികൾക്ക് മാത്രമാണ് സാങ്കേതികാനുമതി ലഭിച്ചത്. 59 പദ്ധതികൾ പൂർത്തിയാക്കി. തൻവർഷം പി.എം.എ.വൈ ഭവനനിർമ്മാണം, കിണർ നിർമ്മാണം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, മഴക്കുഴി നിർമ്മാണം, വെള്ളപ്പൊക്ക നിവാരണ പദ്ധതി, തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കൽ, റോഡ് കോൺക്രീറ്റിംഗ്, റോഡ് ഇന്റർലോക്കിംഗ്, മഴക്കാലപൂർവ്വ ശുചീകരണം, കിണർ, കുളം ആഴം കൂട്ടൽ തുടങ്ങിയ പ്രവൃത്തികളാണ് നടത്തിയത്. തൻവർഷത്തെ തൊഴിൽ കാർഡ് അപേക്ഷകരുടേയും ലഭിച്ചവരുടേയും എണ്ണം 115 ആണ്. തൻവർഷം ഒരു കുടുംബത്തിനു മാത്രമേ 100 തൊഴിൽ ദിനങ്ങൾ ലഭിച്ചുള്ളു.

## 1-7 ക്ഷേമപദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക (സേവന സോഫ്റ്റ്‌വെയർ പ്രകാരം) |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 1415 | 19726700 |
| വികലാംഗപെൻഷൻ | 1130 | 15744400 |
| വാർദ്ധക്യകാല പെൻഷൻ | 9009 | 1189224400 |

| | | |
|---|---|---|
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 169 | 2232100 |
| വിധവാ പെൻഷൻ | 3418 | 45048400 |
| തൊഴിൽരഹിത വേതനം | 162 | 96600 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും നടത്തി റിപ്പോർട്ട് ഹെഡ്ഓഫീസിലേക്ക് അയച്ചിട്ടുണ്ട്.

## 1-9 ആഭ്യന്തര നിയന്ത്രണം

1. പൊതുനിയന്ത്രണങ്ങൾ

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ അനവർത്തിക്കേണ്ടതിന്റെ ആവശ്യകത നഗരസഭയ്ക്ക് ബോധ്യമുണ്ട്. ഓഫീസ് ഉത്തരവ് മുഖേന ഓരോ ഉദ്യോഗസ്ഥനും കൃത്യമായി ജോലി വിഭജനം നടത്തിയിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുവെന്ന് മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ സെക്ഷനുകളിൽ പുതിയ ജീവനക്കാർ സ്ഥാനമേൽക്കുമ്പോൾ യഥാർത്ഥ ജോലി വിഭജന രേഖകൾ പ്രകാരമുള്ള ചുമതലകൾ തന്നെയാണോ കൈമാറുന്നത് എന്ന് വ്യക്തമല്ല. ജോലി വിഭജന രേഖകൾ വാർഷികമായി പുതുക്കി ചുമതലകൾ കൈമാറുമ്പോൾ അതിന്റെ ആധികാരികത ഉറപ്പു വരുത്തുന്നതിനുകൂടി മേലുദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റിനായി രേഖകളും ഫയലുകളും ലഭ്യമാക്കുന്നതിനും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും മുനിസിപ്പാലിറ്റി വീഴ്ച വരുത്തുന്നുണ്ട്.

2. അക്കൗണ്ടിംഗ് സമ്പ്രദായം , ക്യാഷ് & ബാങ്ക് എന്നിവയിന്മേലുള്ള നിയന്ത്രണം

സ.ഉ.(പി) നം.100/07/തസ്വഭവ തീയതി 30.03.2007 പ്രകാരം കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികൾക്കും 01.07.2007 പ്രാബല്യത്തിൽ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളും, സ.ഉ.(എം. എസ്.) നം. 130/07/ തസ്വഭവ തീയതി 17.05.2007 പ്രകാരം കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളും പിൻതുടരേണ്ട കേരള മുനിസിപ്പൽ അക്കൗണ്ട് മാനുവലും ബാധകമാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം മുനിസിപ്പാലിറ്റികൾ അവരുടെ വരവ് ചെലവ് കണക്കുകൾ അക്രൂവൽ അധിഷ്ഠിത ഡബിൾ എൻട്രി സംവിധാനത്തിൽ സൂക്ഷിക്കണം. ഇതിനെ തുടർന്ന് മുനിസിപ്പാലിറ്റികൾ ധനകാര്യ ഇടപാടുകൾ അക്രൂവൽ അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്നു. അതായത് വരുമാനവും ചെലവുകളും ആസ്തികളും ബാധ്യതകളും അക്കൗണ്ട് ചെയ്യപ്പെടുന്നു. നഗരസഭയിൽ സാംഖ്യ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ദിവസേനയുള്ള നികുതി/നികുതിയേതര വരവുകൾ അതാതു ദിവസം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ചെലവിന്റെ കാര്യത്തിൽ ആയത് സംഭവിക്കുന്ന മുറയ്ക്ക് രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. കേന്ദ്ര /സംസ്ഥാന ഗവൺമെന്റ് ഗ്രാന്റുകൾ, മറ്റ് വരവുകൾ എന്നിവ ലഭിക്കുന്ന വേളയിൽ തന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. നഗരസഭയ്ക്ക് കിട്ടേണ്ടതായ നികുതി/നികുതിയേതര വരുമാനങ്ങൾ അത് അടവാക്കേണ്ട വർഷം തന്നെ തിരിച്ചറിഞ്ഞ് ഡിമാന്റ് നിർണ്ണയിച്ച് അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. മേൽ കാരണങ്ങളാൽ സ്ഥാപനത്തിന്റെ ഒരു പ്രത്യേക സമയത്തെ സാമ്പത്തിക നില അപഗ്രഥനം ചെയ്യുന്നതിന് അധികൃതർക്ക് സാധിക്കുന്നില്ല.

ലെഡ്ജർ അക്കൗണ്ടുകൾ നിർദ്ദിഷ്ട ഇടവേളകളിൽ ബാലൻസ് ചെയ്ത് യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. ബാങ്ക് റിക്കൺസിലിയേഷൻ മാസാന്ത്യ ഇടവേളകളിൽ നടത്തി ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. സിസ്റ്റത്തിൽ രേഖപ്പെടുത്തുന്ന ജേണൽ എൻട്രികൾ രേഖകളാക്കി ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നില്ല. അക്കൗണ്ടിംഗ് ചട്ടങ്ങളും മാനുവലും അനുശാസിക്കുന്ന മുഴുവൻ നടപടിക്രമങ്ങളും ഫലത്തിൽ നഗരസഭ സ്വീകരിക്കുന്നില്ലായെന്ന് കാണുന്നു.

3. വരുമാനങ്ങളിന്മേലുള്ള നിയന്ത്രണം

വസ്തുനികുതി-വരവിനങ്ങളുടെ രജിസ്റ്ററുകളിൽ ഡി.സി.ബി. കൃത്യമായി തയ്യാറാക്കുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ കൈകാര്യം ചെയ്യുന്ന വസ്തു നികുതിയുടെ ദിവസേനയുള്ള മാറ്റങ്ങൾക്കനുസരിച്ച് ഡിമാന്റ് കൃത്യമായി നൽകാത്തതിനാൽ ടി ഇനത്തിന്റെ ഡി.സി.ബി.-യും കൃത്യമല്ല. ഈ സാഹചര്യത്തിൽ വരവിനങ്ങളുടെ ഡി.സി.ബി. വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. നഗരസഭ പ്രദേശത്തെ എല്ലാ മൊബൈൽ ടവറുകളുടെയും വിശദാംശങ്ങൾ (വിസ്തീർണ്ണം ഉൾപ്പെടെ) ശേഖരിച്ച് നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച ഫോം-6 ഡേറ്റ എൻട്രി നാളിതുവരെ പൂർത്തിയായിട്ടില്ല ഇതുമൂലം നഗരസഭയിലെ ഭൂരിപക്ഷം കെട്ടിട ഉടമകൾക്കും ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കാനാകുന്നില്ല . വസ്തുനികുതി ഇനത്തിൽ ലക്ഷങ്ങൾ കുടിശ്ശിക ആകുന്നു. ഇതുമൂലം നഗരസഭയ്ക്ക് ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സംബന്ധിച്ച് വിശകലനം നടത്താനും കഴിയാത്ത സ്ഥിതിയാണുള്ളത്. സർക്കാരിന്റെ അടിയന്തിര ശ്രദ്ധയും നിർദ്ദേശവും ഈ വിഷയത്തിൽ നഗരസഭയ്ക്ക് നൽകണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. നഗരസഭാ പ്രദേശത്തെ സർക്കാർ കെട്ടിടങ്ങളുടെ മാത്രം വസ്തുനികുതി കുടിശ്ശിക (2020-21സാമ്പത്തിക വർഷം) നഗരസഭ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 1896947 രൂപയാണ്. ഇത്

പിരിച്ചെടുക്കുന്നതിന് ക്രിയാത്മകമായ നടപടികൾ നഗരസഭയുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല.

തൊഴിൽ നികുതി - ജീവനക്കാർ ഒഴികെയുള്ളവരുടെ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള നിഷ്കർഷകൾ പാലിക്കുന്നില്ല. ആയതിനാൽ നഗരസഭയുടെ വരുമാനത്തിൽ വലിയ നഷ്ടമുണ്ടാകുന്നു. നഗരസഭയുടെ കൈവശം ട്രേഡേഴ്സിന്റെ തൊഴിൽ നികുതി സംബന്ധിച്ച് കൃത്യമായ ഡിമാന്റില്ല. ഈയിനത്തിൽ ലഭിക്കുന്ന തുക ഡിമാന്റായി മാറ്റുകയാണ് ചെയ്യുന്നത് . നഗരസഭാ പ്രദേശത്ത് 2000ൽ അധികം വാണിജ്യ കെട്ടിടങ്ങൾ ഉണ്ട്. ഇവയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി തൊഴിൽ നികുതി ഈടാക്കിയാൽ തന്നെ ലക്ഷങ്ങൾ നഗരസഭയ്ക്ക് ലഭിക്കേണ്ടതാണ്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും നികുതി പൂർണ്ണമായി ഈടാക്കുന്നില്ല. നഗരസഭയിലെ വ്യാപാരസ്ഥാപനങ്ങളുടെ ലിസ്റ്റ് പൂർണ്ണമാക്കി നഷ്ടം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വാടക, ലേലം- നഗരസഭയുടെ വിവിധ ഷോപ്പിങ്ങ് കോംപ്ലക്സുകളിലുള്ള കടമുറികൾ 2 വർഷ കാലാവധിക്കാണ് വാടകയ്ക്ക് നൽകുന്നത്. എന്നാൽ പ്രസ്തുത കാലാവധി തീരുന്ന മുറയ്ക്ക് ടി മുറികൾ ആവശ്യപ്പെട്ട് വീണ്ടും അപേക്ഷിക്കുന്നപക്ഷം നിലവിലെ വാടക നിരക്കിൽ 10% വർദ്ധനവ് വരുത്തി വീണ്ടും അടുത്ത 2 വർഷത്തേക്ക് പുതുക്കി നൽകുകയാണ് ചെയ്തുവരുന്നത്. എന്നാൽ ഏറ്റവും ഒടുവിൽ ഇപ്രകാരം നീട്ടിനൽകിയ കടമുറികളുടെ വാടക കാലാവധി അവസാനിച്ചശേഷം വീണ്ടും പുതുക്കി കിട്ടാൻ വാടകകാർ അപേക്ഷ നൽകുകകയോ നഗരസഭ അത് പുതുക്കി നൽകുകയോ ചെയ്തിട്ടില്ല. മറിച്ച് ടി കടമുറികൾ വാടകക്കാർ അനധികൃതമായി കൈവശം വയ്ക്കുകയും നഗരസഭ അവരിൽ നിന്നും പഴയ നിരക്കിൽ വാടക ഈടാക്കുകയുമാണ് നിലവിൽ ചെയ്തുവരുന്നത്. തന്മൂലം ഗണ്യമായ തുക വാടകയിനത്തിൽ നഷ്ടം ഉണ്ടാകുന്നു എന്നുമാത്രമല്ല ക്രമാനുസൃതമല്ലാതെ കടമുറികൾ കൈവശം വയ്ക്കുന്ന വാടകക്കാരുടെ നടപടിയെ വാടക സ്വീകരിക്കുന്നതിലൂടെ അധികൃതമാക്കുകയാണ് നഗരസഭ ചെയ്തുവരുന്നത്.

വർഷങ്ങൾക്ക് മുമ്പ് ലേലം മുഖേന കരാറുറപ്പിച്ച് കൈമാറിയ മുറികൾക്ക് വാങ്ങിയ ഡെപ്പോസിറ്റുകൾക്ക് കാലാനുസൃതമായ വർദ്ധനവ് വരുത്തുന്നില്ല. കാലാനുസൃതമായ വാടക വർദ്ധനവും വരുത്തുന്നില്ല. വാടകക്കാരുമായുള്ള കരാറുടമ്പടികൾ യഥാവിധി തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ലൈസൻസ് ഫീസ് - ചട്ടം 6(5) പ്രകാരം നഗരസഭയിൽ നിന്നും ലൈസൻസ് നൽകിയിട്ടുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ രജിസ്റ്ററിൽ തയ്യാറാക്കുകയും അതിന്റെ ക്രമത്തിൽ അപേക്ഷകൾ സൂക്ഷിക്കുകയും ചെയ്യുന്നില്ല. അതിനാൽ വരവുകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. കൂടാതെ ഓരോ വർഷവും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

നികുതി - നികുതിയേതര വരുമാനങ്ങളിന്മേലുള്ള നിയന്ത്രണം

ഓരോ വർഷത്തെയും വരുമാനങ്ങൾ താരതമ്യം ചെയ്ത് അസ്വാഭാവികമായ പ്രവണതകൾ എന്തെങ്കിലുമുണ്ടോ എന്ന് പരിശോധിക്കുകയോ ആവശ്യമായ നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല. കുടിശ്ശികയാകുന്ന തുകകൾ കൃത്യമായി കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിലേക്ക് ക്യാരി ഓവർ ചെയ്യുന്നില്ല. കുടിശ്ശികയായ തുകകൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല. ആയതിനാൽ വാർഷിക കണക്കുകളിലെ ബന്ധപ്പെട്ട തുകകളുടെ ആധികാരികത ഉറപ്പാക്കുവാൻ കഴിയുന്നില്ല. കുടിശ്ശികക്കാരായ നികുതിദായകരുടെ ലിസ്റ്റ് തയ്യാറാക്കുകയോ പരസ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിന്മേലുള്ള നിയന്ത്രണം

നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും, പെൻഷൻ കോൺട്രിബ്യൂഷനും സർക്കാരിലേക്ക് ഒടുക്ക് വരുത്തുന്നില്ല. നഗരസഭാ ജീവനക്കാരുടെ സേവനപുസ്തകങ്ങളിൽ അനിവാര്യമായ എല്ലാ രേഖപ്പെടുത്തലുകളും കൃത്യമായി ഉൾക്കൊള്ളിച്ച് പരിപാലിക്കുന്നതിൽ അധികൃതർ ശ്രദ്ധിക്കുന്നില്ല. നഗരസഭ റെഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാരിലേക്ക് ഒടുക്കുന്നില്ല. കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്നില്ല.

വ്യത്യസ്ത ആവശ്യങ്ങൾക്കായി ജീവനക്കാർക്ക് നൽകുന്ന മുൻകൂറുകൾ രേഖപ്പെടുത്തുന്നതും ക്രമീകരിക്കുന്നതും മേലുദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല.

വാങ്ങലുകളിന്മേലുള്ള നിയന്ത്രണം

സാധനസാമഗ്രികൾ വാങ്ങുന്നവ യഥാസമയം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നില്ല. കമ്പ്യൂട്ടർ/ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, വാറന്റി/എ.എം.സി/ സർവ്വീസ്-റിപ്പയർ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ആസ്തികളുടെ നിർമ്മാണം, പുനരുദ്ധാരണം സംബന്ധിച്ച് ആസ്തി രജിസ്റ്ററിൽ പുതുക്കലുകൾ (കാലികമാക്കൽ) നടത്തുന്നില്ല. ആസ്തി രജിസ്റ്ററുകളിലും സ്റ്റോക്ക് രജിസ്റ്ററിലും മൂല്യനിർണ്ണയം രേഖപ്പെടുത്തിയും കാലികമാക്കിയും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. വാർഷികമായി സ്റ്റോക്ക് രജിസ്റ്ററിലെ ഇനങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നില്ല. കേടായ, കാലഹരണപ്പെട്ട സാധന സാമഗ്രികൾ നിർണ്ണയിച്ച് നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

ആസ്തികളിന്മേലുള്ള നിയന്ത്രണം

നിർമ്മിക്കപ്പെടുന്ന/പൂർത്തിയാക്കുന്ന ആസ്തികൾ ജനറൽ ലഡ്ജറിൽ രേഖപ്പെടുത്തുകയും കണക്കുകളിൽ പ്രതിഫലിക്കുകയും ചെയ്യുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. മുൻവർഷങ്ങളിൽ ആർജ്ജിച്ച ആസ്തികളുടെ മൂല്യം നിർണ്ണയിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും അതനുസരിച്ച് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തുകയും ചെയ്യുന്നില്ല. ആസ്തികൾ വാർഷികമായി പരിശോധിച്ച് രേഖപ്പെടുത്തലുകൾ കൃത്യമാക്കുന്നില്ല. തന്മൂലം അവയുടെ മൂല്യത്തിന്മേലുള്ള ഡിപ്രീസിയേഷനും കൃത്യമല്ല. നിഷ്ക്രിയ

ആസ്തികൾ ഒഴിവാക്കുന്നതിനുള്ള ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകുന്നില്ല. ആസ്തികൾക്ക് നമ്പരോ കോഡോ നൽകി സൂക്ഷിക്കുന്ന സമ്പ്രദായം തുടങ്ങിയിട്ടില്ല.

ചെലവുകളിന്മേലുള്ള നിയന്ത്രണം

ഓരോമാസത്തെയും വൗച്ചറുകൾ ക്രമമായി നമ്പരിട്ട് അടുക്കി വയ്ക്കുന്നില്ല. വൗച്ചറുകൾക്കൊപ്പം ബന്ധപ്പെട്ട ഉപവൗച്ചറുകൾ, ബില്ലുകൾ, രേഖകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. തന്മൂലം നഗരസഭ നടത്തിയ എല്ലാ പണമിടപാടുകളുടേയും ആധികാരികത പരിശോധിക്കാൻ സാധിക്കുന്നില്ല. കേന്ദ്ര/സംസ്ഥാനവിഹിതങ്ങളുടെ വിനിയോഗം രജിസ്റ്ററിൽ രേഖപ്പെടുത്തി നിരീക്ഷിക്കുന്നില്ല.

ആഭ്യന്തര നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പങ്ക്

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 22 (ഡി) 1മുതൽ 10വരെയുള്ള ഖണ്ഡികകളിൽ ഒരു മുനിസിപ്പൽ കൗൺസിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും നിർവചിച്ചിരിക്കുന്നു. ബഡ്ജറ്റ് ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കേണ്ടതും മുനിസിപ്പൽ കൗൺസിലിന് ലഭിക്കേണ്ടതുമായ നികുതികളുടെയും ഫീസുകളുടെയും വാടകകളുടെയും മറ്റ് തുകകളുടെയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടതുമാണ്. മുനിസിപ്പൽ കൗൺസിലിന്റെ അക്കൗണ്ടുകൾ കൂടെക്കൂടെ പരിശോധിക്കേണ്ടതാണ്. വരവുകൾ യഥാസമയം പിരിച്ചെടുക്കുന്നുണ്ടോയെന്നും, മുനിസിപ്പൽ കൗൺസിൽ ചെലവാക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകയും കൗൺസിൽ അനുമതി നല്കിയിട്ടുള്ള ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതാണോ എന്നും, അതിലേക്ക് ആവശ്യമായ തുക ഉണ്ടോയെന്നും പരിശോധിക്കേണ്ടതാണ്. അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യേണ്ടതും മാസംതോറുമുള്ള തുക ആവശ്യപ്പെടലും തുക പിരിച്ചെടുക്കലും നീക്കിയിരുപ്പ് തുകയും സെക്രട്ടറി സമർപ്പിക്കുന്ന പ്രകാരമുള്ള തൊട്ടുമുമ്പുള്ള മാസത്തെ വരവ് ചെലവ് കണക്കുകളുടെ സംക്ഷിപ്തവും പരിശോധിക്കേണ്ടതുമാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ വരവ് ചെലവ് കണക്കുകൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. ചെലവുകൾ ബഡ്ജറ്റിന് അനുസൃതമായാണോ ചെയ്തിട്ടുള്ളതെന്നും സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിയമം വ്യവസ്ഥ ചെയ്യുന്ന പ്രകാരം കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.11.21 മുതൽ 26.11.21 വരെ | 2019-20 | 04.02.2022 |

## 1-11 ഓഡിറ്റ് ഇംപാക്റ്റ് - വീട്ടു വാടക ബത്തയ്ക്ക് അർഹതയില്ലാത്ത ജീവനക്കാർക്ക് ആർജ്ജിതാവധി സറണ്ടറിനൊപ്പം അനുവദിച്ച വീട്ടു വാടക ബത്ത തിരികെ ഈടാക്കി

2011 മുതൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ.ശ്രീജിത്ത്. എ യുടെ 21.06.21 ലെ അപേക്ഷയിൽ 2015 മുതൽ 2020 വരെയുള്ള കാലയളവിൽ ആർജ്ജിതാവധി സറണ്ടറിനൊപ്പം വീട്ടു വാടക ബത്ത ആനുകൂല്യം ലഭിച്ചിരുന്നില്ലായെന്നും ആയത് അനുവദിച്ച് നൽകണമെന്നും ആവശ്യപ്പെട്ടതു പ്രകാരം 7890 രൂപ (ചെക്ക് നം. 502977/ 03.08.21- വൗച്ചർ നം.-10-08/21) കുടിശ്ശികയിനത്തിൽ നൽകുകയുണ്ടായി. കൂടാതെ സറണ്ടർ ചെയ്യുന്ന മാസത്തിൽ ഡ്യൂ ആകുന്ന ഇൻക്രിമെന്റ്, വീട്ടുവാടക ബത്ത എന്നിവ ഉൾപ്പെടാതെയാണ് ആർജ്ജിതാവധി സറണ്ടർ അനുവദിച്ചതെന്നും അതിനാൽ അർഹതപ്പെട്ട ഇൻക്രിമെന്റ് വീട്ടുവാടക ബത്ത എന്നിവ അനുവദിക്കണമെന്നും കാണിച്ച് പ്രസ്തുത ജീവനക്കാർ അപേക്ഷ നൽകിയതിൻ പ്രകാരം പ്രസ്തുത തുക കുടിശ്ശിക ബിൽ തയ്യാറാക്കി 6 ജീവനക്കാർക്കായി 120996 രൂപ അനുവദിക്കുകയും ചെയ്തു (ചെക്ക് നം. 502966/11.06.21, വൗച്ചർ നം.318-06/21). എന്നാൽ ടി ജീവനക്കാരെല്ലാം നഗരസഭ വക ക്വാർട്ടേഴ്സ് ഉപയോഗിക്കുന്നവരായതിനാൽ ആർജ്ജിതാവധി സറണ്ടറിനൊപ്പം വീട്ടു വാടക ബത്തയ്ക്ക് അർഹരല്ല. 21.02.1984 ലെ സർക്കുലർ നമ്പർ 10/1984 ഫിൻ. പ്രകാരം ഗവർൺമെന്റ് ക്വാർട്ടേഴ്സിൽ താമസിക്കുന്ന ജീവനക്കാർക്ക് ആർജ്ജിതാവധി സറണ്ടർ ചെയ്യുമ്പോൾ വീട്ടു വാടക ബത്തയ്ക്ക് അർഹതയില്ല എന്ന വിവരം ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിയെ (നം.40/2020-21, തീയതി 01.02.21) തുടർന്ന് 6 ജീവനക്കാർക്ക് നൽകിയ തുക 26938 രൂപ

തിരികെ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | ഉദ്യോഗപ്പേര് | വീട്ടുവാടക ബത്ത | തിരികെ ഒടുക്കിയതിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | ശ്രീജിത്ത്.എ | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 11362 | 01/121010108877 നമ്പർ രസീത് പ്രകാരം 23.02.22 |

| | | | | |
|---|---|---|---|---|
| | | ഗ്രേഡ് II (7890+3472) | | ന് നഗരസഭ ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. |
| 2 | ഷീജ പദ്മം.പി.എസ്. | ബിൽ കളക്ടർ | 2296 | 01/121010108746 നമ്പർ രസീത് പ്രകാരം 23.02.22 ന് നഗരസഭ ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. |
| 3 | എൻ.എസ്.അനിൽകുമാർ | സീനിയർ ക്ലർക്ക് | 3304 | ഫെബ്രുവരി മാസത്തിലെ ശമ്പളത്തിൽ നിന്നും ഈടാക്കിയിട്ടുണ്ട്. |
| 4 | രമ്യ മാധവൻ | ക്ലർക്ക് | 2296 | |
| 5 | സജി.എം.കുമാർ | ഡ്രൈവർ | 4208 | |
| 6 | ജീവൻലാൽ യു.ജി | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 3472 | |
| ആകെ | | | 26938 | |

## 1-12 ജനറൽ പർപ്പസ് ഗ്രാന്റ് ഒരു ഗഡു വിഹിതം നഷ്ടപ്പെടുത്തി

സർക്കാർ ഉത്തരവ് (സാധാ)നം2249/2020/ധന/തീയതി 18.3.2020 പ്രകാരം ജനറൽ പർപ്പസ് വിഹിതമായി അനുവദിച്ച 52,65,222 രൂപ 2019-20 വർഷം നഗരസഭയുടെ അക്കൗണ്ടിൽ വരവു വച്ചിരുന്നില്ല. പ്രസ്തുത തുക 2020-21 വർഷവും നഗരസഭയുടെ അക്കൗണ്ടിൽ വരവു വന്നിട്ടില്ല. ഇതിൽനിന്നും പ്രസ്തുത ധനസഹായം നഗരസഭയ്ക്ക് നഷ്ടമായി എന്ന കരുതേണ്ടിയിരിക്കുന്നു.

ഓരോ സാമ്പത്തിക വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനറൽ പർപ്പസ് ഗ്രാന്റ് എന്ന ശീർഷകത്തിൽ അനുവദിക്കുന്ന ഫണ്ട് അതതു സ്ഥാപനങ്ങളുടെ പ്രത്യേക ട്രഷറി സേവിങ്ങ്സ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കണക്കു ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്നും ഇപ്രകാരം ചെയ്യാത്ത ഏതൊരു ഗഡുവും പിന്നീടുള്ള വർഷത്തിൽ പുനരനുവദിക്കേണ്ടതില്ല എന്നതാണ് സർക്കാർ നിലപാടെന്നും 11-5-2018 ലെ നം.238/എഫ്എം1/297/തസ്വഭവ കത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ജനറൽ പർപ്പസ് ഗ്രാന്റ് നഷ്ടപ്പെടാനിടയായത് കാര്യനിർവ്വഹണോദ്യോഗസ്ഥരുടെ വീഴ്ചയായി കണ്ട് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 തനത് ഫണ്ട് വരവു ചെലവു കണക്കുകൾ കൃത്യമല്ല

നഗരസഭയുടെ തനത് ഫണ്ട് കണക്കുകൾ കൃത്യമല്ല. നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ തനത് വരവ് - ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്ന വാർഷിക ധനകാര്യ പത്രിക (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ളത്)

| ഇനം (വരവ് ) | തുക | ഇനം (ചെലവ് ) | തുക |
|---|---|---|---|
| നികുതി വരുമാനം | 169851741 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 147906715 |
| നികുതിയേതരം | 139179251 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 12736848 |
| മറ്റ് വരവുകൾ | 86842 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 35430956 |
| | 309117834 (+113043315) | | 196074519 |

വാർഷിക ധനകാര്യ പത്രിക പ്രകാരം മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ടിൽ 113043315 മിച്ചമുണ്ട്. എന്നാൽ തനത് ഫണ്ടിന്റെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങൾ താഴെ നൽകുന്നു

| ഇനം | തുക |
|---|---|
| ക്ലോസിങ്ങ് ബാലൻസ് (ബാങ്ക് ബുക്ക് പ്രകാരം) | 53349842 |
| ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് പ്രെസന്റഡ് ടു ബാങ്ക് | 96174826 |
| ഡയറക്ട്ലി ക്രെഡിറ്റഡ് ബൈ ബാങ്ക് | 17293505 |
| ആകെ | 166818173 |

| | |
|---|---|
| കുറയ്ക്കുക | |
| ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്റ്റഡ് | 117254934 |
| ഡയറക്റ്റ്ലി ഡെബിറ്റഡ് ബൈ ബാങ്ക് | 47029348 |
| ക്ലോസിങ്ങ് ബാലൻസ് (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) | 46634501 |

46634501 രൂപ മാത്രമാണ് 31.03.2021 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ്.

തനത് ഫണ്ട് വരവ് ചെലവ് കണക്കുകളിലുള്ള അന്തരത്തിന്റെ കാരണങ്ങൾ

1. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് ഡിമാന്റ് രേഖപ്പെടുത്താതെയും വർഷാന്ത്യത്തിൽ ചെയ്യേണ്ട പെൻഡിംഗ് ടാസ്കുകൾ പൂർത്തീകരിക്കാതെയുമാണ് വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചിട്ടുള്ളത്

2. മൂന്ന് മാസത്തിലധികമായി, പണമായി മാറാത്ത തനത് ഫണ്ട് ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007(ചട്ടം 45)).

3.കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 15(1)&(2) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസ്സസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ്. എന്നാൽ മേൽ പ്രകാരം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കി സാംഖ്യയിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് ഡിമാന്റ് ഇല്ലാത്തതിനാൽ 113043315 രൂപയുടെ വ്യത്യാസമാണ് അക്കൗണ്ടിൽ പ്രതിഫലിക്കുന്നത്

4.കേരള മുൻസിപ്പാലിറ്റി ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം ബാങ്ക് ട്രഷറി റീക്കൺസിലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വർഷാവസാനം മാത്രമാണ് ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ നടത്തിയിരിക്കുന്നത്. റീക്കൺസിലിയേഷൻ നടത്തിയിരിക്കുന്നത് കൃത്യമല്ല.

തനത് ഫണ്ട് വരവ് ചെലവ് കണക്കുകൾ കൃത്യമാക്കി സൂക്ഷിക്കുന്നതിന് സെക്രട്ടറിയുടേയും ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടേയും അടിയന്തിര നടപടി ഉണ്ടാകേണ്ടതാണ്.

## 1-14 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ കോട്ടയം നഗരസഭാ കാര്യാലയത്തിലെ സാംഖ്യാ രസീത് പ്രകാരമുള്ള ബാങ്ക് ബുക്ക്, ബാങ്ക് ഓഫ് മഹാരാഷ്ട്ര തനത് ഫണ്ട് അക്കൗണ്ട് (നം. 20142500058) പത്രികകൾ, കൗണ്ടർ കോയിൻവാർ രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

1. തുക ഒടുക്കിയതിൽ കുറവ്

11.02.21 ലെ ഫ്രണ്ട് ഓഫീസ് കൗണ്ടർ കളക്ഷൻ തുകയായ 1072079 രൂപയിൽ 1046303 രൂപയാണ് തനത് ഫണ്ട് അക്കൗണ്ടിൽ ഒടുക്കേണ്ടിയിരുന്നത്. എന്നാൽ ബാങ്ക് പത്രിക പ്രകാരം 12.02.21 ൽ ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ തനത് ഫണ്ട് അക്കൗണ്ടിൽ 200 രൂപ കുറവായി 1046103 രൂപയാണ് ഒടുക്കിയതെന്ന് കാണുന്നു. ബാക്കി തുകയായ 25776 രൂപയിൽ 19776 രൂപ ലൈബ്രറി സെസ്സ് അക്കൗണ്ടിലും 6000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് അക്കൗണ്ടിലും ഒടുക്കിയിട്ടുണ്ട്. തുക കുറവ് വന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.07/2020-21, 20.11.21) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

2. ചെക്കുകൾ മടങ്ങുന്നത് തനത് ഫണ്ടിനു നഷ്ടമുണ്ടാക്കു ന്നു.

നഗരസഭയിൽ സമർപ്പിക്കപ്പെടുന്ന ചെക്കുകൾ മടങ്ങുന്നത് തനത് ഫണ്ടിനു നഷ്ടമുണ്ടാക്കുന്നതായി കാണുന്നു. ചെക്കുകൾ ക്രെഡിറ്റാകാതെ മടങ്ങുന്നതിനാൽ ജി.എസ്.ടി ഉൾപ്പെടയുള്ള ചെക്ക് റിട്ടേൺ ചാർജ്ജ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ബാങ്ക് ഈടാക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെക്ക് റിട്ടേൺ ചെയ്ത തീയതി | ചെക്ക് തുക | ബാങ്ക് ഈടാക്കുന്ന പിഴ | | | ചെക്ക് നമ്പരും വിശദാംശങ്ങളും |
|---|---|---|---|---|---|---|
| | | | ചെക്ക് റിട്ടേൺ ചാർജ്ജ് | ജി.എസ്.ടി | ആകെ | |
| 1 | 16.12.20 | 1250 | 500 | 90 | 590 | 652268 ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്യൂണിക്കേഷൻ ലിമിറ്റഡ് |
| 2 | 01.02.21 | - | 150 | 27 | 177 | മടങ്ങിയ ചെക്ക് വിവരങ്ങൾ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | രേഖപ്പെടുത്തിയിട്ടില്ല. ചെക്ക് റിട്ടേൺ ചാർജ്ജ് എന്നാണ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |
| 3 | 16.04.21 | 13250 | 500 | 90 | 590 | 814886 ഡി.ഡി ഇന്ത്യൻ ബാങ്ക് |
| 4 | 06.09.21 | 1250 | 500 | 90 | 590 | 935031 COMORIN |
| 5 | 30.09.21 | 8700 | 150 | 27 | 177 | 828409 സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി |
| 6 | 30.09.21 | 12500 | 150 | 27 | 177 | 8093 ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് |
| 7 | 30.09.21 | 3332 | 150 | 27 | 177 | 106973 ആധാർ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് |
| 8 | 30.09.21 | 1250 | 150 | 27 | 177 | 106974 ആധാർ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് |
| 9 | 30.09.21 | 35830 | 150 | 27 | 177 | 541714 സപ്ലൈകോ റീജിയണൽ ഓഫീസ് |
| 10 | 01.10.21 | 1250 | 150 | 27 | 177 | 603732 എക്സിക്യൂട്ടീവ് എൻജിനീയർ കേരള വാട്ടർ അതോറിറ്റി |
| 11 | 11.11.21 | 3000 | 150 | 27 | 177 | 225565 ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ |
| | ആകെ | | | | 3186 | |

ടി ചെക്കുകൾക്ക് പകരം ചെക്കുകൾ നഗരസഭയിൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാകാത്തതിനാൽ പ്രസ്തുത തുകകൾ യഥാർത്ഥത്തിൽ വരവ് വയ്ക്കപ്പെട്ടോയെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പകരം ചെക്കുകൾ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിനൊപ്പം ടി പിഴ തുക കൂടി ഈടാക്കിയിട്ടുണ്ടോ എന്നതും വ്യക്തമല്ല. ഇത് സംബന്ധിച്ച് 20.11.21 ൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

3. പണം ഒടുക്കിന്റെയും പിൻവലിക്കലിന്റെയും വിവരങ്ങൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നില്ല

നഗരസഭയുമായി ബന്ധപ്പെട്ട, ക്യാഷോ ചെക്കോ മുഖേനയുള്ള എല്ലാ പണമിടപാടുകളും ബാങ്ക് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്ന് 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ടിംഗ് ചട്ടങ്ങൾ , ചട്ടം (6) ൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നഗരസഭയിൽ സമർപ്പിക്കപ്പെട്ട ചില ചെക്കുകളുടേയും നഗരസഭ പിൻവലിച്ച തുകകളുടേയും വിവരങ്ങൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന് കാണുന്നു. കൂടാതെ ഓൺലൈൻ ട്രാൻസാക്ഷൻ മുഖാന്തിരം നടത്തുന്ന പണമിടപാടുകളും ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. നഗരസഭയ്ക്ക് വിവിധ വരവിനങ്ങളിൽ തനത് ഫണ്ടിലേക്ക് ലഭിച്ച തുക സംബന്ധിച്ച വിവരങ്ങൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ചെക്ക് നമ്പർ | തുക ലഭിച്ച തീയതി | തുക | ചെക്ക് നൽകിയ സ്ഥാപനം |
|---|---|---|---|---|
| 1 | 198041 | 14.09.20 | 4038 | ഫെഡറൽ ബാങ്ക് ലിമിറ്റഡ് |

| | | | | |
|---|---|---|---|---|
| 2 | 23359 | 30.09.20 | 51350 | ചിന്മയമിഷൻ |
| 3 | 965410 | 28.12.20 | 7080 | KHWW ബോർഡ് |
| 4 | 549915 | 12.02.21 | 17912 | KSDC |
| 5 | 144058 | 03.03.21 | 21880 | Norms Managment PVT LTD |

നഗരസഭ വിവിധ ആവശ്യങ്ങൾക്കായി ബാങ്ക് ഓഫ് മഹാരാഷ്ട്രയിലെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക സംബന്ധിച്ച വിവരങ്ങൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ചെക്ക് നമ്പർ | തുക പിൻവലിച്ച തീയതി | തുക | വൗച്ചർ നമ്പർ തീയതി |
|---|---|---|---|---|
| 1 | 032796 | 14.07.20 | 147495 | 83-07/20 -1000 (13.07.20)<br>84-07/20-13520<br>85-07/20 -27975<br>86-07/20 -100000<br>87-07/20 -5000 |
| 2 | 034656 | 15.12.20 | 10000 | 74-12/20 (15.12.20) |
| 3 | 034660 | 15.12.20 | 45000 | 81-12/20 (15.12.20) |
| 4 | 034657 | 15.12.20 | 3433300 | 75-12/20 (15.12.20) |
| 5 | 034649 | 16.12.20 | 607066 | 66-12/20 (08.12.20) |
| 6 | 034667 | 17.12.20 | 75000 | 100-12/20 (17.12.20) |
| 7 | 034668 | 17.12.20 | 60000 | ടി ചെക്ക് പ്രകാരം 60000 രൂപ 17.12.20 ന് പിൻവലിച്ചിട്ടുള്ളതായി ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ ക്യാഷ് ബുക്കിൽ 34668 നമ്പരിലുള്ള ചെക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല. |
| 8 | 034670 | 19.12.20 | 1052010 | 102-12/20 (17.12.20) |
| 9 | 034674 | 23.12.20 | 14480 | 107-12/20 (21.12.20) |
| 10 | 035867 | 22.01.21 | 13024 | 135-01/21(19.01.21) |
| 11 | 034722 | 22.01.21 | 40000 | 41-01/21 (06.01.21) |
| 12 | 035878 | 22.01.21 | 10000 | 152-01/21 (22.01.21) |
| 13 | 035894 | 03.02.21 | 6000000 | 01-02/21 (03.02.21) |
| 14 | 035912 | 03.02.21 | 144338 | 32-02/21 (03.02.21) |
| 15 | 35983 | 17.03.21 | 199 | 54-03/21 (08.03.21) |

ടി അപാകത ചൂണ്ടിക്കാണിച്ച് 29.01.22 ൽ നൽകിയ 39-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

4.ഓൺലൈൻ ട്രാൻസാക്ഷൻ അപാകതകൾ

കോട്ടയം നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ ഓൺലൈൻ ട്രാൻസാക്ഷനുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല. ബാങ്ക് ബുക്കുകളിൽ ട്രാൻസാക്ഷൻ റഫറൻസ് നമ്പരുകളും വിശദാംശങ്ങളും കൃത്യമായി രേഖപ്പെടുത്താത്തതിനാൽ NEFT/RTGS ട്രാൻസാക്ഷൻ മുഖേനയുള്ള പണമിടപാടുകൾകളുടെ ആധികാരികത നിർണ്ണയിക്കാൻ കഴിയുന്നില്ല. ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് NEFT/RTGS ട്രാൻസാക്ഷനുകൾ മുഖാന്തിരം നടത്തിയ എല്ലാ പണമിടപാടുകൾക്കും സാംഖ്യാ രസീത് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമായിട്ടില്ല. ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ അക്കൗണ്ട് പത്രികകളിൽ നിന്നും ലഭിച്ച NEFT/RTGS ട്രാൻസാക്ഷനുകളുടെ രസീത് നമ്പരും തീയതിയും തുക ഒടുക്കപ്പെട്ട ഇനം എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.07/2020-21, തീയതി 20.11.21) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. NEFT/RTGS ട്രാൻസാക്ഷൻ മുഖേനയുള്ള പണമിടപാടുകൾകളുടെ റെഫറൻസ് നമ്പരും തുകയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | NEFT /RTGS ട്രാൻസാക്ഷൻ നമ്പരും തീയതിയും (ബാങ്ക് പത്രിക പ്രകാരം ) | തുക |
|---|---|---|
| 1 | U000000781435374/ 24.04.20 | 393950 |
| 2 | U000000781435414/ 24.04.20 | 39750 |
| 3 | U000000783522620/ 24.04.20 | 387063 |
| 4 | U000000783522616/ 24.04.20 | 84519 |
| 5 | U000000783522618/ 24.04.20 | 3113 |
| 6 | U000000787408716/ 14.05.20 | 18750 |
| 7 | U000000787408642/ 14.05.20 | 38750 |
| 8 | U000000787408676/ 14.05.20 | 600 |
| 9 | U000000787408886/ 14.05.20 | 1250 |
| 10 | U000000787488948/ 15.05.20 | 394397 |
| 11 | U000000789497632/ 26.05.20 | 69046 |
| 12 | U000000790288864/ 29.05.20 | 2500 |
| 13 | U000000790453132/ 01.06.20 | 2500 |
| 14 | U000000793663438/ 15.06.20 | 98750 |
| 15 | U000000793876470/ 18.06.20 | 32250 |
| 16 | U000000793876490/ 18.06.20 | 15250 |
| 17 | U000000794001750/ 19.06.20 | 6252 |
| 18 | U000000800265388/ 30.07.20 | 520000 |
| 19 | U000000805278834/ 19.08.20 | 1250 |
| 20 | U000000805289402/ 19.08.20 | 1250 |
| 21 | U000000805289404/ 19.08.20 | 1250 |
| 22 | U000000805287616/ 19.08.20 | 28500 |

| | | |
|---|---|---|
| 23 | U000000805287628/ 19.08.20 | 21500 |
| 24 | SBIC300087425617/ 26.08.20 | 1250 |
| 25 | SBIC300087425270/ 26.08.20 | 1250 |
| 26 | U000000811414876/ 09.09.20 | 116615 |
| 27 | U000000812756078/ 28.09.20 | 2750 |
| 28 | U000000812756080/ 28.09.20 | 88000 |
| 29 | U000000812779238/ 28.09.20 | 2500 |
| 30 | U000000812779240/ 28.09.20 | 7500 |
| 31 | U000000817446468/ 14.10.20 | 6000 |
| 32 | U000000855324986/ 26.03.21 | 95000 |
| 33 | U000000855729170/ 26.03.21 | 401750 |
| 34 | U000000857670746/ 30.03.21 | 520000 |
| 35 | U000000857867018/ 30.03.21 | 13250 |

ടി പട്ടികയിലെ ട്രാൻസാക്ഷൻ വിവരങ്ങൾ സംബന്ധിച്ച് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തലുകളില്ല. റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ "Directly Credited By The Bank" എന്ന ശീർഷകത്തിലാണ് ടി ട്രാൻസാക്ഷൻ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ കൃത്യമായ ട്രാൻസാക്ഷൻ റഫറൻസ് നമ്പരുകളോ ഇനമോ ഒടുക്കിയ സ്ഥാപനത്തിന്റെ വിവരങ്ങളോ ലഭ്യമല്ല. മുൻവർഷങ്ങളിലും ഇത്തരത്തിലുള്ള പരാമർശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും തൽസ്ഥിതിയ്ക്ക് മാറ്റം വന്നിട്ടില്ലായെന്ന് ഇതിൽ നിന്നും മനസിലാക്കാൻ സാധിക്കുന്നു. അക്കൗണ്ടിലേയ്ക്ക് വരുന്ന തുകയുടെ ഉറവിടം അറിയേണ്ടത് അക്കൗണ്ട് ഹോൾഡറുടെ അവകാശമാണ്. ഇത്തരത്തിലുള്ള തുകകളുടെ കൃത്യമായ ഉറവിടം ബാങ്ക് മുഖേന കണ്ടെത്തി അതാത് ശീർഷകങ്ങളിൽ സാംഖ്യാ രസീതുപയോഗിച്ച് ഒടുക്കുവരുത്തേണ്ടതാണ്.

**5.** മതിയായ രേഖകളില്ലാതെ തുക ചെലവഴിച്ചിരിക്കുന്നു .

ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക്, എന്നിവയിൽ ആവശ്യമായ രേഖപ്പെടുത്തലുകളില്ലാതെ 17.12.20 ന് 60000 രൂപ 34668 -ാംനമ്പർ ചെക്ക് പ്രകാരം ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിച്ചതായി ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നു. കൂടാതെ ടി ചെലവിനാധാരമായ വൗച്ചറും ഫയലും പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും (എൻക്വയറി നം.39/2020-21, തീയതി 29.01.22) നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

## 1-15 ചെക്ക് ഉപയോഗം - നടപടിക്രമങ്ങൾ പാലിക്കുന്നില്ല

1. ചെക്ക് ബുക്കുകൾക്കും അവയുടെ വിതരണത്തിനുമായി രജിസ്റ്റർ പരിപാലിക്കുന്നില്ല .

ചെക്ക് ബുക്കുകൾക്കും അവയുടെ വിതരണത്തിനുമായി രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ ബാങ്ക് അനുവദിച്ച ചെക്ക് ബുക്കുകൾ ഉപയോഗിച്ച ചെക്ക് ബുക്കുകൾ എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

2. ചെക്കുകൾ ക്യാൻസൽ ചെയ്ത വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല

2020 – 21 സാമ്പത്തിക വർഷത്തിൽ നഗരസഭ ഉപയോഗിച്ച ചെക്ക് ബുക്കിൽ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നൽകാനുള്ള തുക രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വച്ച ശേഷം ഇഷ്യൂ ചെയ്യാതെ ചെക്കുകൾ ക്യാൻസൽ ചെയ്തെങ്കിലും ടി വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് റൂൾസ്, ചട്ടം 43(1) പ്രകാരം ചെക്ക് ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയ എല്ലാ രേഖകളിലും ചെക്ക് ക്യാൻസൽ ചെയ്ത വിവരം രേഖപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. നഗരസഭയുടെ തനത് ഫണ്ട് (20142500058), സെക്യൂരിറ്റി ഡെപ്പോസിറ്റ് (20142500309) എന്നീ അക്കൗണ്ടിൽ നിന്നും അനുവദിച്ച തുകകളുടെ ചെക്കുകളാണ് ഇത്തരത്തിൽ ക്യാൻസൽ ചെയ്തിട്ടും ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്തത്. സെക്യൂരിറ്റി ഡെപ്പോസിറ്റ്

അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ അതിൽ രേഖപ്പെടുത്തലുകളുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ക്യാൻസൽ ചെയ്ത വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്ത ചെക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെക്കിന്റെ നമ്പരും തീയതിയും | വൗച്ചർ നമ്പരും തീയതിയും | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 041688/14.05.20 | 65/14.05.20 | 45200 | സെക്യൂരിറ്റി ഡെപ്പോസിറ്റ്, ശ്രീ.ഷൈനി മധു |
| 2 | 041889/03.06.20 | 05/04.06.20 | 8610 | സെക്യൂരിറ്റി ഡെപ്പോസിറ്റ്, പി.ജെ.സുധീന്ദ്രകുമാർ |
| 3 | 035953/23.02.21 | 84/23.02.21 | 140000 | തനത് ഫണ്ട് ഇലക്ഷൻ ഡെപ്പോസിറ്റ് റീ ഫണ്ട്. ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 4 | 035981/06.03.21 | 52/ 08.03.21 | 128400 | തനത് ഫണ്ട് കമാൻഡർ ഗ്യാസ് ഏജൻസീസ് |
| 5 | 035998/15.03.21 | 73/15.03.21 | 79795 | തനത് ഫണ്ട് കണ്ടിൻജന്റ് ജീവനക്കാരുടെ ശമ്പളം ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 6 | 036060/23.03.21 | 161/23.03.21 | 14677 | തനത് ഫണ്ട് വൈദ്യുത ചാർജ്ജ് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് |

3. ചെക്കുകൾ ക്യാൻസൽ ചെയ്യാതെ സൂക്ഷിക്കുന്നു

2020 – 21 സാമ്പത്തിക വർഷത്തിൽ നഗരസഭ ഉപയോഗിച്ച ചെക്ക് ബുക്കിൽ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നൽകാനുള്ള തുക രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വച്ച ചെക്കുകൾ ബന്ധപ്പെട്ടവർക്ക് നൽകുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു. ഇത് തെറ്റായ ഒരു കീഴ്‌വഴക്കമാണ്. നഗരസഭയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് (20142500309) അക്കൗണ്ടിൽ നിന്നും അനുവദിച്ച തുകകളുടെ ചെക്കുകളാണ് ഇത്തരത്തിൽ ക്യാൻസൽ ചെയ്യാതെ അവശേഷിക്കുന്നത്. സെക്യൂരിറ്റി ഡെപ്പോസിറ്റ് അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ അതിൽ രേഖപ്പെടുത്തലുകളുണ്ടായെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെക്കിന്റെ നമ്പരും തീയതിയും | വൗച്ചർ നമ്പരും തീയതിയും | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 041690/18.05.20 | 71/18.05.20 | 2000 | സെക്യൂരിറ്റി ഡെപ്പോസിറ്റ്, സെക്രട്ടറി, AKUMS |
| 2 | 041691/18.05.20 | 72/18.05.20 | 9100 | സെക്യൂരിറ്റി ഡെപ്പോസിറ്റ്, ശ്രീ. ടിൻ ജോബ് |

| | | | | |
|---|---|---|---|---|
| 3 | 016338/05.08.20 | 33/05.08.20 | 2000 | സെക്യൂരിറ്റി ഡെപ്പോസിറ്റ്, വി.എസ്.ഷാജൻ |
| 4 | 033042/23.06.20 | 168/23.06.20 | 39500 | പർച്ചേസ് ഫാം കെമിക്കൽസ് & എക്യുപ്മെന്റ്സ് |
| 5 | 032792/10.07.20 | 74/10.07.20 | 2990 | ഇ.എം.ഡി അമല ഗാർമന്റ്സ് |
| 6 | 032793/10.07.20 | 75/10.07.20 | 3770 | ഇ.എം.ഡി സ്നേഹദീപം ഗാർമന്റ്സ് |
| 7 | 035857/16.01.21 | 118/16.01.21 | 2000 | ധനപാലൻ ഇലക്ഷൻ നോമിനേഷൻ ഫീ റീ ഫണ്ട്. |
| 8 | 035871/ 21.01.21 | 141/21.01.21 | 570 | വൈദ്യുത ചാർജ്ജ് അസി.എൻജിനീയർ കെ.എസ്.ഇ.ബി |
| 9 | 035872/ 21.01.21 | 142/21.01.21 | 11173 | വൈദ്യുത ചാർജ്ജ് അസി.എൻജിനീയർ കെ.എസ്.ഇ.ബി |

സെക്രട്ടറി ഒപ്പ് വെച്ച ചെക്കുകൾ ബന്ധപ്പെട്ടവർ കൈപ്പറ്റാത്ത സാഹചര്യത്തിൽ കാലാവധി കഴിഞ്ഞിട്ടും നാളിതുവരെ ക്യാൻസൽ ചെയ്യാതെ സൂക്ഷിക്കുന്നത് ശരിയായ നടപടിക്രമമല്ല. ക്യാൻസൽ ചെയ്യാത്ത ചെക്കുകൾ Stale Cheque Account ലേക്ക് മാറ്റുന്നില്ല. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് റൂൾസ്, ചട്ടം 45 പ്രകാരം കാലഹരണപ്പെട്ട ചെക്കുകൾ Stale Cheque Account ലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതും പകരം പുതിയ ചെക്ക് ഇഷ്യൂ ചെയ്യുമ്പോൾ Stale Cheque Account ഡെബിറ്റ് ചെയ്യേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നഗരസഭയുടെ ബാങ്ക് ഓഫ് മഹാരാഷ്ട്ര അക്കൗണ്ടിന്റെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും കാലഹരണപ്പെട്ട ചെക്കുകൾ Stale Cheque Account ലേക്ക് മാറ്റാത്തതിനാൽ 2010 മുതൽക്കുള്ള ചെക്കുകൾ റീകൺസിലിയേഷൻ വിൻഡോയിൽ തുടരുന്നുണ്ട്. ടി അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.86/2020-21, തീയതി 10.05.21) അപാകതകൾ പരിഹരിച്ച് തുടർപരിശോധനകൾക്ക് ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്

## 1-16 രസീത് ബുക്ക് നഷ്ടപ്പെട്ടു

കോട്ടയം നഗരസഭയുടെ പരിധിയിലുള്ള നാട്ടകം മേഖല കാര്യാലയത്തിലെ കൗണ്ടർ കളക്ഷന് ഉപയോഗിച്ചിരുന്ന 328 -ാം നമ്പർ മാനുവൽ രസീത് ബുക്ക് ഉപയോഗശേഷം നഷ്ടപ്പെട്ടതായി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 16351 മുതൽ 16400 വരെ 50 പേജുകളുള്ള രസീതു ബുക്കുപയോഗിച്ച് 08.10.21, 11.10.21, 12.10.21എന്നീ തീയതികളിൽ യഥാക്രമം 1847 രൂപ, 35635 രൂപ, 15283 രൂപ (ആകെ 52765 രൂപ) എന്നിങ്ങനെ കൗണ്ടറിൽ ഒടുക്കിയിട്ടുണ്ടെങ്കിലും രസീതു ബുക്ക് ലഭ്യമല്ലാത്തതിനാൽ ടി തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. രസീത് ബുക്ക് കണ്ടെത്തുന്നതിനായി 08.02.12 ൽ NG1/4972/21 നമ്പരായി നഗരസഭ സെർച്ച് മെമ്മോ നൽകിയിരുന്നുവെങ്കിലും നാളിതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. രസീതു ബുക്ക് കണ്ടെത്തുന്ന മുറയ്ക്ക് പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-17 തുകകൾ ബാങ്ക് അക്കൗണ്ടുകൾ മാറ്റി ഒടുക്കുന്നു.

26.05.2011-ാം തീയതിയിലെ സർക്കുലർ നം.58725/എഫ്.എം.3/2008/ത.സ്വ.ഭ.വ പ്രകാരം തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ലായെന്നും തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാൽകൃത/സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ടെങ്കിലും കോട്ടയം

നഗരസഭാ കാര്യാലയത്തിലെ സാംഖ്യാ രസീതു മുഖേനയുള്ള പിരിവ് ഒടുക്കുന്നതിന് ബാങ്ക് ഓഫ് മഹാരാഷ്ട്രയിൽ 3 അക്കൗണ്ടുകളുണ്ട്. നഗരസഭ ഫണ്ട് അക്കൗണ്ട് നം. 20142500058 ലും, ലൈബ്രറി സെസ്സ് അക്കൗണ്ട് നം. - 60018694479 ലും, സെക്യൂരിറ്റി ഡെപ്പോസിറ്റ് അക്കൗണ്ട് നം. 20142500309 ലുമാണ് ഒടുക്കുന്നത്. കൂടാതെ മേഖല കാര്യാലയത്തിലെ രസീതു മുഖേനയുള്ള പിരിവ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ടുകളിലുമാണ് ( തനത് ഫണ്ട് അക്കൗണ്ട് നം. 67164393008, ലൈബ്രറി സെസ്സ് അക്കൗണ്ട് നം. - 67164399339, സെക്യൂരിറ്റി ഡെപ്പോസിറ്റ് അക്കൗണ്ട് നം. 67164392786 ) ഒടുക്കുന്നത്. ഇത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. കോട്ടയം നഗരസഭയിലെ സാംഖ്യ, മാനവൽ രസീതുകൾ മുഖേനയുള്ള പണം പിരിവും അവയുടെ ഒടുക്കം പരിശോധിച്ചതിൽ തുകകൾ ബാങ്ക് അക്കൗണ്ടുകൾ മാറ്റി അടവാക്കുന്നതായും കാണുന്നു. നഗരസഭയുടെ പണമിടപാടുരേഖകളും ബാങ്ക് പത്രികകളും പരിശോധിച്ച് ഒടുക്ക് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തുന്നതിൽ വീഴ്ച സംഭവിച്ചിരിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കാര്യാലയം | നഗരസഭ തുക പിരിച്ച തീയതി | തുക | തുക ബാങ്കിൽ നിക്ഷേപിച്ച തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | നഗരസഭ കാര്യാലയം | 05.02.21 | 4886 | 05.02.21 | ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ ലൈബ്രറി സെസ്സ് അക്കൗണ്ടിൽ (നം. 60018694479) നിക്ഷേപിക്കുന്നതിന് പകരം സെക്യൂരിറ്റി ഡെപ്പോസിറ്റ് അക്കൗണ്ടിൽ (നം. 20142500309) നിക്ഷേപിച്ചു. |
| 2 | നഗരസഭ കാര്യാലയം | 18.05.21 | 39290 | 19.05.21 | ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ തനത് ഫണ്ട് അക്കൗണ്ടിൽ (നം. 20142500058) നിക്ഷേപിക്കുന്നതിന് പകരം ലൈബ്രറി സെസ്സ് അക്കൗണ്ടിൽ (നം. 60018694479) നിക്ഷേപിച്ചു. |
| 3 | കുമാരനെല്ലൂർ മേഖല കാര്യാലയം | 20.02.21 | 1514 | 20.02.21 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലൈബ്രറി സെസ്സ് അക്കൗണ്ടിൽ (നം. 67164399339) നിക്ഷേപിക്കുന്നതിന് പകരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തനത് ഫണ്ട് അക്കൗണ്ടിൽ (നം.67164393008) നിക്ഷേപിച്ചു. |

ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക അതത് വർഷം രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതാണെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. ടി തുക മറ്റ് അക്കൗണ്ടുകളിൽ ഒടുക്കിയതിനും നഗരസഭയുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ട തുക മറ്റ് അക്കൗണ്ടുകളിൽ ഒടുക്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് 17.01.22ൽ നൽകിയ 33-ാം നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുകകൾ അതത് ബാങ്ക് അക്കൗണ്ടുകളിൽ തിരികെ ഒടുക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 വസ്തു നികുതി - അപാകതകൾ

1) വസ്തുനികുതി പരിഷ്കരണം നാളിതുവരെ പൂർത്തിയായിട്ടില്ല.

06.03.2019 ലെ സ.ഉ.(സാധാ)നം.540/2019/ത.സ്വ.ഭ.വ., പ്രകാരം വസ്തുനികുതി പരിഷ്കരണ നടപടികൾ 2019 സെപ്തംബർ മാസത്തിൽ തന്നെ പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. 2019-20 ൽ നഗരസഭ നൽകിയ കണക്കനുസരിച്ച് ആകെ 70000 ത്തോളം ഡേറ്റയാണുള്ളത്. അതിൽ ഫാറം നമ്പർ 6 ന്റെ ഡേറ്റാ എൻട്രി പൂർത്തിയായ കെട്ടിടങ്ങൾ 59328 എണ്ണം മാത്രമാണ്. ആയതിൽ 33741 കെട്ടിടങ്ങൾ മാത്രമേ ഡിമാന്റ് ഒർജിനേറ്റ് ചെയ്യാൻ തക്കരീതിയിൽ പൂർത്തീകരിച്ചിട്ടുള്ളൂ. ബാക്കി 25587 എണ്ണം ഡേറ്റാ എന്റർ ചെയ്യുന്ന ഓപ്പറേറ്റർ, വേരിഫയർ, അപ്രൂവർ എന്നിവരുടെ ലോഗിനുകളിൽ പെൻഡിംഗ് ആയിട്ടുള്ളതാണ്. പരിഷ്കരണ നടപടികളുടെ തൽസ്ഥിതി ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.62/2020-21, തീയതി 23.02.22) നിലവിൽ ഡേറ്റാ എൻട്രി പൂർത്തിയാക്കിയിട്ടുണ്ടെന്ന വിവരം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. വസ്തു നികുതി പരിഷ്കരണം പൂർത്തിയാകുന്ന മുറയ്ക്ക് നികുതിദായകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ നികുതി ഒടുക്കുവാൻ കഴിയണം എന്ന ലക്ഷ്യത്തോടെയാണ് വസ്തുനികുതി കംപ്യൂട്ടറൈസേഷൻ സംവിധാനം ആവിഷ്കരിച്ചത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയുള്ള നികുതി പിരിവ് നടപ്പിലാക്കുന്നതിൽ നഗരസഭ വളരെ പിന്നിലാണ്. വസ്തുനികുതി സംബന്ധിച്ച രേഖകളും സഞ്ചയസോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ പരിഷ്കരണ നടപടികൾക്ക് കാര്യമായ പുരോഗതി നാളിതുവരെ കൈവരിക്കുവാൻ സാധിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ ഓൺലൈൻ പേയ്മെന്റ് സംവിധാനം സാധ്യമാക്കാൻ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

മേഖല കാര്യാലയങ്ങളിലെ വസ്തു നികുതി പ രിഷ്കരിച്ചിട്ടില്ല.

നാട്ടകം, തിരുവാതുക്കൽ, കുമാരനെല്ലൂർ മേഖലാ കാര്യാലയ പരിധിയിലുള്ള ചില വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് ഈടാക്കുന്ന വസ്തുനികുതി കൗൺസിൽ തീരുമാനിച്ച നിരക്കിൽ നിന്നും വളരെ കുറവാണെന്ന് കാണുന്നു. 14.01.2011-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.17/2011/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിനെ തുടർന്ന് കോട്ടയം നഗരസഭാ പ്രദേശത്ത് ബാധകമാകുന്ന വസ്തുനികുതി നിരക്ക് കോട്ടയം നഗരസഭ വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ നാട്ടകം മേഖലാ കാര്യാലയത്തിൽ നിന്നും വ്യാപാര ലൈസൻസ് ലഭിക്കുന്നതിനായി സ്ഥാപന ഉടമകൾ നൽകിയ അപേക്ഷയോടൊപ്പം സമർപ്പിച്ച വസ്തുനികുതി രസീതു പ്രകാരമുള്ള നികുതി പുതുക്കിയ നിരക്കിനനുസൃതമല്ലായെന്ന് കാണുന്നു. ഇത്തരത്തിൽ മേഖല

കാര്യാലയ പരിധിയിലുള്ള ചില സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്നം/ കെട്ടിട.നം | കെട്ടിട ഉടമയുടെ പേരും വിലാസവും | സ്ഥാപനത്തിന്റെ പേര് | സ്ഥാപന ഉടമയുടെ പേരും വിലാസവും | 2020-21 ൽ നഗരസഭ നൽകിയ വ്യാപാര ലൈസൻസ് നമ്പരും തീയതിയും | ലൈബ്രറി സെസ്സ് ഉൾപ്പെടെ ഈടാക്കുന്ന വാർഷിക വസ്തു നികുതി |
|---|---|---|---|---|---|---|
| | | | നാട്ടകം | | | |
| 1 | XIII/ 5 | അന്നമ്മ ഷാജി, പറങ്ങോട്ട് | Jain Weld Mesh & Wire Co. | പ്രകാശ് ഖൊരാവത് | 86111/1723- 04.03.20 | 82 |
| 2 | XIII/ 76 B | പി.കെ.വിജയവാണി പുത്തൻപറമ്പിൽ മൂലവട്ടം | P.P. Plastic Industries പ്ലാസ്റ്റിക് കുപ്പി നിർമ്മാണം | പി.വി.റെനീഷ് പുത്തൻപറമ്പിൽ മൂലവട്ടം | 80294/1606- 23.02.20 | 53 |
| 3 | XIII/ 489A | ബി.ഗോപാലകൃഷ്ണൻ നായർ ചേന്നംപള്ളിൽ മൂലവട്ടം | കൂൾ ലിങ്ക് ഐസ് ക്യൂബ്സ് ഐസ് ക്യൂബ് നിർമ്മാണം | ബി.ഗോപാലകൃഷ്ണൻ നായർ ചേന്നംപള്ളിൽ മൂലവട്ടം | 75444/1510- 12.02.20 | 137 |
| 4 | XIV/ 52 | ശ്രീനിവാസൻ കൊച്ചുപറമ്പിൽ നാട്ടകം | ഫോർച്യൂൺ മാർക്കറ്റിംഗ് നാട്ടകം | അചൽ.എസ് കൊച്ചുപറമ്പിൽ നാട്ടകം | 75492/1510- 12.02.20 | 53 |
| 5 | XIV/ 103 | ഹാജി ഇസാഖാൻ പരീത് ഖാൻ മുഹമ്മദ് റഷീദ് പുതുപറമ്പിൽ | സിൽവർലൈൻ ഫെർട്ടിലൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | രബീന്ദ്രൻ സ്വാമിദാസൻ.എ | 86021/1721 28.02.20 | 53 |
| 6 | XIV/ 113 | രഞ്ജൻ.കെ.എ കൊച്ചുപറമ്പിൽ | സിയോൺ ബേക്കേഴ്സ് സിമന്റ് കവല | രഞ്ജൻ.കെ.എ കൊച്ചുപറമ്പിൽ | 86059/1722 29.02.20 | 53 |
| 7 | XIV/ 115 | ശാന്തകുമാരി മനോ മന്ദിരം | ഹബീബീ ഹട്ട് | മുഹമ്മദ് റഷീദ്.പി.ഇ പുതുപറമ്പിൽ നാട്ടകം | 86099/1722 03.03.20 | 130 |
| 8 | XIV/ 115 A | പ്രസന്നൻ വേണുകുട്ടൻ തടത്തിൽ കരോട്ട് നാട്ടകം | എം.കെ.റ്റി എൻജിനീയറിംഗ് സിമന്റ് കവല | പ്രസന്നൻ റ്റി.റ്റി തടത്തിൽ കരോട്ട് നാട്ടകം | 75318/1507 05.02.20 | 90 |
| 9 | XIV/ 144 | ലീലാദേവി പി.കെ | ഗൾഫ്-ആർ- അലൂമിനിയം ഫാബ്രിക്കേഷൻസ് നാട്ടകം | സജി.പി.ബി പുത്തൻപുരയ്ക്കൽ ഏലപ്പാറ | 80383/1608 26.02.20 | 53 |
| 10 | XIV/ 203A | രാമൻ നമ്പൂതിരി ഇളങ്ങൂർ ഇല്ലം | റൂഫ്കോ ട്രേഡിങ്ങ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് | അജിത് ഭാസ്കരൻ ദേശാഭിമാനി റോഡ് | 75532/1511 13.02.20 | 220 |
| 11 | XIV/ 214 | നീലകണ്ഠൻ നമ്പൂതിരി ഇളങ്ങൂർ ഇല്ലം | സരണ്യ ബൈന്റിംഗ് സെന്റർ മണിപ്പുഴ | സരണ്യമോൾ വാലുപറമ്പിൽ മറിയപ്പള്ളി | 86144/1723 09.03.20 | 53 |
| 12 | XIV/ 226A | എം.ഐ.രാജപ്പൻ മറ്റത്തിൽ | മറ്റത്തിൽ റസ്റ്റോറന്റ് & കൂൾബാർ | ദീപു.എസ്.രാജൻ മറ്റത്തിൽ മണിപ്പുഴ | 85999/1720 28.02.20 | 137 |
| 13 | XIV/ 233 | എം.എ.സുരേഷ് മറ്റത്തിൽ മണിപ്പുഴ | കളരിക്കൽ സ്റ്റോർ മണിപ്പുഴ | മഞ്ജുള കളരിക്കൽ ഹൗസ് കൊല്ലാട് | 80321/1607 25.02.20 | 68 |
| 14 | XIV/ 234,235 | പി.കെ.രാജപ്പൻ മറ്റത്തിൽ | അമൽ രാജ് റ്റീ ഷോപ്പ് മണിപ്പുഴ | പി.കെ.രാജപ്പൻ മറ്റത്തിൽ | 80123/1603 17.02.20 | 53 |
| 15 | XIV/ 256 | റ്റി.സി.ഈപ്പൻ തെക്കോപ്പള്ളിയസിൽ | ഗ്രേസ് ഫൗണ്ടറി എൻജിനീയറിംഗ് വർക്ക്സ് | റ്റി.സി.ഈപ്പൻ തെക്കോപ്പള്ളിയസിൽ | 86050/1721 29.02.20 | 113 |
| 16 | XIV/ 258 | ഗൗരി കുട്ടപ്പൻ പുത്തൻപുരയ്ക്കൽ | അശോക ടയർ വർക്സ്, മണിപ്പുഴ | പി.വി.അശോകൻ പെരുംതുരുത്തിൽ നാട്ടകം | 80317/1607 25.02.20 | 53 |

| | | | | | | |
|---|---|---|---|---|---|---|
| 17 | XIV/<br>259 | പി.കെ.സതീഷ്<br>പുത്തൻപുരയ്ക്കൽ | എസ്.എം.ബ്രിക്ക്സ്<br>മണിപ്പുഴ | പി.കെ.സതീഷ്<br>പുത്തൻപുരയ്ക്കൽ | 138623/2773<br>04.03.21 | 182 |
| 18 | II/<br>44 | പി.എസ്.എബ്രഹാം<br>പുത്തൻ വീട്ടിൽ | മറിയം ടെക്സ്റ്റയിൽസ് | റെൻസി ദിലീപ്<br>താമരപ്പള്ളി<br>ചിങ്ങവനം. | 123925/2479<br>02.02.21 | 53 |
| 19 | II/<br>104 | കെ.എ.സതീശൻ<br>കുറുക്കത്തിൽ ഹൗസ്<br>ചിങ്ങവനം | നാഷണൽ ഫൗണ്ടറി<br>കാസ്റ്റിംഗ് & ലെയ്ത്ത് വർക്ക് | ബിന്ദു .കെ.സി<br>കുറുക്കത്തിൽ ഹൗസ് | 75522/1511<br>13.02.20 | 113 |
| 20 | II/<br>136 | ജേക്കബ് കുരുവിള<br>ഒറ്റത്തൈയ്ക്കൽ<br>ചിങ്ങവനം | എൻജിനീയറിംഗ് വർക്ക്<br>ഷോപ്പ് | ജേക്കബ് കുരുവിള<br>ഒറ്റത്തൈയ്ക്കൽ<br>ചിങ്ങവനം | 80117/1603<br>15.02.20 | 92 |
| 21 | II/<br>204 | സജി.പി.റ്റി<br>പുത്തൻപറമ്പിൽ | ഫാൻസി ലൈറ്റ്<br>നിർമ്മാണം | സജി.പി.റ്റി<br>പുത്തൻപറമ്പിൽ | 86049/1721<br>29.02.20 | 53 |
| 22 | II/<br>266A | ലീലാമ്മ ജോസഫ്<br>പെരുമാച്ചേരിൽ | സുനിത ഫ്ലവർ മിൽ | ബിജുമോൻ.പി.ജെ<br>പെരുമാച്ചേരിൽ | 80350/1607<br>26.02.20 | 55 |
| 23 | II/<br>347A | കെ.കെ.പ്രസാദ്<br>കുന്നേൽ<br>ചിങ്ങവനം | കുന്നേൽ ഫ്ലവർമിൽ | ഉഷ പ്രസാദ്<br>കുന്നേൽ<br>ചിങ്ങവനം | 75514/1511<br>12.02.20 | 91 |
| 24 | XI/<br>26A | ഏലിയാമ്മ പോൾ<br>വാലയിൽ<br>നാട്ടകം | ഹാർവെസ്റ്റ് ബയോ സെന്റർ<br>ചെട്ടിക്കുന്ന് | മോൻസി പോൾ<br>വാലയിൽ<br>നാട്ടകം | 86148/1723<br>10.03.20 | 53 |
| 25 | XI/<br>71 | പി.കെ,ശിവദാസ്<br>പുത്തൻപറമ്പിൽ | വൈഗ ഫൗണ്ടറി | ഷൈൻ.ജെ.ദാസ്<br>പുത്തൻപറമ്പിൽ | 80332/1607<br>25.02.20 | 69 |
| 26 | XI/<br>204 (I) | റ്റി.എൻ.ഗോപി<br>തടത്തിൽ | ആവണി സ്വീറ്റ് ഹൗസ് | റ്റി.എൻ.ഗോപി<br>തടത്തിൽ | 86075/1722<br>29.02.20 | 53 |
| 27 | XI/<br>214(I) | കെ.ബിനോയ്<br>പുത്തൻപറമ്പിൽ | സാന്ദ്രാ<br>കമ്മ്യൂണിക്കേഷൻസ്<br>നാട്ടകം | കെ.ബിനോയ്<br>പുത്തൻപറമ്പിൽ | 80378/1608<br>26.02.20 | 127 |
| 28 | XI/<br>220 | പ്രശാന്ത്.റ്റി.റ്റി<br>തടത്തിൽ കരോട്ട് | ശ്രീഹരി റസ്റ്റോറന്റ് | പ്രശാന്ത്.റ്റി.റ്റി<br>തടത്തിൽ കരോട്ട് | 86138/1723<br>07.03.20 | 53 |
| 29 | I/<br>79 A | ബാബു ചാക്കോ<br>ഓണാട്ട് | മെഡ് സെർവ്വ് ഹെൽത്ത്<br>കെയർ സൊല്യൂഷൻസ് | ബോബി ബാബു<br>ഓണാട്ട് വില്ല<br>ചിങ്ങവനം | 92269/1846<br>28.05.20 | 53 |
| 30 | I/<br>241 | അജിത് മാത്യു.വി.കെ<br>വാഴച്ചിറ | അജാൻ റബ്ബർ ഇൻഡസ്ട്രീസ് | അജിത് മാത്യു.വി.കെ<br>വാഴച്ചിറ | 80134/1603<br>17.02.20 | 53 |
| 31 | I/<br>685 | ലിസി രഞ്ജിത്<br>കരോട്ട് | ഗോൾഡൻ ഗ്രൈൻഡിംഗ്<br>വർക്ക് | ലിസി രഞ്ജിത്<br>കരോട്ട് | 92213/1845<br>19.03.20 | 55 |
| 32 | I/<br>687 | ബെർലിറ്റ് സക്കറിയ<br>കരോട്ട് | ടോറ ഗ്രൈൻഡിംഗ് മിൽ | ബെർലിറ്റ് സക്കറിയ<br>കരോട്ട് | 86036/1721<br>29.02.20 | 160 |
| 33 | I/<br>704 | ജോർജ്ജ് തോമസ്<br>കേളചന്ദ്ര<br>ചിങ്ങവനം | M/S കേളചന്ദ്ര ഫ്ലക്സി<br>യൂണിറ്റ് I<br>ചിങ്ങവനം | ഓമന ചാക്കോ<br>മാലിത്തറ ഹൗസ്<br>നീലംപേരൂർ | 80239/1605<br>27.02.20 | 53 |
| 34 | I/<br>704 A | ജോർജ്ജ് തോമസ്<br>കേളചന്ദ്ര<br>ചിങ്ങവനം | M/S കേളചന്ദ്ര ഫ്ലക്സി<br>യൂണിറ്റ് II<br>ചിങ്ങവനം | ഓമന ചാക്കോ<br>മാലിത്തറ ഹൗസ്<br>നീലംപേരൂർ | 80244/1605<br>22.02.20 | 69 |
| 35 | I/<br>706 | ജോർജ്ജ് തോമസ്<br>കേളചന്ദ്ര<br>ചിങ്ങവനം | M/S കേളചന്ദ്ര ഫ്ലക്സി<br>യൂണിറ്റ് II<br>ചിങ്ങവനം | റീന ജോർജ്ജ്<br>കേളചന്ദ്ര<br>ചിങ്ങവനം | 80241/1605<br>22.02.20 | 92 |
| 36 | I/<br>778 | ഭവാനിയമ്മ<br>ജോനകം പറമ്പിൽ | ശ്യാം എഞ്ചിനീയറിംഗ് | പി.റ്റി.പവിത്രൻ<br>ജോനകം പറമ്പിൽ | 92160/1844<br>11.03.20 | 53 |

| | | | | | | |
|---|---|---|---|---|---|---|
| 37 | VII/<br>358 | അന്നമ്മ എൻ.കെ.ഐപ്പ്<br>നാട്ടുവായിൽ | നാട്ടുവായിൽ<br>സ്റ്റോഴ്സ് | അന്നമ്മ എൻ.കെ.ഐപ്പ്<br>നാട്ടുവായിൽ<br>പള്ളം | 86124/1723<br>05.03.20 | 105 |
| 38 | VII/<br>364 | എൽസി സാബു<br>പുത്തൻപുരയ്ക്കൽ<br>പള്ളം | സെന്റ് പോൾസ് ബേക്കറി | എൽസി സാബു<br>പുത്തൻപുരയ്ക്കൽ<br>പള്ളം | 80106/1603<br>14.02.20 | 53 |
| 39 | VII/<br>412 | ശ്രീജ ഷാജി<br>പുതുപ്പറമ്പിൽ | ശ്രീലക്ഷ്മി<br>എൻജിനീയറിംഗ് വർക്സ് | ശ്രീജ ഷാജി<br>പുതുപ്പറമ്പിൽ | 75323/1507<br>06.02.20 | 74 |
| 40 | VII/<br>515 | സാം.പി.ഗോപി<br>കട്ടയിൽ<br>പാക്കിൽ | കൃപ സ്റ്റോഴ്സ്<br>കാരമൂട് | സാം.പി.ഗോപി<br>കട്ടയിൽ<br>പാക്കിൽ | 80113/1603<br>17.02.20 | 55 |
| 41 | VIII/<br>39A | വികാർ<br>സെന്റ് തേരാസസ് ചർച്ച്<br>പാക്കിൽ | ഇലഞ്ഞിക്കൽ ബേക്കറി | സിനി വർഗ്ഗീസ്<br>ഇലഞ്ഞിക്കൽ ഹൗസ്<br>പാക്കിൽ | 80143/1603<br>18.02.20 | 68 |
| 42 | VIII/<br>64 | ദേവരാജൻ<br>ചുനങ്ങര<br>പാക്കിൽ | ചുനങ്ങര സ്റ്റോഴ്സ്<br>പാക്കിൽ | ദേവരാജൻ<br>ചുനങ്ങര<br>പാക്കിൽ | 80381/1608<br>26.02.20 | 50 |
| 43 | VIII/<br>125B | സിജോ രവീന്ദ്രൻ<br>അറയ്ക്കൽ<br>പാക്കിൽ | വൈഗ ബ്യൂട്ടി പാർലർ &<br>ടെയ്‌ലറിംഗ്<br>പാക്കിൽ | സുനിത സിജോ<br>അറയ്ക്കൽ<br>പാക്കിൽ | 92706/1844<br>18.03.20 | 53 |
| 44 | VIII/<br>228 | പി.എം ചാക്കോ<br>മേലേടം | താഴത്ത് ബേക്കറി &<br>കോൾഡ് സ്റ്റോറേജ് | ഉമ്മൻ എബ്രഹാം<br>താഴത്ത് ജയ്യി വില്ല<br>പാക്കിൽ | 80376/1608<br>26.02.20 | 92 |
| 45 | VIII/<br>356 | മറിയാമ്മ ജോൺ<br>കോട്ടക്കൽ<br>പാക്കിൽ | ആദാമിന്റെ ചായക്കട<br>പാക്കിൽ | നിഷാന്ത്.കെ.കെ<br>കോട്ടക്കൽ<br>പാക്കിൽ | 75307/1507<br>03.02.20 | 92 |
| 46 | VIII/<br>358 | കെ.എം.ജോൺ<br>കോട്ടക്കൽ<br>പാക്കിൽ | രാജാസ് സ്റ്റേഷനറി<br>ഐറ്റംസ് | എസ്.രാജാകൃഷ്ണൻ<br>ശ്രീമംഗലം മറിയപ്പള്ളി | 80235/1605<br>22.02.20 | 53 |
| 47 | VIII/<br>375 | ജോൺ ജേക്കബ്<br>നടുവിലേ വീട്ടിൽ | ഫ്ലവർ മിൽ | ജോൺ ജേക്കബ്<br>നടുവിലേ വീട്ടിൽ | 80211/1605<br>20.02.20 | 53 |
| 48 | VIII/<br>375 A | ജോൺ ജേക്കബ്<br>നടുവിലേ വീട്ടിൽ | ജെ.ജെ.എൻജിനീയർ വർക്സ് | ജിൻസി ജേക്കബ്<br>നടുവിലേ വീട്ടിൽ | 80210/1605<br>20.02.20 | 91 |
| 49 | VIII/<br>619 | സോണി കുര്യൻ<br>മേലേടം | ഗ്രാന്റ് ടൈൽസ്<br>പാക്കിൽ | സോണി കുര്യൻ<br>മേലേടം | 118366/2368<br>24.11.20 | 53 |
| 50 | VIII/<br>796 | ജേക്കബ് മാത്യു<br>പുത്തൻമഠം<br>പാക്കിൽ | പി.ജെ.എം ഇൻഡസ്ട്രീസ്<br>പാക്കിൽ | ജേക്കബ് മാത്യു<br>പുത്തൻമഠം<br>പാക്കിൽ | 85963/1720<br>28.02.20 | 53 |
ഒടുക്കുന്നതിന് ഓൺലൈൻ സംവിധാനം നഗരസഭ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. വസ്തു നികുതി ഓൺലൈനായി ട്രാൻസ്ഫർ നടത്തുമ്പോൾ ലൈബ്രറി സെസ്സ് ഉൾപ്പെടെയുള്ള തുക തനതു ഫണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നുണ്ടെങ്കിലും സ്ഥാപനങ്ങൾ ആവശ്യപ്പെടുമ്പോൾ മാത്രമേ ഇനം തിരിച്ച് ഡിമാന്റ് രേഖപ്പെടുത്താൻ സാധിക്കുകയുള്ളൂയെന്നും അല്ലാത്തപക്ഷം തുകകൾ ഓൺലൈൻ പേയ്മെന്റ് ആയി തനതു ഫണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നുവെന്നുമാണ് നഗരസഭ അറിയിച്ചത്. ആയതിനാൽ വസ്തു നികുതിയ്ക്ക് ആനുപാതികമായി ഈടാക്കുന്ന ലൈബ്രറി സെസ്സ് തുക ലൈബ്രറി സെസ്സിന്റെ ഹെഡ്ഡിലേക്ക് അക്കൗണ്ട് ചെയ്യപ്പെടാതെ തനതു ഫണ്ടിൽ അവശേഷിക്കുകയാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക ഓരോ അർദ്ധ വർഷവും കഴിഞ്ഞ് മുപ്പത് ദിവസത്തിനുള്ളിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടയ്ക്കണമെന്ന് 1989 ലെ കേരള പബ്ളിക് ലൈബ്രറി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം അത് ബന്ധപ്പെട്ട സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയാകുമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.9.2005 ലെ 10088/എൽ3/05 സർക്കുലറിലും വ്യക്തമാക്കിയിരുന്നു. വസ്തു നികുതി ഓൺ ലൈനായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുമ്പോൾ ഈ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല. കൂടാതെ എല്ലാ പണമിടപാടുകൾക്കും സാംഖ്യാ രസീത് നൽകേണ്ടതും ട്രാൻസാക്ഷനുകളുടെ റഫറൻസ് നമ്പരുകളും ഉൾപ്പെടെ ഏത് ഇനത്തിലാണ് തുക ഒടുക്കിയിരിക്കുന്നത് തുടങ്ങിയ വിശദാംശങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതും നഗരസഭയുടെ ഉത്തരവാദിത്വമാണ്.

## 1-23 ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക സമയബന്ധിതമായി ലൈബ്രറി കൗൺസിലിൽ ഒടുക്കുവരുത്തുന്നില്ല.

നഗരസഭ ഓരോ സാമ്പത്തിക വർഷവും ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. ആദ്യ ഗഡു നവംബർ 30-നകവും , 2-ാം ഗഡു ഏപ്രിൽ 30-നകവും അടക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും, ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കുന്നതുമാണെന്ന് 20.09.05-ലെ 10088/എൽ.3/05/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ കോട്ടയം നഗരസഭയിൽ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക സമയബന്ധിതമായി ലൈബ്രറി കൗൺസിലിൽ ഒടുക്കുന്നില്ല. 2020 ഏപ്രിൽ 1മുതൽ 2021 മാർച്ച് 31വരെയുള്ള കാലയളവിൽ ഒടുക്കുവരുത്തിയ ലൈബ്രറി സെസ്സിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കാലയളവ് | തുക | ചെക്ക് നമ്പരും തീയതിയും |
|---|---|---|---|
| 1 | 2020 ഏപ്രിൽ 1 മുതൽ 2020 സെപ്തംബർ 30 വരെ | 1010521 | 036274/ 24.05.21 |
| 2 | 2020 ഒക്ടോബർ മുതൽ 2021 മാർച്ച് 31 വരെ | 2564281 | 675038/03.08.21 |

തുക അടവാക്കുന്നതിൽ കാലതാമസം വരുത്തിയതിന്റെ കാരണം ബോധ്യപ്പെടുത്തണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (35/2020-21 തീയതി 18.01.2022) 2020-21 കാലയളവിൽ കോവിഡ് വ്യാപനം മൂലം ഓഫീസിൽ ജീവനക്കാരുടെ അഭാവമുണ്ടായതിനാലാണ് സമയബന്ധിതമായി തുക ഒടുക്കാൻ സാധിക്കാതിരുന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ കോവിഡ് വ്യാപനത്തിനു മുൻപുള്ള വർഷങ്ങളിലും സമയബന്ധിതമായി തുക ഒടുക്കുന്നില്ലായെന്ന വിഷയം മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശിച്ചിട്ടുണ്ട്. ലൈബ്രറി സെസ്സ് ഇനത്തിൽ നഗരസഭ പിരിച്ചെടുക്കുന്ന തുക ലൈബ്രറി കൗൺസിലിൽ അടവാക്കുന്നതിൽ സമയക്ലിപ്തത പാലിക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 തൊഴിൽ നികുതി - അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിൽ മുനിസിപ്പാലിറ്റി പരിധിയിലെ ജീവനക്കാരിൽ നിന്നും വ്യാപാരികളിൽ നിന്നും തൊഴിൽനികുതി പിരിച്ചതിലും രജിസ്റ്റർ തയ്യാറാക്കിയതിലുമുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജീവനക്കാരുടെ തൊഴിൽ നികുതി - ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

1. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം 8-ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേര് വിവരങ്ങൾ, തസ്തിക, വരുമാനം എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് ക്രമനമ്പർ നൽകി ശരിയായി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മുഴുവൻ റിട്ടേണുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല.
3. വാർഷിക ധനകാര്യ പത്രിക പ്രകാരം 2020-21ൽ തൻവർഷ കുടിശ്ശികയായി 1,74,09,327 രൂപയും മുൻവർഷ കുടിശ്ശികയായി

4,91,39,429 രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക വിവരം വ്യക്തമാക്കുന്ന കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണമായതിനാൽ മേൽ സൂചിപ്പിച്ച തുകയുടെ ആധികാരികത ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല. ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ടി തുക പിരിച്ചെടുക്കാനാവാതെ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം സംഭവിക്കാൻ സാധ്യത നിലനിൽക്കുന്നു.

4. സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരമെഡിക്കൽ വിദഗ്ധർ, കരാറുകാർ, വ്യാപാരികൾ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ എന്നിവരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്ന രജിസ്റ്റർ 6 വാർഡുകളിലെ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ടി രജിസറ്ററുകൾ എഴുതി പൂർത്തിയാക്കുകയോ വാർഷിക സംഗ്രഹമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. അഭിഭാഷകർ, ചാർട്ടേർഡ് അക്കൗണ്ടന്റുമാർ, വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245 , 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(2) ൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരമെഡിക്കൽ വിദഗ്ധർ, കരാറുകാർ, വ്യാപാരികൾ മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ ഉടങ്ങിയവരിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നികുതി ഈടാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭാ പരിധിയിലുള്ള മേൽ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | ഏർപ്പെട്ടിരിക്കുന്ന തൊഴിൽ | വാർഡ് | ഒരു അർദ്ധവർഷത്തേയ്ക്ക് ഡിമാന്റ് ചെയ്ത തുക | രണ്ടർദ്ധ വർഷങ്ങളിലായി ഈടാക്കാനുള്ള തുക |
|---|---|---|---|---|---|
| 1 | സി.എ.മുഹമ്മദ് | ആധാരം എഴുത്ത് | VIII | 1250 | 2500 |
| 2 | യു.കെ.എ.സലാം | ആധാരം എഴുത്ത് | VIII | 1250 | 2500 |
| 3 | കെ.വി.കോശി | ആധാരം എഴുത്ത് | VIII | 1250 | 2500 |
| 4 | ഫ്രണ്ട്സ് അസോസിയേറ്റ്സ് | ആധാരം എഴുത്ത് | VIII | 1250 | 2500 |
| 5 | ജോസ് തോമസ് | ചാർട്ടേർഡ് അക്കൗണ്ടന്റ് | VIII | 1250 | 2500 |
| 6 | എം.എൻ.ദേവദാസ് | ആധാരം എഴുത്ത് | VIII | 1250 | 2500 |
| 7 | ജേക്കബ് ജോർജ്ജ് | അഡ്വക്കേറ്റ് | VIII | 1250<br>(ഒന്നാം അർദ്ധവർഷം ഒടുക്കിയിട്ടുണ്ട്) | 1250<br>(II) |
| 8 | റിജേഷ് ചിറത്തിലാട്ട് | ചാർട്ടേർഡ് അക്കൗണ്ടന്റ് | X | 1250 | 2500 |
| 9 | കെ.ജി.കുസുമകുമാരി | ആധാരം എഴുത്ത് | X | 450 | 900 |
| 10 | സന്ധ്യ.കെ.സി | ആധാരം എഴുത്ത് | X | 450<br>(ഒന്നാം അർദ്ധവർഷം ഒടുക്കിയിട്ടുണ്ട്) | 450<br>(II) |
| 11 | സാബു.എം.എ | ആധാരം എഴുത്ത് | X | 450 | 900 |
| 12 | സുരേഷ് ബാബു | അഡ്വക്കേറ്റ് | XI | 1250 | 2500 |
| 13 | ജോർജ്ജ് മാത്യു | അഡ്വക്കേറ്റ് | XI | 1250 | 2500 |
| 14 | ആനി.സി.കുരുവിള | അഡ്വക്കേറ്റ് | XI | 1250 | 2500 |
| 15 | ഇ.വി.ലൂയിസ് | അഡ്വക്കേറ്റ് | XI | 1250 | 2500 |
| 16 | ഇ.കെ.ശ്യാം | അഡ്വക്കേറ്റ് | XI | 1250 | 2500 |
| 17 | വി.വി.പ്രഭ | അഡ്വക്കേറ്റ് | XI | 1250 | 2500 |
| 18 | കെ.ജോർജ്ജ് | അഡ്വക്കേറ്റ് | XI | 1250 | 2500 |
| 19 | ഷാജി.കെ.എം | ചാർട്ടേർഡ് അക്കൗണ്ടന്റ് | XV | 1250 | 2500 |
| 20 | ജോസഫ് മാത്യു | ചാർട്ടേർഡ് അക്കൗണ്ടന്റ് | XV | 1250 | 2500 |

| | | | | | |
|---|---|---|---|---|---|
| 21 | പദ്മനാഭൻ നായർ.എം.എസ് | ചാർട്ടേർഡ് അക്കൗണ്ടന്റ് | XV | 1250 | 2500 |
| 22 | ഡോ.ജോസ് സക്കറിയ | സെൻട്രൽ ഹോമിയോപതിക്ക് ക്ലിനിക്ക് | XV | 1250 | 2500 |
| 23 | ഡോ.ജെ.കുര്യൻ | ജെ.ജെ.ഡെന്റൽ ക്ലിനിക്ക് | XV | 1250 | 2500 |
| 24 | മാനേജർ | മാൻ ലൈഫ് ഇൻഷുറൻസ് കമ്പനി | XV | 1250 | 2500 |
| 25 | ജിസ് ചെറിയാൻ | പുരയിൽ ഡ്രഗ് ഹൗസ് | XI | 1250 | 2500 |
| 26 | ദിലീപ്.കെ | പയനീർ ഹോമിയോ ക്ലിനിക്ക് | XI | 1250 | 2500 |
| 27 | മാനേജർ | കടന്തോട്ട് ഫിനാൻസ് | XI | 1250 | 2500 |
| 28 | മാനേജർ | ജില്ല സഹകരണബാങ്ക്, കോട്ടയം | XII | 1250 | 2500 |
| 29 | ആഷ മുഹമ്മദ് | ഗ്രീവ്സ് ഡെന്റൽ ക്ലിനിക്ക | XII | 1250 | 2500 |
| 30 | തോമസ് ജോൺ | മുത്തൂറ്റ് ഫിൻ കോർപ്പ് | XII | 1250 | 2500 |
| 31 | മാനേജർ | സിറ്റി ഹോസ്പിറ്റൽ | XII | 1250 | 2500 |
| 32 | മാനേജർ | അക്ഷയ ചിറ്റ്സ് & കുറീസ് പ്രൈവറ്റ് ലിമിറ്റഡ് | XII | 1250 | 2500 |
| 33 | മാനേജർ | എസ്.ബി.ഐ., തിരുനക്കര | XIV | 1250 | 2500 |
| 34 | ധന്യ സജീവ് | ധന്വന്തരി വൈദ്യശാല | XIV | 750 | 1500 |
| 35 | ബിന്ദു ചന്ദ്രൻ | സൺഷൈൻ കെമിക്കൽസ് | XIV | 450 | 900 |
| 36 | മാനേജർ | ബാങ്ക് ഓഫ് മഹാരാഷ്ട്ര | XIV | 1250 | 2500 |

3. റേഷൻകടകൾ തൊഴിൽ നികുതി ഒടുക്കുന്നില്ല

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന പൊതു വിതരണ കേന്ദ്രങ്ങൾ തൊഴിൽ നികുതി ഒടുക്കുന്നില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേരും വിലാസവും | വാർഡ് / കെട്ടിട നമ്പർ | റിമാർക്സ് |
|---|---|---|---|
| 1 | ഷിബു ജോൺ ചിറയിൽ മൂലവട്ടം | XIV / 650 | 22.02.20 ന് 76025 നമ്പരായി വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട് |
| 2 | പി.എൻ . ദിനകർ | XIX / 174 | 07.02.22 ന് 638/32893 |

| | | | |
|---|---|---|---|
| | പടിപ്പുരമഠം താഴത്തങ്ങാടി | | നമ്പരായി വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട് |
| 3 | എൻ.സൈനു | XII / രേഖപ്പെടുത്തിയിട്ടില്ല | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 600 രൂപ ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഒടുക്കിയിട്ടില്ല. |
| 4 | പി.കെ രാജശേഖര പണിക്കർ | XIV/ രേഖപ്പെടുത്തിയിട്ടില്ല | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 600 രൂപ ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഒടുക്കിയിട്ടില്ല. |

ടി അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.65/2020-21, തീയതി.23.02.22) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

സമയപരിധിയ്ക്ക് ശേഷം തൊഴിൽ നികുതി ഒടുക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ചെക്കുകളിന്മേൽ പിഴ ഈടാക്കുന്നുണ്ടെയെന്ന് വ്യക്തമല്ല. തൊഴിൽ നികുതി ചെക്ക് രജിസ്റ്ററിൽ ലഭിച്ച ചെക്കുകൾ ഏത് അർദ്ധവർഷത്തേയ്ക്കുള്ള നികുതി പിരിവാണെന്നതോ ചെക്കിൽ രേഖപ്പെടുത്തിയ തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായ തീയതിയോ രേഖപ്പെടുത്തിയിട്ടില്ല. നഗരസഭയ്ക്ക് വരുമാന ഇനത്തിൽ ലഭ്യമാകുന്ന ചെക്കുകൾ പണമാകുന്നത് സംബന്ധിച്ച് പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. കൂടാതെ ചെക്കുകൾ ലഭിക്കുന്ന തീയതി, നികുതി ഒടുക്കിയ സ്ഥാപനത്തിന്റെ വിവരങ്ങൾ, നികുതി ഒടുക്കിയ കാലയളവ്, ചെക്കുകൾ പണമാകുന്ന തീയതി, ഈടാക്കിയ പിഴപ്പലിശ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

കുമാരനെല്ലൂർ മേഖല കാര്യാലയ പരിധിയിലെ സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

കുമാരനല്ലൂർ മേഖലയിലെ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2020-21 സാമ്പത്തിക വർഷത്തിലെ രണ്ട് അർദ്ധ വർഷങ്ങളിലും നഗരസഭയിൽ ഒടുക്കേണ്ട സ്ഥാപന തൊഴിൽനികുതി ഒടുക്കിയതായി കാണുന്നില്ല.

| ക്ര.നം. | സ്ഥാപനം | കുടിശ്ശിക തുക | അർദ്ധവർഷം |
|---|---|---|---|
| വാർഡ് I | | | |
| 1 | കെ.എസ് ബാബുരാജ്,ബി.ജെ കൺസ്ട്രക്ഷൻസ് | 1250/- | II |
| 2 | എൻ.ജി മുരളീധര ഷേണായി, ഷേണായീസ് ഏജൻസീസ് | 300x2 = 600 | I &II |
| 3 | സാജൻ തോമസ്, പാരഗൺ പോളിമർ പ്രോഡക്ട്സ് | 1250x2 =2500 | I &II |
| 4 | സജീന ഷെഫീക്ക്, ചപ്പാത്തിക്കട | 450x2=900 | I &II |
| | ആകെ | 5250 | |
| വാർഡ് II | | | |
| 5 | എം.വ്.ജോസഫ്, മെയിന്റനൻസ് ഓഫ് സ്റ്റെയിൽസ് | 450x23=900 | I &II |
| 6 | രശ്മി, കാർത്തിക കളക്ഷൻസ് | 300x2=600 | I &II |
| 7 | രശ്മി.എസ് പിള്ള, ബേക്കേഴ്സ് ബേക്കറി | 450 | II |
| 8 | സോജൻ,കൊച്ചുമറ്റം, ഇലക്ട്രിക്കൽസ് | 600 | II |

| | | | |
|---|---|---|---|
| 9 | കെ.എം.ചന്ദ്രബോസ്, ജേസി ഫർണ്ണീച്ചർ | 1250x2=2500 | I &II |
| 10 | ഷെമി മോൾ, അൽനാം ടെയ്ലേഴ്സ് | 300x2=600 | I &II |
| 11 | റ്റോബി ജോർജ്ജ്, ഗ്രാവിറ്റി മൊബൈൽസ് | 1000x2=2000 | I &II |
| 12 | ജോസ് തോമസ്,വിഷ്വൽ ഡ്രീംസ് | 600x2=1200 | I &II |
| 13 | നിത്യാനന്ദൻ, മാർവെൽ ഏജൻസീസ് | 450x2=900 | I &II |
| 14 | ദീപു, ശിവാനി കാറ്ററിഗ്സ് | 600x2=1200 | I &II |
| | | 10950 | |
| വാർഡ് III | | | |
| 16 | കെ.ഇ.തോമസ്,കാഞ്ഞിരത്തുങ്കൽ സ്റ്റോർ | 300x2=600 | I &II |
| 17 | ഗിരീഷ് കെ.ജെ , ഗീതമ്മ ഓട്ടോമൊബൈൽസ് | 450x2=900 | I &II |
| 18 | ദേവി ആനന്ദ് രാജ്, ,ശ്രീദേവി ഫുഡ് | 450x2=900 | I &II |
| 19 | രാജീവ്മോൻ, സ്റ്റാർടെക് ഇലക്ട്രിക്കൽസ് | 300x2=600 | I &II |
| 20 | ലതീഷ് കുമാർ, കണ്ണൻകുന്നേൽ അലൂമിനിയം വർക്സ് | 300x2=600 | I &II |
| 21 | ജ്ജൂബി ദേവസ്യ, പടിഞ്ഞാറേക്കാലാ ലോഡ്ജ് | 1250x2=2500 | I &II |
| 22 | എം.എസ് സേനാപതി, ഗ്രാന്റ് അസോസിയേറ്റ്സ് | 600x2=1200 | I &II |
| 23 | ജിബി ജോൺ , റെയിൻ ഫോറസ്റ്റ് അവർ കണ്ട്രി ഹെറിറ്റേജ് റിസോർട്ട് | 1250 | II |
| 24 | പി.സി.തോമസ്, ചെസ്ഉഡ് മെഡിക്കൽസ് | 180x2=360 | I &II |
| 25 | രാധാമണി, ബ്യൂട്ടി പാർലർ | 450 | II |
| 26 | രഞ്ജിത്ത് K.M., കൊച്ചുമറ്റം മാട്രസ്സ് & ബെഡ് പില്ലോസ് | 750x2=1500 | I &II |
| 27 | ജേക്കബ്ബ്, വലിയപറമ്പിൽ, മണർകാട് | 450x2=900 | I &II |
| 28 | സന്തോഷ്. എം.ആർ, മഹേശ്വരി ഭവൻ, കുമാരനല്ലൂർ | 450x2=900 | I &II |
| ആകെ 12660 | | | |
| വാർഡ് IV | | | |
| 29 | ഷേർലി ജേക്കബ്ബ്, സ്നാക്ക്സ് പ്രോഡക്ട്സ് | 450x2=900 | I &II |
| 30 | രാജു ജോസഫ് സ്റ്റേഷനറി ഷോപ്പ് | 450x2=900 | I &II |
| 31 | റ്റിങ്കിൾ ജോസ്,സ്റ്റുഡിയോ | 450x2=900 | I &II |
| 32 | ആനന്ദ് ജോർജ്ജ് ജേക്കബ്ബ് | 1250x2=2500 | I &II |
| | ആകെ | 5200 | |
| വാർഡ് V | | | |

| | | | |
|---|---|---|---|
| 33 | ജിജി മാത്യു, ഐഡിയൽ കളക്ഷൻസ് | 450 | II |
| 34 | ആൻസൽ മുഹമ്മദ്,കൂൾബാർ ബേക്കറി | 450 | II |
| 35 | മുജീബ് എസ്, സ്റ്റുഡിയോ | 450x2=900 | I &II |
| 36 | റിന്റു ജെയിംസ്, സൂപ്പർ മാർക്കറ്റ് | 1250x2=2500 | I &II |
| 37 | ഷീല കുമാർ, CCTV റിപ്പയറിങ്ങ് | 450x2=900 | I &II |
| 38 | ദീപുരാജ് റ്റി., ഫ്രൂട്ട്സ് | 450x2=900 | I &II |
| 39 | സി.ആർ.സുമ, പ്രൊവിഷൻ സ്റ്റോർ | 450x2=900 | I &II |
| 40 | മാനേജിംങ് ഡയറക്ടർ, പ്രീമിയർ യൂസ്ഡ് കാർസ് | 1250x2=2500 | I &II |
| | ആകെ | 9500 | |
| വാർഡ് VI | | | |
| 41 | സച്ച ജോർജ്ജ്, വുഡ്ലാൻഡ് ഫർണീച്ചർ | 1250 | II |
| 42 | സിനു, മാരുതി കൊറിയർ സർവ്വീസ് | 300x2=600 | I &II |
| 43 | സണ്ണി തോമസ്, നെടുചിറ ഫിനാൻസ് | 1250 | II |
| 44 | കെ.എസ് ഗംഗാധരൻ, രമ്യ റസിഡൻസി | 1250x2=2500 | I &II |
| 45 | വർക്കി എബ്രഹാം ഏബീസ് സർവ്വീസ് സെന്റർ | 450x2=900 | I &II |
| 46 | ടി.എൻ.ഗോപാലകൃഷ്ണൻ, മിനി മെറ്റൽ ഇൻഡസ്ട്രീസ് | 1250x2=2500 | I &II |
| 47 | മാനേജർ, എസ്.ബി.ഐ., നാഗമ്പടം | 1250x2=2500 | I &II |
| 48 | പി.ജെ.ജോസഫ്, നവഭാരത്, ഏജൻസീസ് | 450x2=900 | I &II |
| 49 | ദീപു,ബയോസ് കൺസൾട്ടൻസി | 450 | II |
| 50 | തോമസ് ജോർജ്ജ്, റോയൽ ഏജൻസീസ് | 1250 | II |
| 51 | ബോബി.പി.തോമസ്,അജെറ്റ് റബ്ബേഴ്സ് | 1250x2=2500 | I &II |
| 52 | ജ്യോതിഷ് ഘോഷ് കാവില, റിലയൻസ് റീടെയിൽ Ltd | 1250x2=2500 | I &II |
| 53 | സാജൻ വർഗ്ഗീസ്, M.D. മംഗളം | 1250x2=2500 | I &II |
| 54 | ജോണി ജോസഫ് ആർ ജെ ഏജൻസീസ് | 1000x2=2000 | I &II |
| 55 | പ്രദീപ് കുമാർ, പഞ്ചാബി റസ്റ്റോറന്റ് | 750x2=1500 | I &II |
| 56 | ഹാംലെറ്റ് ഹെൽത്ത് പ്രോഡക്ട്സ് | 1250x2=2500 | I &II |
| 57 | ലിജിൻ സി., ഹ്യൂമൻ റിസേർച്ച് | 1250x2=2500 | I &II |
| 58 | അജേഷ് കുമാർ, മാധവ ഹോട്ടൽ | 300x2=600 | I &II |
| 59 | അബ്ദുൾ റൂഫ്, കാലിക്കട്ട് കിച്ചൻ | 1250x2=2500 | I &II |
| 60 | മനോജ് ജി നായർ, റൂട്ട്സ് അക്കാഡമി | 1000x2=2000 | I &II |

| | | | |
|---|---|---|---|
| 61 | പി.കെ കോയ, പൈ മാനേജ്മെന്റ് സർവ്വീസ് | 1000x2=2000 | I &II |
| 62 | ബിജു രവീന്ദ്രൻ,ഹജ്ജിൻ ട്രാക്ക് ഇൻഡ്യPvt Ltd | 1250x2=2500 | I &II |
| 63 | സിബി തോമസ്, വാൾ പേപ്പർ & ഫോട്ടോ സെയിൽ | 450x2=900 | I &II |
| 64 | നെബ്ബു ആൻഡ്രൂസ്, ഹിയറിങ്ങ് എയ്ഡ് ഇക്വിപ്പ്മെന്റ്സ് | 600x2=1200 | I &II |
| 65 | ജ്യോതിഷ് ഘോഷ് കാവില, റിലയൻസ് സ്മാർട്ട് | 1250x2=2500 | I &II |
| 66 | സുവർണ്ണ എസ്, റെഡിമെയ്ഡ്സ് | 450x2=900 | I &II |
| 67 | സന്തോഷ് വി, പെറ്റ് ഫുഡ്സ് | 450x2=900 | I &II |
| 68 | വരുൺ സന്തോഷ്, മൊബൈൽ ആക്സസറീസ് | 600x2=1200 | I &II |
| 69 | പ്രദീപ് കുമാർ, എ.ആർ, ഓട്ടോമൊബൈൽസ് സ്പെയർ പാർട്ട്സ് | 600x2=1200 | I &II |
| 70 | സീമ രാജീവ്, മൊബൈൽ ഫോൺ ആക്സസറീസ് | 600x2=1200 | I &II |
| 71 | രാജേശ്വരി ബാലിജി, മൊബൈൽ ഫോൺസ | 600x2=1200 | I &II |
| 72 | റ്റി. ജി. ദിനേശൻ, ന്യൂ പോപുലർ ഓട്ടോ പാർട്ട്സ് | 1250x2=2500 | I &II |
| 73 | രാജേഷ് കെ.എസ്, എസ്.വി.എം.ടെക്നോളജീസ് | 750x2=1500 | I &II |
| 74 | റോയ് തോമസ്, തേക്കടി വുഡ്സ് | 1250x2=2500 | I &II |
| 75 | ഷൈമോൻ കെ.എസ്., വെക്സോൺ കാർ കെയർ | 1250x2=2500 | I&II |
| 76 | ഷൈമോൻ കെ.എസ്, വെക്സോൺ ബേക്കറി | 600x2=1200 | I&II |
| | ആകെ | 61100 | |
| | | | |
| വാർഡ്VII | | | |
| 77 | എബ്രാഹാം, ന്യൂ ഫാൻസി ,മോട്ടോർസ് | 1000x2=2000 | I &II |
| 78 | സാബു പോൾ, ജെ.ജെ. മോട്ടോർസ് | 1000x2=2000 | I &II |
| 79 | മോഹനൻ,ബ്രൈറ്റ് ഇലക്ട്രിക്കൽസ് | 600x2=1200 | I &II |
| 80 | സുരേഷ്, ഗീതാഞ്ജലി കൺസ്ട്രക്ഷൻസ് | 1250x2=2500 | I &II |
| 81 | സുരേഷ് മാത്യു, ടിമ്പർ സെയിൽസ് ഓഫീസ് | 1000x2=2000 | I &II |
| 82 | ജി.ജയകുമാർ, ജെ.കെ. അസോസിയേറ്റ്സ് | 450x2=900 | I &II |
| 83 | സജി മാത്യു, സെന്റ് ജോർജ്ജ് ഏജൻസീസ് | 450x2=900 | I&II |
| 84 | പി.ആർ അശോക്, വജ്രാ മാർബിൾസ് & സിമെന്റ്സ് | 1250x2=2500 | I&II |

| | | | |
|---|---|---|---|
| | ആകെ | 14000 | |
| വാർഡ്VIII | | | |
| 85 | മാനേജർ അമ്മ ഗ്യാസ് ഏജൻസീസ് | 1250x2=2500 | I&II |
| 86 | മെഹബൂബ് കെ.ഒ. മെഹന്തി ബ്യൂട്ടി പാർലർ | 750x2=1500 | I &II |
| 87 | ടോം.ടി.ജോൺ, വിന്നീസ് ഹോട്ടൽ | 450 | II |
| 88 | അനക്സ് സെബാസ്റ്റ്യൻ, സതേൺ മാർട്ട് | 450x2=900 | I &II |
| 89 | സി.ഡി.പ്രദീപ് കുമാർ , ഇന്ദിര ഹോട്ടൽ | 450 | II |
| 90 | ജിബിൻ ബേബി, സീകെ ട്രെഡേഴ്സ് | 1250 | II |
| 91 | മാനേജർ, ഫെഡറൽ ബാങ്ക് നാഗമ്പടം | 1250x2=2500 | I &II |
| 92 | പ്രശാന്ത്, ഗ്ലോബൽ കമ്പ്യൂട്ടർ സൊലൂഷൻസ് | 450x2=900 | I &II |
| 93 | ജേക്കബ്ബ് മാത്യൂ, വെള്ളാപ്പള്ളി ഏജൻസീസ് | 1250x2=2500 | I &II |
| 94 | എൻ രാജഗോപാൽ ,സി.എൻ ആർ കെമിക്കൽസ് | 1250x2=2500 | I &II |
| 95 | ഷീബാ രഞ്ജിത്ത്, സെയിൽസ് & സർവ്വീസസ് എയർ കണ്ടീഷൻ | 1250x2=2500 | I &II |
| 96 | രേണ വർഗ്ഗീസ്, ടി.വി. ഷോപ്പ് | 600x2=1200 | I &II |
| 97 | ഷാഹുൽ ഹമീദ്,ഇന്റീരിയർ ഡിസൈനിങ്ങ്, പ്ലൈവുഡ് | 1250x2=2500 | I &II |
| 98 | ജോജി ഏലിയാസ്, ബിൽഡിങ്ങ് ഹാർഡ്വെയർ ഏജൻസീസ് | 1250x2=2500 | I &II |
| 99 | എ.കെ.ഷാജി, ഹോം അപ്ലൈൻസസ് | 1250x2=2500 | I &II |
| 100 | കുര്യൻ ഇ.ജെ. ഗ്യാസ് ബുക്കിങ്ങ് ഏജൻസീസ് | 1250x2=2500 | I &II |
| 101 | പി.കെ. രാജേന്ദ്ര പ്രസാദ്, അന കൂൾ ബാർ | 300x2=600 | I &II |
| 102 | വി.എസ്.രാജീവ്, ഫോം ഏഷ്യ | 750x2=1500 | I &II |
| 103 | ഗുരുകൃപ പാസ്പോർട് ഏജൻസീസ് | 300x2=600 | I &II |
| 104 | ടോം ജോസ്, എ.ഡി. ലിങ്ക്സ് ഇൻഡ്യ Pvt Ltd | 600x2=1200 | I&II |
| 105 | ദിൽ ഷജ് ടി.എസ്, സ്റ്റോക്ക് &സെയിൽസ് ഓഫ് ഫ്രൂട്ട്സ് | 1250x2=2500 | I&II |
| 106 | വൈശാഖ് എ.എം, ഡെലിവറി കൊറിയർ സർവ്വീസസ് | 1250x2=2500 | I&II |
| | ആകെ | 38050 | |
| വാർഡ്IX | | | |
| 107 | സുജിത് എസ് നായർ, മേനത്തറയിൽ | 300x2=600 | I&II |
| 108 | ബിന്ദു ഗോപൻ ഹയറിങ്ങ് ഗുഡ്സ് | 450x2=900 | I&II |

| | | | |
|---|---|---|---|
| | ആകെ | 1500 | |
| വാർഡ്X | | | |
| 109 | മധു ജോൺ, അൻജോ റബ്ബേർസ് | 1250 | II |
| 110 | ജെസ്സിമോൾ ജോസഫ്, സ്റ്റോങ്ങ് സിമെന്റ്സ് പ്രോഡക്ട്സ് | 1250 | II |
| 111 | സി.എം.മാത്യു, മാതാ എന്റർപ്രൈസസ് | 1250x2=2500 | I &II |
| 112 | പ്രഭാകരൻപിള്ള,ഐശ്വര്യ പോളിമേഴ്സ് | 1250x2=2500 | I &II |
| 113 | അനുഗ്രഹ വർക്ക് ഷോപ്പ് | 300x2=600 | I &II |
| 114 | ജിജി കുമാരി,ഐശ്വര്യ ഹോട്ടൽ | 600x2=1200 | I &II |
| 115 | ജോൺസൺ സി. ജോസഫ്,ജെ.സി.പോളിമേഴ്സ് | 300x2=600 | I &II |
| 116 | പ്രൊപ്രൈറ്റർ, എവർ ഗ്രീൻ സ്റ്റുഡിയോ | 450x2=900 | II&II |
| 117 | സ്കറിയ എൻ റ്റി. എബിനേറ്റ് കെമിക്കൽസ് | 1250x2=2500 | I&II |
| | ആകെ | 13300 | |
| വാർഡ് XI | | | |
| 118 | വിനോദ് കുമാർ, ഐശ്വര്യ സ്വീറ്റ് കോർണർ | 450x2=900 | I &II |
| 119 | ഡോ.അജിത് റോയ്, DDRC | 1250x2=2500 | I &II |
| 120 | രേഖാമോൾ, ചമയം ടെയ്ലറിങ്ങ് | 300x2=600 | I &II |
| 121 | ദീപക് കെ.ഇ. സൂര്യ എന്റർപ്രൈസസ് | 1250x2=2500 | I &II |
| 122 | ജയമോൾ, നെടിയകാലായിൽ | 300x2=600 | I &II |
| 123 | മറിയാമ്മ സേവ്യർ, ആവേ മരിയ മെഡിക്കൽസ് | 300x2=600 | I &II |
| 124 | ജയലക്ഷ്മി,കാർത്തിക സ്റ്റോർസ് | 300x2=600 | I &II |
| 125 | സന്തോഷ് ചാക്കോ, ശ്രുതി ഫർണീച്ചർ | 600x2=1200 | I &II |
| 126 | കെ.വി.വർഗ്ഗീസ്, പൊന്നൂസ് കോൾഡ് സ്റ്റോറേജ് | 600x2=1200 | I &II |
| 127 | ജോൺ.കെ.ജേക്കബ്ബ്, സെന്റ് തോമസ് ഫർണീച്ചർ | 1250x2=2500 | I &II |
| 128 | പ്രീതി പി.കാക്കനാട്ട്, ഡോർസ് | 1000x2=2000 | I &II |
| 129 | ബാബു മാത്യു, ബാബു സ്റ്റോർസ് | 300x2=600 | I &II |
| 130 | മാനേജർ, മുത്തൂറ്റ് ഫിൻകോർപ് | 1250x2=2500 | I &II |
| 131 | ചാക്കോ ഉലഹന്നാൻ, തോക്കാടിയിൽ ബ്യൂട്ടി പാർലർ | 600x2=1200 | I &II |
| 132 | മുഹമ്മദ്ഇക്ബാൽ, പനച്ചിമറ്റം സ്റ്റേഷനറി | 300x2=600 | I &II |
| 133 | ഷൈജു തോമസ് കാഞ്ഞിരത്തുങ്കൽ, സ്പെയർ പാർട്സ് | 600x2=1200 | I &II |
| 134 | കെ.റ്റി.ജയൻ, കൊച്ചുപുരക്കൽ വെൽഡിങ്ങ് സെറ്റ്സ് | 300x2=600 | I &II |
| 135 | ലിനീഷ് ജോസ്, ജോസ്ഭവൻ സ്റ്റേഷനറി | 300x2=600 | I &II |

| | | | |
|---|---|---|---|
| 136 | ഡോ.ധന്യ, നാഗാർജ്ജുന ആയുർവേദ മേഡിക്കൽസ് | 300x2=600 | I &II |
| 137 | മാനേജർ എമ്പയർ ഫിനാൻസ് | 600x2=1200 | I &II |
| 138 | B 4 U ചെരുപ്പുകട | 300x2=600 | I &II |
| 139 | പി.റ്റി.ജോയി, ഫോട്ടോസ്റ്റാറ്റ് | 300x2=600 | I &II |
| 140 | ജയ്മോൻ സംഗീത സ്റ്റോഴ്സ് | 300x2=600 | I &II |
| 141 | എ.കെ. ഓട്ടോ ലിങ്ക്സ്, പറക്കോട്ട് ബിൽഡിങ്ങ്സ് | 600x2=1200 | I &II |
| 142 | ഇമ്മാനുവൽ മാർട്ടിൻ കാളകേടത്ത്, ഓൺലൈൻ ബിസിനസ്സ് | 600x2=1200 | I&II |
| | ആകെ | 28500 | |
| വാർഡ് XII | | | |
| 143 | മാനേജർ, നീലിമംഗലം കള്ളുഷാപ്പ് | 1250x2=2500 | I &II |
| 144 | ജയകൃഷ്ണൻ ജി., ദീപ്തി ആയുർവേദിക് Pvt.Ltd | 1250x2=2500 | I &II |
| 145 | ജോർജ്ജ് കുട്ടി കുര്യൻ മുത്തൂറ്റ് MRI Scan | 1250x2=2500 | I &II |
| 146 | മാനേജർ കെ.എം കുര്യാക്കോസ്, അരുൺ ട്രെഡേഴ്സ് | 300x2=600 | I &II |
| 147 | മനോഹരൻ, മിന ടെയ്ലേഴ്സ് | 300x2=600 | I &II |
| 148 | പ്രൊപ്രൈറ്റർ, പപ്പായ ബോട്ടിക്ക് | 300x2=600 | I &II |
| 149 | മധു, ചിറപ്പേത്ത് ഇലക്ട്രിക്കൽസ് | 300x2=600 | I &II |
| 150 | സജിമോൻ അഗസ്റ്റിൻ, ഗ്ലോബൽ ഡയഗ്നോസ്റ്റിക് സർജിക്കൽസ് | 450x2=900 | I &II |
| 151 | ഷിബു ജെയിംസ്, ഗ്ലോബൽ ഡിസ്ട്രിബ്യൂഷൻ | 1250x2=2500 | I &II |
| 152 | മാനേജർ, കൊച്ചിൻ ന്യൂ മെറ്റൽ, സംക്രാന്തി | 1250x2=2500 | I &II |
| 153 | വി.എസ്. രാമൻ നായർ, ലൂബ്രോ ഏജൻസീസ് | 300x2=600 | I &II |
| 154 | മനോജ്കുമാർ സുകുമാരൻ,നിർമ്മൽ ബ്യൂട്ടിക്ക് | 450x2=900 | I &II |
| 155 | നിയാസ് എം.എം., മോഡേൺ മൊബൈൽസ് | 180x2=360 | I &II |
| 156 | ഷൈജു എ. സർഗ്ഗം ഏജൻസീസ് | 300x2=600 | I &II |
| 157 | ജിനേഷ് കെ മാത്യു, കൃപ എൻജിനീയറിങ് വർക്ക്സ് | 450x2=900 | I &II |
| 158 | റുഖിയ ബീവി,റോയൽ റസ്റ്റോറന്റ് | 300x2=600 | I &II |
| 159 | മണികണ്ഠൻ എ.കെ., കല്ലറക്കൽ ബാഗ് സെന്റർ | 1250x2=2500 | I &II |
| 160 | അൻസുദ്ദീൻ എം.എ., അൽഹുദാ ഏജൻസീസ് | 750x2=1500 | I &II |
| 161 | ശ്രീനാഥ്, Dova Health Care | 1000x2=2000 | I &II |
| 162 | മാനേജർ, മിനി മുത്തൂറ്റ് | 1250x2=2500 | I &II |
| 163 | ഷീല സുബാഷ്, ചിറയിൽ മെഡിക്കൽസ് | 1000x2=2000 | I &II |
| 164 | പി.വി.ജോസഫ്, കലവറ | 600x2=1200 | I &II |

| | | | |
|---|---|---|---|
| | ഫുഡ്സ് | | |
| 165 | മോനി ആൻഡ്രൂസ്, V ട്രെഡേഴ്സ് | 600x2=1200 | I &II |
| 166 | മാനേജർ, ജെ.എസ് അലൂമിനിയം സംക്രാന്തി | 1250x2=2500 | I &II |
| 167 | മുഹമ്മദ് അലി, തോപ്പിൽ കേറ്ററിങ്ങ്സ് | 600x2=1200 | I &II |
| 168 | മുഹമ്മദ് മിലാഷ്, മാളിയേക്കൽ ലോഡ്ജ് | 600x2=1200 | I &II |
| 169 | അഭിലാഷ് ആർ, പുത്തൻവീട്, സ്പീഡ് ഗവർണർ ഷോപ്പ് | 750x2=1500 | I &II |
| 170 | ജലജ കുമാരി, ആധാരം എഴുത്താഫീസ് | 300x2=600 | I &II |
| 171 | ലിയോ കെ.മാണി, കണിയാട്ടുകാലായിൽ ഹാർഡ് വെയർ | 450x2=900 | I &II |
| 172 | ഷാഹുൽ യൂസഫ്, പുലിത്തോട്ടത്തിൽ കൺസ്ട്രക്ഷൻ കമ്പനി ഓഫീസ് | 450x2=900 | I &II |
| 173 | ഷാഹുൽ ഹമീദ് ടി.എ.മേക്കാട്ടുകുന്നേല് സ്റ്റോക്ക് &സെയിൽ ഓർണമെന്റല് ഫിഷ് | 450x2=900 | I&II |
| 174 | അബദുൾ മനാഫ് പി.ബി. ഇരുമ്പുകാട്ടു മ്യാലിൽ അക്വേറിയം | 450x2=900 | I&II |
| 175 | ഹബീബ ബീവി, വാരിശ്ശേരി പുത്തൻവീട്, സ്റ്റേഷനറി & സ്വീറ്റ് ഐറ്റംസ് | 450x2=900 | I&II |
| | ആകെ | 44160 | |
| വാർഡ്XIII | | | |
| 176 | അബ്ദുൾ ഗഫൂർ, സിംല സ്റ്റോർസ് | 450x2=900 | I &II |
| 177 | മാനേജർ, മെഡിക്കൽ ഡയഗ്നോസ്റ്റിക് | 1250x2=2500 | I &II |
| 178 | മാനേജർ, സൂര്യ ലോഡ്ജ് | 1250x2=2500 | I &II |
| 179 | മാനേജർ സജി ലോഡ്ജ് | 1250x2=2500 | I &II |
| 180 | മാത്യൂ സ്കറിയ, ചിന്നാർ റഫറൻസ് | 300x2=600 | I &II |
| 181 | സതീഷ കുമാർ , അശോക പബ്ലിസിറ്റി | 300x2=600 | I &II |
| 182 | ജോസഫ് സേവ്യർ, മംഗലത്ത് സ്റ്റോർസ് | 300x2=600 | I &II |
| 183 | റെജി ജോസഫ്,റജി ഗോൾഡ്,ഹെൽത്ത് കെയർ | 600x2=1200 | I &II |
| 184 | ദീപു ജി നായർ,ആൽഫാ ഡ്രഗ്സ് | 1250x2=2500 | I &II |
| 185 | സിനു എസ്.വിൻസ്, ടൂർസ് &ട്രാവൽസ് | 300x2=600 | I &II |
| 186 | സിന്ധു ഡൊമിനിക്, സോണ ഡിജിറ്റൽ ഹബ്ബ് | 750x2=1500 | I &II |
| 187 | മാനേജർ,കാരുണ്യ ഫിസിയോ തെറാപ്പി | 1250x2=2500 | I &II |
| 188 | ഫാറ്റ് ടു ഫിറ്റ് , ഗുരുകൃപ | 600x2=1200 | I &II |
| 189 | മൊയതീൻ ഷാ,ലെസി കഫേ | 300x2=600 | I &II |

| | | | |
|---|---|---|---|
| 190 | ഹരി ശങ്കർ, ബോളിവുഡ് സ്റ്റേഷനറി | 300x2=600 | I &II |
| 191 | സുരേഷ് ഭാസ്കരൻ, റെഡിമെയ്ഡ്സ് | 750x2=1500 | I &II |
| 192 | നവാസ് റസ്റ്റോറന്റ് | 750x2=1500 | I &II |
| 193 | വീണാ പാപ്പച്ചൻ,വി.എം.സർജിക്കൽസ് | 1000x2=2000 | I &II |
| 194 | മനോജ്കുമാർ സുകുമാരൻ, ടി.എം.സി. ബ്യൂട്ടിക്ക് | 450x2=900 | I &II |
| 195 | ജിൻസ് അഗസ്റ്റിൻ, കാരുണ്യ ഫിസിയോ തെറാപ്പി സെന്റർ | 1250x2=2500 | I &II |
| | ആകെ | 29300 | |
| | ഒട്ടാകെ | 273470 | |

ഇപ്രകാരം സ്ഥാപന തൊഴിൽനികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കാത്തതിനുള്ള കാരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.18/23.12.2021) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 നാട്ടകം മേഖല- തൊഴിൽനികുതി അപാകതകൾ

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 3(2) പ്രകാരം നിക്ഷേപങ്ങളിൽ നിന്നും വരുമാനം ലഭിക്കുന്നവർ, കമ്പനികൾ, ബിസ്സിനസ്സ് നടത്തുന്നവർ എന്നിവരിൽ നിന്നും അർദ്ധവാർഷിക വരുമാനം, തൊഴിൽ അല്ലെങ്കിൽ ബിസിനസ്സിനെ സംബന്ധിച്ച വിവരങ്ങളടങ്ങിയ റിട്ടേണുകൾ സത്യപ്രസ്താവന സഹിതം ഓരോ വർഷവും സെപ്റ്റംബർ 30-ാം തീയതിക്കും മാർച്ച് 31-ാം തീയതിക്കും മുൻപായി സമർപ്പിക്കുവാൻ സെക്രട്ടറി നിർദ്ദേശം നൽകേണ്ടതും അങ്ങനെയുള്ള റിട്ടേണിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് പ്രഥമദൃഷ്ട്യാ ബോദ്ധ്യമാകുന്ന പക്ഷം അതനുസരിച്ച് ബിസിനസ്സ് നടത്തുന്നവർ, കമ്പനികൾ, എന്നിവർ നൽകേണ്ടതായ സ്ഥാപന തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്. എന്നാൽ നഗരസഭയുടെ നാട്ടകം മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ വാർഡുകളിലെ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് വിവരം | വാർഡ് | അർദ്ധ വർഷം |
|---|---|---|
| സീത രമേശ്, സെവൻഗ്രിൽ ഇമ്പോർട്ടഡ് ഫർണിച്ചർ& ഇന്റീരിയേഴ്സ് | XI | I&II |
| ഹരിദാസ് കെ.ജി, പ്രൊവിഷൻ സ്റ്റോർ | XI | I&II |
| രാധാമണി, എസ്.എൻ.സ്റ്റോഴ്സ് | XI | I&II |
| ബിബിൻ.ടി.പുതുശ്ശേരി, പുതുശ്ശേരിൽ സ്റ്റോഴ്സ് | XI | I&II |
| ഗോപകുമാർ, ഉള്ളൂരുപ്പിൽ ചൂർൽക്കട | XI | I&II |
| എം.എം.അജയകുമാർ, കാർ പ്ലാസ്സ | XI | I&II |
| വീണ.ജി.നായർ, പ്ലാസ്റ്റിക് സെയിൽസ് കോർപ്പറേഷൻ | XI | I&II |
| സുര്ഷ്കുമാർ, സെൻ ടൂ-വീലേഴ്സ് | XI | I&II |
| സിന്ധുമോൾ, ദിവ്യ ഹയറിങ്ങ് സർവ്വീസ് | XI | I&II |
| ഷംസീർ.എം, ചിറമേൽ ട്രേഡേഴ്സ് | XI | I&II |
| സജിത്.കെ.തോട്ടിൽ, നയൻ മൊബൈൽസ് | XI | I&II |
| മോഹൻലാൽ, എം.ജി. ഏജൻസീസ് | XI | I&II |
| ജിസ്, പി.സി.മിനി മാർട്ട് | XI | I&II |
| മാത്തൻ ഉലഹന്നാൻ, ചിറയിൽ ഏജൻസീസ് | XII | I&II |
| കെ.എം. പ്രസന്നകുമാരി, വെസ്റ്റ് കോം | XII | I&II |

| | | |
|---|---|---|
| സാറാമ്മ കുര്യൻ, എക്സ്ലോൺ ഇൻഡസ്ട്രീസ് | XII | I&II |
| സജി തോമസ്, ജൂബിലി ഓട്ടോമൊബൈൽസ് | XII | I&II |
| ജോർജ് കുര്യാക്കോസ്, സമീര കെമിക്കൽസ് | XIII | I&II |
| ജോർജ് കുട്ടി.ജെ, വാക്കയിൽ, ഗ്രീൻ-ടെക്ക് എന്റർപ്രൈസ് | XIII | I&II |
| രാജേഷ്, ലക്ഷ്മി ബാങ്ക് | XIII | I&II |
| എൻ.പ്രശാന്ത്, പി.ജെ.അസോസ്സിയേറ്റ്സ് | XIII | I&II |
| BH,മോട്ടോഴ്സ്, മഹീന്ദ്ര ഷോറൂം | XIII | I&II |
| ജെ.കെ.തോമസ്, മലങ്കര മോട്ടോഴ്സ് | XIV | I&II |
| ഡി.എ.സക്കറിയ, അസോസ്സിയേറ്റ് ഇൻഡസ്ട്രീസ് | XIV | I&II |
| രാഹുൽ ടോം, മാനേജിങ്ങ് ഡയറക്ടർ, കൊണ്ടോടി മോട്ടോഴ്സ് | XIV | I&II |
| ഇൻഡസ് മോട്ടോഴ്സ്, കാർ ഷോറൂം | XIV | I&II |
| ഏലിയാസ് തോമസ്, മരിയാസ് ഏജൻസീസ് | I | I&II |
| ജോസഫ് ജോസഫ്, ഡോർ ഹൗസ് | I | I&II |
| നീഹാസ്.എ.ബഷീർ, ഈസ് ടോക്സ് അക്കാഡമി | I | I&II |
| ജയ്മോൻ.പി.ജി, സ്റ്റാർ ഫുഡ്സ് | II | I&II |
| മഹേഷ്.കെ.ആർ, ഭാഗ്യസദനം | III | I&II |
| മാനേജർ, സൗത്ത് ഇന്ത്യൻ ബാങ്ക് | II | I&II |
| സരിത രാജൻ, തെക്കേടത്ത് വെഡ്ഡിങ്ങ് കാർഡ്സ് | III | I&II |
| മാനേജർ, എസ്.ബി.എെ, ചിങ്ങവനം | II | I&II |
| ഡോ.പി,ആർ.ബിജുകുമാർ, രവിമന്ദിരം ഹോമിയോ ക്ലിനിക്ക് | III | I&II |
| എബ്രഹാം.ടി.സി, ബ്രദേഴ്സ് ഗ്ലാസ്സ് ഹൗസ് | IV | I&II |
| മാനേജർ, പോപ്പുലർ ഫിനാൻസ് | IV | I&II |
| വിൻസി ഡിറ്റോ, ഷേര റബ്ബർ | IV | I&II |
| ജെ.ജിഷലാൽ, ജെ.വി.എം പ്ലൈബോർഡ്സ് | V | I&II |
| ജെ.ജിബിലാൽ, ജിഷാ വുഡ് ഇൻസ്ട്രീസ് | V | I&II |
| സെക്രട്ടറി, ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി | V | I&II |
| മാത്തുക്കുട്ടി, മഠത്തിൽക്കളത്തിൽ | VI | I&II |
| ഡോ.അന്ന എൽദോസ്, പുത്തൻപുരയിൽ, ആയുർസ്പാർക്ക് ആയുർവ്വേദിക്സ് | VI | I&II |
| വി.കെ.സുരേഷ്, ശ്രീ നാരയണ ഹോസ്പ്പിറ്റൽ | VI | I&II |
| സെക്രട്ടറി, നാട്ടകം സർവ്വീസ് സഹകരണ ബാങ്ക് പുഴക്കര സൂപ്പർമാർക്കറ്റ് | VI | I&II |
| രാജേശ്വരി സുരേന്ദ്രൻ, സൂര്യ വുഡ് ഇൻഡസ്ട്രീസ് | VII | I&II |
| മാനേജിങ്ങ് ഡയറക്ടർ, ബി.ജെ.എം ഹോസ്പിറ്റൽ | VII | I&II |
| മനോജ് കുമാർ, സിമന്റ് എക്സ്പോർട്ട്സ് | VII | I&II |

| | | |
|---|---|---|
| റോഷ്നി തോമസ്, എസ്.ബി.കെ ബിൽഡേഴ്സ് | VIII | I&II |
| സ്വപ്ന. കെ. ഉതുപ്പ്, പെരുത്തുരുത്തിൽ | VIII | I&II |
| ലിജേഷ്.കെ, ഈസ്റ്റേൺ മാർട്സ് | VIII | I&II |
| ജോർജ് കുട്ടി, റാഫാ ഓട്ടോ സൊല്യൂഷൻസ് | IX | I&II |
| ലാലുമോൻ.വി.പി, കോൺട്രാക്ടർ | IX | I&II |
| രാജേന്ദ്രകുമാർ, തെക്കേപുത്തൻപറമ്പിൽ, പവർ എകസ് ഇൻഡസ്ട്രീസ് | IX | I&II |

മേൽ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുവാനുള്ള സ്ഥാപന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്

തൊഴിൽ നികുതി - പിഴപ്പലിശ ഈടാക്കിയില്ല

നാട്ടകം സോണൽ ഓഫീസിന്റെ പരിധിയിൽ വരുന്ന ദി ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡിലെ 246 ജീവനക്കാരുടെ 2019-20 ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതിയായി 267950 /- രൂപ 04.02.2021 ൽ അടച്ചതായി കാണുന്നു.(ചെക്ക് നമ്പർ - 649674). ഇതിന്റെ പിഴപ്പലിശയായി 13397 /- രൂപയും കൂടി ഒടുക്കേണ്ടതാണ്. എന്നാൽ പലിശ ഈടാക്കിയതായി കാണുന്നില്ല. ഇതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 59) മറുപടി നൽകിയില്ല. ആയതിനാൽ പലിശ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 ലേലം-പൊതു അപാകതകൾ

നഗരസഭയുടെ 2020-21 വർഷത്തെ ലേല നടപടിക്രമങ്ങൾ, അക്കൗണ്ടിംഗ്, ലേലത്തുക അടവാക്കൽ തുടങ്ങിയവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ലേലം നടക്കുന്ന സമയത്ത് തയ്യാറാക്കുന്ന ലേലത്തിന്റെ ആധികാരിക രേഖയായ ലേല ഡയറി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുന്നില്ല.
2. ലേല വ്യവസ്ഥകൾ ഇനം 3 അനുസരിച്ച് ലേലത്തിൽ പങ്കെടുക്കുന്നവർ മുഴുവൻ ക്വട്ടേഷൻ/ലേല തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റോ ബാങ്ക് ഗ്യാരന്റിയോ ഹാജരാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം സോൾവൻസി വാങ്ങാതെ ലേലം ഉറപ്പിച്ച് നൽകിയിരിക്കുന്നു. കുത്തകക്കാരൻ മുഴുവൻ ലേലത്തുകയും ഒടുക്കാത്ത സാഹചര്യമുണ്ടായാൽ ലേലത്തുക ഈടാക്കാൻ കഴിയാതെ വരുന്നു. നിയമാനുസൃത കരാറിൽ ഏർപ്പെടാത്തതിനാൽ തുടർനടപടി സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യവുമുണ്ട്.
3. ലേലത്തുക സാംഖ്യയിൽ കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നില്ല. ഭൂരിഭാഗം ലേലത്തുകയും Auction Deposit ആയി കണക്കാക്കി നഗരസഭയുടെ ബാദ്ധ്യത ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ഡെപ്പോസിറ്റായി അക്കൗണ്ട് ചെയ്തതിനാൽ നഗരസഭയുടെ വരുമാനമായ ലേലത്തുക നഗരസഭ ഫണ്ടിൽ ഡെപ്പോസിറ്റ് ചെയ്യപ്പെട്ടിട്ടുള്ള ബാദ്ധ്യതയായിട്ടാണ് ബാലൻസ് ഷീറ്റിൽ പ്രതിഫലിപ്പിക്കുന്നത്.
4. ലേല നിബന്ധന അനുസരിച്ച് ക്വട്ടേഷൻ ഉറന്ന് ലേലം ഉറപ്പിക്കുന്ന വ്യക്തി 5 ലക്ഷം വരെയുള്ള തുക ലേല ദിവസം തന്നെ രൊക്കം പണമായി ഒടുക്കേണ്ടതും 5 ലക്ഷത്തിനുമേൽ മുകളിൽ ലേലതുകയാകുന്ന ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല തുകയുടെ 50% അന്നേദിവസം ഒടുക്കേണ്ടതും ബാക്കി രണ്ട് തവണകളായി യഥാക്രമം ജൂൺ 30 നം സെപ്റ്റംബർ 30 നം മുൻപായി ഒടുക്കേണ്ടതുമാണ്. . എന്നാൽ സമയബന്ധിതമായി തുക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

ലേല നടപടികളിലും തുക അടവാക്കുന്നതിലുമുള്ള ഈ അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻവർഷങ്ങളിലും തൻവർഷവും ബാധ്യതയായി Auction Deposit എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ട നഗരസഭയുടെ വരുമാനം അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തി റവന്യൂ ശീർഷകത്തിലേക്ക് മാറ്റി വാർഷിക കണക്കുകൾ കൃത്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 ലൈസൻസ് ഫീസ് - അപാകതകൾ.

കോട്ടയം നഗരസഭ പരിധിയിലെ വ്യാപാരികളിൽ നിന്നും 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം വാർഷിക ലൈസൻസ് ഫീസ് ഈടാക്കിയത് സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

1. വ്യാപാരസ്ഥാപനങ്ങളെ തരം തിരിച്ചിരിക്കുന്ന മാനദണ്ഡം വ്യക്തമല്ല

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഇവ നടത്തുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, വ്യാപാരത്തിന്റെ തോത്, മുതൽമുടക്ക് തുടങ്ങിയ ഘടകങ്ങൾ അടിസ്ഥാനമാക്കി സുതാര്യമായ മാനദണ്ഡപ്രകാരം ഓരോ വ്യാപാരത്തേയും എ, ബി, സി എന്നീ വിഭാഗങ്ങളായി തരംതിരിച്ച്, കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിച്ചുകൊണ്ടുള്ള ജി10-19062/4 -ാം നമ്പർ വിജ്ഞാപന പ്രകാരമാണ് 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. എന്നാൽ മുതൽമുടക്ക്, വ്യാപാരത്തിന്റെ തോത് എന്നിവ

അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. എപ്രകാരമാണ് ഓരോ സ്ഥാപനങ്ങളേയും എ, ബി, സി കാറ്റഗറിയിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമല്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേരും വിലാസവും | ഈടാക്കിയ ലൈസൻസ് ഫീസ് | ലൈസൻസ് നമ്പരും തീയതിയും | വിജ്ഞാപന പ്രകാരം നിശ്ചയിച്ചിരിക്കുന്ന ഫീസ് |
|---|---|---|---|---|---|
| 1 | റോയൽ സ്റ്റാർ ഒപ്റ്റിക്കൽ<br>വാർഡ് -IX<br>കണ്ണടവ്യാപാരം | ജോബ് കോര തോമസ്<br>പ്ലാക്കേൽ ഹൗസ്<br>നാട്ടകം | 1500 | 1816/90762<br>28.05.20 | കണ്ണട നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക :<br>A-2500, B- 1500, C-1000 |
| | സ്പെക്സ് & സൺഗ്ലാസ്സ് ഗാലറി<br>വാർഡ് -IX<br>കണ്ണടവ്യാപാരം | സീമ ജോബ്<br>പ്ലാക്കേൽ ഹൗസ്<br>നാട്ടകം | 1000 | 1816/90762<br>28.05.20 | |
| | അൽഫ ഒപ്റ്റികൽസ്<br>കണ്ണടവ്യാപാരം | ജോബ് കോര താമസ്<br>പ്ലാക്കേൽ ഹൗസ്<br>നാട്ടകം | 1100 | 1816/90764<br>28.05.20 | |
| | ചേരിക്കൽ ഒപ്റ്റികൽസ്<br>വാർഡ് -IX | ഷൈനി സിജു<br>ചേരിക്കൽ ഹൗസ്<br>കെ.കെ.റോഡ് | 600 | 1664/84153<br>26.02.20 | |
| 2 | ഇല്ക്ട്രിക്കൽ ഗുഡ്സ്<br>വാർഡ് -IX | ജെയിംസ് മാത്യു<br>കപ്പോൾ ഹൗസ്<br>മുട്ടമ്പലം | 1000 | 1992/99583<br>24.06.20 | ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് ഗുഡ്സ് :<br>A-5000, B-3000, C-2000 |
| | ബെഥേൽ ഇലക്ട്രിക്കൽസ്<br>വാർഡ് -IX<br>ഇല്ക്ട്രിക്കൽ ഗുഡ്സ് | മേരി ജോസഫ്<br>ബെഥേൽ ഹൗസ്<br>തെക്കുംപുരം | 300 | 1724/86177<br>27.02.20 | |
| | ജെ.എസ്.എസ്.എ.സി വേൾഡ്<br>വാർഡ് -IX<br>ഇല്ക്ട്രിക്കൽ ഗുഡ്സ് | പി.കെ.ഷാജി<br>പ്രാപ്പുഴ ഹൗസ്<br>മൂലവട്ടം | 1000 | 1662/83065<br>25.02.20 | |
| | സെൽമ ഏജൻസീസ്<br>വാർഡ് -IX<br>ഇല്ക്ട്രിക്കൽ ഗുഡ്സ് | മാത്യു തോമസ്<br>തെക്കേടത്ത്<br>കടപ്ലാമറ്റം | 1000 | 1813/90620<br>13.03.20 | |
| | പെന്റ് പവർ<br>വാർഡ് -XV<br>ഇല്ക്ട്രിക്കൽ ഗുഡ്സ് | അനൂപ് റോയി<br>കൊച്ചുപറമ്പിൽ<br>പുത്തനങ്ങാടി | 600 | 1992/99586<br>25.06.21 | |
| 3 | വെള്ളാപ്പള്ളി ഏജൻസീസ്<br>വാർഡ് -IX<br>പെട്രോൾ പമ്പ് | മാത്യു കുര്യൻ<br>കൊല്ലംപറമ്പിൽ<br>കാരാപ്പുഴ | 2100 | 1597/79825<br>20.02.20 | പെട്രോളിയം ഉത്പന്നങ്ങൾ വിൽപ്പന നടത്തുക:<br>A-2500, B-2500, C-2500 |
| 4 | പയറൺസ് ഹെർബൽ ബ്യൂട്ടി പാർലർ<br>വാർഡ് -XV | സ്മിത ആനി മാർക്കോസ്<br>ലീല വില്ല<br>കാരാപ്പുഴ | 600 | 1814/90656<br>18.03.20 | ബ്യൂട്ടി പാർലർ നടത്തുക<br>A-1000, B-500, C-450 |

| | | | | | |
|---|---|---|---|---|---|
| | ചിഞ്ചു.എസ് പാലകുന്നേൽ നാട്ടകം | ഡോറ ബ്യൂട്ടി പാർലർ | 450 | 1816/90798 15.06.20 | |
| 5 | ഇൻഡസ് മോട്ടോഴ്സ് വാർഡ് -XIV 4 വീലർ ഷോറൂം | തോമസ് കുരുവിള സി.ഇ.ഒ ഇൻഡസ് മോട്ടോഴ്സ് | 2500 | 75505/1511 12.02.20 | A-5000, B-3000, C-2500 |
| | വാർഡ് -XIV 4 വീലർ ഷോറൂം | എ.വി.ജോർജ്ജ് അഞ്ചേരിൽ | 5000 | 92204/1845 18.03.20 | |
| | വാർഡ് -XIV 4 വീലർ ഷോറൂം | അലൻ ജോർജ്ജ് | 3000 | 92174/1844 12.03.20 | |
| 6 | മിനി ഹാൾ വാർഡ് II | സാജൻ ചാക്കോ കഞ്ഞിക്കുഴി | 2000 | 94350 29.05.20 | കല്യാണമണ്ഡപങ്ങൾ, ആഡിറ്റോറിയങ്ങൾ A-10000, B-7500, C-5000 |
| | മിനി ഹാൾ വാർഡ് II | ജോസഫ് ലൂക്കോസ് കഞ്ഞിക്കുഴി | 6000 | 94352 29.05.20 | |
| 7 | ഹോട്ടൽ പ്രിൻസ് ബിയർ & വൈൻ പാർലർ വാർഡ് IV (റസ്റ്റോറന്റ് & ലോഡ്ജ്) | വി.എൻ .തുഷാർ വെള്ളാപ്പള്ളി ഹൗസ് കണിച്ചുകുളങ്ങര | 5500 | 76839/ 11.03.20 | സ്റ്റാർ ഹോട്ടൽ നടത്തിപ്പ്: A-10000, B-5000, C-2500 |
| | പേര് രേഖപ്പെടുത്തിയിട്ടില്ല വാർഡ് XIII (റസ്റ്റോറന്റ് & ലോഡ്ജ്) | കെ.റ്റി.തോമസ് കുളപ്പുറത്ത് വയലിൽ ഏറ്റുമാനൂർ | 5150 | 75720/ 12.02.20 | |
| 8 | 12 To 12 സൂപ്പർമാർക്കറ്റ് വാർഡ് IV | എബി .പി.സക്കറിയ പ്ലാക്കിത്തോട്ടത്തിൽ തെള്ളകം | 3300 | 01/120010102630 | സൂപ്പർമാർക്കറ്റുകൾക്ക് പ്രത്യേകം വിജ്ഞാപനം ചെയ്തതായി കാണുന്നില്ല. എപ്രകാരമാണ് തുക ഈടാക്കിയിരിക്കുന്നതെന്ന് വ്യക്തമല്ല. |
| | റീച്ച് എക്സ്പ്രസ്സ് സൂപ്പർമാർക്കറ്റ് വാർഡ് II | ആഗ്രഹ് മുരളീധരൻ ആലപ്പാട്ട് ഹൗസ് | 6500 | 76556/20.02.20 | |
| | മോർ സൂപ്പർമാർക്കറ്റ് വാർഡ് II | കെ.എസ്.ദിനേഷ് | 6100 | 01/120010105861 27.11.20 | |
| 9 | പഞ്ചാബി റസ്റ്റോറന്റ് വാർഡ് XII | അഭിനയ രാജേന്ദ്രൻ ഊട്ടിയിൽ വേളൂർ | 3350 | 75973/ 20.02.20 | |
| | പഞ്ചാബി ഫുഡ് കോർട്ട് വാർഡ് XII | തോമസ് മാത്യു പടിഞ്ഞാറേപ്പറമ്പിൽ പുത്തനങ്ങാടി | 1550 | 83312/ 26.02.20 | |

നഗരസഭ പരിധിയിൽ വരുന്ന ഓരോ വ്യാപാര സ്ഥാപനങ്ങളുടേയും മുതൽമുടക്കിന്റെ വിവരങ്ങളോ പ്രസ്തുത സ്ഥാപനങ്ങളെ A,B,C കാറ്റഗറികളിൽ ഏതെങ്കിലും ഒരു കാറ്റഗറിയിൽ ഉൾപ്പെടുത്തിയതായ വിവരങ്ങളോ അപേക്ഷയിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈടാക്കുന്ന ഫീസിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

നഗരസഭ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ നിശ്ചയിച്ചിരിക്കുന്നതിനേക്കാൾ കുറഞ്ഞ തുക ലൈസൻസ് ഫീസായി ഈടാക്കിയിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേരും വിലാസവും | ഈടാക്കിയ ലൈസൻസ് ഫീസ് | ലൈസൻസ് നമ്പരും തീയതിയും | വിജ്ഞാപന പ്രകാരം നിശ്ചയിച്ചിരിക്കുന്ന ഫീസ് |
|---|---|---|---|---|---|
| 1 | ചേരിക്കൽ ഒപ്റ്റികൽസ്<br>വാർഡ് -IX<br>കണ്ണട വ്യാപാരം | ഷൈനി സിജു<br>ചേരിക്കൽ ഹൗസ്<br>കെ.കെ.റോഡ് | 600 | 1664/84153<br>26.02.20 | കണ്ണട നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക :<br>A-2500, B- 1500, C-1000 |
| 2 | പേര് രേഖപ്പെടുത്തിയിട്ടില്ല.<br>ഇല്ക്ട്രിക്കൽ ഗുഡ്സ്<br>വാർഡ് -IX | ജെയിംസ് മാത്യു<br>കപ്പോൾ ഹൗസ്<br>മുട്ടമ്പലം | 1000 | 1992/99583<br>24.06.20 | ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് ഗുഡ്സ് :<br>A-5000, B-3000, C-2000 |
| 3 | പേര് രേഖപ്പെടുത്തിയിട്ടില്ല.<br>ഫാസ്റ്റ് ഫുഡ്<br>വാർഡ് -XIV | ജിനീഷ് കുമാർ എം.വി<br>മേല്ലൂട്ട്<br>തൃച്ചാറ്റുകുളം<br>ചേർത്തല | 250 | 80274/1606<br>24.02.20 | ഫാസ്റ്റ് ഫുഡ് തയ്യാറാക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുക<br>A- 2000, B - 1500 C-1000 |
| 4 | വെള്ളാപ്പള്ളി ഏജൻസീസ്<br>വാർഡ് -IX<br>പെട്രോൾ പമ്പ് | മാത്യു കുര്യൻ<br>കൊല്ലംപറമ്പിൽ<br>കാരാപ്പുഴ | 2100 | 1597/79825<br>20.02.20 | പെട്രോളിയം ഉത്പന്നങ്ങൾ വിൽപ്പന നടത്തുക:<br>A-2500, B-2500, C-2500 |
| 5 | ബെഥേൽ ഇലക്ട്രിക്കൽസ്<br>വാർഡ് -IX<br>ഇല്ക്ട്രിക്കൽ ഗുഡ്സ് | മേരി ജോസഫ്<br>ബെഥേൽ ഹൗസ്<br>തെക്കുംപുരം | 300 | 1724/86177<br>27.02.20 | ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് ഗുഡ്സ് :<br>A-5000, B-3000, C-2000 |
| 4 | പേര് രേഖപ്പെടുത്തിയിട്ടില്ല.<br>റെസ്റ്റോറന്റ്<br>വാർഡ് -XIII | ഗിരീഷ് പ്രഭാകരൻ<br>കുറ്റിവേലിൽ<br>കോടിമത | 400 | 92209/1845<br>19.03.20 | റെസ്റ്റോറന്റ് :<br>A-2000, B-1000, C-500 |
| 5 | പുത്തൻസ് ഫൗണ്ടേഷൻസ്<br>വാർഡ് -XIII | ബിജു.പി.ജോർജ്ജ്<br>പുത്തൻഫറമ്പിൽ<br>പുതുപ്പള്ളി | 500 | 1661/83014<br>25.02.20 | ലോഡ്ജ് നടത്തിപ്പ്:<br>A-200, B -1500, C-1000 |
| 6 | പേര് രേഖപ്പെടുത്തിയിട്ടില്ല.<br>ഇലക്ട്രോണിക്സ് ഗുഡ്സ് & സ്പെയർ പാർട്സ്<br>വാർഡ് -XIII | പി.എ.നൗഷാദ്<br>പനച്ചിമൂട്ടിൽ<br>തെക്കുംഗോപുരം | 500 | 85616<br>19.02.20 | ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് ഗുഡ്സ് :<br>A-5000, B-3000, C-2000 |
| 7 | പേര് രേഖപ്പെടുത്തിയിട്ടില്ല. | ടോം സ്ക്വയർ<br>കമ്പളാങ്കൽ | 500 | 85685<br>29.02.20 | ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് |

| | | | | | |
|---|---|---|---|---|---|
| | ഇലക്ട്രോണിക്സ് ഗുഡ്സ് വാർഡ് -XIII | എസ്.എച്ച്.മൗണ്ട് | | | ഗുഡ്സ് : A-5000, B-3000, C-2000 |
| 8 | ഓട്ടോ ലെയ്ൻ സ്പെയർ പാർട്സ് വാർഡ് -XV | മുഹമ്മദ് ഇക്ബാൽ പുത്തൻ പറമ്പിൽ | 250 | 1597/79836 20.02.20 | ഓട്ടോമൊബൈൽ സ്പെയർ പാർട്ടുകൾ നിർമ്മിക്കുക, സംഭരിക്കുക, വിൽപ്പന നടത്തുക A-1000, B-750, C-500 |
| 9 | ജെ.ജെ.കളക്ഷൻസ് വാർഡ് -XV | എ.പി.ജോൺ ജെ.ജെ.ഹോം വടവാതൂർ | 500 | 1724/80713 27.02.20 | ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് ഗുഡ്സ് : A-5000, B-3000, C-2000 |
| 10 | പേര് രേഖപ്പെടുത്തിയിട്ടില്ല. ഇലക്ട്രോണിക് സാധനങ്ങൾ വിൽപ്പനയും സർവ്വീസും | വിനോദ്കുമാർ.കെ.വി ചൂട്ടാണി ഹൗസ് കയ്യൂർ | 750 | 76473/ 14.02.20 | ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് ഗുഡ്സ് : A-5000, B-3000, C-2000 |
| 11 | ഹോട്ടൽ താജ് ഫാസ്റ്റ് ഫുഡ് | പി.എസ്.മുഹമ്മദ് ബഷീർ പുതുപ്പറമ്പിൽ മള്ളൂശ്ശേരി | 500 | 1595/79742 18.02.20 | ഫാസ്റ്റ് ഫുഡ് തയ്യാറാക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുക A- 2000, B - 1500 C-1000 |
| 12 | പേര് രേഖപ്പെടുത്തിയിട്ടില്ല. കണ്ണട വ്യാപാരം വാർഡ് II | ജോഗി പോൾ കുര്യൻസ് കോട്ടേജ് | 600 | 76493 15.02.20 | കണ്ണട നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുക : A-2500, B- 1500, C-1000 |
| 13 | പേര് രേഖപ്പെടുത്തിയിട്ടില്ല. ഇല്ക്ട്രിക്കൽ ഗുഡ്സ് വാർഡ് XI | കുര്യൻ ജോസഫ് ബെഥേൽ തെക്കുംഗോപുരം | 250 | 76682/ 27.02.20 | ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് ഗുഡ്സ് : A-5000, B-3000, C-2000 |
| 14 | സിറ്റി ഫ്യവൽസ് വാർഡ് VI | കൊച്ചുമോൻ തോമസ് ചിറ്റക്കാട്ട് തോമസ് കുമരകം | 1500 | 76596/ 26.02.20 | പെട്രോളിയം ഉത്പന്നങ്ങൾ വിൽപ്പന നടത്തുക: A-2500, B-2500, C-2500 |
| 15 | പേര് രേഖപ്പെടുത്തിയിട്ടില്ല. പേര് രേഖപ്പെടുത്തിയിട്ടില്ല. | നീജ അബ്യ അൽഹമ്ദ മുട്ടമ്പലം | 500 | 76521/ 19.02.20 | ഫാസ്റ്റ് ഫുഡ് തയ്യാറാക്കുകയോ വിൽപ്പന A- 2000, B - 1500 C-1000 |

| | | | | | |
|---|---|---|---|---|---|
| | ഫാസ്റ്റ് ഫുഡ് വാർഡ് VI | | | | |
| 16 | പേര് രേഖപ്പെടുത്തിയിട്ടില്ല. പെട്രോൾ പമ്പ് വാർഡ് IV | കെ.എസ്.ജോസഫ് കണ്ണൻതുരുത്തിൽ പരിയാരം | 2200 | 76620 25.02.20 | പെട്രോളിയം ഉത്പന്നങ്ങൾ വിൽപ്പന നടത്തുക: A-2500, B-2500, C-2500 |

നഗരസഭ വിജ്ഞാപനം ചെയ്തതിനേക്കാൾ കുറഞ്ഞ തുക ലൈസൻസ് ഫീസായി ഈടാക്കിയിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല. കൂടാതെ പല സ്ഥാപനങ്ങളുടെയും പേര് രജിസ്റ്ററിൽ ചേർക്കുന്നില്ല.

ടി അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.72/2020-21, തീയതി 23.03.22) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. 30.11.2020 ലെ ഭേദഗതിക്കനുസൃതമായി സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നിങ്ങനെ കാറ്റഗറി തിരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി നിശ്ചയിക്കുന്ന ഫീസ് പൂർണ്ണമായി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 D&O ട്രേഡ് ലൈസൻസ് ഫോറം വിൽപ്പനയിൽ വരുമാന നഷ്ടം

കോട്ടയം നഗരസഭയുടെ നാട്ടകം മേഖലാ കാര്യലയത്തിലെ D&O ലൈസൻസ് ഫോറം വിൽപ്പനയും D&O ലൈസൻസ് എടുത്തവരുടെ എണ്ണവും തട്ടിച്ച് നോക്കുമ്പോൾ ആകെ വിറ്റ ഫോറങ്ങളുടെ എണ്ണത്തേക്കാൾ ലൈസൻസ് എടുത്ത വ്യക്തികളുടെ എണ്ണം വളരെയധികമാണെന്ന് വ്യക്തമായി. ഇത് ഫോറം വിൽപ്പനയിലൂടെ മുനിസിപ്പാലിറ്റിക്ക് ലഭിക്കേണ്ട യഥാർത്ഥ വരുമാനത്തിൽ ചോർച്ച വരുന്നതിലേക്ക് വിരൽചൂണ്ടുന്നു. ജനവരി 2020 മുതൽ വിറ്റ ഫോറങ്ങളുടെ എണ്ണവും (ഫോംസ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം) D&O ലൈസൻസ് എടുത്തവരുടെ എണ്ണവും (D&O ലൈസൻസ് രജിസ്റ്റർ പ്രകാരം) തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| വിറ്റ ഫോമുകളുടെ എണ്ണം (സീരിയൽ നം.ക്രമത്തിൽ) | ഫോം വിൽപ്പനയിലൂടെ ലഭിച്ച തുക (ഒരു ഫോമിന് 25 രൂപ നിരക്കിൽ | ആകെ |
|---|---|---|
| 14.05.20 വരെ ബുക്ക് നം.1902, രസീത് സീരിയൽ നം.7897-7900 | 4x25 | 100 |
| 23.06.20 വരെ, ബുക്ക് നം.1990, രസീത് സീരിയൽ നം.14501-14520 | 20x25 | 500 |
| 06.07.20 വരെ, ബുക്ക് നം.202, രസീത് സീരിയൽ നം.14521-14526 | 6x25 | 150 |
| 23.07.20 വരെ, ബുക്ക് നം.2048, രസീത് സീരിയൽ നം.14527-14533 വരെ | 7x25 | 175 |
| 20.08.20 വരെ, ബുക്ക് നം.2091, രസീത് സീരിയൽ നം.14534-14550 | 17x25 | 425 |
| 09.09.20 വരെ, ബുക്ക് നം.2118, രസീത് സീരിയൽ നം.14551-14571 | 21x25 | 525 |
| 30.09.20 വരെ, ബുക്ക് നം.2226, രസീത് സീരിയൽ | 18x25 | 450 |

| | | |
|---|---|---|
| നം.14572-14589 | | |
| 13.10.20 വരെ, ബുക്ക് നം.2226, രസീത് സീരിയൽ നം.14590-14600 | 11x25 | 275 |
| 28.10.20 വരെ, ബുക്ക് നം.113481, രസീത് സീരിയൽ നം.9000-9013 | 14x25 | 350 |
| 12.11.20 വരെ, ബുക്ക് നം.2313, രസീത് സീരിയൽ നം.9014-9030 | 17x25 | 425 |
| 23.11.20 വരെ, ബുക്ക് നം.2367, രസീത് സീരിയൽ നം.9031-9043 | 13x25 | 325 |
| 18.12.20 വരെ, ബുക്ക് നം.2388, രസീത് സീരിയൽ നം.9044-9070 | 27x25 | 675 |
| 06.01.21 വരെ, ബുക്ക് നം.2428, രസീത് സീരിയൽ നം.9071-9100 | 30x25 | 750 |
| 28.01.21 വരെ, ബുക്ക് നം.2477, രസീത് സീരിയൽ നം.16101-16120 | 20x25 | 500 |
| 10.02.21 വരെ, ബുക്ക് നം.2582, രസീത് സീരിയൽ നം.16121-16140 | 20x25 | 500 |
| 25.02.21 വരെ, ബുക്ക് നം.2726, രസീത് സീരിയൽ നം.16141-16155 | 15x25 | 375 |
| 15.03.21 വരെ, ബുക്ക് നം.2782, രസീത് സീരിയൽ നം.16156-16183 | 28x25 | 700 |
| 31.03.21 വരെ, ബുക്ക് നം.2785, രസീത് സീരിയൽ നം.16184-16194 | 11x25 | 275 |
| ഫോം വിൽപ്പനയിലൂടെയുള്ള ആകെ വരവ് | | 7475 രൂപ |

നാട്ടകം മേഖലാ കാര്യലയത്തിലെ 20-21 ലെ D&O ലൈസൻസ് രജിസ്റ്ററുകൾ പ്രകാരം വാർഡ് നം.30 മുതൽ 44 വരെ 15 വാർഡുകളിലായി 1180 പേരാണ് ലൈസൻസ് എടുത്തിട്ടുള്ളതും പുതുക്കിയിട്ടുള്ളതും. ലഭ്യമായ വിവരങ്ങൾ പരിശോധിക്കുമ്പോൾ തന്നെ 29500 രൂപ (1180x25) ഫോറം വിൽപ്പനയിലൂടെ നഗരസഭയിലേക്ക് ലഭിക്കേണ്ടതാണ്. എന്നാൽ 7475 രൂപ മാത്രമാണ് ഈയിനത്തിലെ തൻ വർഷ വരവ്. ഈയിനത്തിൽ തന്നെ 22025 രൂപയുടെ നഷ്ടം നഗരസഭയ്ക്കുണ്ടായതായി പ്രാഥമിക പരിശോധനയിൽ വ്യക്തമാണ്. ഇത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തി വരുമാന ചോർച്ച തടയുന്നതിന് നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-29 ദേശീയ വഴിയോരക്കച്ചവട നിയമം 2014 – പ്രാവർത്തികമായില്ല.

നഗരങ്ങളിൽ തെരുവ് കച്ചവടം നടത്തുന്നവരുടെ ഉപജീവനമാർഗ്ഗം സംരക്ഷിക്കുന്നതിനും, നഗരതെരുവ് കച്ചവടം ക്രമപ്പെടുത്തുന്നതിനുമായി 2014ൽ പ്രാബല്യത്തിൽ വന്ന ദേശീയ വഴിയോരക്കച്ചവട നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 19.09.2015 ലെ സ.ഉ (അ) നം. 2818/2015/ത.സ്വ.ഭ.വ പ്രകാരം രൂപീകരിച്ച നഗരകച്ചവട സമിതിയുടെ ആദ്യ യോഗം 2016 മാർച്ച് 19 ന് ചേർന്നിരുന്നെങ്കിലും നടപടികൾ പൂർത്തീകരിച്ച് നിയമം പ്രാബല്യത്തിൽ വരുത്തുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം 67/ 2020-21തീയതി 03.03.22) ലഭ്യമാക്കിയ മറുപടി പ്രകാരം 2018 ലെ സ്ട്രീറ്റ് വെൻഡർ റൂൾ നടപടികൾ പൂർത്തിയായി വരുന്നുവെന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ തെരുവ് കച്ചവടമേഖലകൾ തരംതിരിച്ച് തെരുവ് കച്ചവടരേഖ തയ്യാറാക്കി 28.01.20 ലെ 49-ാം നമ്പർ

കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. ടി തീരുമാനപ്രകാരം നോൺ വെൻഡിംഗ് സോണായി അംഗീകരിച്ച പ്രദേശങ്ങളിൽ നിലവിൽ തെരുവ് കച്ചവടം നടത്തുന്നതായി കാണാവുന്നതാണ്. 2014 ലെ ദേശീയ വഴിയോരകച്ചവട നിയമം വകുപ്പ് 6 പ്രകാരം നടത്തിയ സർവ്വേയിൽ 439 തെരുവ് കച്ചവടക്കാരെ കണ്ടെത്തുകയും അതിൽ അർഹരായ318 പേർക്ക് തിരിച്ചറിയൽ കാർഡ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന് ശേഷം സർവ്വേയിൽ ഉൾപ്പെടാത്തവരായി ഏകദേശം 250 ൽ അധികം ആളുകൾ നഗരത്തിൽ പുതിയതായി തെരുവ് കച്ചവടത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കുന്നതായി നഗരസഭയുടെ തെരുവ് കച്ചവട രേഖയിൽ പ്രതിപാദിക്കുന്നുണ്ട്. 318 തെരുവ് കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ആർക്കുംതന്നെ വെൻഡിംഗ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. വെൻഡിംഗ് സോൺ, കച്ചവടത്തിന്റെ തരം എന്നിവകൾക്കനുസൃതമായി വഴിയോരക്കച്ചവടക്കാരിൽ നിന്നും ഈടാക്കേണ്ടുന്ന വെൻഡിംഗ് ഫീസ് നിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തുകയും ഈടാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഇതിനുള്ള നടപടികൾ നഗരസഭ ആരംഭിച്ചിട്ടില്ല. വഴിയോരക്കച്ചവട നിയമം നടപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-30 കടമുറികൾ വാടകകാലാവധിക്കുശേഷം പുതുക്കിയിട്ടില്ല – വാടകയിനത്തിൽ വരുമാന നഷ്ടം

1) കോടിമത പച്ചക്കറി മാർക്കറ്റിലെയും രാജീവ് ഗാന്ധി ഷോപ്പിങ്ങ് കോംപ്ലക്സിലെ E&F ബ്ലോക്കുകളിലെയും കടമുറികൾ നിലവിൽ 2 വർഷത്തെ കാലാവധിക്കാണ് വാടകയ്ക്ക് നൽകുന്നത്. പ്രസ്തുത കാലാവധി തീരുന്ന മുറയ്ക്ക് ടി മുറികൾ ആവശ്യപ്പെട്ട് വീണ്ടും അപേക്ഷിക്കുന്നപക്ഷം നിലവിലെ വാടക നിരക്കിൽ 10% വർദ്ധനവ് വരുത്തി വീണ്ടും അടുത്ത 2 വർഷത്തേക്ക് പുതുക്കി നൽകുകയാണ് ചെയ്തുവരുന്നത്. എന്നാൽ ഏറ്റവും ഒടുവിൽ ഇപ്രകാരം നീട്ടിനൽകിയ കടമുറികളുടെ വാടക കാലാവധി അവസാനിച്ചശേഷം വീണ്ടും പുതുക്കി കിട്ടാൻ വാടകകാർ അപേക്ഷ നൽകുകയോ നഗരസഭ അത് പുതുക്കി നൽകുകയോ ചെയ്തിട്ടില്ല. മറിച്ച് ടി കടമുറികൾ വാടകക്കാർ അനധികൃതമായി കൈവശം വയ്ക്കുകയും നഗരസഭ അവരിൽ നിന്നും പഴയ നിരക്കിൽ വാടക ഈടാക്കുകയുമാണ് നിലവിൽ ചെയ്തിരിക്കുന്നതെന്ന് വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. തന്മൂലം ഗണ്യമായ തുക വാടകയിനത്തിൽ നഷ്ടം ഉണ്ടാകുന്നു എന്നുമാത്രമല്ല ക്രമാനുസൃതമല്ലാതെ കടമുറികൾ കൈവശം വയ്ക്കുന്ന വാടകക്കാരുടെ നടപടിയെ വാടക സ്വീകരിക്കുന്നതിലൂടെ അധികൃതമാക്കുകയാണ് ഫലത്തിൽ നഗരസഭ ചെയ്തുവരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കോടിമത പച്ചക്കറി മാർക്കറ്റിലെ കടമുറികളുടെ വിവരങ്ങൾ

| ക്രമ നം. | റൂം നം. | ലൈസൻസി | നഗരസഭ ഏറ്റവും ഒടുവിൽ അംഗീ കരിച്ച വാടക കാലാവധി | ഒടുവിൽ അംഗീ കരിച്ച പ്രതിമാസ വാടക | പുതുക്കി നൽകേണ്ട കാലയളവ് | 2020-21 വർഷം വസൂലാ ക്കേണ്ട പ്രതി മാസ വാടക | 2020-21 വർഷം ഈടാ ക്കേണ്ട വാടക | ഈടാ ക്കിയ വാടക | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| 1 | 31 | റ്റി. എം. കൃഷ്ണൻ | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 11 = 31240 | 6248 | |
| 2 | 68 | പി. ദാസ് | 01.04.2018 To 31.03.2020 | 2324 | 01.04.2020 To 31.03.2022 | 2556 | 30672 | 2324 X 8 = 18592 | 12080 | |
| 3 | 79 | സേവ്യർ. സി. | 01.04.2018 To 31.03.2020 | 3873 | 01.04.2020 To 31.03.2022 | 4260 | 51120 | 3873 X 12 = 46476 | 4644 | |
| 4 | 80 | അലക്സ് സേവ്യർ | 01.04.2018 To 31.03.2020 | 3873 | 01.04.2020 To 31.03.2022 | 4260 | 51120 | 3873 X 12 = 46476 | 4644 | |
| 5 | 62 | അരശ്ശു | 01.04.2018 To 31.03.2020 | 2542 | 01.04.2020 To 31.03.2022 | 2796 | 33552 | 2311 X 10 = 23110 | 10442 | 31.03.2018 വരെ ബാധകമായ വാടകയാണ് ഈടാക്കിയത്. |
| 6 | 55 | സുധർമ്മ.സി. | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 8 = 22720<br>3124 X 4 = 12496<br>= 35216 | 2272 | |
| 7 | 34 | സെലീന ഉമ്മർ | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 12 = 34080 | 3408 | |
| 8 | 72 | ബെന്നി വർഗ്ഗീസ് | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 12 = 34080 | 3408 | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 9 | 73 | സുരേഷ് | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 12 = 34080 | 3408 | |
| 10 | 70 | സേവ്യർ.സി. | 01.04.2018 To 31.03.2020 | 2542 | 01.04.2020 To 31.03.2022 | 2796 | 33552 | 2542 X 12 = 30504 | 3048 | |
| 11 | 45 | റ്റി. എ. നൗഷാദ് | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37448 | 2840 X 12 = 34080 | 3408 | |
| 12 | 48 | വി. റ്റി. ജോസഫ് | 01.04.2018 To 31.03.2020 | 2930 | 01.04.2020 To 31.03.2022 | 3223 | 38676 | 2930 X 12 = 35160 | 3516 | |
| 13 | 18 | റ്റി. ശെൽവരാജ് | 01.04.2018 To 31.03.2020 | 2542 | 01.04.2020 To 31.03.2022 | 2796 | 33552 | 2542 X 12 = 30504 | 3048 | |
| 14 | 17 | രാജരത്തിനം | 01.04.2018 To 31.03.2020 | 2542 | 01.04.2020 To 31.03.2022 | 2796 | 33552 | 2542 X 12 = 30504 | 3048 | |
| 15 | 38 | സി. എച്ച്. അഹമ്മദ് | 01.04.2018 To 31.03.2020 | 2324 | 01.04.2020 To 31.03.2022 | 2556 | 30672 | 2324 X 12 = 27888 | 2784 | |
| 16 | 37 | പി. പി. നൗഷാദ് | 01.04.2018 To 31.03.2020 | 2324 | 01.04.2020 To 31.03.2022 | 2556 | 30672 | 2324 X 12 = 27888 | 2784 | |
| 17 | 24 | ഉമ്മൻകുഞ്ഞ് | 01.04.2018 To 31.03.2020 | 2582 | 01.04.2020 To 31.03.2022 | 2840 | 34040 | 2582 X 6<br>2840 X 6<br>32532 | 1508 | |
| 18 | 19 | സുജാത. കെ. | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 12 = 34080 | 3408 | |
| 19 | 95 | രാഹുൽ. ആർ | 01.02.2018 To 31.01.2020 | 3521 | 01.02.2020 To 31.01.2022 | 3873 | 46476 | 3521 X 7<br>3873 X 5<br>44012 | 2464 | |
| 20 | 67 | നിസാർ. കെ. എം. | 01.04.2016 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 12 = 34080 | 3408 | |
| 21 | 6 | അജിമോൻ. പി. വി. | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 7<br>3124 X 5<br>35500 | 1988 | |
| 22 | 99 | മുഹമ്മദ് റിയാസ് | 01.02.2016 To 31.01.2018 | 3201 | 01.02.2018 To 31.01.2022 | 3873 | 46476 | 2910 X 3<br>3201 X 4<br>21534 | 24942 | ആകെ 7 മാസം മാത്രമേ വാടക ഈടാക്കിയിട്ടുള്ളു. |
| 23 | 89 | മുഹമ്മദ് ഹുസൈൻ | 01.02.2017 To 31.01.2019 | 3201 | 01.02.2019 To 31.01.2023 | 3521 (Upto 1/21) | 42956 | 3201 X 12 = 38412 | 4544 | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | 3873 (From 2/21) | | | | |
| 24 | 93 | പി. കെ. രാജപ്പൻ | 01.02.2018 To 31.01.2020 | 3521 | 01.02.2020 To 31.01.2022 | 3873 | 46476 | 3521 X 12 = 42252 | 4224 | |
| 25 | 60 | പി. സുകുമാരൻ | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 7 = 19880 | 17608 | 4/2020 മുതൽ 7/2020 വരെ മാത്രം വാടക ഈടാക്കിയിട്ടുള്ളൂ. |
| 26 | 57 | പി. ജെ. ജോസഫ് | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 10 = 28400 | 9088 | 10 മാസത്തെ വാടക മാത്രമേ ഒടുക്കിയിട്ടുള്ളൂ. |
| 27 | 52 | പി. ജി. രാജപ്പൻ | 01.04.2014 To 31.03.2016 | 2774 | 01.04.2016 To 31.03.2022 | 3692 | 44304 | 2522 X 4 2774 X 8 32280 | 12024 | 4/2020 മുതൽ 07/2020 വരെ 2522 പ്രകാരവും 08/2020 മുതൽ 03/2021 വരെ 2774 രൂപ നിരക്കിലുമാണ് വാടക ഈടാക്കിയത്. |
| 28 | 96 | എം. കെ. രത്നം | 01.02.2018 To 31.01.2020 | 3521 | 01.02.2020 To 31.01.2022 | 3873 | 46476 | 3521 X 12 = 42252 | 4224 | |
| 29 | 88 | മുഹമ്മദ് ഹുസൈൻ | 01.02.2014 To 31.01.2019 | 3201 | 01.02.2019 To 31.01.2023 | 3521 (Upto 31.01.2021) 3873 (From 01.02.21) | 35210 7746 42956 | 3201 X 12 = 38412 | 4544 | |
| 30 | 43 | ഇന്ദിരാമ്മ | 01.04.2016 To 31.03.2018 | 2311 | 01.04.2018 To 31.03.2022 | 2796 | 33552 | 2311 X 10 = 23110 | 10442 | 4/2020 മുതൽ 01/2021 വരെ 10 മാസം മാത്രമേ ഈടാക്കിയിട്ടുള്ളൂ. |
| 31 | 32 | നജീർ. ബി. | 01.04.2014 To 31.03.2016 | 2347 | 01.04.2016 To 31.03.2022 | 3124 | 37488 | 2347 X 12 = 28164 | 9324 | |
| 32 | 28 | റ്റി. എം. രാജു | 01.04.2018 To 31.03.2020 | 3356 | 01.04.2020 To 31.03.2022 | 3692 | 44304 | 3356 X 12 = 40272 | 4032 | |
| 33 | 8 | ലളിത. കെ. എം. | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 12 = 34080 | 3408 | |
| 34 | 48 | വി. റ്റി. ജോസഫ് | 01.04.2018 To 31.03.2020 | 2930 | 01.04.2020 To 31.03.2022 | 3223 | 38676 | 2930 X 12 = 35160 | 3516 | |
| 35 | 10 | ബേബിതമ്പി | 01.04.2018 To 31.03.2020 | 2542 | 01.04.2020 To 31.03.2022 | 2796 | 33552 | 2542 X 11 = 27962 | 5590 | രജിസ്റ്റർ പ്രകാരം 12/2020ൽ തുക ഈടാക്കിയിട്ടില്ല. |
| 36 | 77 | എസ്.വിജയൻ | 01.02.2019 To 31.01.2021 | 3051 | 01.02.2021 To 31.01.2023 | 3356 | 3051 X 10 3356x2 37222 | 3051 | 34171 | രജിസ്റ്റർ പ്രകാരം 04/2020ൽ മാത്രം തുക ഒടുക്കി. |
| 37 | 11 | എൻ. ജമാൽ | 01.04.2016 To 31.03.2018 | 2113 | 01.04.2018 To 31.03.2022 | 2556 | 30672 | 1921 X 12 = 23052 | 7620 | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 38 | 30 | തോമസ്.പി. എം. | 01.04.2014 To 31.03.2016 | 2347 | 01.04.2016 To 31.03.2022 | 3124 | 37488 | 2134 X 6 2347 X 6 26886 | 10602 | 04/2020 മുതൽ 09/2020 വരെ 2134 രൂപ നിരക്കിലും 10/2020 മുതൽ 03/2021 വരെ2347 രൂപ നിരക്കിലും ഈടാക്കി. |
| 39 | 58 | മറിയാമ്മ ജോസഫ് | 01.04.2016 To 31.03.2018 | 2582 | 01.04.2018 To 31.03.2022 | 3124 | 37488 | 2582 X 5 = 12910 | 24578 | രജിസ്റ്റർ പ്രകാരം 04/2020 മുതൽ 08/2020 വരെ മാത്രം ഈടാക്കി. |
| 40 | 49 | വി. ഐ. ജോർജ് | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 0 | 37488 | രജിസ്റ്റർ പ്രകാരം 10/2019 ന ശേഷം വാടക ഒടുക്കിയിട്ടില്ല. |
| 41 | 50 | പി.ജെ. ജോർജ് | 01.04.2016 To 31.03.2018 | 2582 | 01.04.2018 To 31.03.2022 | 3124 | 37488 | 0 | 37488 | രജിസ്റ്റർ പ്രകാരം 03/2020 വരെ മാത്രം 2582 നിരക്കിൽ ഈടാക്കി. |
| 42 | 29 | സി. എം. ഹംസ | 01.04.2016 To 31.03.2018 | 2582 | 01.04.2018 To 31.03.2022 | 3124 | 37488 | 2347 X 6 2582 X 6 29574 | 7914 | രജിസ്റ്റർ പ്രകാരം 04/2020 മുതൽ 09/2020 വരെ 2347 രൂപ പ്രകാരവും ശേഷം 2582 പ്രകാരവും ഈടാക്കി. |
| 43 | 75 | കെ. എം. സുരേഷ്കുമാർ | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2850 X 2 = 5680 | 31808 | രജിസ്റ്റർ പ്രകാരം 04/2020, 05/2020 എന്നീ മാസങ്ങളിൽ മാത്രം ഈടാക്കി. |
| 44 | 81 | മഹേശ്വരി. എം. | 01.04.2018 To 31.03.2020 | 3521 | 01.04.2020 To 31.03.2022 | 3873 | 46476 | 3521 X 2 3873 X 10 45772 | 704 | |
| 45 | 44 | പി. പി. വർഗ്ഗീസ് | 01.04.2018 To 31.03.2020 | 2542 | 01.04.2020 To 31.03.2022 | 2796 | 33552 | 2542 X 12 = 30504 | 3048 | |
| 46 | 20 | സി. എസ്. കുരുവിള | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 12 = 34080 | 3408 | |
| 47 | 9 | റ്റി. ചാക്കോ | 01.04.2018 To 31.03.2020 | 2542 | 01.04.2020 To 31.03.2022 | 2796 | 33552 | 2542 X 12 = 30504 | 3048 | |
| 48 | 35 | ജെഷീർ. വി.കെ. & ക്ഷമീർ. വി. കെ. | 17.02.2020 To 16.02.2022 | 3973 | 17.02.2020 To 16.02.2022 | 3973 | 47676 | 3178 X 12 = 38136 | 9540 | ഓണർഷിപ്പ് മാറിയതിനെ തുടർന്ന് കൗൺസിൽ തീരുമാനം നം. 44/17.02.2020 പ്രകാരം നിലവിലെ വാടകയിൽ (3178) 25% |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | വർദ്ധനവ് വരുത്തി ഇതു പ്രകാരം 17.02.2020 മുതൽ 3973 രൂപ നിരക്കിലാണ് വാടക ഈടാക്കേണ്ടിയിരുന്നത്. |
| 49 | 40 | തോമസ് മാത്യൂ | 01.04.2018 To 31.03.2020 | 2324 | 01.04.2020 To 31.03.2022 | 2556 | 30672 | 2324 X 3 = 6972 | 23700 | രജിസ്റ്റർ പ്രകാരം 04/2020 മുതൽ 06/2020 വരെ മാത്രം വാടക ഈടാക്കിയിട്ടുള്ളൂ. |
| 50 | 5 | അനിൽകുമാർ. എൽ | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 12 = 34080 | 3408 | |
| 51 | 12 | കെ. ഇ. മുഹമ്മദ് | 01.04.2018 To 31.03.2020 | 2324 | 01.04.2020 To 31.03.2022 | 2556 | 30672 | 2324 X 12 = 27888 | 2784 | |
| 52 | 67 | കെ. എം. നിസാർ | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 12 = 34080 | 3408 | |
| 53 | 61 | സരോജം | 01.04.2018 To 31.03.2020 | 2542 | 01.04.2020 To 31.03.2022 | 2796 | 33552 | 2542 X 12 = 30504 | 3048 | |
| 54 | 24 | ഉമ്മൻകുഞ്ഞ്. കെ. | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 12 = 34080 | 3408 | |
| 55 | 21 | റജിമോൻ. റ്റി. | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 7 = 19880 3124 X 5 = 15620 35500 | 1988 | |
| 56 | 26 | റുഖിയ അഹമ്മദ് | 01.04.2016 To 31.03.2018 | 3051 | 01.04.2018 To 31.03.2022 | 3692 | 44304 | 2774 X 9 = 24966 3051 X 3 = 9153 34119 | 10185 | |
| 57 | 22 | പി. വി. റജിമോൻ | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 12 = 34080 | 3408 | |
| 58 | 1 | അബ്ദുൾ ബഷീർ | 01.04.2018 To 31.03.2020 | 3356 | 01.04.2020 To 31.03.2022 | 3692 | 44304 | 3356 X 12 = 40272 | 4032 | |
| 59 | 2 | എസ്. പൊന്നച്ചൻ | 01.04.2016 To 31.03.2018 | 3051 | 01.04.2018 To 31.03.2022 | 3692 | 44304 | 3051 X 12 = 36612 | 7692 | |
| 60 | 4 | കെ. എ. മാത്യൂ | 01.04.2016 To 31.03.2018 | 2582 | 01.04.2018 To 31.03.2022 | 3124 | 37488 | 2582 X 12 = 30984 | 6054 | |
| 61 | 14 | കൃഷ്ണകുമാർ | 01.04.2012 To | 1746 | 01.04.2014 To | 2556 | 30672 | 0 | 30672 | 06/2018 വരെ @ 1746 വാടക |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | 31.03.2014 | | 31.03.2022 | | | | | ഒടുക്കിയിട്ടുള്ളൂ. അത് 03.10.2021ൽ മാത്രമാണ്. |
| 62 | 15 | ലക്ഷ്മണപിള്ള | 01.04.2014 To 31.03.2016 | 1921 | 01.04.2016 To 31.03.2022 | 2556 | 30672 | 1921 X 6 = 11526 2113 X 6 = 12678 24204 | 6468 | |
| 63 | 16 | കെ. രാജു | 01.04.2016 To 31.03.2018 | 2113 | 01.04.2018 To 31.03.2022 | 2556 | 30672 | 2113 X 12 = 25356 | 5316 | |
| 64 | 25 | തോമസ് അഗസ്റ്റിൻ | 01.04.2016 To 31.03.2018 | 3051 | 01.04.2018 To 31.03.2022 | 3692 | 44304 | 3051 X 12 = 36612 | 7692 | |
| 65 | 20 | റ്റി. കെ. സജീവ് | 01.04.2012 To 31.03.2014 | 2522 | 01.04.2014 To 31.03.2022 | 3692 | 44304 | 0 | 44304 | ടിയാൻ 01/2020 വരെ @ 2522 പ്രകാരം വാടക ഒടുക്കിയിട്ടുള്ളൂ. |
| 66 | 33 | റ്റി. എം. ഉമ്മർകുട്ടി | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 8 = 22720 | 14768 | 11/2020 വരെ മാത്രം വാടക ഒടുക്കിയിട്ടുള്ളൂ. |
| 67 | 39 | ആർ. ചെല്ലപ്പൻ | 01.04.2012 To 31.03.2014 | 1746 | 01.04.2014 To 31.03.2022 | 2556 | 30672 | 1746 X 10 = 17460 | 13212 | 04/2020 മുതൽ 01/2021 വരെ മാത്രം വാടക ഒടുക്കിയിട്ടുള്ളൂ. |
| 68 | 41 | കുമാർ. എ. | 01.04.2012 To 31.03.2014 | 1746 | 01.04.2014 To 31.03.2022 | 2556 | 30672 | 0 | 30672 | രജിസ്റ്റർ പ്രകാരം 1746 രൂപ നിരക്കിൽ 03/2017 വരെ മാത്രം വാടക ഒടുക്കി. |
| 69 | 42 | ജയൻ. വി. കെ. | 01.04.2012 To 31.03.2014 | 1746 | 01.04.2014 To 31.03.2022 | 2556 | 30672 | 1746 X 12 = 20952 | 9720 | |
| 70 | 51 | പി. ജി. രാജപ്പൻ | 01.04.2014 To 31.03.2016 | 2774 | 01.04.2016 To 31.03.2022 | 3692 | 44304 | 0 | 44304 | 2774 രൂപ പ്രകാരം 12/2019 വരെ മാത്രം വാടക ഒടുക്കി, |
| 71 | 63 | മത്തായി ദേവസ്യ | 01.04.2014 To 31.03.2016 | 1921 | 01.04.2016 To 31.03.2022 | 2556 | 30672 | 0 | 30672 | 1921 രൂപ പ്രകാരം 04/2019 വരെ മാത്രം ഒടുക്കി. |
| 72 | 64 | സിബി ദേവസ്യ | 01.04.2014 To 31.03.2016 | 1921 | 01.04.2016 To 31.03.2022 | 2556 | 30672 | 0 | 30672 | 1921 രൂപ പ്രകാരം 04/2019 വരെ മാത്രം ഒടുക്കി. |
| 73 | 65 | പി. എ.സലാം | 01.04.2016 To 31.03.2018 | 2113 | 01.04.2018 To 31.03.2022 | 2556 | 30672 | 0 | 30672 | 1921 രൂപ പ്രകാരം 12/2018 വരെ മാത്രം ഒടുക്കി. |
| 74 | 66 | വാസൻ | 01.04.2016 To 31.03.2018 | 1746 | 01.04.2018 To 31.03.2022 | 2113 | 25356 | 0 | 25356 | 1746 രൂപ പ്രകാരം 12/2019 വരെ മാത്രം ഒടുക്കി. |
| 75 | 69 | മത്തായി ദേവസ്യ | 01.04.2018 To 31.03.2020 | 2796 | 01.04.2020 To 31.03.2022 | 3076 | 36912 | 2796 X 12 = 33552 | 3360 | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 76 | 71 | ടി. രാജേഷ് | 01.04.2012 To 31.03.2014 | 2134 | 01.04.2014 To 31.03.2022 | 3124 | 37488 | 0 | 37488 | 2134 രൂപ പ്രകാരം 03/2016 വരെ മാത്രം ഒടുക്കി. |
| 77 | 74 | പി. തങ്കരാജ് | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 12 = 34080 | 3408 | |
| 78 | 76 | ജ്ഞാനമുത്തു. | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 12 = 34080 | 3408 | |
| 79 | 82 | സന്ധ്യാസജീവ് | 01.04.2014 To 31.03.2016 | 2910 | 01.04.2016 To 31.03.2022 | 3873 | 46476 | 0 | 46476 | രജിസ്റ്റർ പ്രകാരം 2910 രൂപ നിരക്കിൽ 05/2018 വരെ മാത്രം ഒടുക്കി. |
| 80 | 83 | രതീഷ്കുമാർ & രാജീവ്. കെ. എൻ. | 01.04.2014 To 31.03.2016 | 3201 | 01.04.2016 To 31.03.2022 | 4260 | 51120 | 0 | 51120 | രജിസ്റ്റർ പ്രകാരം നാളിതുവരെ തുക ഒടുക്കിയിട്ടില്ല. |
| 81 | 85 | പൗലോസ് | 01.04.2018 To 31.03.2020 | 2840 | 01.04.2020 To 31.03.2022 | 3124 | 37488 | 2840 X 12 = 34080 | 3408 | |
| 82 | 86 | മുഹമ്മദ് സാലിഹ് | 07.09.2018 To 06.09.2020 | 5000 | 07.09.2020 To 06.09.2022 | 5500ക്ര | (01.04.2020 To 06.09.2020 26000)<br>(07.09.2020 To 31.03.2021 37400)<br>26000<br>37400<br>63400 | 5000 X 9 = 45000 | 18400 | രജിസ്റ്റർ പ്രകാരം 04/2020 മുതൽ 12/2020 വരെ 9 മാസം 5000 രൂപ പ്രകാരം വാടക ഒടുക്കി. |
| 83 | 90 | ലിനി മർഫിൽ | 01.02.2014 To 31.01.2016 | 2910 | 01.02.2016 To 31.01.2022 | 3873 | 46476 | 2910 X 10 = 29100 | 17376 | രജിസ്റ്റർ പ്രകാരം 2910 രൂപ നിരക്കിൽ 01/2021 വരെ മാത്രം വാടക ഒടുക്കി. |
| 84 | 91 | സബാഷ്രാജ്. ആർ | 29.01.2020 To 28.01.2022 | 5000 | - | 5000 | 60000 | 5000 X 8 = 40000 | 20000 | രജിസ്റ്റർ പ്രകാരം 11/2020 വരെ മാത്രം വാടക ഒടുക്കി. |
| 85 | 97 | രാജപ്പപണിക്കർ | 01.09.2017 To 31.08.2019 | 3521 | 01.09.2019 To 31.08.2021 | 3873 | 46476 | 3521 X 12 = 42252 | 4224 | |
| ആകെ | | | | | | | | | 10,20,176 | |

രാജീവ് ഗാന്ധി ഷോപ്പിങ്ങ് കോംപ്ലക്സിലെ E&F ബ്ലോക്കുകളിലെ കടമുറികൾ കാലാവധി അവസാനിച്ചശേഷം വീണ്ടും പുതുക്കി കിട്ടാൻ വാടകകാർ അപേക്ഷ നൽകുകകയോ പുതുക്കി നൽകുകയോ ചെയ്യാത്തവയുടെ വിവരങ്ങൾ

| ക്രമ നം. | റൂം നം. | ലൈസൻസി | നഗരസഭ ഏറ്റവും ഒടുവിൽ അംഗീകരിച്ച വാടക കാലാവധി | ഒടുവിൽ അംഗീകരിച്ച പ്രതിമാസ വാടക | പുതുക്കി നൽകേണ്ട കാലയളവ് | 2020-21 വർഷം വസൂലാക്കേണ്ട പ്രതിമാസ വാടക | 2020-21 വർഷം ഈടാക്കേണ്ട വാടക | ഈടാക്കിയ വാടക | കുറവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|
| 1 | GF-2 | ജിനോ സെബാസ്റ്റ്യൻ | 01.01.2017 To 31.12.2018 | 5510 | 01.04.2019 To 31.03.2022 | 6667 | 80005 | 5510 X 12 = 66120 | 13885 | |
| 2 | GF-2A | എ.ബി.ഇഷാക്ക് | 01.01.2019 To 31.12.2020 | 5719 | 01.01.2021 To 31.03.2022 | 5179 രൂപ 31.12.20 വരെയും 6290 രൂപ 01.01.21 മുതൽ 31.03.22 വരെയും | 65481 | 5179 X12 = 62148 | 3333 | |
| 3 | GF-9 | എസ്.ഡി.സെയ്ത് ഇസ്മായിൽ | 01.07.2017 To 30.06.2019 | 2509 | 01.07.2019 To 31.03.2022 | 2760 രൂപ 01.07.19 മുതൽ 30.06.20 വരെയും 3036 രൂപ 01.07.20 മുതൽ 31.03.22 വരെയും | 35604 | 2509 X 12 = 30108 | 5496 | |
| 4 | GF-14 | വാസന്തി.എസ് | 01.07.2016 To 30.06.2018 | 2398 | 01.07.2018 To 31.03.2022 | 2638 | 31656 | 2398 X 3 = 7194 | 24462 | 2020-21 സാമ്പത്തിക വർഷം 4/20 മുതൽ 6/20 വരെയുള്ള മൂന്ന് മാസങ്ങളിലെ വാടക മാത്രമേ ടിയാൾ ഒടുക്കിയിട്ടുള്ളൂ. ബാക്കി മാസങ്ങളിലെ വാടക കുടിശ്ശികയുണ്ട് |
| 5 | GF-18 | എം.എെ.ഷറഫുദീൻ & നിജാസ്.എം.മജീദ് | 01.05.2017 To 30.04.2019 | 1977 | 01.05.2019 To 31.03.2022 | 2393 | 3954 | 2393 X 12 = 28716 | 24762 | 20-21 ൽ 8,9 മാസങ്ങളിലെ വാടക മാത്രമാണ് ഈടാക്കിയിട്ടുള്ളത് |
| 6 | GF-19 | ജോസഫ് തോമസ്& സിന്ധു മുരളി | വിവരം രജിസ്റ്ററിൽ ലഭ്യമല്ല | 2155 (നിലവിൽ ഈടാക്കി ക്കൊണ്ടിരിക്കുന്ന വാടക) | - | 2155 | 25860 | 25860 | 0 | നഗരസഭ ഏറ്റവും ഒടുവിൽ അംഗീകരിച്ച വാടക കാലാവധി എന്നാണെന്ന് രേഖപ്പെടുത്തി യിട്ടില്ലാത്ത തിനാൽ ഈടാക്കിയ വാർഷിക വാടകയുടെ കൃത്യത |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | പരിശോധി ക്കുവാൻ സാധിച്ചിട്ടില്ല |
| 7 | GF-22 | കെ.ചന്ദ്രബാബു | 01.07.2017 To 30.06.2019 | 2783 | 01.07.2019 To 31.03.2022 | 3367 | 40404 | 2783 X 12 = 33396 | 7008 | |
| 8 | GF-25 | വെങ്കിടേശ്വരപൈ& ജി.ദിനേശ് | 01.07.2017 To 30.06.2019 | 1980 | 01.07.2019 To 31.03.2022 | 2396 | 28752 | 1980 X 12 = 23760 | 4992 | |
| 9 | GF-27 | കെ.ബിജു | 01.04.2017 To 31.03.2019 | 2273 | 01.04.2019 To 31.03.2022 | 2750 | 33000 | 2273 X 12 = 27276 | 5724 | |
| 10 | FF-1 | ബെറ്റി.കെ.കുര്യൻ | 01.08.2016 To 31.07.2018 | 2806 | 01.08.2018 To 31.03.2022 | 3736 | 44832 | 2806 X 12 = 33672 | 11160 | |
| 11 | FF-4 | പി.ഗണേശൻ | 01.02.2014 To 31.03.2016 | 1640 | 01.04.2016 To 31.03.2022 | 2640 | 31680 | 1640 X 12 = 19680 | 12000 | |
| 12 | FF-5 | ജിനോ സെബാസ്റ്റ്യൻ | 01.07.2014 To 30.06.2016 | 2339 | 01.07.2016 To 31.03.2022 | 2573, (1.07.16 To 30.6.17) 2830, (1.07.17 To 30.06.18) 3113, (1.07.18 To 30.06.19) 3424, (1.07.19 To 30.06.20) 3766 (1.07.20 To 30.06.21) | 44166 | 2339 X 12 = 28068 | 16098 | |
| 13 | FF-7 | അരുൺ മർക്കോസ് | 01.08.2018 To 31.07.2020 | 2520 | 01.08.2020 To 31.03.2022 | 2520 (Up To 31.07.20) 2772 (1.08.20 To 31.03.21) | 32256 | 2520x 12 = 30240 | 2016 | |
| 14 | FF-17 | പാർത്ഥിപൻ | 21.05.2016 To 28.04.2018 | 1879 | 29.04.2018 To 31.03.2022 | 2067 (29.04.18 To 28.04.19) 2274 (29.04.19 To 28.04.20) 2501 (29.04.20 To 28.04.21) | 29785 | 1879 X 12 = 22548 | 7237 | |
| 15 | FF Hall No-1D | എബ്രഹാം കുര്യൻ | 01.02.2017 To 30.01.2019 | 2553 | 01.02.2019 To | 2808 (1.02.19 To | 37686 | 2553 X 12 = 30636 | 7050 | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | 31.03.2022 | 30.01.20)<br>3089 (01.02.20 To 31.01.21)<br>3398 (01.02.21 To 31.01.22) | | | | |
| 16 | FF Hall No-1 | ജോർജ് വർഗ്ഗീസ് | 01.06.2014 To 31.05.2016 | 4928 | 01.06.2016 To 31.03.2022 | 5421 (01.06.16 To 31.05.17)<br>5963 (01.6.17 To 31.05.18)<br>6559 (01.06.18 To 31.05.19)<br>7214 (01.6.19 To 31.05.20)<br>7934 (01.6.20 To 31.05.21) | 93768 | 4928 X 12 = 59136 | 34632 | |
| 17 | FF Hall No-4 | ജോർജ് വർഗ്ഗീസ് | 01.06.2016 To 31.05.2018 | 3056 | 01.06.2018 To 31.03.2022 | 3362 (01.6.18 To 31.05.19)<br>3698 (01.6.19 To 31.05.20)<br>4068 (01.06.20 To 31.05.21) | 48076 | 36672 | 11404 | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 42/2020-21 തീയതി 04.02.2022) നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ (നം. ആർ.6(എ.2) 31600/2018 തീയതി 24.03.2022) പ്രസ്തുത ഓഡിറ്റ് നിരീക്ഷണത്തിലെ വസ്തുത ശരിവയ്ക്കുകയും ആയതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുഖേന പരിഹാര നടപടി നഗരസഭാ കൗൺസിലിന് സമർപ്പിക്കുകയും 04.10.2021ൽ നഗരസഭാ കൗൺസിൽ ഇതിൽ തീരുമാനം എടുത്തിട്ടുള്ളതായും വ്യക്തമാക്കുന്നു. പ്രസ്തുത കടമുറികളുടെ കരാർ കാലാവധി കുടിശ്ശിക പിഴ ഈടാക്കി വസൂലാക്കുന്നതിനും കരാർ കാലാവധി ഏകീകരിക്കുന്നതിനുമാണ് 04.10.2021ലെ നഗരസഭാ കൗൺസിൽ 71-ാം നമ്പരായി തീരുമാനം എടുത്തിട്ടുള്ളത്. ഇതുപ്രകാരം കോടിമത പച്ചക്കറി ചന്തയിലെ 85 കടമുറികളും 83-ാം നമ്പർ കടമുറി ഒഴികെ ബാക്കി കടമുറികളുടെ വാടക കാലാവധി 31.03.2024 വരെ ആക്കി പുനരേകീകരിക്കുകയും വാർഷിക വാടകയിൽ പ്രതിവർഷം 5% വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ടെന്ന് നഗരസഭ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നു. കൂടാതെ കരാർ യഥാസമയം പുതുക്കാത്തവരിൽ നിന്നും 300 രൂപ പിഴ ഈടാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഭൂരിഭാഗം വാടകക്കാരും വാടക ഒടുക്കിയതായും പ്രസ്തുത മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത മറുപടിയിലെ വിശദാംശങ്ങൾ പ്രകാരം മേൽപരാമർശിച്ചവരിൽ താഴെപ്പറയുന്ന ക്രമ നമ്പരുകളിൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് വാടക ഒടുക്കുന്നത് സംബന്ധിച്ച നോട്ടീസ് നൽകിയിട്ടുണ്ട് എന്നാൽ ഇവർ വാടക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പേര് | റൂം നമ്പർ |
|---|---|---|
| 1 | റ്റി. എം. കൃഷ്ണൻ | 31 |

| | | |
|---|---|---|
| 2 | പി. ദാസ് | 68 |
| 3 | സേവ്യർ. സി. | 79 |
| 4 | അലക്സ് സേവ്യർ | 80 |
| 5 | അരശ്ശ | 62 |
| 8 | ബെന്നി വർഗ്ഗീസ് | 72 |
| 10 | സേവ്യർ. സി. | 70 |
| 22 | മുഹമ്മദ് റിയാസ് | 99 |
| 24 | പി. കെ. രാജപ്പൻ | 93 |
| 25 | പി. സുകുമാരൻ | 60 |
| 27 | പി. ജി. രാജപ്പൻ | 52 |
| 28 | എം. കെ. രത്നം | 96 |
| 30 | ഇന്ദിരാമ്മ | 43 |
| 31 | നജീർ. ബി. | 32 |
| 36 | എസ്. വിജയൻ | 77 |
| 37 | എൻ. ജമാൽ | 11 |
| 39 | മറിയാമ്മ ജോസഫ് | 58 |
| 40 | വി. ഐ. ജോർജ് | 49+ |
| 41 | പി. ജെ. ജോർജ് | 50 |
| 43 | കെ. എം. സുരേഷ്കുമാർ | 75 |
| 44 | മഹേശ്വരി. എം. | 81 |
| 45 | പി. പി. വർഗ്ഗീസ് | 44 |
| 49 | തോമസ് മാത്യു | 40 |
| 51 | കെ. ഇ. മുഹമ്മദ് | 12 |
| 53 | സരോജം | 61 |
| 56 | റുഖിയ അഹമ്മദ് | 26 |
| 61 | കൃഷ്ണകുമാർ | 14 |
| 67 | ആർ. ചെല്ലപ്പൻ | 39 |
| 68 | കുമാർ. എ. | 41 |
| 70 | പി. ജി. രാജപ്പൻ | 51 |
| 71 | മത്തായി ദേവസ്യ | 63 |
| 72 | സിബി ദേവസ്യ | 64 |
| 73 | പി. എ. സലാം | 65 |
| 74 | വാസൻ | 66 |
| 75 | മത്തായി ദേവസ്യ | 69 |
| 76 | ടി. രാജേഷ് | 71 |
| 79 | സന്ധ്യ സജീവ് | 82 |
| 82 | മുഹമ്മദ് സാലിഖ് | 86 |
| 84 | സബാഷ് രാജ്. ആർ | 91 |
| 85 | രൗജപ്പപണിക്കർ | 97 |

മേൽ വ്യക്തികളിൽ നിന്നും വാടക കുടിശ്ശിക ഈടാക്കായതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) കടമുറികൾ വാടകക്കാർ നാളിഉവരെ വാടകയൊടുക്കിയിട്ടില്ല .

I) കോടിമത പച്ചക്കറി മാർക്കറ്റിലെ 92-ാം കടമുറി വാടകയ്ക്ക് നൽകിയിട്ടുള്ളത് സുരേഷ്ബാബു എന്ന വ്യക്തിക്കാണെന്ന് വാടക രജിസ്റ്റർ വ്യക്തമാക്കുന്നു. പ്രതിമാസ വാടക എത്രയെന്ന് വാടക രജിസ്റ്ററിൽ ചേർത്തിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ടിയാൻ നാളിഉവരെ വാടകയൊടുക്കിയിട്ടില്ല. വാടക അടയ്ക്കാത്തതിനാൽ ടി കടമുറി പുനർലേലം ചെയ്യുന്നതിന് മുനിസിപ്പൽ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. (09.01.2020ലെ 32-ാം നമ്പർ തീരുമാനം) എന്നാൽ പുനർലേലം ചെയ്തതിന്റെ വിശദാംശങ്ങൾ

വാടക രജിസ്റ്ററിൽ ചേർത്തിട്ടില്ല.

l) കോടിമത പച്ചക്കറി മാർക്കറ്റിലെ 98-ാം കടമുറി ലൈസൻസിന് നൽകിയിട്ടുള്ളത് എസ്. രാജേഷ് എന്ന വ്യക്തിക്കാണ്. ടിയാന്റെ പ്രതിമാസ വാടക 01.04.2012 മുതൽ 31.03.2014 വരെ ഒരു വർഷത്തേക്ക് 2134/- രൂപയായി മുനിസിപ്പൽ കൗൺസിൽ നിശ്ചയിച്ചിട്ടുണ്ട്.

(16.03.2012ലെ 1-ാം നമ്പർ തീരുമാനം) ടിയാൻ നാളിതുവരെ വാടകയിനത്തിൽ തുകയൊന്നും അടവാക്കിയിട്ടില്ല. ടിയാനിൽ നിന്നും വാടക ഈടാക്കുന്നതിനോ, മുറി പുനർലേലം ചെയ്യുന്നതിനോ നടപടി സ്വീകരിച്ചതായി കാണുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 92-ാം നമ്പർ കടമുറി ലേലം കൊണ്ട ശ്രീ. സുരേഷ്കുമാർ മുറി ഏറ്റെടുക്കാത്തതിനെതുടർന്ന് പലതവണ പുനർലേലം ചെയ്തുവെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. 98-ാം നമ്പർ കടമുറി സംബന്ധിച്ച് കോടതി വ്യവഹാരം നിലനിൽക്കുന്നതിനാലാണ് തുടർനടപടികൾ സ്വീകരിക്കാതിരുന്നത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. മുറികൾ പുനർലേലം ചെയ്യുന്ന മുറയ്ക്ക് വാടക വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-31 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - അപാകതൾ

1999-ലെ കേരള മുനിസിപ്പാലിറ്റി(ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ 3(1) പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഏതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതുമാണ്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ/പുതുക്കൽ സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. രജിസ്ട്രേഷൻ/പുതുക്കൽ സംബന്ധിച്ച ചട്ടങ്ങൾ പാലിക്കപ്പെടുന്നില്ല .

   1. 1999-ലെ കേരള മുനിസിപ്പാലിറ്റി(ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(2), ചട്ടം 5(1) എന്നിവ പ്രകാരം ഒരു ട്യൂട്ടോറിയൽ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിന് ഫോറം 1ലും രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ലുമാണ് സമർപ്പിക്കേണ്ടത്. എന്നാൽ കോട്ടയം നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയും രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷയും ഒരേ ഫോറത്തിൽ സമർപ്പിക്കപ്പെടുന്നു. രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള എല്ലാ അപേകഷകളും ഫോറം 1 ലാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. 2019 -20 ൽ H2/13113 നമ്പരായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള മെഡ്സിറ്റി ഇന്റർനാഷണൽ എന്ന സ്ഥാപനം 2020-21 ലെ രജിസ്ട്രേഷൻ പുതുക്കിയിരുന്നില്ല. ആയത് പുതുക്കുന്നതിനായി ഫോറം 5 ൽ അപേക്ഷ സമർപ്പിക്കുന്നതിന് പകരം പുതിയതായി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫോറം 1 ലാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

   1. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ രജിസ്റ്ററുകളും അപേക്ഷകളും അപൂർണ്ണമാണ്. സ്ഥാപനങ്ങൾ ആരംഭിച്ച തീയതി, രജിസ്ട്രേഷൻ ഫീസ് എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കൂടാതെ പുതുതായി രജിസ്ട്രേഷൻ എടുത്തതാണോ രജിസ്ട്രേഷൻ പുതുക്കിയതാണോ എന്ന് വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

      - എല്ലാ അപേക്ഷകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. രജിസ്റ്റർ ചെയ്യാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

   1. 2020-21 സാമ്പത്തിക വർഷത്തിലെ ട്യൂട്ടോറിയൽ രജിസ്ട്രേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ കോട്ടയം നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ചില ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടില്ലായെന്ന് കാണുന്നു. 2020-21 സാമ്പത്തിക വർഷം നഗരസഭയിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് | വാർഡ്/ കെട്ടിട നം. | ലൈസൻസ് നം/തീയതി |
|---|---|---|---|---|
| 1 | Cherub അക്കാദമി | സിജോ മാത്യു വെട്ടംതടത്തിൽ മാഞ്ഞൂർ പി.ഒ | IX/1276 D | 01/120010103713 30.03.20 |

| | | | | |
|---|---|---|---|---|
| | | കുറുപ്പന്തറ | | |
| 2 | Choice International Education Pvt Ltd | ഷാജൻ തോമസ് അങ്കമാലി | IX/536 D | 01/120010102167 11.08.20 |
| 3 | WESPO അക്കാദമി | ജോമി ഫിലിപ്പ് കളപറമ്പിൽ വെള്ളാവൂർ | IX/203 D6 | 1597/79829 20.02.20 |
| 4 | Inzpyer Leads Education Office | ജോൺ.ജെ.എ മാന്നാനം | IX/438A | 1772/88599 04.03.20 |
| 5 | Singularis സോഫ്റ്റ്‌വെയർ ടെക്നോളജീസ് - സോഫ്റ്റ്‌വെയർ ട്രെയിനിംഗ് | രാജേഷ് രാജ് ശിവൻ ബിൽഡിംഗ് | വാർഡ് -XV രേഖപ്പെടുത്തിയിട്ടില്ല. | തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്. |

3. 2021-22 സാമ്പത്തിക വർഷം നഗരസഭയിൽ രജിസ്ട്രേഷൻ പുതുക്കിയ സ്ഥാപന ം 2020-21 ൽ രജിസ്ട്രേഷൻ എടുക്കുകയോ പുതുക്കുകയോ ചെയ്തിട്ടില്ല .

2021-22 സാമ്പത്തിക വർഷത്തിലെ ട്യൂട്ടോറിയൽ രജിസ്ട്രേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ കോട്ടയം നഗരസഭയിൽ നിന്ന് 2020-21 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ എടുക്കുകയോ പുതുക്കുകയോ ചെയ്യാത്ത ചിപ് ടെക്നോളജി ട്രെയിനിംഗ് സർവ്വീസ്, ചിറത്തിലാട്ട് ബിൽഡിംഗ്, നാഗമ്പടം (ഉടമ - അനിൽകുമാർ.പി.പി, പുളിക്കൽ ഹൗസ്) എന്ന സ്ഥാപനം 2021-22 സാമ്പത്തിക വർഷത്തിൽ 100 രൂപ ഒടുക്കി രജിസ്ട്രേഷൻ (നം. H2/2558/2021) പുതുക്കിയതായി കാണുന്നു.

ടി സ്ഥാപനം രജിസ്ട്രേഷൻ എടുത്തിട്ടുണ്ടോയെന്ന് വ്യക്തമല്ല.

4. മുൻ വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയതായി കാണുന്നില്ല .

2018-19 സാമ്പത്തിക വർഷത്തെ 59-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് 25.09.21 ലെ ഹെൽത്ത് സൂപ്പർവൈസറുടെ മറുപടി നം എച്ച് 2-208/20പ്രകാരം രജിസ്ട്രേഷൻ പുതുക്കിയ സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | TCIL-IT എഡ്യൂക്കേഷൻ & ട്രെയിനിംഗ് സെന്റർ, ബേക്കർ ഹിൽ, കോട്ടയം |
| 2 | റോയൽ എഡ്യൂക്കേഷൻ ഗ്രൂപ്പ്,കോടിമത കോട്ടയം |
| 3 | Manjoorans Study Abroad |

ടി സ്ഥാപനങ്ങൾ 2020-21 സാമ്പത്തിക വർഷം രജിസ്ട്രേഷൻ പുതുക്കിയതായി കാണുന്നില്ല. 2020- 21 സാമ്പത്തിക വർഷം ടി സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നോയെന്നും നിലവിൽ ഈ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടോയെന്നും വ്യക്തമല്ല.

ടി അപാകതകൾക്ക് മതിയായ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.76/2020-21തീയതി 25.03.22) നാളിതുവരെ മറുപടി ലഭ്യമാക്കിയില്ല. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കുകയും എല്ലാ സാമ്പത്തിക വർഷങ്ങളിലും രജിസ്ട്രേഷൻ പുതുക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-32 സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ - അപാകതകൾ

1997-ലെ കേരള മുനിസിപ്പാലിറ്റി(സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 3(1) പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടെയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതുമാണ്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ആശുപത്രികൾ/ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ/പുതുക്കൽ സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. രജിസ്ട്രേഷൻ /പുതുക്കൽ സംബന്ധിച്ച ചട്ടങ്ങൾ പാലിക്കപ്പെടുന്നില്ല .

1. 1997-ലെ കേരള മുനിസിപ്പാലിറ്റി(സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(2), ചട്ടം 5 എന്നിവ പ്രകാരം ഒരു സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിന് ഫോറം 1ലും രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ലുമാണ് സമർപ്പിക്കേണ്ടത്. എന്നാൽ കോട്ടയം നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയും രജിസ്ട്രേഷൻ പുതുക്കുന്നതിനായുള്ള അപേക്ഷയും ഒരേ ഫോറത്തിൽ സമർപ്പിക്കപ്പെടുന്നു. രജിസ്ട്രേഷൻ പുതുക്കുന്നതിനും എല്ലാ അപേക്ഷകളും ഫോറം 1 ലാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്.

1. 1997-ലെ കേരള മുനിസിപ്പാലിറ്റി(സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 4(2) പ്രകാരം നിലവിലുള്ള സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിന് ഫോറം 4 ലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്ത മോഡേൺ ഡെന്റൽ സെന്റർ എന്ന സ്ഥാപനം 2018-19 മുതൽ പ്രവർത്തിച്ചിട്ടുള്ളതാണ്. ആയത് ഫോറം 1 ലാണ് അപേകഷ സമർപ്പിച്ചിട്ടുള്ളത്.

1. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ രജിസ്റ്ററുകളും അപേക്ഷകളും അപൂർണ്ണമാണ്. എല്ലാ അപേക്ഷകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. രജിസ്റ്റർ ചെയ്യാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. 2020-21 സാമ്പത്തിക വർഷത്തിലെ പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ കോട്ടയം നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടില്ലായെന്ന് കാണുന്നു. 2020-21 സാമ്പത്തിക വർഷം നഗരസഭയിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് | വാർഡ്/ കെട്ടിട നം. | ലൈസൻസ് നം/തീയതി |
|---|---|---|---|---|
| 1 | സുബിൻസ് ദന്തൽ ക്ലിനിക്ക് | ഡോ.സുബിൻ തോമസ് | I/ 381 | 94340-19.05.20 |
| 2 | ആയുർവേദ ചികിത്സ | ഉഷ.കെ.എൻ വാഴത്തോട്ടത്തിൽ അമയന്നൂർ പി.ഒ അരീപ്പറമ്പ് | II/ 390 | 76701/27.02.20 |
| 3 | ഡെന്റൽ കെയർ സെന്റർ | രഞ്ജിത് ജോർജ്ജ് ആഞ്ഞിലിത്തറ മുട്ടമ്പലം | II/28 | 76755/29.02.20 |
| 4 | മെഡിക്കൽ ലബോറട്ടറി | ജോർജ്ജ് തോമസ് കൊച്ചുതാഴത്ത് കൊല്ലാട് | VI/ 14A9 | 127794-23.02.21 |
| 5 | കൈപ്പൻപ്ലാക്കൽ ഹോമിയോ സ്പെഷ്യാലിറ്റി ക്ലിനിക് | ഡോ.കെ.ജെ.തോമസ് | IX / 438 A7 | 1813/90643-17.03.20 |
| 6 | ഡോ. അഗർവാൾ ഐ കെയർ ഹോസ്പിറ്റൽ | ആദിൽ അഗർവാൾ | IX/550 D, E,F,G | 01/120010101133 – 26.06.20 |
| 7 | ഡെന്റൽ ക്ലിനിക് | ഡോ.രാജൻ ജോൺ കിഴക്കേത്തേരിൽ മുട്ടമ്പലം | IX /556F | 1812/90569-10.03.20 |
| 8 | ലൂർദ്ദ് ഡെന്റൽ ക്ലിനിക് | ഡോ.ഷാജി.കെ.ജോസഫ് | IX /1386 | 1525/76207-06.02.20 |

| | | | | |
|---|---|---|---|---|
| 9 | ഡെന്റൽ ക്ലിനിക് | ഡോ.ലൂക്കോസ് ജോർജ്ജ് | XII/1407 | 83387/ 27.02.20 |
| 10 | ബിഫ ഡ്രഗ്സ് & ലബോറട്ടറീസ് കളരിക്കൽ ബസാർ | അജയ് ജോർജ്ജ് വർഗ്ഗീസ് ബിഫ, ദേവലോകം | XII 54 | 85843/09.03.20 |
| 11 | ഇന്ത്യൻ ഹോമിയോ ക്ലിനിക് | ഡോ.എം.ബാബുജി യദുകുലം ദിവാൻപുരം മൂലവട്ടം | XII/ 478 | 75603/ 05.02.20 |
| 12 | STPAV വൈദ്യശാല | എം.കെ.നാരായണൻ മള്ളൂശ്ശേരിയിൽ | XVI 87C | 1724/86189 തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| 13 | സ്കിൻ കെയർ & അനസ്തെറ്റിക് സെന്റർ | ഡോ.ജേക്കബ്ബ് ഡാനിയൽ കാഞ്ഞിരംകുന്നത്തിൽ ചാലുകുന്ന് | XVI 153 B | 01/120010102299/ 17.08.20 |
| 14 | ഡോ. എബ്രഹാംസ് ആസ്ത്മ & അലർജി സെന്റർ | ഡോ. പി. ഇ. എബ്രഹാം | XXIV/41 | 1812/90595- 11.03.20 |
| 15 | ഐറിസ് ഐ കെയർ ഒപ്റ്റിക്കൽസ് | മിനിമോൾ ജോസഫ് പണിക്കത്തുംപറമ്പിൽ കാപ്പുംതല മുട്ടുചിറ | XIV/639 | 92618/ 29.05.20 |
| 16 | പയനിയർ ഹോമിയോ ക്ലീനിക് | ഡോ.ദിലീപ്.കെ | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം നികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്. | |
| 17 | മണീസ് ദന്തൽ ക്ലീനിക് | ഡോ.രമേഷ് മണി | തൊഴിനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 107804/04.09.20 രസീത് പ്രകാരം 1250 രൂപ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട്. | |
| 18 | സിറ്റി ഹോസ്പിറ്റൽ | ഡോ.ഷംസുദ്ദീൻ | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം നികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്. | |

ക്രമനമ്പർ 01 മുതൽ 13 വരെയുള്ള സ്ഥാപനങ്ങൾ 2020-21സാമ്പത്തിക വർഷത്തെ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ട്രേഡ് ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നു. എന്നാൽ രജിസ്ട്രേഷൻ ഫീസ് ഒടുക്കി നഗരസഭയിൽ രജിസ്റ്റർ ചെയ്തതായി ഫോറം 2 രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. 2019-20 സാമ്പത്തിക വർഷം നഗരസഭയിൽ രജിസ്ട്രേഷൻ പുതുക്കിയ സ്ഥാപനങ്ങൾ 2020-21 ൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല .

2020-21 സാമ്പത്തിക വർഷത്തിലെ പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ കോട്ടയം നഗരസഭയിൽ നിന്ന് 2019-20 സാമ്പത്തിക വർഷത്തിൽ 100 രൂപ ഒടുക്കി രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ള ചില സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2020-21 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേരും വിലാസവും | 2019-20 ലെ രജിസ്ട്രേഷൻ നം . | ഉടമയുടെ പേരും വിലാസവും |
|---|---|---|---|
| 1 | ശാന്തിഗിരി ആയുർവേദ & സിദ്ദ ഹോസ്പിറ്റൽ | H2/5168/19 | അഖിൽ ജെ.എൽ ഡെപ്യൂട്ടി മാനേജർ |

| | | | |
|---|---|---|---|
| | | | ശാന്തിഗിരി ആശ്രമം |
| 2 | ക്രൈസ്റ്റ് റാഫ ഹിയറിംഗ് സെന്റർ<br>ചിറത്തിലാട്ട് ബിൽഡിംഗ്<br>നാഗമ്പടം | H2/8476/19 | അഞ്ജു ജോർജ്ജ്<br>മരിയ വില്ല<br>പാലക്കാട് |
| 3 | കോലത്ത് ഡെന്റൽ കെയർ | H2/4428/19 | ഡോ.ജെറിൻ വർഗ്ഗീസ് സ്റ്റീഫൻ<br>കോലത്ത് മാങ്ങാനം |
| 4 | വല്ലഭശ്ശേരി ഹോമിയോപ്പതിക് ക്ലിനിക്<br>ശാസ്ത്രി റോഡ്, കോട്ടയം | H2/8955/19 | ഡോ.ബിനോയ്.എസ്<br>വല്ലഭശ്ശേരി<br>കാരാപ്പുഴ |
| 5 | ഡോ.പോൾസ് സ്പെഷ്യലിസ്റ്റ് ഡെന്റൽ ക്ലിനിക് | H2/6746/19 | ഡോ.ജോർജ്ജ് പോൾ<br>ആലുംമൂട്<br>താഴത്തങ്ങാടി |
| 6 | ഗ്രീൻസ് ഡെന്റൽ ക്ലീനിക് | H2/7572/19 | ഐഷ മുഹമ്മദ്<br>ജൈന മൻസിൽ<br>ചുങ്കം |
| 7 | സി.എം.സി ഡയഗ്നോസ്റ്റിക് സെന്റർ | H2/5211/19 | രാജൻ ഐപ്പ്<br>കട്ടൻചിറയിൽ<br>മുട്ടമ്പലം |
| 8 | ബിഫ ലൈഫ് ആയുർവേദ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ, പുത്തനങ്ങാടി | രേഖപ്പെടുത്തിയിട്ടില്ല | സുമിത്രമേരി തോമസ് |
| 9 | പോളി ഡെന്റൽ സ്പെഷ്യലിസ്റ്റ് സെന്റർ<br>പുളിക്കൻസ് കോംപ്ലക്സ് | H2/5360/19 | ഡോ.എം.എ.ജോൺ<br>മുണ്ടാനിൽക്കുന്നത്തിൽ<br>കൈനടി ലെയ്ൻ |
| 10 | Ephphatha സ്പീച്ച് & ഹിയറിംഗ് സെന്റർ<br>ചെല്ലിയൊഴുക്കം | H2/7182/19 | തോമസ്.ജെ.പൂണലിൽ |
| 11 | ഗോപാലൻ മെമ്മോറിയൽ ഡെന്റൽ കെയർ സെന്റർ | H2/4875/19 | റ്റി.സി.രാധിക<br>ഈരയിൽ ഹൗസ്<br>നാഗമ്പടം |
| 12 | ഭാവന ഹോസ്പിറ്റൽ,തിരുനക്കര | H2/9267/19 | ഡോ.പി.സുരേഷ് ജോൺ<br>പുളിക്കപ്പറമ്പിൽ<br>ചെങ്ങന്നൂർ |
| 13 | ഹൈ- ക്ലീൻ ഡെന്റൽ ക്ലീനിക്<br>ജ.എസ്.കോംപ്ലക്സ് | H2/2917/19 | ദീപ ജോർജ്ജ്<br>ചേലയ്ക്കൽ ഹൗസ്<br>കളത്തിപ്പടി |
| 14 | മൃത്യുഞ്ജയ പാരമ്പര്യ ചികിത്സാകേന്ദ്രം | H2/7090/19 | ഡോ.പാർവതി രാജ്<br>കൊച്ചുകൊല്ലരിൽ<br>ടി.വി.പുരം |

| | | | |
|---|---|---|---|
| 15 | ഡോ.റൈറ്റസ് മെമ്മോറിയൽ ഡെന്റൽ ക്ലീനിക് | H2/6049/19 | ഡോ. |
| 16 | ജെ.ജെ.ഡെന്റൽ ക്ലീനിക്, ശാസ്ത്രി റോഡ് | H2/3172/19 | ഡോ.ജെ.കുര്യൻ കുന്നംപുറത്ത് വെള്ളാപ്പള്ളിൽ |
| 17 | മെഡ് ആൾ കളക്ഷൻ സെന്റർ ക്രിസ്റ്റൽ കോംപ്ലക്സ് | H2/6614/19 | എം.പി.കേശവനുണ്ണി |
| 18 | മുളമൂട്ടിൽ ഹോമിയോ ക്ലിനിക് | H2/18793/19 | ബ്ലസ്സൻ തോമസ് എം.എം.നഗർ കഞ്ഞിക്കുഴി |
| 19 | ആയുർ മന്ത്ര ആയുർ വേദിക് ഹോസ്പിറ്റൽ | H2/23273/19 | ഡിക്സൺ.കെ.ബി മോഡയിൽ കാസർഗോഡ് |
| 20 | ഹോമിയോപതിക് സ്പെഷ്യാലിറ്റി സെന്റർ | H2/4974/19 | പി.കെ.ബേബി കളരിത്തറ മണർകാട് |
| 21 | പുളിക്കൽ ഡെന്റൽ ക്ലിനിക്, മുട്ടമ്പലം | H2/5150/19 | ഡോ.വിജി തോമസ് പുളിക്കൽ മുട്ടമ്പലം |
| 22 | ഫിസിയോ ഫിസിയോതെറാപ്പി | H2/8267 | ഡോ.സുമി.പി.വർഗ്ഗീസ് ചില്ലക്കാട്ട് മുട്ടമ്പലം |
| 23 | ഡെന്റാരിസ് ഡെന്റൽ ഹോം & ഇംപ്ലാന്റ്സ് | H2/1235/19 | കെ.സുരേഷ് വിസ്മയ കായംകുളം |

ടി സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കാത്തതിന്റെ കാരണം വ്യക്തമല്ല.

4. 2020-21 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയ സ്ഥാപനങ്ങൾ 2019-20 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ എടുക്കുകയോ / പുതുക്കുകയോ ചെയ്തിട്ടില്ല .

2020-21 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയ ചില പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2019-20 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ എടുക്കുകയോ/ പുതുക്കുകയോ ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേരും വിലാസവും | 2020-21 ലെ രജിസ്ട്രേഷൻ പുതുക്കിയ തീയതി | ഉടമയുടെ പേരും വിലാസവും |
|---|---|---|---|
| 1 | ശാന്തി ഡെന്റൽ ക്ലീനിക് | 10.06.20 | ഡോ.അനകേഷ്.പി ചെമ്പകവീട്ടിൽ അമ്പലക്കടവ് |
| 2 | ദാരുൾ ഷിഫ ആയുർവേദിക് | 22.04.20 | ഡോ.ഷഹെദ മുസ്തഫ നടക്കാവിൽ കിഴക്കേതിൽ ചിങ്ങോലി |

| | | | |
|---|---|---|---|
| 3 | ടൂത്ത് പ്ലേസ് ഡെന്റൽ ക്ലിനിക് | 07.03.20 | ഡോ.റീന എലിസബത്ത് കൊട്ടാരപ്പറമ്പിൽ |

ടി അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.71/2020-21 തീയതി.15.03.22) നാളിതുവരെ മറുപടി ഹാജരാക്കിയിട്ടില്ല. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ആശുപത്രികൾ/ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കുകയും എല്ലാ സാമ്പത്തിക വർഷങ്ങളിലും രജിസ്ട്രേഷൻ പുതുക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ചട്ടങ്ങൾ നിഷ്കർഷിക്കുന്ന നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-33 ജി.എസ്.ടി, പ്രളയ സെസ്സ് എന്നിവ ഒടുക്കിയതിലെ അപാകതകൾ

1. ജി.എസ്.ടി ഈടാക്കുന്നതിൽ വ്യക്തത ഇല്ല - തനതു വരുമാനം ചോരുന്നു .

നഗരസഭയുടെ വിവിധ വരുമാനങ്ങളിൽ നിന്നും ജി.എസ്.ടി ഈടാക്കുന്നത് സംബന്ധിച്ച വ്യക്തത ഇല്ലാത്തതിനാലും ജി.എസ്.ടി പിരിവ് കാര്യക്ഷമമല്ലാത്തതിനാലും ചരക്കു സേവനനികുതി ഒടുക്ക് തനത് ഫണ്ടിന് ബാദ്ധ്യതയാകുന്നു. ജി.എസ്.ടി ഇനത്തിൽ നഗരസഭ ഈടാക്കിയിട്ടുള്ള തുകയും റെസീപ്റ്റ് & പേമെന്റ് ഷെഡ്യൂൾ പ്രകാരം നഗരസഭയുടെ ജി.എസ്.ടി കൺസൾട്ടൻസിയായ ജെ.സി.സി അസോസിയേറ്റ്സ് കണക്കാക്കിയ തുകയും തമ്മിൽ വ്യത്യാസം വന്നിട്ടുള്ളതിനാൽ ചില മാസങ്ങളിൽ നികുതി ഇനത്തിൽ കുറവ് വരുന്ന തുക തനത് ഫണ്ടിൽ നിന്നും ഒടുക്കേണ്ടി വരുകയും ചില മാസങ്ങളിൽ അധികം തുക തനത് ഫണ്ടിലേയ്ക്ക് വരുന്നതായും കാണുന്നു. ഇത്തരത്തിൽ തുകകളിൽ വ്യത്യാസം വരുന്നതിന്റെ കാരണം വ്യക്തമല്ല. ചരക്കു സേവന നികുതിയിനത്തിൽ നഗരസഭ പിരിച്ചെടുക്കേണ്ട തുക കൃത്യമായി പിരിച്ചെടുക്കാതെ തനത് ഫണ്ടിൽ നിന്നും ഒടുക്കുന്നത് ക്രമവിരുദ്ധമാണ്.

2. ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്യുന്നതിൽ കാലതാമസം നേരിട്ടതിനാൽ ലേറ്റ് ഫീ ഇനത്തിൽ 15000 രൂപ ഒടുക്കിയിട്ടുണ്ട്

എല്ലാ മാസവും 5-ാം തീയതിയ്ക്കകം ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ ജി.എസ്.ടി റിട്ടേൺ സമയബന്ധിതമായി ഫയൽ ചെയ്യാഞ്ഞതിനാൽ ലേറ്റ് ഫീ ഇനത്തിൽ തനതു ഫണ്ടിൽ നിന്നും 15000 രൂപ നഗരസഭ ഒടുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വർഷം, മാസം | തുക ഒടുക്കിയ തീയതി | ലേറ്റ് ഫീ ഇനത്തിൽ നഗരസഭ ഒടുക്കിയ തുക |
|---|---|---|---|
| 1 | 2020 ഏപ്രിൽ | 07.08.20 | 500 |
| 2 | 2020 മെയ് | 29.09.20 | 500 |
| 3 | 2020 ജൂൺ | 21.10.20 | 500 |
| 4 | 2020 ജൂലൈ | 04.11.20 | 4550 |
| 5 | 2020 ആഗസ്റ്റ് | 24.11.20 | 3750 |
| 6 | 2020 സെപ്റ്റംബർ | 27.11.20 | 2750 |
| 7 | 2020 ഒക്ടോബർ | 03.12.20 | 1800 |
| 8 | 2020 നവംബർ | 23.12.20 | 600 |
| 9 | 2020 ഡിസംബർ | 20.01.21 | 50 |
| 10 | 2021 ജനുവരി | 19.02.21 | - |
| 11 | 2021 ഫെബ്രുവരി | 09.03.21 | - |
| 12 | 2021 മാർച്ച് | 17.04.21 | - |
| | ആകെ | | 15000 |

3. പ്രളയ സെസ്സ് തുക പിരിച്ചെടുക്കുന്നതിൽ അപാകത – തനത് ഫണ്ടിന് 34053.66 രൂപയുടെ നഷ്ടം

2019 ലെ വെള്ളപ്പൊക്കദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ജി.എസ്.ടി ഈടാക്കേണ്ട സേവനങ്ങൾക്കൊപ്പം 1% പ്രളയ സെസ്സ് കൂടി ഈടാക്കണമെന്ന് 25.05.19 ലെ സർക്കാർ ഉത്തരവ് നം 80/2019 ടി.ഡി പ്രകാരം നിഷ്കർഷിച്ചിരുന്നു. എന്നാൽ 2019 ആഗസ്റ്റ് മാസം മുതൽ 2021 മാർച്ച് മാസം വരെ സെസ്സ് ഇനത്തിൽ നഗരസഭ പിരിച്ചെടുത്ത തുകയും റെസീപ്റ്റ് & പേമെന്റ് ഷെഡ്യൂൾ പ്രകാരം നഗരസഭയുടെ ജി.എസ്.ടി കൺസൾട്ടൻസിയായ ജെ.സി.സി അസോസിയേറ്റ്സ് കണക്കാക്കിയ തുകയും തമ്മിൽ വ്യത്യാസം വന്നിട്ടുള്ളതിനാൽ ചില മാസങ്ങളിൽ നികുതി ഇനത്തിൽ കുറവ് വരുന്ന തുക തനത് ഫണ്ടിൽ നിന്നും ഒടുക്കിയിട്ടുണ്ട്. ഇപ്രകാരം 31352.43 രൂപ തനത് ഫണ്ടിൽ നിന്നും ഒടുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | മാസം | തനത് ഫണ്ടിൽ നിന്നും ഒടുക്കിയ തുക | ഒടുക്കിയ തീയതി | പലിശ ഇനത്തിൽ ഒടുക്കിയ തുക |
|---|---|---|---|---|---|
| 1 | 2019 | ആഗസ്റ്റ് | 5825 | | 0 |
| 2 | 2019 | സെപ്തംബർ | 1809 | | 0 |
| 3 | 2019 | ഒക്ടോബർ | 2568 | | 0 |
| 4 | 2019 | നവംബർ | 1707 | | 0 |
| 5 | 2019 | ഡിസംബർ | 2919 | | 0 |
| 6 | 2020 | ജനുവരി | 1657.17 | | 103 |
| 7 | 2020 | ഫെബ്രുവരി | 1292 | | 0 |
| 8 | 2020 | മാർച്ച് | 7093 | | 344 |
| 9 | 2020 | ഏപ്രിൽ | 10 | 07.08.20 | 6 |
| 10 | 2020 | മെയ് | 966 | 29.09.20 | 77 |
| 11 | 2020 | ജൂൺ | 3851.43 | 21.10.20 | 261 |
| 12 | 2020 | ജൂലൈ | 1393.54 | 04.11.20 | 462 |
| 13 | 2020 | ആഗസ്റ്റ് | -4697 (തനതു ഫണ്ടിലേക്ക് അധികമായി ലഭിച്ചു) | 24.11.20 | 867 |
| 14 | 2020 | സെപ്തംബർ | 777 | 27.11.20 | 436 |
| 15 | 2020 | ഒക്ടോബർ | 1455 | 03.12.20 | 120 |
| 16 | 2020 | നവംബർ | 2726.52 | 23.12.20 | 25 |
| 17 | 2020 | ഡിസംബർ | - | 20.01.21 | 0 |
| 18 | 2021 | ജനുവരി | - | 19.02.21 | 0 |
| 19 | 2021 | ഫെബ്രുവരി | - | 09.03.21 | 0 |
| 20 | 2021 | മാർച്ച് | - | 17.04.21 | 0 |
| | ആകെ | | 31352.66 | | 2701 |

.

മാത്രമല്ല, തുക ഒടുക്കിയതിന് കാലതാമസം നേരിട്ടതിനാൽ പലിശ ഇനത്തിൽ 2701 രൂപയും ടി കാലയളവിൽ തനതു ഫണ്ടിൽ നിന്നും നഗരസഭ ഒടുക്കിയിട്ടുണ്ട്. കൂടാതെ ലേലം, വാടക ഉൾപ്പെടെയുള്ള വരുമാന സ്രോതസ്സുകളിൽ നിന്നും പൂർണ്ണമായും സമയബന്ധിതമായും തുക പിരിച്ചെടുക്കുന്നില്ലായെന്നതും സെസ്സ് തുക ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന് കാരണമാകുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് 02.03.22ൽ നൽകിയ 66-ാം നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് ജി.എസ്.ടി

ഡിമാന്റ് ചെയ്യുന്നതിലെ അറിവില്ലായ്മ മൂലം സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലർക്കുമാർ ഹെഡുകൾ മാറി ഡിമാന്റ് ചെയ്തതിനാലും കോവിഡ് സാഹചര്യത്തിൽ ഓൺലൈൻ പേയ്മെന്റിൽ കാലതാമസം നേരിട്ടതിനാലുമാണ് ഇപ്രകാരം പിഴ ഒടുക്കേണ്ടിവന്നതെന്നാണ് മറുപടി നൽകിയിരിക്കുന്നത്. ജി.എസ്.ടി കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നഗരസഭ 17.06.22 ൽ ലഭ്യമാക്കിയ മറുപടി കത്തിൽ (നം.ആർ7-14644/19 തീയതി14.06.22) അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി ഈടാക്കേണ്ടുന്ന വരുമാന സ്രോതസ്സുകളിൽ നിന്നും പൂർണ്ണമായും സമയബന്ധിതമായും ജി.എസ്.ടിയും അതിന്മേലുള്ള സെസ്സ് ഉൾപ്പെടെയുള്ള തുക പിരിച്ചെടുക്കേണ്ടതും അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽത്തന്നെ തുക ചരക്ക സേവന നികുതി വകുപ്പിൽ ഒടുക്കി റിട്ടേൺ ഫയൽ ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം പിഴ ഇനത്തിൽ ഈടാക്കേണ്ടുന്ന തുക, സമയക്രമം പാലിക്കാതെ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും അതത് കാലയളവിൽതന്നെ ഈടാക്കി ഒടുക്കുവരുത്താൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ആദായനികുതി ഒടുക്കിയതിൽ കാലതാമസം വരുത്തി - നടപടിക്രമങ്ങൾ പാലിക്കുന്നതിൽ അപാകത

കോട്ടയം നഗരസഭ യുടെ ലോറി സ്റ്റാന്റ് പാർക്കിംഗ് ഫീസ് പിരിവ് , പച്ചക്കറി മാർക്കറ്റ് ഫീസ് പിരിവ് എന്നിവ ലേലം കൊണ്ട വ്യക്തികളായ ശ്രീ.തോമസ്.പി കുര്യൻ , സൺജോർജ്ജ് എബ്രഹാം എന്നിവർ ആദായനികുതി ഇനത്തിൽ തനതു ഫണ്ടിൽ അടച്ച തുക 27975 രൂപ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിലെ TAN അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതിനായി 13.07.20 ൽ 032796 -ാം നമ്പർ ചെക്ക് പ്രകാരം പിൻവലിച്ചെങ്കിലും 16.09.20 ലാണ് തുക ബാങ്കിൽ നിക്ഷേപിക്കുന്നത്. TAN നമ്പർ തെറ്റായിരുന്നതിനാൽ 13.07.20 തുക ഒടുക്കുവാൻ സാധിച്ചിരുന്നില്ല എന്ന വിവരം തുക ഒടുക്കുവാൻ ചുമതലപ്പെടുത്തിയ ഓഫീസ് അറ്റൻഡന്റ് ബന്ധപ്പെട്ട സെക്ഷൻ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുകയോ തുക ചെസ്റ്റിൽ സൂക്ഷിക്കാൻ ഏൽപ്പിക്കുകയോ ചെയ്യാതെ ഒരു മാസത്തോളം തുക കൈവശം വെച്ചുവെന്ന് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നു. ടി വിവരം ടിയാൻ 20.08.20 ലാണ് സെക്ഷൻ ഓഫീസർക്ക് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത്. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ടിംഗ് ചട്ടങ്ങൾ, ചട്ടം 40 പ്രകാരം എല്ലാത്തരം പണമൊടുക്കലുകൾക്കും തുക സ്വീകരിക്കുന്ന ആളിൽ നിന്നും രസീത് വാങ്ങി സൂക്ഷിക്കേണ്ടതാണ്. 13.07.20 ൽ ഒടുക്കുവാൻ ഏൽപ്പിച്ച തുകയുടെ രസീത് 20.08.20 വരെ ടിയാനോട് ആവശ്യപ്പെടാതിരുന്നതിൽ നിന്ന് ബന്ധപ്പെട്ട സെക്ഷൻ ഓഫീസറുടെ ഭാഗത്ത് മേൽനോട്ടപിശകുണ്ടായതായി വ്യക്തമാകുന്നു. നിലവിൽ പണമിടപാടുകൾക്ക് NEFT/RTGS മുഖേനയുള്ള ഓൺലൈൻ ട്രാൻസാക്ഷനുകൾ സാദ്ധ്യമാണെന്നിരിക്കെ തനതു ഫണ്ടിൽ നിന്നും തുക പിൻവലിച്ച് നികുതി ഒടുക്കുന്ന രീതി തുടരുന്നതിന്റെ കാരണം വ്യക്തമാകുന്നില്ല.

ടി അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 21.02.22 ന് നൽകിയ 55-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക്, തുക ഒടുക്കുന്നതിനായി ബാങ്കിൽ ഏൽപ്പിച്ചിരുന്നതും പിന്നീട് രസീത് വാങ്ങുന്നതിന് കൊറോണ മൂലം സാധിച്ചില്ല എന്നും 20.08.20 ൽ ബാങ്കിൽ രസീത് വാങ്ങുവാനായി ചെന്നപ്പോൾ മാത്രമാണ് TAN നമ്പർ തെറ്റായിരുന്നതുമൂലം തുക ഒടുക്കുവാൻ സാധിച്ചിരുന്നില്ലായെന്ന വിവരം ടിയാൻ അറിയിന്നതെന്നുമാണ് നഗരസഭ ലഭ്യമാക്കിയ മറുപടി. ഇത്തരം പ്രവണതകൾ അനഭിലഷണീയമാണ്. പണമിടപാടുകൾ സംബന്ധിച്ച നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതിലെ അപാകതകൾ

നഗരസഭയിലെ 29-10 വാർഡിൽ ബ്ലോക്ക് നം.25 ൽ സർവ്വേ നമ്പർ 14/3, 13, 39/4 എന്നിവയിൽപ്പെട്ട 7.5 ആർ സ്ഥലത്ത് വെള്ളിയോട്ട് ഇല്ലത്ത് ശ്രീ.വി.ജി.ഗോവിന്ദൻ നമ്പൂതിരി, ശ്രീമതി.ശ്രീദേവി അന്തർജ്ജനം എന്നിവർ സമർപ്പിച്ച അപേക്ഷയിൻമേൽ നൽകിയ കെട്ടിട നിർമ്മാണ അനുമതി പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

- അപേക്ഷ പ്രകാരം 229.07 M2 പ്ലിന്ത് എരിയായ്ക്കാണ് അനുമതി നൽകിയിരുന്നത്. എന്നാൽ പണി പൂർത്തീകരിച്ച് കഴിഞ്ഞപ്പോൾ GF, FF, SF, TF എന്നിവ ഉൾപ്പടെ 445.72 M2 നിർമ്മാണമാണ് നടത്തിയിട്ടുള്ളത്. 229.07m2 ന്റെ അനധികൃത നിർമ്മാണം 2019 കേരള മുനിസിപ്പൽ ബിൽഡിങ്ങ് റൂളിനനുസൃതമായി പ്രത്യേക അപേക്ഷ വാങ്ങി അധിക ഫീസ് ഈടാക്കിയല്ല ക്രമവൽക്കരിച്ചിട്ടുള്ളത്
- കേരള മുനിസിപ്പൽ ബിൽഡിങ്ങ് റൂൾ 26 പ്രകാരം 10 മീറ്ററിനു മുകളിൽ ഉയരമുള്ള കെട്ടിടങ്ങൾക്ക് നിഷ്കർഷിക്കുന്ന ഫ്രണ്ട്, റിയർ, സൈഡ് ഓപ്പൺ സ്പെയ്സുകൾ ഈ കെട്ടിടത്തിനു നൽകിയിട്ടില്ല. 10 മീറ്ററിനു മുകളിൽ ഉയരമുള്ളതിനാൽ ഫ്രണ്ട് ഓപ്പൺ സ്പേയിസ് മിനിമം 3.5 മീറ്റർ ലഭ്യമാക്കേണ്ടതാണ് [റൂൾ 26(6)]. എന്നാൽ ടി കെട്ടിടത്തിന്റെ ഫ്രണ്ട് ഓപ്പൺ സ്പെയിസ് 3 മീറ്ററിൽ താഴെ മാത്രമാണ്.
- കേരള മുനിസിപ്പൽ ബിൽഡിങ്ങ് റൂൾ 26 (ടേബിൾ-5) പ്രകാരം ടി കെട്ടിടത്തിനനുവദനീയമായ ഷെയ്ഡ് പ്രൊജെക്ഷൻ 0.75 മീറ്ററാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഷെയിഡ് പ്രൊജക്ഷൻ 0.9 മീറ്ററാണ്. ഇത് ക്രമപ്രകാരമല്ല
- പ്ലാൻ പ്രകാരം നൽകിയിട്ടുള്ള 2.7x5.5 മീറ്റർ അളവിൽ 5 വാഹനങ്ങൾക്കുള്ള പാർക്കിംഗ് സൗകര്യവും ഒരു ഡിസേബിൾഡ് പാർക്കിങ്ങും യഥാർത്ഥത്തിൽ ലഭ്യമല്ല.
- സ്കൂട്ടർ പാർക്കിങ്ങിനായി 19.07m2 സ്ഥലം ലഭ്യമാക്കിയിരിക്കുന്നത് കെട്ടിടത്തിന്റെ പിൻഭാഗത്താണ്. ടി പാർക്കിങ്ങ് സ്ഥലത്തേക്ക് തെരുവിൽ നിന്നും വഴി ലഭ്യമല്ല.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-51/2021, തീയതി. 09.02.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി നിർമ്മാണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്

## 1-36 വാട്ടർ ചാർജ് - വാട്ടർ കണക്ഷനുകളുടേയും, ടാപ്പുകളുടേയും സമഗ്രവിവരങ്ങൾ നഗരസഭയിലില്ല – തുക അടവ് വരുത്തുന്നത് മോണിട്ടർ ചെയ്യുന്നില്ല.

ഫയൽ നം. പി.ഡബ്ല്യൂ.3/പി.ഡബ്ല്യൂ.7/5598/08

കോട്ടയം നഗരസഭ കാലാകാലം വാട്ടർ ചാർജിനത്തിൽ ഗണ്യമായ തുകകൾ കേരള വാട്ടർ അതോറിറ്റിയിൽ അടവ് വരുത്തേണ്ടതുണ്ട്. കഴിഞ്ഞ 3 വർഷങ്ങളിലെ വിവരങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പ്രോജക്റ്റ് നം. | തുക | ഫണ്ടിനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2018-19 | 950/2018-19 | 17,96,836 | വികസന ഫണ്ട് (പൊതുവിഭാഗം) | നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി |
| 2 | 2018-19 | 582/2018-19 | 40,83,916 | ആസ്തിസംരക്ഷണ ഗ്രാന്റ് (റോഡിതരം) | നിർവ്വഹണോദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ |
| 3 | 2019-20 | 853/2019-20 | 30,31,456 | ആസ്തിസംരക്ഷണ ഗ്രാന്റ് (റോഡിതരം) | നിർവ്വഹണോദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ |
| 4 | 2020-21 | 259/2020-21 | 90,97,961 | ആസ്തിസംരക്ഷണ ഗ്രാന്റ് (റോഡിതരം) | നിർവ്വഹണോദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ |
| 5 | 2020-21 | 312/2020-21 | 1,53,71,427 | ആസ്തിസംരക്ഷണ ഗ്രാന്റ് (റോഡിതരം) | നിർവ്വഹണോദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ |
| 6 | 2020-21 | 113-3/2021 (വൗച്ചർ നം.) | 25,59,201 | തനതുഫണ്ട് | നിർവ്വഹണോദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ |
| ആകെ | | | 35940797 | | |

എന്നാൽ ഇതിൽ ക്രമ നം. 6ൽ ഒഴികെയുള്ള തുകകൾ ഏതൊക്കെ വാട്ടർ കണക്ഷനുകളുടെ ഏതൊക്കെ കാലയളവിലേക്കുള്ള കുടിശിക ഇനത്തിലാണ് വരവ് വച്ചിട്ടുള്ളത് എന്നതുസംബന്ധിച്ച് നഗരസഭയ്ക്ക് വ്യക്തതയില്ല. നഗരസഭാ കാര്യാലയ പരിധിയിൽപ്പെടുന്ന കോട്ടയം സോണിൽപ്പെടുന്ന വാട്ടർകണക്ഷനുകളുടെ വിവരം മാത്രമാണ് മേൽ ഫയലിൽ ഉൾപ്പെടുന്നത്. പ്രസ്തുത ഫയലിലെ വിവരങ്ങൾ പ്രകാരം ഈ സോണിനുകീഴിൽ 452 സ്ട്രീറ്റ് ടാപ്പുകളും മുനിസിപ്പൽ കെട്ടിടങ്ങളിലും സ്ഥലങ്ങളിലുമായി 47 ഓളം കണക്ഷനുകളുമാണുള്ളത്. നഗരസഭാ പരിധിയിൽപ്പെടുന്ന നാട്ടകം, കുമാരനല്ലൂർ സോണുകളിലിൽപ്പെടുന്ന പൊതുടാപ്പുകളുടേയും ഇതര ഗാർഹിക കണക്ഷനുകളുടേയും വിവരം പ്രസ്തുത ഫയലിൽ ഇല്ല. ഇതു സംബപന്ധിച്ച രേഖകളോ ഫയലുകളോ നഗരസഭ സൂക്ഷിക്കുന്നതായി കാണുന്നില്ല. നഗരസഭാ പരിധിയിൽപ്പെടുന്ന എല്ലാ മേഖലകളിലുംകൂടി ഏത്ര വാട്ടർ കണക്ഷനുകളുണ്ടെന്നും അവയെല്ലാം പ്രവർത്തനക്ഷമമാണോ എന്നുറപ്പാക്കുന്നതിനും നാളിതുവരെ എത്രരൂപ വെള്ളചാർജിനത്തിൽ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്, അതിൽ എത്രരൂപ നാളിതുവരെ നഗരസഭ നേരിട്ടും വിവിധ ഗ്രാന്റ് തുകകളിൽ ക്രമപ്പെടുത്തുകയും ഒടുക്കുകയും ചെയ്തിട്ടുണ്ട്, ഇനി ഒടുക്കാൻ എത്ര തുകയാണ് ബാക്കി നിൽക്കുന്നത് എന്നത് സംബന്ധിച്ച് നഗരസഭയ്ക്ക് ധാരണയുണ്ടെന്ന് വ്യക്തമാക്കുന്ന രേഖകളോ രജിസ്റ്ററുകളോ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇതിൽ നിന്നും പ്രസ്തുത രേഖകളോ വിശദാംശങ്ങളോ നഗരസഭയുടെ പക്കൽ ഇല്ലാ എന്നാണ് വ്യക്തമാകുന്നത്.

നഗരസഭയുടെ അധീനതിയിൽവരുന്ന വാട്ടർകണക്ഷനുകളുടെ കൃത്യമായ വിവരവും തുക ഒടുക്കിവരുന്നതിന്റെ വിവരവും ലഭ്യമല്ലാത്തതിനാൽ ഓരോ വാർഡുകളിലേയും കൗൺസിലറുമായി ബന്ധപ്പെട്ട് വിവരം ശേഖരിച്ച് അത് കൺസ്യൂമർ നം. സഹിതം ഒരു രജിസ്റ്ററിൽ ചേർത്ത് വാട്ടർ അതോറിറ്റി അധികൃതരുമായി ബന്ധപ്പെട്ട് കൃത്യത വരുത്തുന്നതിന് പൊതുമരാമത്ത് വിഭാഗം ഓവർസിയറെ 05.04.2009ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചുമതലപ്പെടുത്തിയിരുന്നെങ്കിലും ഇതുപ്രകാരം നാളിതുവരെ നടപടികൾ സ്വീകരിക്കുകയോ രജിസ്റ്റർ തയ്യാറാക്കുകയോ ഉണ്ടായിട്ടില്ല.

വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന തുകകൾ ഏത് വാട്ടർ കണക്ഷനുമായി ബന്ധപ്പെട്ടതാണെന്ന് നഗരസഭയ്ക്ക് തീർച്ചയില്ലാത്തപ്പോഴും മീറ്ററുകൾ ശരിയാംവിധം പ്രവർത്തിക്കാത്തതും നിലിവലില്ലാത്തതുമായ കൺസ്യൂമർ നമ്പറുകൾക്കുപോലും വാട്ടർചാർജ് വാട്ടർ അതോറിറ്റി വർഷങ്ങളായി ഡിമാന്റ് ചെയ്യുകയും നഗരസഭ അത് ഒടുക്കുവരുത്തുകയും ചെയ്തുപോരുന്നതായാണ് ഫയലിലെ വിവരങ്ങളിൽ നിന്നും, ഗ്രാന്റ് തുക സോഴ്സിൽ കുറവ് ചെയ്ത് കുടിശികയിൽ വകകൊള്ളിക്കുന്നതുമായ വസ്തുതയിൽ നിന്നും വ്യക്തമാകുന്നത്. വൗച്ചർ നം. 113-3/2021 പ്രകാരം 25,59,201/- രൂപ മുനിസിപ്പാലിറ്റി പരിധിയിൽ വരുന്ന 13 വാട്ടർ കണക്ഷനുകളുടെ വെള്ളക്കരം കുടിശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഒടുക്കിയിട്ടുണ്ട്. ഇതിൽ കുറ്റമറ്റ രീതിയിൽ പ്രവർത്തനക്ഷമമായിട്ടുള്ളത് മൂന്ന് കണക്ഷനുകൾ മാത്രമാണ്. ഇവയുടെ കുടിശിക 41,809/- രൂപ ഒഴിച്ചാൽ ബാക്കി

2517392/- രൂപയും ഒടുക്കിയിട്ടുള്ളത് എവിടെയാണെന്ന് നഗരസഭയ്ക്ക് തിട്ടമില്ലാത്തതും മീറ്റർ പ്രവർത്തനക്ഷമമല്ലാത്തതും നിലവിൽ പ്രവർത്തമില്ലാത്തതിനാൽ റദ്ദ് ചെയ്ത് പുതിയവ സ്ഥാപിക്കുന്നതിനായി നഗരസഭ മുമ്പേതന്നെ തീരുമാനമെടുത്തിട്ടുള്ള കണക്ഷനുകൾക്കാണ് (08.04.2013ൽ മുനിസിപ്പൽ ചെയർമാന്റെ അദ്ധ്യക്ഷതയിൽ കൂടിയ നഗരസഭാ ഉദ്യോഗസ്ഥരുടേയും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടേയും സംയുക്ത യോഗത്തിൽ തീരുമാനിച്ചത്.) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കൺസ്യൂമർ നം. | കണക്ഷൻ പോയിന്റ് | അടച്ച കുടിശിക | കുടിശികയുടെ കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | M09/522/N | മുനിസിപ്പൽ പാർക്ക് ഫൗണ്ടൻ | 61975 | 12/2020 വരെ | കണക്ഷൻ നിലവിലില്ലാത്തതിനാൽ റദ്ദുചെയ്യാൻ തീരുമാനിച്ചിരുന്നു |
| 2 | M09/530/N | മുനിസിപ്പൽ പാർക്ക് | 2198910 | 12/2020 വരെ | മീറ്റർ പ്രവർത്തനക്ഷമ മല്ലാത്തതിനാൽ പുതിയത് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. |
| 3 | M11/343/N | ക്രിമിറ്റോറിയം | 16684 | 11/2020 | മീറ്റർ പ്രവർത്തനക്ഷമ മല്ലാത്തതിനാൽ പുതിയത് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. |
| 4 | M14/504/N | അങ്കണവാടി - വയസ്കരകുന്ന് | 17358 | 12/2020 | മീറ്റർ പ്രവർത്തനക്ഷമ മല്ല |
| 5 | M14/509/N | അങ്കണവാടി- കുവംപടി | 14297 | 11/2020 | മീറ്റർ പ്രവർത്തനക്ഷമ മല്ല |
| 6 | M09/373/N | മുനിസിപ്പൽ ഓഫീസ് | 117201 | 12/2020 | നിലിവിൽ കണക്ഷൻ ഇല്ല റദ്ദുചെയ്യാൻ തീരുമാനിച്ചിരുന്നു |
| 7 | M09/504/N | ശീമാട്ടി റൗണ്ടാന | 69468 | 12/2020 | പ്രവർത്തിക്കുന്നില്ല. വാട്ടർ ചാർജ് കുടിശിക ഒടുക്കാൻ ശീമാട്ടി എന്ന സ്ഥാപനത്തോട് ആവശ്യപ്പെടാൻ തീരുമാനിച്ചിരുന്നു. |
| 8 | M09/482/N | എവിടെയെന്ന് തിരിച്ചറിഞ്ഞിട്ടില്ല | 5328 | 12/2020 | - |
| 9 | M12/509/N | എവിടെയെന്ന് തിരിച്ചറിഞ്ഞിട്ടില്ല | 12442 | 01/2021 | - |
| 10 | M17/457/N | അങ്കണവാടി - പുതിയതൃക്കോവിൽ | 3729 | 12/2020 | ഇതുവരെ ഈ കണക്ഷൻ ലഭിച്ചിട്ടില്ല. |
| ഒട്ടാകെ | | | 2517392 | | |

നഗരസഭാ പരിധിയിൽ വരുന്ന സ്ട്രീറ്റ് ടാപ്പുകൾ ഉൾപ്പെടുയുള്ള എല്ലാ വാട്ടർ കണക്ഷനുകളുടേയും വിവരം, പ്രവർത്തനക്ഷമത, എന്നിവ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് നഗരസഭ സംയുക്ത പരിശോധന നടത്തി ടാപ്പുകളുടേയും വാട്ടർ കണക്ഷനുകളുടേയും എണ്ണം തിട്ടപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കുകയും ചെയ്യേണ്ടതും ഗ്രാന്റിനത്തിൽ ഉൾപ്പെടെ ക്രമീകരിച്ച വാട്ടർചാർജിന്റെ കണക്ക് തിട്ടപ്പെടുത്തുകയും ഒടുക്കാൻ അവശേഷിക്കുന്ന വാട്ടർ ചാർജ് എത്രയെന്ന് കൃത്യമായി നിർണ്ണയിക്കുകയും ചെയ്ത് അവ അടവുവരുത്താൻ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

മേൽ ഓഡിറ്റ് നിരീക്ഷണം സംബന്ധിച്ച് കൂടുതൽ വിശദീകരണവും രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയിൽ (നം. 53/2020-21 തീയതി 19.02.2022) 21.05.22 ൽ ലഭ്യമാക്കിയ PW3/A2/3805/22 നം. മറുപടിയിൽ സംയുക്ത പരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും സംയുക്ത പരിശോധനയ്ക്ക് ശേഷം ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിക്കുമെന്നും വ്യകതമാക്കിയിട്ടുണ്ട്.

## 1-37 കടത്തുവള്ളം വാടകയ്ക്ക് നൽകൽ - ക്വൊട്ടേഷൻ വ്യവസ്ഥകൾ പാലിച്ചില്ല – നിരതദ്രവ്യം മടക്കി നൽകിയത് ക്രമാനുസൃതമല്ല.

വൗച്ചർ നം. 122-9/2020 തുക 2000 ചെക്ക് നം. 01736/24.09.2020 (ചെക്ക് തുക – 6000). നാട്ടകം സോണൽ ഓഫീസിനു കീഴിലുള്ള വേമ്പനാട് കടത്തുകടവിൽ കടത്തിനായി വള്ളം വാടകയ്ക്ക് നൽകുന്നതിനായി ക്വൊട്ടേഷൻ ക്ഷണിച്ചതിൽ സന്തോഷ്. പി. സി പട്ടടച്ചിറയിൽ, കാരാപ്പുഴ എന്നയാൾ നിരതദ്രവ്യം അടച്ച് (രസീത് നം. 1412/72083/29.01.2020) പങ്കെടുക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യുകയും ചെയ്തു. (ദിവസം 185/- രൂപ) എന്നാൽ ടിയാൻ ക്വൊട്ടേഷൻ അംഗീകരിക്കുന്ന സമയത്ത് ക്വൊട്ടേഷൻ വ്യവസ്ഥ പ്രകാരം ഹാജരാക്കേണ്ട വള്ളത്തിന്റെ ലൈസൻസ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടിയാന്റെ ക്വൊട്ടേഷൻ പരിഗണിക്കരുതെന്നു കാട്ടി രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വോട്ടുചെയ്ത ഷീല ലാലിച്ചൻ പരാതിപ്പെട്ടതിനെ തുടർന്ന് ശ്രീ. സന്തോഷ്. പി. സി. യുടെ ക്വൊട്ടേഷൻ ഒഴിവാക്കി രണ്ടാമത്തെ കുറഞ്ഞ നിരക്ക് (ദിവസം 200/- രൂപ) ക്വോട്ടു ചെയ്ത ശ്രീമതി ഷീല ലാലിച്ചന്റെ ക്വൊട്ടേഷൻ നഗരസഭ അംഗീകരിച്ചു. (14.05.2020ലെ 36-ാം നമ്പർ തീരുമാനം) ഇതുപ്രകാരം പ്രതിദിനം 15 രൂപ വള്ളം വാടകയിനത്തിൽ നഗരസഭയ്ക്ക് അധികം ചെലവ് വരുന്നു. ക്വൊട്ടേഷൻ വ്യവസ്ഥ പ്രകാരമുള്ള ലൈസൻസ് ഹാജരാക്കാത്തതിനെ തുടർന്ന് ശ്രീ. സന്തോഷ്. പി. സി. യുടെ ക്വൊട്ടേഷൻ നിരസിച്ചപ്പോൾ ടിയാൻ നിരതദ്രവ്യമായി ഒടുക്കിയ 2,000/- രൂപ മുനിസിപ്പൽ ഫണ്ടിലേക്ക് കണ്ടുകെട്ടി വരവു വയ്ക്കുകയായിരുന്നു വേണ്ടിയിരുന്നത്. അതിനു പകരം ടി തുക ടിയാന്റെ അപേക്ഷയെ തുടർന്ന് മേൽ വൗച്ചർ പ്രകാരം തിരികെ നൽകി. ഇത് ക്രമാനുസൃതമല്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 69/2020-21 തീയതി 07.03.2022) നഗരസഭ നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക ഉത്തരവാദികളായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-38 കുടിവെള്ള വിതരണം - ചെലവഴിക്കാൻ അനുവദനീയമായ പരമാവധി തുകയിൽ അധികമായ തുക സംബന്ധിച്ച്

ഫയൽ നം H4/5517/20

സ.ഉ(സാധാ)നം494/20/ ത.സ്വ.ഭ.വ തീയതി27/02/20പ്രകാരം

01/04/20 മുതൽ31/05/20വരെ കുടിവെള്ള വിതരണത്തിനായി മുനിസിപ്പാലിറ്റികൾക്ക് തനത്/ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്ന പരമാവധി തുക 16.50 ലക്ഷം രൂപയാണ്. സ.ഉ(സാധാ)നം 1312/20/ ത.സ്വ.ഭ.വ തീയതി 02/07/20 പ്രകാരം 30/06/20 വരെ കുടിവെള്ള വിതരണം ദീർഘിപ്പിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.എന്നാൽ ഇതിനായി തുക പ്രത്യേകമായി അനുവദിച്ചിട്ടില്ല.

നഗരസഭയിൽ നിന്നും ലഭിച്ച രേഖകൾ പ്രകാരം കുടിവെള്ള വിതരണത്തിനായി 1893860/-രൂപ സപ്ലയർ ആവശ്യപ്പെട്ടിട്ടുണ്ട്. അധികമായി 243860 രൂപ ആവശ്യപ്പെട്ടിട്ടുണ്ട്.സർക്കാർ അനുവദിച്ചിട്ടുള്ള സമയപരിധി കഴിഞ്ഞും കുടിവെള്ളം വിതരണം ചെയ്യേണ്ട സാഹചര്യമുണ്ടായതിനാലാണ് ഇപ്രകാരം ചെലവ് പരിധിക്കുപരിയായി 243860 രൂപയുടെ കുടിവെള്ളം കൂടി വിതരണം ചെയ്യേണ്ടിവന്നത് എന്ന് ഇത് സംബന്ധിച്ചുള്ള നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 28/06/21 ലെ ഡിസി3-6721/2021 നം കത്തിന് നഗരസഭയിൽ നിന്നും മറുപടി നല്കിയിട്ടുണ്ട്(കത്ത് നം എച്ച് 4-5517/20 തീയതി 22/11/21) ടി തുക തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുവാദം നല്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.അനുവാദം ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. 31/05/20 ന ശേഷമുള്ള കുടിവെള്ളം വിതരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ലഭിച്ചില്ല.

മേൽ പറഞ്ഞ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി 48 /20-21/08-02-22 നം ഓഡിറ്റ് എൻക്വയറി നല്കി. സർക്കാർ അനുവദിച്ചിട്ടുള്ള സമയപരിധി കഴിഞ്ഞും കുടിവെള്ളം വിതരണം ചെയ്യേണ്ട സാഹചര്യമുണ്ടായതിനാലാണ് അധികമായി തുകയ്ക്ക് വെള്ളം വിതരണം നടത്തിയത് എന്നത് തെറ്റായി റിപ്പോർട്ട് ചെയ്തതാണെന്നും ഈ പിഴവ് തിരുത്തി നഗരകാര്യ വകുപ്പ് ഡയറക്ടർക്ക് 26-02-22ൽ കത്ത് നല്കിയതായും മറുപടി ലഭിച്ചിട്ടുണ്ട്. അധികമായി സപ്ലയർക്കു നല്കേണ്ട തുക സംബന്ധിച്ചുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-39 മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താത്ത തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ്-നഗരസഭയ്ക്ക് നഷ്ടം

കോട്ടയം നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന 1146343001285 , കുമാരനെല്ലൂർ മേഖല കാര്യാലയ പരിധിയിൽ പ്രവർത്തിക്കുന്ന 1146359008497 എന്നീ കൺസ്യൂമർ നമ്പറിലുള്ള തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ 8A താരിഫിലാണ് നിലവിൽ വൈദ്യുത ചാർജ്ജ് ഈടാക്കുന്നത്. തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവുവിളക്കുകളുടെ കൃത്യമായ സ്ഥിതി വിവരം സംബന്ധിച്ച ഇനം തിരിച്ചുള്ള കണക്ക് രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വൈകിട്ട് 6 മണി മുതൽ രാവിലെ 6 മണി വരെ (12 മണിക്കൂർ) പ്രവർത്തിക്കുന്ന ബൾബുകളുടേയും ട്യൂബ് ലൈറ്റുകളുടേയും എണ്ണത്തെ അടിസ്ഥാനപ്പെടുത്തിയാണ് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ലാത്ത തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജ് കണക്കാക്കുന്നത്. ഇതിൽ തന്നെ എല്ലാ ബൾബുകളും പ്രവർത്തനക്ഷമമാണോയെന്ന് വ്യക്തമല്ല. ആയതിനാൽ ഒടുക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം.37/2020-21, തീയതി 20.01.22)കെ.എസ്.ഇ.ബി യിൽ നിന്നും ലഭിച്ച മറുപടി പ്രകാരം 1146343001285 കൺസ്യൂമർ നമ്പറിലുള്ള തെരുവുവിളക്കുകൾക്ക് ഈടാക്കുന്ന വൈദ്യുതചാർജ്ജിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ഇനം/ വാട്സ് | എണ്ണം | പ്രതിമാസ നിരക്ക് | തുക |
|---|---|---|---|---|
| 1 | Ordinary Lamp – 1 X 60 | 17 | 112 | 1904 |
| 2 | Ordinary Lamp – 1 X 100 | 58 | 184 | 10672 |
| 3 | Mercury Vapour -1 X 250 | 11 | 492 | 5412 |
| 4 | Sodium Vapour Lamp -1X 125 | 88 | 244 | 21472 |
| 5 | Mercury Vapour Lamp - 1X125 | 23 | 244 | 5612 |
| 6 | Fluorescent Tube -1X40 | 10 | 73 | 730 |
| 7 | Ordinary - 1X40 | 191 | 73 | 13943 |
| 8 | Sodium Vapour Lamp 1X250 | 476 | 492 | 234192 |
| 9 | Sodium Vapour Lamp 1X70 | 89 | 138 | 12282 |
| | ആകെ | | | 306219 |

1146359008497 കൺസ്യൂമർ നമ്പരിലുള്ള തെരുവുവിളക്കുകൾക്ക് ഈടാക്കുന്ന വൈദ്യുതചാർജ്ജിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ഇനം/ വാട്സ് | എണ്ണം | പ്രതിമാസ നിരക്ക് | തുക |
|---|---|---|---|---|
| 1 | Ordinary - 1X40 | 1605 | 73 | 117165 |
| 2 | Fluorescent Tube - 1 X 40 | 506 | 73 | 36938 |
| 3 | Fluorescent Tube - 2 X 40 | 296 | 147 | 43512 |
| 4 | CFL – 11X 4 | 191 | 70 | 13370 |
| | ആകെ | | | 210985 |

നിലവിൽ തെരുവു വിളക്കുകളെ സംബന്ധിച്ച് യാതൊരു രജിസ്റ്ററുകളും നഗരസഭയിൽ സൂക്ഷിക്കുന്നില്ല. വൈദ്യുതി ബോർഡ് ലഭ്യമാക്കിയ കണക്കുകൾ പ്രകാരമുള്ള വൈദ്യുതി വിളക്കുകൾ നഗരസഭയിൽ പ്രകാശിക്കുന്നുണ്ടോ എന്ന് വ്യക്തമല്ല. വൈദ്യുതി ബോർഡിൽ നിന്നു ലഭിക്കുന്ന വൈദ്യുതബില്ലിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയാണ് ചെയ്യുന്നത്. പ്രകാശിക്കുന്ന എത്ര വിളക്കുകൾ നഗരസഭാ പരിധിയിലുണ്ട് എന്നതിനെപ്പറ്റി യാതൊരു വിവരവും നഗരസഭയ്ക്കില്ല. പ്രകാശിക്കുന്ന തെരുവു വിളക്കുകളെ സംബന്ധിച്ച സംയുക്ത പരിശോധനയും സമീപഭാവിയിൽ നടത്തിയിട്ടില്ല.

2. 02.12.2003 ലെ സ.ഉ(എം.എസ്) നം.34/2003 പി.ഡി പ്രകാരം തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ലാത്ത 1146359008497, 1146343001285 എന്നീ കൺസ്യൂമർ നമ്പരിലുള്ള തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല.

3. തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജ് - തനത് ഫണ്ട് ചോരുന്നു

എ) 2020-21 സാമ്പത്തിക വർഷത്തിൽ 1146343001285, 1146359008497 എന്നീ കൺസ്യൂമർ നമ്പറുകളിലുള്ള തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഇനത്തിൽ വൈദ്യുതിവകുപ്പിൽ ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | മാസം | തുക | സർചാർജ്ജ് | സർചാർജ്ജ് കുടിശ്ശിക | ആകെ | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|---|---|---|---|
| 1 | 18-04/20 | മാർച്ച് | 311378 | വൗച്ചർ, ബിൽ എന്നിവ ലഭ്യമായില്ല | | 311378 | 032677/ 04.04.20 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 59-06/20 | ഏപ്രിൽ | 311892 | “ | | 623753 | 032738/ 04.06.20 |
| | | മെയ് | 311861 | “ | | | |
| 3 | 154-06/20 | ജൂൺ | 310357 | - | - | 310357 | 033034/ 22.06.20 |
| 4 | 117-07/20 | ജൂലൈ | 306219 | 511 | 4513 | 311243 | 032816/ 17.07.20 |
| 5 | 126-08/20 | ആഗസ്റ്റ് | 306219 | - | - | 306219 | 032929/ 17.08.20 |
| 6 | 106-09/20 | സെപ്റ്റംബർ | 306219 | - | - | 306219 | 017086/ 22.09.20 |
| 7 | 157-10/20 | ഒക്ടോബർ | 306219 | - | - | 306219 | 034518/ 20.10.20 |
| 8 | 124-11/20 | നവംബർ | 306219 | - | - | 306219 | 034597/ 18.11.20 |
| 9 | 119-12/20 | ഡിസംബർ | 306219 | - | - | 306219 | 034685/ 21.12.20 |
| 10 | 143-01/21 | ജനുവരി | 306219 | - | - | 306219 | 035873/ 19.01.21 |
| 11 | 22-03/21 | ഫെബ്രുവരി | 306219 | - | - | 306219 | 035972/ 04.03.21 |
| 12 | 158-03/21 | മാർച്ച് | 306219 | 1712 | - | 307931 | 036058/ 23.03.21 |
| | | ആകെ | | 2223 | 4513 | 4008195 | |

ബി) 2020-21 സാമ്പത്തിക വർഷത്തിൽ 1146359008497 എന്ന കൺസ്യൂമർ നമ്പറിലുള്ള തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഇനത്തിൽ വൈദ്യുതിവകുപ്പിൽ ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | മാസം | തുക | സർചാർജ്ജ് | സർചാർജ്ജ് കുടിശ്ശിക | ആകെ | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|---|---|---|---|
| 1 | 77- 06/20 | മാർച്ച് | 215180 | - | | 430360 | 032743/ 04.06.20 |
| | | ഏപ്രിൽ | 215180 | | | | |
| 2 | 154-06/20 | മെയ് | 215041 | - | - | 215041 | 032788/ 08.07.20 |
| 3 | 166-08/20 | ജൂൺ | 214381 | 3606 | - | 428972 | 032946/ 20.08.20 |
| | | ജൂലൈ | 210985 | | | | |
| 4 | 136-09/20 | ആഗസ്റ്റ് | 210985 | 140 | 3954 | 215079 | 017101/ 25.09.20 |
| 5 | 136- 10/20 | സെപ്റ്റംബർ | 210985 | 1180 | 7770 | 219935 | 034500/ 20.10.20 |
| 6 | 84- 11/20 | ഒക്ടോബർ | 210985 | 694 | | 211679 | 034578/ 13.11.20 |
| 7 | 68- 01/21 | നവംബർ | 211402 | - | - | 422387 | 034735/ 11.01.21 |
| | | ഡിസംബർ | 210985 | | | | |
| 8 | 143- 01/21 | ജനുവരി | 214732 | - | - | 425717 | 036073/ 26.03.21 |
| | | ഫെബ്രുവരി | 210985 | | | | |
| | ആകെ | | 2551826 | 5620 | 11724 | 2569170 | |

പട്ടിക 'എ' യിൽ മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലും പട്ടിക 'ബി 'യിൽ മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ, നവംബർ, ജനവരി മാസങ്ങളിലും ഈടാക്കിയ വൈദ്യുത ചാർജ്ജ് തെരുവ് വിളക്കുകളുടെ ഇനവും എണ്ണവും അനുസരിച്ച് കെ.എസ്.ഇ.ബി നിശ്ചയിച്ചിരിക്കുന്ന തുകയേക്കാൾ കൂടുതലാണ്. ഇത്തരത്തിൽ അധികമായി തുക ഈടാക്കിയതിന്റെ കാരണം വ്യക്തമല്ല. ഫയലിലും ഇത് സംബന്ധിച്ച യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല.

സമയബന്ധിതമായി ബിൽ തുക ഒടുക്കാത്തതിനാൽ 2020-21സാമ്പത്തിക വർഷം 1146343001285, 1146359008497എന്നീ കൺസ്യൂമർ നമ്പരുകളിലുള്ള ബില്ലുകളിൽ (ലഭ്യമായ ബില്ലുകളിൽ) നിന്നു മാത്രം സർചാർജ്ജിനത്തിൽ ആകെ 24080 രൂപ (6736+17344) നഗരസഭയുടെ തനത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. ഇപ്രകാരം എല്ലാ വൈദ്യുതകണക്ഷനുകളിൽ നിന്നും കുറഞ്ഞത് 1 രൂപ മുതൽ സർചാർജ്ജിനത്തിൽ നഷ്ടമാകുന്നുണ്ട്.

ടി അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.37/2020-21, തീയതി 20.01.22) കോവിഡ് 19 മൂലം ലോക്ഡൗൺ നിലനിന്ന സാഹചര്യത്തിൽ ജീവനക്കാർക്ക് ഓഫീസിൽ ഹാജരാകുവാൻ സാധിക്കാത്തതിനാലാണ് കൃത്യസമയത്ത് ബിൽ അടയ്ക്കുവാൻ സാധിക്കാതിരുന്നതെന്നാണ് മറുപടി നൽകിയിരിക്കുന്നത്.

വർഷങ്ങളായി തെരുവ് വിളക്കിന്റെ വൈദ്യുത ചാർജ്ജ് ഇനത്തിൽ ഭീമമായ തുക ഒടുക്കുമ്പോഴും ഒടുക്കുന്ന തുകയുടെ ആധികാരികതയെക്കുറിച്ച് നഗരസഭയ്ക്ക് യാതൊരു ധാരണയുമില്ലാത്തത് തനത് ഫണ്ടിന് ചോർച്ചയുണ്ടാക്കുന്നുണ്ട്. ബില്ല് ഒടുക്കുന്നതിൽ കാലതാമസം വരുത്തുന്നതും സർചാർജ്ജ് ഇനത്തിൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമുണ്ടാക്കുന്നുണ്ട്.

## 1-40 മെറിറ്റോറിയൽ സ്കോളർഷിപ്പ്- സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക തുക നൽകി

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ മെറിറ്റോറിയൽ സ്കോളർഷിപ്പ് ( എസ്.ഒ431/2020-2021, എസ്.ഒ.299/2020-21, എസ്.ഒ.265/2020-21) പ്രോജക്ട് ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

സബ്സിഡി മാർഗ്ഗരേഖ നമ്പർ 22/2018 തസ്വഭവ.തീയതി:14.02.2018 ഖണ്ഡിക 7.2.5 പ്രകാരം എഞ്ചിനീയറിംഗ് കോഴ്സിന് പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പായി 25000/- രൂപ നൽകാവുന്നതാണ്. എന്നാൽ ഇതിന് വിരുദ്ധമായി 30,000/- രൂപ വീതം ഓരോ വിദ്യാർത്ഥിയ്ക്കും നൽകിയതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും മേൽവിലാസവും | പഠിയ്ക്കുന്ന കോഴ്സ് | നൽകിയ തുക | ബിൽ നമ്പർ/തീയതി/തുക | നൽകേണ്ട തുക | അധികമായി നൽകിയ തുക |
|---|---|---|---|---|---|---|
| 1 | ഷിൽന വിനോദ് കലേക്കാട്ടിൽ, കീഴകുന്ന്, കളക്റ്റേറ്റ് പി.ഒ. | ബി.ടെക് | 30,000 | 200801470016 01257887/16.03.2021 തുക – 440,000 | 25,000 | 5000 |
| 2 | അങ്കിത രാജപ്പൻ തോട്ടുങ്കൽപറമ്പിൽ, പാക്കിൽ പി.ഒ. | ബി.ടെക് | 30,000 | 20080147001601257887/16.03.2021 തുക – 440,000 | 25,000 | 5000 |
| 3 | ഐശ്വര്യ ലക്ഷ്മി എട്ടാംകുളം വീട് വീട്ടുനമ്പർ.183 മുട്ടമ്പലം. | ബി.ടെക് | 30,000 | 20080147001601257887/16.03.2021 തുക – 440,000 | 25,000 | 5000 |
| 4 | ആരതി പ്രദീപ് പതിയിൽപറമ്പിൽ പുത്തനങ്ങാടി കോട്ടയം. | ബി.ടെക് | 30,000 | 20080147001601270053/17.03.2021. തുക- 265000/- | 25,000 | 5000 |
| 5 | അങ്കിത രാജപ്പൻ തോട്ടുങ്കൽപറമ്പിൽ, പാക്കിൽ പി.ഒ. | ബി.ടെക് | 30,000 | 20080147001600670168/28.10.2020 തുക – 50,000 | 25,000 | 5000 |
| ആകെ തുക | | | | | | 25,000/- രൂപ |

മാത്രമല്ല ഗുണഭോക്താക്കളുടെ അപേക്ഷയിൽ ഗുണഭോക്താവിന് ആനുകൂല്യത്തിന് അർഹതയുണ്ടെന്ന വാർഡ് കൌൺസിലറുടെ സാക്ഷ്യപത്രവും, മറ്റ് വകുപ്പുകളിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രവും ലഭ്യമല്ല. ഇതിന്

വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 19) ഇത് ജോലിത്തിരക്കിനിടയിൽ അറിയാതെ സംഭവിച്ച് പോയതാണെന്നും അധികമായി നൽകിയ തുക തിരികെ അടയ്ക്കുന്നതിനായി ഗുണഭോക്താക്കൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും മറുപടി നൽകി.

സബ്സിഡി മാർഗ്ഗരേഖയിൽ പറയുന്ന തുകയിൽ അധികരിച്ച് നൽകിയ സ്കോളർഷിപ്പ് തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരമറിയിയ്ക്കേണ്ടതാണ്.

## 1-41 ബിറ്റുമിൻ മുഴുവൻ തിരികെ ലഭിച്ചതു സംബന്ധിച്ച രേഖകളില്ല.

മുൻസിപ്പൽ കരാറുകാരനായിരുന്ന ശ്രീ അജയൻ കെ.എസ്. എഗ്രിമെന്റ് പ്രകാരം ഏറ്റെടുത്ത താഴെ ചേർത്തിരിക്കുന്ന റോഡു പ്രവൃത്തികൾക്ക് നഗരസഭ ടാർ വിതരണം ചെയ്തിരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര നം. | പ്രോജക്ട് നം/പേര് | ഫയൽനം. | അടങ്കൽ | ചെലവ് | വിതരണം ചെയ്ത ടാർ | | |
|---|---|---|---|---|---|---|---|
| | | | | | VG30 | RS1 | SS1 |
| 1. | 649/21 ചിറ്റപ്പൻ റോഡ്-പമ്പിൽ പടി റോഡ് റീ-ടാറിങ്ങ്(W26,27) | PW8/19739/19 | 1264000 (MG Road) | 294313 | 5808 | 594 | 0 |
| 2. | 24/21എക്കപ്പറംറോഡ് റീ ടാറിങ്ങ്(W46) | PW8/23918/19 | 635000 (CFC) | 0 | 3330 1622 | 505 | |
| 3. | 36/21 പെരുമ്പിള്ളി കൊണ്ടങ്കേരി റോഡ് ടാറിങ്ങ്(W26) | PW8/23976/19 | 36000 (CFC) | 0 | 681 | 89 | 275 |
| 4. | 35/21 ചിറത്തറമാലി എസ്.സി.കോളനി റോഡ് ഉയർത്തി ടാറിങ്ങ് | PW8/25868/19 | 880000 (CFC) | 0 | 1688 | 220 | 680 |
| 5. | 38/21മുണ്ടുചിറക്കൽ പെരുന്തക്കേരി റോഡ് റീടാറിങ്ങ് | PW8/23979/19 | 446000 (CFC) | 0 | 940 | 123 | 379 |
| 6. | 42/21 മത്സ്യഫെഡ് സൈഡ് ഉയർത്തി ടാറിങ്ങ് | PW8/19744/19 | 775000 (CFC) | 0 | 870 | 114 | 351 |
| 7. | 111/21 അറുപുഴ ജുമാമസ്ജിദ് റോഡ് റീ ടാറിങ്ങ് | PW8/19741/19 | 590000 (MG) | 39122 | 552 222 | 77 | |
| 8. | 194/21പുളിഞ്ചോട്ടിൽനിന്നും കരിശുപള്ളി അറുത്തുട്ടി റോഡിലേക്ക് ഇറങ്ങുന്ന പാതയുടെ റീടാറിങ്ങ്(W23) | PW8/239861/19 | 146727 (MG) | 53186 | 1056 | 101 | |
| 9. | 23/21കല്ലുപുരയ്ക്കൽ കൊച്ചു കാഞ്ഞിരം റോഡ് റീടാറിങ്ങ്(W46) | PW823983/19/ | 372500 (CFC) | 0 | 2893 | 290 | |
| 10. | 21/21പേരകത്തുശ്ശേരി റോഡ് റീടാറിങ്ങ്(W46) | | 212800 (CFC) | 0 | | | |
| 11. | 652/21കാരാപ്പുഴ കുരിശുപള്ളി റോഡ് റീ ടാറിങ്ങ് വാർഡ് 23 | PW8/19861/19 | 1307640 (MG) | 273820 | 5736 3309 | 867 | |
| 12. | 107/21 പുതുവാക്കൽ കൊല്ലംപറമ്പു റോഡ് റീടാറിങ്ങ് ബൊലൈൻ ഇന്റർലോക്കിങ്ങ് W26 | PW8/23913/19 | 700000 (MG) | 165440 | 2969 | 313 | 204 |
| 13. | 292/21 വാർഡ് 45 പതിനഞ്ചിൽ കടവു കല്ലുപുരയക്കൽ റോഡ് റീ ടാറിങ്ങ് | PW8/23921//19 | 2500000 | 2013336 | 881 9360 925 | 1174 | |
| 14. | 228/21 സിറ്റി ഹോസ്പിറ്റൽ സി.ഐറ്റിയു പാർട്ടി ഓഫീസ് റീടാറിങ്ങ് , ഡ്രൈനേജ് | PW5/23909/19 | 403000 | 33686 | 387 280 | 65 | |
| | | ആകെ | | | 43509 | 4532 | 1889 |

18.01.2021 ലെ ജനറൽ കമ്മിറ്റി യുടെ 19(3) നമ്പർ തീരുമാനപ്രകാരം ക്രമനമ്പർ 1 മുതൽ 10 വരെ യുള്ള മേൽ പ്രവൃത്തികൾക്ക് ശ്രീ കെ.എസ് അജയൻ ഒടുക്കിയ EMD തുക കണ്ടു കെട്ടുന്നതിനും പ്രവൃത്തികൾ റീ ടെൻഡർ ചെയ്യുന്നതിനും തീരുമാനിച്ചു.

നഗരസഭ ഹാജരാക്കിയ ബിറ്റുമിൻ രജിസ്റ്റർ പ്രകാരംശ്രീ കെ.എസ്.അജയന് മേൽ പട്ടികയിലെ 10ാം നമ്പർ ഒഴികെ 13

പ്രോജക്ടുകൾക്കായി 43509 കി.ഗ്രാം VG30 യും 4532കി.ഗ്രാം RS1 ഉം 1889 കി.ഗ്രാം SS1 ഉം വിതരണം ചെയ്തതായി കാണുന്നു. ബിറ്റുമിൻ രജിസ്റ്റർ പ്രകാരം 5.2.2020 ന് 43684 കി.ഗ്രാം VG30യും 4532 കി.ഗ്രാം RS1 തിരികെ നൽകിയതായി കാണിച്ചിട്ടുണ്ട്. 1889 കി.ഗ്രാം SS1 തിരികെ നൽകിയതായി രേഖകളില്ല. ക്രമ നംപർ 10 പ്രകാരം പ്രോജക്ട് നംപർ 21/21 പേരകത്തുശ്ശേരി റോഡ് റീടാറിങ്ങ്(W46) എന്ന പ്രവൃത്തിക്ക് ബിറ്റുമിൻ വിതരണം ചെയ്തതായി രേഖകളില്ല.

മേൽ പ്രവൃത്തികളുടെ EMD തുക കണ്ടു കെട്ടിയത് , പ്രവൃത്തികൾ റീടെണ്ടർ ചെയ്ത് പൂർത്തിയാക്കിയത് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.57/21.2.2021) മുഖേന ആരാഞ്ഞെങ്കിലും ഹാജരാക്കിയില്ല. വിതരണം ചെയ്ത 1889 കി.ഗ്രാം ബിറ്റുമിനോ തുല്യ അളവ് ബിറ്റുമിനിന്റെ നിലവിലുള്ള വിലയോ കണക്കാക്കി കരാറുകാരന്റെ അവകാശികളിൽനിന്നും ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും സർചാർജ്ജ് നടപടികൾ ഒഴിവാക്കേണ്ടതുമാണ്.

## 1-42 കമ്മ്യൂണിറ്റി കിച്ചനിലൂടെ ലഭ്യമാക്കുന്ന സൗജന്യ ഊണിനുള്ള ധനസഹായം ' പ്രോജക്ട്-ഒരേ ഇൻവോയിസ് പ്രകാരം സ്ഥാപനത്തിന് രണ്ട് പ്രാവശ്യം തുക നൽകി

ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വാർഷിക പദ്ധതിയിലെ 420-ാം നമ്പരായ നടപ്പിലാക്കിയ പ്രോജക്ടായ 'കമ്മ്യൂണിറ്റി കിച്ചനിലൂടെ ലഭ്യമാക്കുന്ന സൗജന്യ ഊണിനുള്ള ധനസഹായം ' എന്ന പ്രോജക്ടിനായി ആകെ 2244901/-രൂപ ചെലവഴിച്ചിട്ടുണ്ട്. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നഗരസഭ നടത്തിവരുന്ന കമ്മ്യൂണിറ്റി കിച്ചനിലേക്ക് വിവിധ സാധന സാമഗ്രികൾ വാങ്ങിയ വകയിൽ ബിൽ നം20080147001300 280382/22.06.2020 പ്രകാരം 6,49,029/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവാക്കി. ഇതിൽ പച്ചക്കറികൾ Kerala State Horticultural Products Dev. Corporation Ltd ൽ നിന്നും വാങ്ങിയ ഇനത്തിൽ 112580/-രൂപയുടെ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട്. ഇതിൽ 392/14.4.20 നംപർ ഇൻവോയിസ് പ്രകാരം 3411/രൂപയുടെ ചെലവുണ്ട്. ഇതു കൂടാതെ ബിൽ നം.20080147001300181649/20.05.2020 പ്രകാരം 3411/-രൂപ(വികസന ഫണ്ട് ജനറൽ) ഇതേ സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ചെലവിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം 49/8.2.22) നൽകിയതിനു മറുപടിയായി 3411 രൂപ തെറ്റായി ഒടുക്കിയത് തിരികെ ട്രഷറിയിൽ ഒടുക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുള്ളതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

3411/- തിരികെ ഈടാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-43 സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം-സർക്കാർ നിബന്ധനകൾക്ക് വിരുദ്ധമായി ഉപകരണങ്ങൾ വാങ്ങി

2019-20 വാർഷിക പദ്ധതിയിൽ 372-ാം നമ്പരായി ഉൾപ്പെടുത്തിയ ഈ പ്രോജക്ടിനായി വികസന ഫണ്ട് 1600000(പതിനാറു ലക്ഷം )രൂപ വകയിരുത്തിയിരുന്നു. 17.01.2020 ലെ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനം, 17.02.2020 ലെ 80-ാം നമ്പർ തീരുമാനം എന്നിവ പ്രകാരം ഈ പ്രോജക്ട് ' Kerala State Industrial Enterprises Ltdഎന്ന സ്ഥാപനം മുഖേന നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ടി സ്ഥാപനവുമായി 16.03.2020-ൽ എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പ്രോജക്ട് 2019-20 വർഷം നടപ്പാക്കാത്തതിനെത്തുടർന്ന് 2020-21 വർഷം 218-ാം നമ്പരിൽ സ്പിൽ ഓവർ പ്രോജക്ടായി നടപ്പാക്കി. ഇതുപ്രകാരം കോട്ടയം നഗരസഭയിലെ വിവിധ സ്കൂളുകളായ ഗവ.എച്ച്.എസ്.എൽ.പി.സ്കൂൾ, നാട്ടകം, ഗവ.എൽപി.സ്കൂൾ, വേളൂർ, ഗവ.എൽപി.സ്കൂൾ, മുടിയൂർക്കര, ഗവ.യു.പി.സ്കൂൾ, വേളൂർ എന്നിവിടങ്ങളിൽ സ്മാർട്ട് ക്ലാസ്സ് റൂം സജ്ജമാക്കുന്നതിനാവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുന്നതിന്' Kerala State Industrial Enterprises Ltd(KSIEL) താഴെ പറയും പ്രകാരം തുക നൽകി.

| ക്രമ നം | ബിൽ നംപർ/തീയതി | തുക |
|---|---|---|
| 1 | 20080147002400013895/11.04.2020 | 398500 |
| 2 | 20080147002400018511/11.04.2020 | 398500 |
| 3 | 20080147002400011679/11.04.2020 | 398500 |
| 4 | 20080147002400011680/11.04.2020 | 398500 |
| | ആകെ | 1594000/- |

എന്ന സ്ഥാപനത്തിന് നടപ്പാക്കി. പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഈ പ്രോജക്ടിനു കീഴിൽ സ്മാർട്ട് ക്ലാസ്സ് റൂമിനുവേണ്ട ഇലക്ട്രോണിക് ഉപകരണങ്ങൾ സപ്ലൈ ചെയ്തിരിക്കുന്നത് KSIEL ആണെന്നു കാണുന്നു. സംസ്ഥാന ഇലക്ട്രോണിക്സ് വിവരസാങ്കേതിക വിദ്യ വകുപ്പിന്റെ 18-03-2019 തീയതിയിലെ സർക്കുലർ നമ്പർ ഐ.റ്റി.സെൽ-1/26/2019/വി.സ.വ, 21-10-2019 ലെ സർക്കുലർ നമ്പർ ഐ.റ്റി.സെൽ-1/106/2019/ വി.സ.വ. എന്നിവ പ്രകാരം സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് റേറ്റ് കോൺട്രാക്ട് (CPRCS) പോർട്ടലിലൂടെ മാത്രമേ ഇവ വാങ്ങാൻ പാടുള്ളൂ.

2) Finance(Industries &Public Works-B) Department ന്റെ 4.7.2019 ലെ G.O.(P) No. 77/2019/ Fin ഉത്തരവിന്റെ Annexure പ്രകാരം ' Kerala State Industrial Enterprises Ltdഎന്ന സ്ഥാപനത്തിന് 'General Civil Construction Works As PMC' എന്ന മേഖലയിലാണ് Accreditation. Annexure പ്രകാരം 'IT Works,- വാങ്ങുന്നതിന് Design, Development, Implimentation And Management Of Software Application &Instllation Of Computer Hardware, Internet, Networking And Related Works.' എന്ന മേഖലയിൽ Accreditation ഇല്ല. മേൽ സാഹചര്യത്തിൽ KSIEL നെ ഈ പ്രേജക്ട് നടത്തുന്നതിനായി തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനം എന്തെന്ന്

വ്യക്തമാകുന്നില്ല..

3) പൊതു വിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ വാങ്ങുന്നതിനും വിന്യസിക്കുന്നതിനും വേണ്ട മാർഗനിർദ്ദേശങ്ങൾ 6.1.2018ലെ സ.ഉ (സാധാ) 97/2018/പൊ.വി.വ. ഉത്തരവ് മുഖേനയും പുറപ്പെടുവിച്ചിരുന്നു. ഇതിൽ പിന്നീട് 27.9.2019ലെസ.ഉ (സാധാ) 3847/19 /പൊ.വി.വ. ഉത്തരവ് പ്രകാരം പരിഷ്കരിച്ചിരുന്നു. പ്രസ്തുത ഉത്തരവുകൾ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങളിൽ പരാമർശിക്കാത്ത ഉപകരണങ്ങൾ അത്യാവശ്യമെന്ന് തോന്നുന്ന പക്ഷം ഉപകരണമൊന്നിന് 15000/- രൂപയിൽ കവിയാതെയും മൊത്തം പ്രോജക്ട് തുക 50000/- രൂപയിൽ കവിയാതെയും വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഉപകരണങ്ങൾ മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി വാങ്ങിയതായി കാണുന്നു

| | ഇനം | വില | പരമാവധി ചെലവാക്കാവുന്നത് | റിമാർക്സ് |
|---|---|---|---|---|
| 1 | KYOCERA TASKalfa DIGITAL COPIER/Model-1800 DUPLEX | 42000 | 15000 | 27000/- അധികം ചെലവഴിച്ചു. |
| 2 | COMPUTER TABLE AND TEACHER CHAIR | 10500 | " | - |
| 3 | JAFFERSON CHAIR (20) | 2250X20=45000 | " | 30000/- അധികം ചെലവഴിച്ചു. |
| 4 | Curtain Work (Per Classroom) | 9500 | " | - |
| 5 | CLASS ROOM PVC CEILING WORK(per Classroom) | 26500 | " | 11500/- രൂപ അധികം ചെലവഴിച്ചു |
| 6 | Class Room Painting(per Class Room) | 9500 | " | - |
| 7 | 1.5 TON 3STAR AC HAIER/LLOYD With Stabilizer & Stand | 46500 | " | 31500രൂപ അധികം ചെലവഴിച്ചു/- |
| | ആകെ | 189500 | | |

മാർഗ്ഗനിർദ്ദേശങ്ങളിൽ പരാമർശിക്കാത്ത ഉപകരണങ്ങൾ വാങ്ങുന്നതിന് ഒരു സ്കൂളിന് പരമാവധി 50000 രൂപ മാത്രമേ ചെലവഴിക്കാവൂ എന്നിരിക്കെ സ്കൂളൊന്നിന് 139500/- രൂപ നിരക്കിൽ ആകെ 5,58000 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

4,) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ് വെയർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകൾ മുഖേന വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ചുള്ള സർക്കാർ മാർഗ്ഗരേഖകൾ പ്രകാരം (സ.ഉ.(സാധാ) നം.97/2018/പൊ.വി.വ, തീയതി 06.01.2018, സ.ഉ (സാധാ) 3847/19 /പൊ.വി.വ. തീ 27.9.2019) ഉപകരണങ്ങൾ വങ്ങുന്നതിന് പരമാവധി വില നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ ഇതിനു വിരുദ്ധമായി അധിക നിരക്കിൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ഇനം | ബിൽ പ്രകാരം വില(നികുതികൾ,മറ്റുചാർജ്ജുകൾ ഉൾപ്പെടെ) | മാർഗ്ഗരേഖ പ്രകാരം നൽകാവുന്ന പരമാവധി തുക | അധികം ചെലവഴിച്ച തുക (നാലു സ്കൂളുകൾക്ക്) |
|---|---|---|---|---|
| 1 | LAP TOP | 89110 | 29567 | 59543X4=2,38,172 |
| 2 | WALL MOUNT KIT | 5000 | 4900 | 100X4=400 |
| 3 | WHITE BOARD | 10500 | 7900 | 10400X4=41,600 |
| ആകെ | | | | 2,80,172 |

5)പൊതു വിദ്യാഭ്യാസ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശപ്രകാരം സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുന്നതിന് ലാപ്ടോപ്പ്, പ്രോജക്ടർ, സ്ക്രീൻ, 3കെ.വിഎ യു.പി.എസ്, വൈറ്റ് ബോർഡ്,യു.എസ്.ബി. സ്പീക്കർ, പ്രോജക്ടർ മൌണ്ടിങ്ങ് കിറ്റ് എന്നിവയാണ് സ്ഥാപിക്കേണ്ടത്. എന്നാൽ ഇവയിൽ പെടാത്ത INTERACTIVE TOUCH DIGITAL PODIUM എന്ന ഉപകരണം 88,400/- രൂപ നിരക്കിൽ 4 സ്കൂളുകളിലേക്കായി വാങ്ങിയിട്ടുണ്ട് .ആകെ ചെലവായ 88400 X 4= 3,53,600/- രൂപ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് ചെലവഴിച്ചിരിക്കുന്നത്.

6) ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതും സ്കൂളുകളിൽ സ്ഥാപിച്ചതും സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

മേൽ പരാമർശങ്ങൾക്ക് വ്യക്തമായ വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.17/23.12.2021) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ചെലവഴിച്ച 9,11,600 രൂപ(5,58,000 + 3,53,600) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-44 മുനിസിപ്പൽ പാർക്ക് സംരക്ഷണത്തിനായി ലക്ഷങ്ങൾ ചെലവഴിച്ചിട്ടും പാർക്ക് നാശോൻമുഖമായ നിലയിൽ

കോട്ടയം നഗരസഭയുടെ ഹൃദയഭാഗത്തുള്ള നെഹ്റു പാർക്കിൽ 2019-20 സാമ്പത്തികവർഷം 12 ലക്ഷം രൂപ ചെലവഴിച്ച സ്ഥാപിച്ച കുട്ടികൾക്കുള്ള കളിയുപകരണങ്ങൾ പൂർണ്ണമായും ഉപയോഗശൂന്യമായ നിലയിലാണെന്ന് മുൻവർഷ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷവും പാർക്കിലെ ചെടികൾ വെള്ളമൊഴിച്ച് സംരക്ഷിക്കുന്നതിനായി മാത്രം നടത്തിയ ചെലവ് വിവരങ്ങൾ ( ഫയൽ നം.PW2-2751/20) ചുവടെ നൽകുന്നു. പാർക്കിൽ ചെടികൾ വെച്ച് പിടിപ്പിച്ച കീസ്റ്റോൺ ഡെവലപ്പേഴ്സ് IX 474, ഓതറ ഈസ്റ്റ്, തിരുവല്ല എന്ന സ്ഥാപനത്തെ തന്നെയാണ് ചെടികൾ നനയ്ക്കുന്ന ജോലി ഏൽപ്പിച്ചിരുന്നത്. ചെടികൾ നനയ്ക്കുന്നതിനായി ഈ സ്ഥാപനത്തിന് 25.12.2019 മുതൽ 30.11.2020 വരെ 809256 രൂപ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ചെടികൾ നനച്ച കാലയളവ് | പ്രതി ദിന ജോലിക്കാരുടെ എണ്ണം | സ്ഥാപനം നൽകിയ ഇൻവോയിസ് പ്രകാരമുള്ള തുക/ ഇൻവോയിസ് നമ്പരും തീയതിയും | സ്ഥാപനത്തിന് നൽകിയ തുക | ചെക്ക് നമ്പരും തീയതിയും |
|---|---|---|---|---|---|
| 1 | 25.12.19 മുതൽ 31.01.20 വരെ | 3 | 28000/- 009/31.0.20 | 28000 | 041593/15.02.20 |
| 2 | 01.02.2020 മുതൽ 29.02.20 വരെ | 5 | 69600/- 010/10.03.20 | 57420 -1148 (IT Deducted) -56272 | 032706/ 08.05.20 |
| 3 | 01.03.20 മുതൽ 30.04.20 വരെ | 5 | 90420 011/11.05.20 | 90420- 1808(IT Deducted) -88612 | 032730/ 03.06.20 |
| 4 | 01.05.20 മുതൽ 31.05.20 വരെ | 5 | 59500 012/04.06.20 | 59400 | 032794/10.07.20 |
| 5 | 01.06.20 മുതൽ 30.06.20 വരെ | 5 | 58500 013/13.07.20 | 57420-1148 (IT Deducted)-56272 | 032941/19.08.20 |
| 6 | 01.07.20മുതൽ 31.07.20 വരെ | ജോലിക്കാരുടെ എണ്ണം ലഭ്യമല്ല | 64700 014/06.08.20 | 64020-1280(IT Deducted) -62740 | 032941/19.08.20 |
| 7 | 01.08.20മുതൽ 31.08.20 വരെ | ജോലിക്കാരുടെ എണ്ണം ലഭ്യമല്ല | 113000 015/08.09.20 | 113000 | 034533/28.10.20 |
| 8 | 01.09.20 മുതൽ 30.09.20 വരെ | ജോലിക്കാരുടെ എണ്ണം ലഭ്യമല്ല | 127000 016/06.10.20 | 127000-2540(IT Deducted) -124460 | 034642/04.12.20 |
| 9 | 01.10.20മുതൽ 31.10.20 വരെ | 6 | 116500 013/03.11.20 | 116500-2330(IT Deducted) -114170 | 034642/04.12.20 |
| 10 | 01.11.20തൽ 30.11.20 വരെ | 6 | 108500 019/08.12.20 | 108500-2170IT Deducted) -106330 | 035865/ 19.01.21 |

ടി സ്ഥാപനത്തെ പാർക്ക് സംരക്ഷണ ജോലികൾക്കായി തെരഞ്ഞെടുത്തത് മത്സരാധിഷ്ഠിത ടെണ്ടർ വിളിച്ചല്ല. 17.03.20 ലെ മുനിസിപ്പൽ കൗൺസിലിന്റെ 58-ാം നമ്പർ തീരുമാനപ്രകാരം പാർക്കിന്റെ പരിപാലനത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നത് വരെ ഗാർഡനിങ്ങ് പരിപാലനത്തിന് മേൽ സ്ഥാപനത്തെ നിയോഗിക്കുന്നതിനും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിനുമാണ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ മത്സരാധിഷ്ഠിത ടെണ്ടർ വിളിച്ച് പാർക്ക് പരിപാലനം കുറ്റമറ്റമാക്കുന്നതിന് തുടർനടപടികളൊന്നും തന്നെ കൈക്കൊണ്ടിട്ടില്ല.
പാർക്ക് സംരക്ഷണത്തിനായി ദിനംപ്രതി ചെയ്യേണ്ട ജോലികൾ മുനിസിപ്പാലിറ്റി കൃത്യമായി നിർവ്വചിച്ച് നൽകുകയോ (ഉദാഹരണമായി-ചെടികളുടെ സംരക്ഷണം, ഗാർബേജ് കളക്ഷൻ, പാർക്ക് ക്ലീനിങ്ങ്, അറ്റകുറ്റപ്പണികൾ മുതലായവ) ഇത് സംബന്ധിച്ച് സ്ഥാപനവുമായി വ്യക്തമായ നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല. സ്ഥാപനം മാസാമാസം നൽകുന്ന ഇൻവോയിസ് പ്രകാരമാണ് തുക കൈമാറിയിട്ടുള്ളത്. ഇൻവോയിസ് കാലയളവിൽ സ്ഥാപനം നിർവ്വഹിച്ച ജോലികൾ യഥാർത്ഥത്തിൽ ചെയ്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താതെയാണ് തുക കൈമാറിയിട്ടുള്ളത്.

ഓരോ മാസവും നിയോഗിച്ചിട്ടുള്ള ജോലിക്കാരുടെ എണ്ണം വ്യത്യസ്തമാണ്. എന്ത് അടിസ്ഥാനത്തിലാണ് ജോലിക്കാരുടെ എണ്ണം നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ സ്ഥാപനം നൽകിയിട്ടുള്ള ഇൻവോയിസിൽ പ്രതിദിനം നിയോഗിച്ചിട്ടുള്ള ജോലിക്കാരുടെ എണ്ണം ലഭ്യമല്ല. ഈ മാസങ്ങളിലും ശരാശരി 5 പ്രതി ദിന തൊഴിലാളികൾ എന്ന കണക്കിൽ എടുത്താൽ ആകെ 1447 തൊഴിലാളികളുടെ വേതനമാണ് പാർക്കിലെ ചെടികൾ നനയ്ക്കുന്നതിനായി മുനിസിപ്പാലിറ്റി നൽകിയിട്ടുള്ളത്. ഇത്രയും തൊഴിലാളികളുടെ ദിവസ വേതനം നൽകിയിട്ടുണ്ടെങ്കിലും പാർക്കിലെ ചെടികൾ ഏതാണ്ട് നാശോൻമുഖമായ നിലയിലാണ്. പാർക്ക് ഉൽഘാടന സമയം വെച്ചുപിടിപ്പിച്ചിരുന്ന പുൽത്തകിടികൾ കളകൾ കയറി കാടുപിടിച്ച് കിടക്കുന്നു. പൊതുജനങ്ങൾക്ക് ഉപയോഗിക്കുവാൻ പറ്റാത്ത തരത്തിലാണ് പാർക്കിന്റെ നിലവിലെ അവസ്ഥ. 809256 രൂപ ചെടികൾ നനച്ച് സംരക്ഷിക്കുന്നതിനായി നൽകിയിട്ടും ചെടികൾ പൂർണ്ണമായും നശിച്ചതിൽ നിന്നും ടി ചെലവ് പ്രയോജനപ്രദമായിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കാലാകാലങ്ങളിൽ തുക നൽകുമ്പോൾ ആയതിനനുസരിച്ച് തൊഴിലാളികളെ നിയോഗിച്ചിട്ടുണ്ടോയെന്നും അവർ കൃത്യമായി ചെടികൾ നനച്ച് സംരക്ഷിക്കുന്നുണ്ടോയെന്നും മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നും യാതൊരു മോണിട്ടറിങ്ങും ഇല്ലാത്തതാണ് ഇതിന് കാരണം. മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും സംരക്ഷിക്കപ്പെടേണ്ട ചെടികൾ നശിക്കുകയും ചെയ്ത സാഹചര്യത്തിൽ ടി ഇനത്തിൽ ചെലവഴിച്ച തുക 809256/- രൂപ തടസ്സപ്പെടുത്തുന്നു. ഈ വിഷയം ഭരണസമിതി അടിയന്തിരമായി പരിശോധിച്ച് വിശദമായ അന്വേഷണം നടത്തണമെന്ന് ശുപാർശചെയ്യുന്നു.

## 1-45 ഉറവിടമാലിന്യ നിർമ്മാർജ്ജനപദ്ധതി-ലക്ഷ്യം കൈവരിച്ചില്ല

കോട്ടയം നഗരസഭയുടെ വാർഷികപദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ബഹുവർഷപ്രോജക്ടായ സ്വച്ഛഭാരത് മിഷൻ(നഗരം)ഖരമാലിന്യ സംസ്കരണപദ്ധതിയ്ക്കായി 2019-20, 20-21 വർഷങ്ങളിൽ താഴെ ചേർത്തിരിക്കും പ്രകാരം തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (IKM ചെലവു പത്രിക പ്രകാരം)

ടി പ്രോജക്ടിന് 23.12.2019 ലെ1305/സി2/2008/ എസ്.എം നമ്പർ പ്രകാരം ശുചിത്വ മിഷൻ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

| വർഷം | ഗ്രാന്റിനം | ധനകാര്യകമ്മീഷൻ അവാർഡ് | കേന്ദ്രാവിഷ്കൃതഫണ്ട് | സംസ്ഥാനാവിഷ്കൃതഫണ്ട് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| 2019-20 | വകയിരുത്തിയത് | 14244712 | 15727600 | 10470088 | 4493600 | 44936000 |
| (615/20) | ചെലവഴിച്ചത് | | 0 | 0 | 0 | 0 |
| 2020-21 | വകയിരുത്തിയത് | 14320792 | 15366307 | 4667991 | 3818300 | 38173390 |
| (581/21) | ചെലവഴിച്ചത് | 550000 | 0 | 0 | 0 | 5500000 |

2019-20 വർഷത്തെ ഖരമാലിന്യ സംസ്കരണ പദ്ധതികൾക്ക് ബഹുവർഷ പ്രോജക്ടായി DPC അംഗീകാരം നൽകിയിട്ടുണ്ട്. ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

| ക്രമനം | ഇനം | എണ്ണം | തുക | | | |
|---|---|---|---|---|---|---|
| | | | ധനകാര്യ കമ്മീ.ഗ്രാന്റ് | ഗുണ.വിഹിതം | കേന്ദ്ര/സംസ്ഥാനവിഹിതം | ആകെ |
| 1. | 2018-19 | | 1889100 | 1772667 | 35184874 | 38846641 |
| | 2019-20 | | | | | |
| 2. | ബയോഗ്യാസ് പ്ലാന്റ് | 1500 | 6419250 | 2025000 | 11805750 | 20250000 |
| 3. | ബയോബിൻ | 2000 | 1394800 | 440000 | 2565200 | 4400000 |
| 4. | വെർമി കമ്പോസ്റ്റ് | 200 | 0 | 0 | 0 | |
| 5. | ബയോഡൈജസ്റ്റർ പോട്ട് | 1000 | 491350 | 155000 | 903650 | 1550000 |

| | | | | | | |
|---|---|---|---|---|---|---|
| 6. | റിംഗ് കംപോസ്റ്റ് | 500 | 396250 | 125000 | 728750 | 1250000 |
| 7. | ബക്കറ്റ് കംപോസ്റ്റ് | 17486 | 5543062 | 1748600 | 10194338 | 17486000 |
| 8. | 20-21 വെർമി കംപോസ്റ്റ് | 200 | 14320792 | 24000 | 139920 | 14484712 |
| | ആകെ | | 30454604 | 6290267 | 61522482 | 98267353 |

വെർമി കംപോസ്റ്റ് പ്രോജക്ടിന് 240000 രൂപയ്ക്കാണ് DPC അംഗീകാരം ലഭിച്ചത്.തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

ടി പദ്ധതികൾ നടപ്പിലാക്കുന്നതിലേക്ക് അക്രഡിറ്റഡ് ഏജൻസിയായ Integrated Rural Technology

Centre(IRTC) യെ ചുമതലപ്പെടുത്തി DPC യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

2020 ജനവരി 30 ന് കോട്ടയം നഗരസഭയും IRTC പാലക്കാടും തമ്മിലുള്ള ധാരണാ പത്രം പ്രകാരം കോട്ടയം നഗരസഭയിൽ ഉറവിടമാലിന്യ സംസ്കരണ പദ്ധതി 2019-20 പ്രകാരം 1ക്യു.മീ. ശേഷിയുള്ള വാട്ടർ ജാക്കറ്റുള്ള FRP ബയോഗ്യാസ് പ്ലാന്റുകൾ 1500 എണ്ണം, 2000 ഉണഭോക്താക്കൾക്ക് ബയോബിൻ, 500 റിങ് കമ്പോസ്റ്റ് യൂണിറ്റുകൾ, 1000 എണ്ണം ബയോഡൈജസ്റ്റർ പോട്ടുകൾ, 17486 ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റുകൾ 200 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്ന പ്രോജക്ടിന് 23.12.2019 ലെ 1305/സി2/2008.എം. നമ്പർ പ്രകാരം ശുചിത്വ മിഷൻ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

ഡി.പി.ആർ പ്രകാരം അനുവദിച്ച തുകയുടെ വിവരം

| | ഉത്തരവ് | അനുവദിച്ച തുക/തീയതി |
|---|---|---|
| I | 22.11.2018 ലെ എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വമിഷന്റെ നം.151/D1/2017/SM നംമ്പര് കത്ത് | 28,09,404.00 |
| II | 22.11.2018 ലെ എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വമിഷന്റെ നം2641/D1/2018/SM നംമ്പർ കത്ത് | 2,06,05,828.00 |
| | ആകെ | 23415232 |

1)2020-21 വർഷം ഉടർപ്രോജക്ടായ 581/21 പ്രകാരം IRTC-PIU വിന് നൽകിയിട്ടുണ്ട്(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

| ക്രമനം | ബിൽ നമ്പർ/തീയതി | തുക |
|---|---|---|
| 1. | 20080147001301115145/19.2.21 | 1500000 |
| 2. | 20080147001301427261/29.3.21 | 3200000 |
| 3. | 20080147001301313015/22.3.21 | 800000 |
| | ആകെ | 5500000 |

3) സ്വച്ഛ്ഭാരത് മിഷൻ ഫണ്ടിൽനിന്നും തഴെ ചേർത്തിരിക്കും പ്രകാരം തുക IRTC-PIU വിന് നൽകിയിട്ടുണ്ട്

| ക്രമ നം | വൌച്ചർനം. | ചെക്ക് നം/തീയതി | തുക |
|---|---|---|---|
| 1. | 01-07/20 | 002466/02.07.2020 | 298574 |
| 2. | 01-08/20 | 002468/27.08.20 | 2546401 |
| 3. | 01-09/20 | 002469/07.09.20 | 51967(GST) |
| 3. | | 004247/1.7.2021 | 303025 |
| | ആകെ | | 3148000+51967(GST) |

ആകെ നല്കിയ തുക -3148000 + 5500000=8648000

മാലിന്യ നിർമ്മാർജ്ജന സാമഗ്രികൾ IRTC-PIU നഗരസഭയ്ക്കു നൽകിയതു സംബന്ധിച്ച Tax Invoice Details

| | | | | | |
|---|---|---|---|---|---|
| 1 | ഇൻവോയിസ് നം.B2B091/03.10.2020 | Bucket Compost | 500 | @892.86<br>GST@6% | 446429<br>26785.74 |

| | | | | | |
|---|---|---|---|---|---|
| | | | | SGSt@6% | 26785.74 |
| | | | | | 500000(Rounded) |
| 2 | ഇൻവോയിസ് നം 144/2019-20 /09.03.20 | Biogas Plant1[3] | 16 | @12857.14<br>5142.86<br>5142.86 | 205714.24<br>5142.86<br>5142.86 |
| | | | | | 2,16,000.00 |
| 3 | ഇൻവോയിസ് നം 147/2019-20 /16.03.03.20 | Bucket Compost | 500 | @884.96<br>GST@6%<br>SGSt@6%<br>KFC@1% | 442479<br>26548.74<br>26548.74<br>4424.80 |
| | | | | GST@6%<br>SGSt@6%<br>KFC@1% | 26548.74<br>26548.74<br>4424.80 |
| | | | | | 500000 |
| 4 | ഇൻവോയിസ് നം.B2B039/28.07.20 | Bucket Compost | 650 | @892.86<br>GST@6%<br>SGSt@6% | 580357<br>34821.42<br>34821.42 |
| | | | | | 6,50,000 |
| 5 | ഇൻവോയിസ് നം.B2B063/28.08.20 | Biogas Plant1[3] | 16 | @12857.14<br>GST@6%<br>SGSt@6% | 205714.24<br>5142.86<br>5142.86 |
| | | | | | 216000 |
| 6 | ഇൻവോയിസ് നം.B2B062/28.08.20 | Biogas Plant1[3] | 16 | @12857.14<br>GST@6%<br>SGSt@6% | 205714.24<br>5142.86<br>5142.86 |
| | | | | | 216000 |
| 7 | ഇൻവോയിസ് നം.B2B082/21.09.2020 | Bucket Compost | 850 | @892.86<br>GST@6%<br>SGSt@6% | 758929<br>45535.74<br>45535.74 |
| | | | | | 850000 |
| 8 | ഇൻവോയിസ് നം.B2B109/31.102020 | Bucket Compost | 500 | @892.86<br>GST@6%<br>SGSt@6% | 446430<br>26785.80<br>26785.80 |
| | | | | | 500000( Rounded) |
| 9 | ഇൻവോയിസ് നം.B2B106/28.10.2020 | Bucket Compost | 100 | 892.86<br>GST@6%<br>SGSt@6% | 89286<br>5357.16<br>5357.16 |
| | | | | | 100000Rounded) |
| 10 | ഇൻവോയിസ് നം.B2B115/31.10.2020 | Bucket Compost | 900 | 892.86<br>GST@6%<br>SGSt@6% | 803572<br>48214.32<br>48214.32 |
| | | | | | 900000 |
| 11 | ഇൻവോയിസ് * | Bucket Compost | 3200 | 892.86 | 2857142 |

| | | | | | |
|---|---|---|---|---|---|
| | നം.B2B 306/19.03.2021 | | | GST@6% SGSt@6% | 171428.52 171428.52 |
| | | | | | 3200000 |
| 12 | ഇൻവോയിസ് നം.B2B401/27.03.2021 | Bucket Compost | 800 | 892.86 GST@6% SGSt@6% | 714286 42857.16 42857.16 |
| | | | | | 800000.00 |
| | | | 8048 | | 8648000 |

ആകെ വാങ്ങിയ ബക്കറ്റ് കംപോസ്റ്റ് -8000

ആകെ വാങ്ങിയ ബയോഗ്യാസ് പ്ലാന്റ് -48

ടി പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

- ടി പ്രോജക്റ്റ് സമയബന്ധിമായി പൂർത്തീകരിച്ചിട്ടില്ല. 2019-20ൽ ആരംഭിച്ച ടി പ്രോജക്റ്റ് നാളിതുവരെ (2022-23)പൂർത്തീകരച്ചിട്ടില്ല.
- വരവ് ചെലവ് കണക്കുകൾ വാർഷികമായി പോലും ക്രോഡീകരിച്ച് ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല.
- ഗുണഭോക്തൃ വിഹിതം വരവ് ഒടുക്ക് എന്നിവ സംബന്ധിച്ച് സംക്ഷിപ്തം വാർഷികമായി തയ്യാറാക്കിയിട്ടില്ല.
- ഗുണഭോക്തൃവിഹിതം, സംസ്ഥാനാവിഷ്കൃത ഫണ്ട് (ശുചിത്വ മിഷൻ ഫണ്ട്) എന്നിവയുടെ ചെലവ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.
- മാലിന്യ നിർമ്മാർജ്ജനത്തിന് വിപുലമായ പ്രോജക്റ്റ് വിഭാവനം ചെയ്തെങ്കിലും ബക്കറ്റ് കംപോസ്റ്റ് , ബയോഗ്യാസ് പ്ലാന്റ് എന്നീ ഇനങ്ങൾ ഒഴികെയുള്ളവ 2020-21 വർഷം വരെ വാങ്ങുകയോ സ്ഥാപിക്കുകയോ ചെയ്തതായി ഫയലിൽ രേഖകളില്ല. ആയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
- നഗരസഭയുടെ വിവിധ സോണൽ ഓഫീസുകളിലേക്ക് വിതരണം ചെയ്ത ബക്കറ്റ് കമ്പോസ്റ്റ്/ബയോഗ്യാസ് പ്ലാന്റ് എന്നിവയുടെ വിതരണ വിവരം, ഓരോ സോണിലും വിതരണം ചെയ്യാൻ ബാക്കിയുള്ളവ എന്നിവയുടെ വാർഷിക സംക്ഷിപ്ത കണക്കുകൾ നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടില്ല. മേൽ വിവരങ്ങളുടെ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.90/24.05.20222) നൽകിയെങ്കിലും മറുപടി തൃപ്തികരമല്ല.
- ബയോബിൻ, ബയോപോട്ട് എന്നിവയ്ക്ക് ഗുണഭോക്താക്കൾ താല്പര്യം കാണിക്കുന്നില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്തൃ തിരഞ്ഞെടുപ്പിന്റെ അപര്യാപ്തതയും പ്രോജക്റ്റ് വിഭാവനം ചെയ്തതിലെ സമഗ്രമായ വിവരശേഖരണത്തിന്റെ അഭാവവുമാണ് ഇപ്രകാരം സംഭവിക്കുവാൻ കാരണം.

മേൽ പ്രോജക്റ്റ് കൂടാതെ താഴെ ചേർത്തിരിക്കും പ്രകാരം മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകൾ 2020-21 വാർഷിക പദ്ധതിയിൽ വിഭാവനം ചെയ്യുകയും തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

| പ്രോജക്റ്റ് നം/പേര് | വകയിരുത്തിയ തുക |
|---|---|
| 411/21സ്വച്ഛ്ഭാരത് മിഷൻ(നഗരം) പദ്ധതി ഉറവിട മാലിന്യ സംസ്കരണം ഇൻസ്റ്റിറ്റ്യൂഷൻ ലെവൽ | 1547048 |
| 412/21സ്വച്ഛ്ഭാരത് മിഷൻ(നഗരം) പദ്ധതി ഉറവിട മാലിന്യ സംസ്കരണം കമ്മ്യൂണിറ്റി ലെവൽ | 18656864 |
| 411/21സ്വച്ഛ്ഭാരത് മിഷന്(നഗരം)പദ്ധതി ഉറവിട മാലിന്യ സംസ്കരണം MCF ,RRF | 4625220 |

മുനിസിപ്പൽ സെക്രട്ടറിയ്ക്ക് കോട്ടയം ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്ററുടെ 21.12 .2020 ലെ 376/2020/DSM/KTM കത്തു പ്രകാരം കോട്ടയം മുനിസിപ്പാലിറ്റിയുടെ ഡിപിആർ പദ്ധതികളുടെ പുരോഗതി താഴെ ചേർക്കുന്നു.

| | |
|---|---|
| അംഗീകരിച്ച ഡിപിആർ തുക | 94251928 |
| ഡിപിസി അംഗീകരിച്ച ഡിപിആർ തുക | 70005132 |
| ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ(%) | 74.27 |
| നൽകിയിട്ടുള്ള ആദ്യ ഗഡു | 20605828 |
| ചെലവ് | 2800000 |
| ചെലവ് ശതമാനം | 3.99 |

മാലിന്യ സംസ്കരണ വിഷയത്തിൽ നഗരസഭ അനിവാര്യമായ പ്രാധാന്യം നൽകുന്നില്ലാ എന്ന് മേൽ കണക്കുകൾ സൂചിപ്പിക്കുന്നു. ശുചിത്വ മിഷൻ അക്കൗണ്ടിൽ മതിയായ തുക ശേഷിക്കുന്നുണ്ട്(24229557/രൂപ (31.3.2020)). തദ്ദേശസ്വയംഭരണ(ഡിസി)വകുപ്പ്

10.06.2020 ലെ സർക്കുലർ നം.ഡി.സി1/222/2020 പ്രകാരം കോവിഡ്19 സാഹചര്യവുമായി ബന്ധപ്പെട്ട് കർശനമായി പാലിക്കേണ്ട നടപടിക്രമങ്ങളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ഇതിനു വേണ്ടുന്ന മതിയായ സാമ്പത്തിക സ്രോതസ്സുകൾ ഉണ്ടായിട്ടും പദ്ധതികൾ നടപ്പാക്കുന്നതി ൽ നഗരസഭ വേണ്ടത്ര ഊന്നൽ നൽകുന്നുല്ല എന്ന് കാണുന്നു.

മാലിന്യനിർമ്മാർജ്ജന/സംസ്കരണ പദ്ധതികൾ അർഹിക്കുന്ന പ്രാധാന്യത്തോടുകൂടി പരിഗണിക്കേണ്ടതും സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-46 മുള്ളങ്കുഴി ഫ്ലാറ്റ് നിർമ്മാണം - സൈറ്റ് കൈമാറി നൽകാത്തതിനാൽ രണ്ടും മൂന്നും ഘട്ട നിർമ്മാണം ഓഡിറ്റ് വർഷം ആരംഭിക്കാൻ സാധിച്ചിട്ടില്ല.

ഫയൽ നം. PW – 26518 (1)/11

നഗരസഭയുടെ 14-ാം വാർഡിൽപ്പെട്ട മുള്ളൻകുഴിയിൽ കെട്ടിടം നിർമ്മിച്ച് പുറമ്പോക്കിൽ താമസിച്ചിരുന്ന 64 കുടുംബങ്ങളെ 1985 കാലഘട്ടത്തിൽ പുനരധിവസിപ്പിച്ചിരുന്നു. എന്നാൽ കാലക്രമേണ പ്രസ്തുത കെട്ടിടം ജീർണ്ണവസ്ഥയിലായതിനാൽ പ്രസ്തുത കെട്ടിടം പൊളിച്ച് മാറ്റി പുതിയ ഫ്ലാറ്റുകൾ നിർമ്മിച്ച് പ്രസ്തുത കുടുംബങ്ങൾക്ക് താമസ സൗകര്യമൊരുക്കാൻ നഗരസഭ പദ്ധതി ആവിഷ്കരിച്ചു. വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിയ പദ്ധതികളുടെ നിർവ്വഹണവും നിർവ്വഹണത്തിലെ അപാകതകളും താഴെ സംഗ്രഹിക്കുന്നു.

ഒന്നാംഘട്ടം

ഒന്നാംഘട്ടത്തിൽ 12 ഫ്ലാറ്റുകൾ അടങ്ങിയ 2 യൂണിറ്റ് (24 ഫ്ലാറ്റുകൾ) നിർമ്മിക്കുന്നതിനാണ് പദ്ധതിയാവിഷ്കരിച്ചത്. ഇതിനായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ (KSHB)
നിർമ്മാണ ചുമതല ഏൽപ്പിച്ചു. 22.03.2012ന് നഗരസഭ KSHBയുമായി കരാർ വയ്ക്കുകയും 1,98,55,000/- രൂപ 31.03.2012ന് KSHB യ്ക്ക് നൽകുകയും ചെയ്തു. എസ്റ്റിമേറ്റ് പ്രകാരമുള്ള പണികൾ പൂർത്തീകരിച്ച് KSHB 04.06.2015ന് പ്രസ്തുത ഫ്ലാറ്റുകൾ നഗരസഭയ്ക്ക് കൈമാറി.

KSHB പ്രസ്തുത ഫ്ലാറ്റ് നിർമ്മാണച്ചുമതല ഒരു കരാറുകാരന് നൽകുകയും പ്രസ്തുത കരാറുകാരൻ നിർദ്ദിഷ്ട പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ അലംഭാവം കാട്ടിയതിനെ തുടർന്ന് ടിയാനെ ഒഴിവാക്കുകയും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തി പുനക്രമീകരണം വരുത്തി നിർവ്വഹിച്ചു. ആദ്യ കരാറുകാരൻ പൂർത്തീകരിച്ച പ്രവൃത്തിയുടെ മൂല്യം 5368379/- രൂപയും ബാക്കി പുനക്രമീകരണത്തിലൂടെ നിർവ്വഹിച്ച ചെലവ് 1,31,71,930/- രൂപയുടെതുമാണ്. ഇതു പ്രകാരം പ്രസ്തുത ഫ്ലാറ്റ് നിർമ്മാണത്തിന് ആകെ ചെലവ് 18540309/- രൂപയാണ്. ഇതിനുപുറമേ കൺസൽറ്റൻസി ചാർജ്, സർവ്വീസ് ടാക്സ്, സൈറ്റ് ക്ലിയറൻസ് എന്നീ ഇനങ്ങളിൽ 11,78,190/- രൂപകൂടി KSHB യ്ക്ക് ലഭിക്കേണ്ടതാണ്. ഇതു പ്രകാരം ആകെ വരുന്ന ചെലവ് 1,97,18,499/- രൂപയാണ്. എന്നാൽ നഗരസഭയുമായി ഒപ്പുവച്ച കരാർ പ്രകാരം ടി നിർമ്മാണ പ്രവൃത്തിക്ക് നൽകി വരുന്ന തുക 17699377/- രൂപയും കൺസൽട്ടൻസി ഫീസ്, സേവന നികുതി Etc ഇനങ്ങളിൽ സ്ഥാപനത്തിന് ലഭിക്കേണ്ട തുക 1178190/- രൂപയും ഉൾപ്പെടെ ടി പ്രവൃത്തിയുടെ ആകെ ചെലവ് 18877567/- രൂപയാണ്. ഈ തുക KSHBയ്ക്ക് മുൻകൂറായി നൽകിയ 19855000/- രൂപയിൽ തട്ടികിഴിച്ച് ബാക്കി 977433/- രൂപ KSHB നഗരസഭയ്ക്ക് തിരികെ നൽകുന്നതുമാണെന്ന് KSHB നഗരസഭയെ അറിയിക്കുകയും കരാർ പ്രകാരം ചെലവാക്കിയ 18877567/- രൂപയ്ക്ക് നഗരസഭ അംഗീകാരം നൽകണമെന്നും നഗരസഭയോട് KSHB 11.06.2015ലെ DB-327/12/DW/KTM നം. കത്തിലൂടെ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ കരാറുകാരനെ ഒഴിവാക്കിയ ശേഷം ബോർഡ് പുനക്രമീകരിച്ച് വർക്ക് വാല്യൂ ബിൽ (18540309/- രൂപയിൽ) കോൺട്രാക്ടറുടെ ലാഭവിഹിതം ഒഴിവാക്കിയുള്ള തുക മാത്രമേ നഗരസഭ അംഗീകരിക്കൂ എന്നാണ് 14.05.2015ൽ കൂടിയ KSHB, നഗരസഭ ഉദ്യോഗസ്ഥരുടെ സംയുക്ത യോഗത്തിൽ നഗരസഭ അറിയിച്ചത്. നഗരസഭ KSHBയെ നിർമ്മാണ ചുമതല ഏൽപ്പിച്ചത് ടെണ്ടർ നടപടിയുടെയല്ല. മറിച്ച് ഏജൻസി വർക്ക് എന്ന നിലയിലാണ് KSHB ഇത് ടെണ്ടർ നടപടിയിലൂടെ മറ്റു കാരാറുകാരെകൊണ്ടാണ് നിർവ്വഹിച്ചത്. അതിനാൽ ജി.ഒ(പി) നം. 408/2007 ഫിൻ (ഇൻഡ് & പി.ഡബ്ല്യൂ.ഡി) തീയതി 07.09.2007ലെ ക്ലോസ് V പ്രകാരം കോൺട്രാക്ടറുടെ ലാഭവിഹിതം ഉൾപ്പെടുന്ന തുക അംഗീകരിക്കണമെന്നാണ് ബോർഡിന്റെ ആവശ്യം. ഇത് അറിയിച്ച് വീണ്ടും 20.02.2020ൽ KSHB നഗരസഭയ്ക്ക് കത്ത് നൽകി. (BB-1050/2012/DW/KTM MCPY Dtd. 20.02.2020)

KSHB യ്ക്ക് നഗരസഭ നൽകിയതിൽ നഗരസഭയ്ക്ക് തിരികെ കിട്ടാനുള്ള തുക KSHBന്റെ നിലപാടു പ്രകാരം 977433/- രൂപയാണ്. നഗരസഭയുടെ വാദപ്രകാരം തിരികെ കിട്ടാനുള്ള തുക ഇതിലും കൂടുതലാണ്. എന്നാൽ ഈയിനത്തിൽ തുക തിരികെ ലഭ്യമായതിന്റെ വിശദാംശങ്ങൾ ഫയലിൽ കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (68/ 2020-21, തീയതി 05.03.22 ) നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക നാളിതുവരെ നഗരസഭയ്ക്ക് തിരികെ ലഭ്യമായിട്ടില്ലെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്.

KSHB യ്ക്ക് നൽകിയത് കൂടാതെ പ്രസ്തുത ഫ്ലാറ്റുകളിൽ വൈദ്യുതീകരണത്തിനായി 11,75,000/- രൂപ 63/2016-17 നമ്പർ പ്രോജക്റ്റിൽ ഉൾപ്പെടുത്തി PWD ഇലക്ട്രിക് വിഭാഗത്തിൽ 24.09.2016ന് ഡെപ്പോസിറ്റ് ചെയ്തിരുന്നു. SCP ഫണ്ട് പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും പദ്ധതിക്ക് സമയബന്ധിതമായി അംഗീകാരം ലഭിക്കാതിരുന്നതിനാൽ പകരം തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കുകയാണുണ്ടായത്. ഈ തുക പിന്നീട് SCP ഫണ്ടിൽ നിന്നും തനതുഫണ്ടിലേക്ക് റീഊപ്പ് ചെയ്തതായി ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയെങ്കിലും ഇതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതിനു പുറമേ പ്രസ്തുത തുക ഫ്ലാറ്റുകളിലേക്ക് സാനിട്ടേഷൻ, ജലവിതരണം എന്നിവയ്ക്കായി പ്രവൃത്തി നിർവ്വഹണം കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നിർവ്വഹിക്കുകയും 2015-16, 2016-17 വർഷങ്ങളിലായി 2995259/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

രണ്ടാംഘട്ടം

ഒരു നിലയിൽ 4 എണ്ണം എന്ന കണക്കിന് 3 നിലകളിലായി ആകെ 12 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 1,30,00,000/- രൂപയുടെ അടങ്കലിൽ പദ്ധതി രൂപീകരിച്ചു. (പ്രോജക്ട് നം. 524/2017) ഈ പ്രവൃത്തിക്കായി 1,24,00,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും നിർമ്മാണ ചുമതല കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് ഏൽപ്പിക്കുകയും ചെയ്തു. കോട്ടയം ജില്ലാ നിർമ്മിത കേന്ദ്രവും നഗരസഭയും തമ്മിൽ ഒപ്പുവച്ച പ്രവൃത്തിനിർവ്വഹണം സംബന്ധിച്ച കരാറിലെ (കരാർ നം. 199/2016-17 തീയതി 23.03.2017) വ്യവസ്ഥ 3 പ്രകാരം സൈറ്റ് കൈമാറി കിട്ടി ഒരാഴ്ചയ്ക്കുള്ളിൽ ജില്ലാ നിർമ്മിതി കേന്ദ്രം നിർമ്മാണ പ്രവൃത്തി തുടങ്ങുകയും മുൻകൂർകിട്ടി 12 മാസങ്ങൾക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്. ഇതിൻപ്രകാരം എസ്റ്റിമേറ്റ് തുകയുടെ 20% മുൻകൂറായി അനുവദിക്കാൻ നഗരസഭയോട് ജില്ലാ നിർമ്മിതി കേന്ദ്രം NK.68/2016-17 തീയതി 23.03.2017 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടു. എന്നാൽ ജില്ലാ നിർമ്മിതികേന്ദ്രത്തിന്റെ പ്രസ്തുത ആവശ്യം(പ്രോജക്ട് തുകയുടെ 20% = 24,80,000/- രൂപ), കരാർ വ്യവസ്ഥ നം. 7 (എസ്റ്റിമേറ്റ് തുകയുടെ 40% = 49,60,000/- രൂപ) എന്നിവയ്ക്ക് വിരുദ്ധമായി താഴെപ്പറയും പ്രകാരം ഒരു കോടി രൂപ മുൻകൂറായി നൽകി.

| അനുമതി ഉത്തരവ് | തുക |
|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ കോട്ടയം നഗരസഭയുടെ 23.03.2017ലെ PW.1-26518/2011 നമ്പർ നടപടിക്രമം | 26,00,000/- |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ കോട്ടയം നഗരസഭയുടെ31.03.2017ലെ PW.1-26518/2011 നമ്പർ നടപടിക്രമം | 74,00,000/- |
| ആകെ | 1,00,00,000/- |

ഇപ്രകാരം ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ ആവശ്യത്തിനും കരാർ വ്യവസ്ഥയ്ക്കും വിരുദ്ധമായി അധികം തുക നൽകിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഇതിന്മേൽ എക്സിക്യൂട്ടീവ് എഞ്ചിനീയറോട് വിശദീകരണം തേടിയിട്ടുള്ളതായും അത് ലഭ്യമാകുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യാമെന്നുമാണ് നഗരസഭ PW1/10677/22 തീയതി 23.05.22 കത്ത് പ്രകാരം മറുപടി നൽകിയിട്ടുള്ളത്. 23.03.2017ൽ എഗ്രിമെന്റ് വച്ചുവെങ്കിലും കോട്ടയം ജില്ലാ നിർമ്മിത കേന്ദ്രത്തിന് ഫ്ലാറ്റ് നിർമ്മാണത്തിനുള്ള സൈറ്റ് കൈമാറി നൽകാത്തതിനാൽ നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല. സൈറ്റ് കൈമാറി നൽകണമെന്നാവശ്യപ്പെട്ട് നിർവ്വഹണ ഏജൻസി 17.03.2018ലും 23.04.2018ലും 19.11.2018ലും വീണ്ടും കത്ത് നൽകിയെങ്കിലും സൈറ്റ് ഓഡിറ്റ് വർഷം കൈമാറിനൽകിയിട്ടില്ല.

മൂന്നാംഘട്ടം

28 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് ബഹുവർഷ പ്രോജക്ടായി ആകെ 3,70,00,000/- രൂപയുടെ അടങ്കലിൽ പദ്ധതി രൂപീകരിച്ചു. ഇതിൽ ആദ്യവർഷമായി 2017-18ൽ വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 5596575/- രൂപയും പട്ടികജാതി വിഭാഗത്തിൽ നിന്നും 8820200/- രൂപയും ഉൾപ്പെടെ 14416775/- രൂപ വിനിയോഗിക്കാൻ ഉദ്ദേശിച്ചിരുന്നു. നിർമ്മാണം സംബന്ധിച്ച് 24.03.2018ൽ നഗരസഭ കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രവുമായി കരാർ വയ്ക്കുകയും 74,00,000/- രൂപ മുൻകൂറായി ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകുകയും ചെയ്തു. 24.03.2018ൽ നിർവ്വഹണ ഏജൻസിയുമായി നഗരസഭ കരാറിൽ ഏർപ്പെട്ടുവെങ്കിലും സൈറ്റ് കൈമാറി നൽകാൻ സാധിച്ചിട്ടില്ല. മാത്രമല്ല കരാർ വയ്ക്കുന്ന സമയത്ത് പ്രാബല്യത്തിലില്ലാതിരുന്ന ജി.എസ്.റ്റി. പ്രൊവിഷൻ നിലവിൽ ഉള്ളതിനാൽ ഇതിനുള്ള 75,00,000/- രൂപകൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പരിഷ്കരിച്ചാൽ മാത്രമേ നിർമ്മാണ പ്രവൃത്തി തുടങ്ങാനാവൂ എന്നാണ് ജില്ലാ നിർമ്മിത കേന്ദ്രം ഇപ്പോൾ അറിയിച്ചിട്ടുള്ളത്. 2018-19 വർഷം മുതൽ നാളിതുവരെ ഈ നിർമ്മാണ പ്രവൃത്തികൾക്ക് മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി താഴെപ്പറയും പ്രകാരം തുക വകയിരുത്തിയെങ്കിലും തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല.

| വർഷം | പ്രോജക്ട് നം. | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|
| 2018-19 | 909/2018-19 | 24,00,000 | തനത്ഫണ്ട് |
| 2019-20 | 641/2019-20 | 4065600 | എസ്.സി.പി |
| 2020-21 | 650/2020-21 | 8934400 | എസ്.സി.പി |

പഴയ ഫ്ലാറ്റുകളിൽ താമസിക്കുന്ന അന്തേവാസികളെ പകരം സംവിധാനം ഒരുക്കി മാറ്റി പാർപ്പിക്കാതെ ഫ്ലാറ്റ് പൊളിച്ചുമാറ്റാൻ ശ്രമിച്ചതിനെതിരെ അന്തേവാസികൾ കോടതിയിൽ കേസുമായി പോയതിനെ തുടർന്ന് ഫ്ലാറ്റു പൊളിച്ചുമാറ്റുന്നതിന് കോടതി സ്റ്റോപ്പ് മെമ്മോ നൽകിയതുമൂലമാണ് സൈറ്റ് കൈമാറി നൽകാൻ നാളിതുവരെ നഗരസഭയ്ക്ക് സാധിക്കാതെവന്നതും നിർമ്മാണം പ്രതിസന്ധിയിലായതും. മതിയായ കൂടിയാലോചനയും വിലയിരുത്തലും നടത്തി അന്തേവാസികളെ പാർപ്പിക്കുന്നതു സംബന്ധിച്ച

മാർഗ്ഗങ്ങൾ അവലംബിക്കാതിരുന്നതുമാണ് നഗരസഭയുടെ ശ്രദ്ധേയമായ ഒരു പദ്ധതി ഇപ്രകാരം പ്രതിസന്ധിയിലായത്. തന്മൂലം നഗരസഭയുടെ ഒന്നേമുക്കാൽ കോടിയോളം രൂപ നിർവ്വഹണ ഏജൻസിയുടെ പക്കൽ നിക്ഷേപമായി തുടരുകയും പദ്ധതി പൂർത്തീകരണത്തിന് ഇനിയും ഏറെ പണം അധികമായി ചെലവഴിക്കേണ്ടതായും വന്നിരിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 68/2020-21 തീയതി 05.03.2022) നഗരസഭ 23.05.22 ലെ PW1/10677/22 നം. കത്ത് മുഖേന ലഭ്യമാക്കിയ മറുപടിയിൽ നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രം അധിക ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അത് അനുവദിച്ചിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ നിർമ്മാണത്തിന് ഉണ്ടായിരുന്ന തടസ്സങ്ങൾ പരിഹരിച്ച് സൈറ്റ് കൈമാറിയതായും 10% പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമായി വ്യക്തമാക്കിയിട്ടുണ്ട്.

## 1-47 നഗരസഭയുടെ വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -തനത് ഫണ്ട് ചെലവ് സംബന്ധിച്ച്

| | |
|---|---|
| ഫയൽ നം | PW1/5407/17 |
| ചെലവ് | 700000/- (തനത്ഫണ്ട്) |
| വൗച്ചർ നം /ചെക്ക് നം | 33/08-20<br>032856/05-08-20 |

നഗരസഭയുടെ വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (SO 771/17, SO 140/18)

എന്ന പ്രോജക്റ്റുമായി ബന്ധപ്പെട്ടാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത് . ഫയൽ പരിശോധയിൽ കാണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. 2017-18 ന് ശേഷം ടി പ്രോജക്റ്റ് റിവൈസ് ചെയ്ത് ഡി.പി.സി അംഗീകാരം ലഭിച്ചിച്ചതായി കാണുന്നില്ല

2. എനർജി സോൾ പവർ സൊല്യൂഷൻസ് ,വടവാതുർ,കോട്ടയം എന്ന സ്ഥാപനവുമായുള്ള കരാർ പ്രകാരം സ്ഥാപിക്കേണ്ടിയിരുന്ന ലൈറ്റുകളുടെ എണ്ണം നാളിതുവരെ സ്ഥാപിച്ച ലൈറ്റുകളുടെ എണ്ണം ഇനിയും സ്ഥാപിക്കാനുള്ളവയുടെ എണ്ണം എന്നിവ സംബന്ധിച്ച് വ്യക്തതയില്ല

3. ഈ പ്രോജക്റ്റിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമല്ല.

4. ടി പ്രോജക്റ്റിന്റെ അടങ്കൽ തുകയായി വകയിരുത്തിയിരുത്തിയത് 6400000/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റാണ്. എന്നാൽ ടി പ്രോജക്റ്റിനായി 2019-20 ൽ 1785000/-രൂപയും (വൗച്ചർ നം-159/5-19 ,ചെക്ക് നം027974/24.05.19) 2020-21 ൽ 700000/- രൂപയും(വൗച്ചർ നം-33/08-20,ചെക്ക് നം 032856/05-08-20) ചെലവഴിച്ചിരിക്കുന്നത് തനത്ഫണ്ടാണ്. ആയതിനാൽ ടി പ്രവർത്തിക്കായി 2016-17 മുതൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

5. ടി പ്രോജക്റ്റ് 019-20,2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതിരുന്നത് എന്തുകൊണ്ട് എന്ന് വ്യക്തമല്ല

മേൽപറഞ്ഞ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം -28/10 -01-22 നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ 2020-21വർഷത്തെ ചെലവ് 700000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ ചെലവ് സംബന്ധിച്ച് വിശദീകരണം നല്കേണ്ടതാണ്

## 1-48 പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച്

| | |
|---|---|
| പ്രോജക്റ്റ് നം | 274/21<br>ലൈഫ് മിഷൻ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം(എസ്സ്.സി വിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ<br>ദാരിദ്ര്യ ലഘൂകരണ സെൽ |
| അടങ്കൽ | 315178 (എസ്സ്.സി.പി) |
| ചെലവ് | 183400 |

1) ഫയൽനം ജി15/18966/07(2)

2017-18 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന ലൈഫ് മിഷൻ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം പദ്ധതിയുടെ ഗുണഭോക്താവായ ശ്രീ.കറപ്പ് സ്വാമി പി,കാട്ടിപറമ്പിൽ തണ്ടാനിക്കൽ, മീനടം പി.ഒ,കോട്ടയം എന്നയാൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല .ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 326800/-ടിയാന് അനുവദിച്ചിട്ടുള്ളതിൽ 263400/-രൂപ നാളിതുവരെ കൈപ്പറ്റിയിട്ടുണ്ട്. 2020-21 വർഷം63400/- രൂപ( ബിൽ നം20080147001401303931 തീയതി20/03/2021) ഈ ഗുണഭോക്താവിന് നല്കിയിട്ടുണ്ട് .വീടുപണി പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യുകയോ അല്ലെങ്കിൽ കൈപ്പറ്റിയ തുക12% പലിശ സഹിതം ഒടുക്കുകയോ

ചെയ്യണമെന്ന് 09/07/21ലെ ജി15/18966/07(2) നം കത്ത് മുഖേനെ നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ ഇതുമായി ബന്ധപ്പെട്ട തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമല്ല.

2.)ഫയൽനം ജി15/5518/131/2005

2017-18 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന ലൈഫ് മിഷൻ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം പദ്ധതിയുടെ ഗുണഭോക്താവായ ശ്രീ.ആർ പലാസം ,റെയിൽവെ പുറമ്പോക്ക്,കളക്ടേറ്റ് പി.ഒ,കോട്ടയം എന്നയാൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല ..ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 320000/-ടിയാന് അനുവദിച്ചിട്ടുള്ളതിൽ 280000/-രൂപ നാളിതുവരെ കൈപ്പറ്റിയിട്ടുണ്ട്. 2020-21 വർഷം 80000/- രൂപ (ബിൽ നം 20080114700140131951 7 തീയതി 22/03/2021 )ഈ ഗുണഭോക്താവിന് നല്കിയിട്ടുണ്ട് . വീടുപണി പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യുകയോ അല്ലെങ്കിൽ കൈപ്പറ്റിയ തുക 12% പലിശ സഹിതം ഒടുക്കുകയോ ചെയ്യണമെന്ന് 14/07/21ലെ ജി15/5578/131/2005 നം കത്ത് മുഖേനെ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ 2 ഗുണഭോക്താക്കളും 2017-18 വർഷത്തിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർ നടപടികളുടെ വിവരങ്ങൾ ലഭിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം 83/05.05.22 നല്കി. ഭവന നിർമ്മാണം പൂർത്തീകരിച്ച് ഒക്കുപൻസി സർട്ടിഫിക്കറ്റ്, കരമടച്ച രസീത് ഇവ ഹാജരാക്കുന്നക മുറയ്ക്ക് ബാക്കി തുക അനുവദിച്ച് നല്കുമെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. ഭവന നിർമ്മാണം സംബന്ധിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-49 പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം-വിവിധ പ്രോജക്ടുകളിലായി 2020-21ൽ പൂർത്തീയാക്കാൻ അവശേഷിക്കുന്ന ഭവനങ്ങൾ സംബന്ധിച്ച്

1)

| പ്രോജക്റ്റ് നം | പ്രോജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|---|
| 272/21 | ഭവന നിർമ്മാണം 2-ാംഘട്ടം | 360000 | 80000 |

മേൽ പ്രോജക്റ്റിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം | ഗുണഭോക്താവ് | നാളിതുവരെ കൈപ്പറ്റിയ തുക | ഭവന നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | സുപ്രഭ സുരേഷ് | 140000/- | ഭിത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചു |
| 2 | വിജയമ്മ കാക്കശ്ശേരിൽ | 180000/- | ഭവന നിർമ്മാണം പൂർത്തീകരിച്ച് ഒക്കുപൻസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം തുക പലിശ സഹിതം തിരിച്ചടക്കുന്നതിന്12/04/2022 ൽ കത്ത് നല്കിയിട്ടുണ്ട്. |
| 3 | ശോശാമ്മ ബാബു | 180000/- | |

2)

| പ്രോജക്റ്റ് നം | പ്രോജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|---|
| 273/21 | ലൈഫ് മിഷൻ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം(പോതു വിഭാഗം) | 2778572 | 23320 |

മേൽ പ്രോജക്റ്റിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം | ഗുണഭോക്താവ് | നാളിതുവരെ കൈപ്പറ്റിയ തുക | ഭവന നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | സുജ പി എസ്സ് കുറ്റിച്ചേരിൽ | 360000/- | റൂഫ് ലെവൽ |
| 2 | സണ്ണി. പി.ബി പാലത്തിങ്കൽ തോപ്പിൽ | 200000/- | റൂഫ് ലെവൽ |
| 3 | മറിയാമ്മ ജോൺ | 360000/- | റൂഫ് ലെവൽ |

| | | | |
|---|---|---|---|
| | കല്ലത്തറയിൽ | | |
| 4 | സാജൻ ചാക്കോ<br>പുളിക്കൽ ചിറ | 190000/- | ബേസ്മെന്റ് |
| 5 | ജോർജ് സി.പി<br>ചിറത്തറമാലി | 175000/- | റൂഫ് ലെവൽ |
| 6 | അമ്മുക്കുട്ടി<br>പവിത്രാധരൻ<br>നടുവേലിക്കര | 319412/- | റൂഫ് ലെവൽ |

3)

| പ്രോജക്റ്റ് നം | പ്രോജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|---|
| 274/21 | ലൈഫ് മിഷൻ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം(എസ്സ്.സി വിഭാഗം) | 315178 | 183400 |

മേൽ പ്രോജക്റ്റിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം | ഗുണഭോക്താവ് | നാളിതുവരെ കൈപ്പറ്റിയ തുക | ഭവന നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | സിന്ധു സന്തോഷ്<br>കുട്ടകാഞ്ഞിരത്തിങ്കൽ | 200000/- | റൂഫ് ലെവൽ |
| 2 | ജി രാമർ<br>റെയിൽവെ<br>പുറമ്പോക്ക് | 285000/- | ലിന്റൽ ലെവൽ |
| 3 | പെണ്ണമ്മ<br>ചാമക്കാലായിൽ | 310000/- | ലിന്റൽ ലെവൽ |
| 4 | എസ്സ്.സുബ്രമണി<br>മുനിസിപ്പൽ കോളണി | 340000/- | റൂഫ് ലെവൽ |
| 5 | പ്രമോദ് എ.പി<br>അറക്കമറ്റത്തിൽ | 220000/- | ലിന്റൽ ലെവൽ |
| 6 | കെ..സുബ്രമണി<br>മുനിസിപ്പൽ കോളണി | 290000/- | റൂഫ് ലെവൽ |
| 7 | ആർ പലാസം<br>റെയിൽവെ<br>പുറമ്പോക്ക് | 335000/- | റൂഫ് ലെവൽ |
| 8 | പി കറുപ്പസ്വാമി<br>റെയിൽവെ<br>പുറമ്പോക്ക് | 318400/- | റൂഫ് ലെവൽ |
| 9 | ചെല്ലമ്മാൾ<br>കാട്ടി പറമ്പിൽ | 240000/- | റൂഫ് ലെവൽ |
| 10 | മുരുകേശൻ<br>റെയിൽവെ<br>പുറമ്പോക്ക്<br>കളട്രേറ്റ് പി.ഒ | 180000/- | തറ നിർമ്മാണം |
| 11 | രാജൻ രാമലിംഗം<br>റെയിൽവെ | 180000/- | തറ നിർമ്മാണം |

| | | | |
|---|---|---|---|
| | പുറമ്പോക്ക് | | |
| 12 | പി ഗുരുസ്വാമി<br>റെയിൽവെ<br>പുറമ്പോക്ക് | 180000/- | തറ നിർമ്മാണം |
| 13 | കാളിമുത്തു<br>റെയിൽവെ<br>പുറമ്പോക്ക് | 166680/- | തറ നിർമ്മാണം |
| 14 | വള്ളിയമ്മ<br>റെയിൽവെ<br>പുറമ്പോക്ക് | 100000/- | തറ നിർമ്മാണം |
| 15 | എസ്സ്.ചെല്ലപ്പ<br>റെയിൽവെ<br>പുറമ്പോക്ക് | 100000/- | തറ നിർമ്മാണം |
| 16 | സി.ശേഖർ<br>റെയിൽവെ<br>പുറമ്പോക്ക് | 180000/- | തറ നിർമ്മാണം |
| 17 | എം.കറുപ്പയ്യ<br>റെയിൽവെ<br>പുറമ്പോക്ക് | 180000/- | തറ നിർമ്മാണം |
| 18 | എം.ചൊടല<br>റെയിൽവെ<br>പുറമ്പോക്ക് | 100000/- | തറ നിർമ്മാണം |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയികക്കേണ്ടതാണ്.

## 1-50 ഭവനനിർമ്മാണം-കുമാരനെല്ലൂർ 2-ാം ഘട്ടം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | 439/21(SO) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 220000/-/-<br>വികസനഫണ്ട് |
| ചെലവ് | 20000/- വികസനഫണ്ട് |
| ബിൽ നം/ചെക്ക് നം | 20080147000100450570<br>തീയതി 28/08/20 |

2013-14 ൽ ആരംഭിച്ച ഭവന നിർമ്മാണപ്രോജക്റ്റിൽ(പ്രോജക്റ്റ് നം-17/14) ഭവന നിർമ്മാണം പൂർത്തിയാക്കാത്ത 3 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്റ്റ് . 2020-21 വർഷം ഒരു ഗുണഭോക്താവ് മാത്രമാണ് ടി പ്രോജക്റ്റ് പ്രകാരം നിർമ്മാണം പൂർത്തിയാക്കിയത്.ഭവന നിർമ്മാണം പൂർത്തികരിക്കാത്തവരെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഗുണഭോക്താവ് | ആകെ അനുവദിക്കേണ്ടതുക | അനുവദിച്ച തുക | ബാക്കി അനുവദിക്കാനുള്ളത് |
|---|---|---|---|
| ഏലി ഔസേഫ് തേക്കും തറ പാറയ്ക്കൽ<br>മല്ലുശ്ശേരി | 200000 | 180000 | 20000 |
| ബിധു എൽ. വി<br>ഉമ്പുക്കാട്ട്<br>എസ്സ്.എച്ച് മൗണ്ട്<br>നട്ടാശ്ശേരി | 200000 | 20000 | 180000 |

രണ്ട് ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമല്ല.

ടി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം സംബന്ധിച്ച നിലവിലെ അവസ്ഥ വിശദമാകുന്നതിലായി ഓഡിറ്റ് എൻക്വയറി നം .52/2020-21 /11-02-22 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.ഭവന നിർമ്മാണം പൂർത്തീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 1-51 ഭവനനിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല

| ക്രമനമ്പർ | പ്രോജക്ട്നമ്പരും, പേരും | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | എസ്.ഒ 101/ 20-21,മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിയ്ക്കൽ(പട്ടികജാതിവിഭാഗം) | 5,00,000 | 2 00,000 |
| 2 | എസ്.ഒ 298/20-21,മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിയ്ക്കൽ(പട്ടികജാതിവിഭാഗം) | 10,00,000 | 2,50,000 |
| | ആകെ | 15,00,000 | 4,50,000 |

2020-21 സാമ്പത്തികവർഷം പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ മേൽപറഞ്ഞ പ്രോജക്ടുകൾ പരിശോധിച്ചപ്പോൾ ചില ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും മേൽവിലാസവും | കൈപ്പറ്റിയ തുക | | | ആകെ |
|---|---|---|---|---|---|
| | | ഒന്നാം ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു | |
| 1 | സുജമോൾ കെ.കെ ഇടത്തിനകം എസ്.എച്ച് മൌണ്ട് പി.ഒ | 60,000 | 120,000 | 160,000 | 340,000 |
| 2 | പി.റ്റി ബിജു പറാന്നിയിൽ മുട്ടമ്പലം പി.ഒ കോട്ടയം | 60,000 | 120,000 | 160,000 | 340,000 |

തുക കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 77) മറുപടി നൽകിയിട്ടില്ല. ആയതിനാൽ ഭവനനിർമ്മാണം പൂർത്തിയാക്കി ഓഡിറ്റിൽ വിവരമറിയിയ്ക്കേണ്ടതാണ്.

## 1-52 ആർദ്രം പ്രോജക്ട് (പ്രോജക്ട് നമ്പർ 311/20-21) ൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കോവിഡ് 19 റിലീഫ് ഫണ്ട് പിടിച്ച് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചത് CMDRF ലേയ്ക്ക് ഒടുക്കിയില്ല.

കോട്ടയം നഗരസഭയിൽ 2020-21 സാമ്പത്തിക വർഷം ആർദ്രം പ്രോജക്ടിൽ (പ്രോജക്ട് നമ്പർ 311/20-21) ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കോവിഡ് 19 റിലീഫ്ഫണ്ട് പിടിച്ച് സെക്രട്ടറിയുടെ അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | തീയതി | തുക(രൂപ) | തുക ക്രഡിറ്റ് ചെയ്തിട്ടുള്ള അക്കൌണ്ട് നമ്പർ | ഗുണഭോക്താവ് |
|---|---|---|---|---|
| 20080147000936125 | 19.01.2021 | 20910 | 799013000000496 | സെക്രട്ടറി |
| 20080147001000936133 | 19.01.2021 | 10455 | 799013000000496 | സെക്രട്ടറി |
| ആകെ | | 31365 /- | | |

31365 /- രൂപ CMDRF ലേയ്ക്ക് ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 9) മറുപടി ലഭ്യമാക്കിയില്ല. തുക ജീവനക്കാർക്ക് തിരികെ നൽകിയോ എന്ന വിവരം ഓഡിറ്റിൽ അറിയിയ്ക്കേണ്ടതാണ്.

## 1-53 മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിക്കായി വകയിരുത്താതെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.

പ്രോജക്ട് നം :- 271/2020-21

അടങ്കൽ തുക :- 50,00,000

സി.ഡി.പി.ഒ നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയത് 50,00,000 രൂപയുടെ അടങ്കലിനാണ്. എന്നാൽ അനുമതി കിട്ടിയ 50,00,000 രൂപ വികസനഫണ്ടിനു പുറമേ 19,51,800 രൂപ തനത്ഫണ്ട് അധികം ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. വൗച്ചർ നം.: 184-03/21, തുക- 19,51,800 രൂപ, ചെക്ക് നം.- 036079/30.03.21.

18.03.21 ലെ കൗൺസിൽ തീരുമാനം 33 പ്രകാരമാണ് അധികം തുക ചെലവഴിച്ചത്. എന്നാൽ തദനുസൃതമായി പദ്ധതി അടങ്കൽ ഭേദഗതി ചെയ്ത് അംഗീകാരം വാങ്ങിയിട്ടില്ല. ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരമില്ലാതെ ഇപ്രകാരം അധികം തുക മേൽ പദ്ധതിക്ക കീഴിൽ ചെലവഴിച്ചത് ക്രമാനുസൃതമല്ലെന്ന് ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.63/ തീയതി 23.02.22) മാനസിക വെല്ലുവിളി നേരിടുന്ന 226 ഗുണഭോക്താക്കൾക്ക് പരമാവധി തുകയായ 28500 രൂപയും ശാരീരിക വെല്ലുവിളി നേരിടുന്ന 96 ഗുണഭോക്താക്കൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള തുകയും നൽകുന്നതിന് വകയിരുത്തിയ തുക മതിയാവില്ലെന്നും കൂടുതൽ തുക വകയിരുത്തണമെന്നും ആവശ്യപ്പെട്ട് നഗരസഭയ്ക്ക് കത്ത് നൽകിയിരുന്നെന്നും വകയിരുത്തിയ തുക പൂർണ്ണമായും നൽകിയതിനുശേഷം തുക ലഭിക്കാനുണ്ടായിരുന്നവരുടെ പരാതിയെ തുടർന്ന് നഗരസഭയുടെ ആവശ്യപ്രകാരം തുക ലഭിക്കാനവശേഷിക്കുന്നവരുടെ പട്ടിക കൊടുക്കുകയും നഗരസഭ തനത് ഫണ്ടിൽ നിന്നും നേരിട്ട് തുക ഗുണഭോക്താക്കൾക്ക് അനുവദിക്കുകയാണുണ്ടായതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടി. മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-54 പങ്കാളിത്ത പെൻഷൻ വിഹിതം ഒടുക്കുന്നില്ല

കോട്ടയം നഗരസഭയിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട റഗുലർ വിഭാഗം ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പെൻഷൻ വിഹിതം ഈടാക്കുന്നുണ്ടെങ്കിലും പങ്കാളിത്ത പെൻഷൻ അക്കൗണ്ടിൽ ഒടുക്കു വരുത്തുന്നില്ല. പങ്കാളിത്ത പെൻഷൻ വിഹിതത്തിന്റെ ഒടുക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു

1. ശമ്പള കുടിശ്ശിക തുകയിൽ നിന്ന് പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കുന്നുണ്ടെങ്കിലും പെൻഷൻ അക്കൗണ്ടിൽ ഒടുക്കുവരുത്തുന്നില്ല.

പ്രൊബേഷൻ ഡിക്ലയർ ചെയ്തതിന്റെയും റേഷ്യോ പ്രൊമോഷൻ അനുവദിച്ചതിന്റെയും അടിസ്ഥാനത്തിൽ നൽകിയ ശമ്പള കുടിശ്ശികയിൽ നിന്നും പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കിയെങ്കിലും പെൻഷൻ അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ല. 2020-21 സാമ്പത്തിക വർഷം ജീവനക്കാരുടെ ശമ്പള കുടിശ്ശികയിൽ നിന്നും ഈടാക്കിയ പെൻഷൻ വിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ജീവനക്കാരുടെ പേര്, ഉദ്യോഗപ്പേര് | ഒടുക്കേണ്ടിയിരുന്ന പങ്കാളിത്ത പെൻഷൻ വിഹിതം |
|---|---|---|
| 1 | ബിജു.ടി | (2755+2142)= 4897 |
| 2 | സുനിൽ.കെ.എസ് | 1857 |
| 3 | സഞ്ജിത്ത്.ഇ.ഡി | 1857 |
| 4 | ഷീജ പദ്മം പി.എസ്. | 36 |
| 5 | ബിസ്മി.പി.നായർ | 2360 |
| 6 | രമ്യ.കെ.ജി | 1739 |
| 7 | കവിത.ജി | 873 |
| 8 | ഐഷമോൾ.പി.ഐ | 738 |
| 9 | എം.ജി.സതി | 1134 |
| 10 | സൗമ്യ.ജി | 3506 |
| 11 | മനു.എം.എസ് | 840 |
| | ആകെ | 19837 |

2. ഡെഫേർഡ് സാലറിയിൽ നിന്നും പെൻഷൻ വിഹിതം ഈടാക്കിയെങ്കിലും പെൻഷൻ അക്കൗണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല.

കോവിഡ് 19 പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി തടഞ്ഞുവെച്ച ശമ്പളം ജീവനക്കാർക്ക് തിരികെ നൽകിയതിൽ നിന്നും പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ പെൻഷൻ വിഹിതം ഈടാക്കിയെങ്കിലും പെൻഷൻ അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ല.

3. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ ശമ്പളകുടിശ്ശികയിൽ നിന്നും ഈടാക്കിയ പെൻഷൻ വിഹിതം അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ല.

പ്രൊബേഷൻ ഡിക്ലയർ ചെയ്തതിന്റെയും റേഷ്യോ പ്രൊമോഷൻ അനുവദിച്ചതിന്റെയും അടിസ്ഥാനത്തിൽ നൽകിയ ശമ്പള കുടിശ്ശികയിൽ നിന്നും ഈടാക്കാതിരുന്നിന്ന പങ്കാളിത്ത പെൻഷൻ വിഹിതം നിലവിൽ ക്ഷാമബത്ത കുടിശ്ശികയിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിലും പെൻഷൻ അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ജീവനക്കാരുടെ പേര്, | ഒടുക്കേണ്ടിയിരുന്ന |
|---|---|---|

| | ഉദ്യോഗപ്പേര് | പങ്കാളിത്ത പെൻഷൻ വിഹിതം |
|---|---|---|
| 1 | സുനിൽ.കെ.എസ് | 434 |
| 2 | സഞ്ജിത്ത്.ഇ.ഡി | 434 |
| 3 | മനു.എം.എസ് | 116 |
| 4 | സ്മിത.ജി.നായർ | 2098 |
| 5 | ദീപ.ബി | 2095 |
| 6 | കലാ കസ്റ്റേൽ | 2141 |
| 7 | സതീഷ്.പി.എം | 2143 |
| 8 | റയ്ഹാനത്ത്.വി.എച്ച് | 5757 |
| | ആകെ | 15218 |

ശമ്പളക്കുടിശ്ശിക ബില്ലുകളിൽ നിന്നും ഈടാക്കുന്ന പങ്കാളിത്ത പെൻഷൻ വിഹിതം പെൻഷൻ അക്കൗണ്ടിൽ ഒടുക്കുവരുത്തുന്നില്ലായെന്ന് ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.73/2020-21 തീയതി.24.03.22) സ്ഥാപന സോഫ്റ്റ്‌വെയർ മുഖേന ബിൽ തയ്യാറാക്കാൻ സാധിക്കാത്തതിനാലാണ് തുക അടയ്ക്കാൻ സാധിക്കാത്തതെന്നാണ് നഗരസഭ മറുപടി നൽകിയിരിക്കുന്നത്. സ്ഥാപന സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് നഗരകാര്യ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പെൻഷൻ വിഹിതം പെൻഷൻ അക്കൗണ്ടിൽ ഒടുക്കുവരുത്തുന്ന മുറയ്ക്ക് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-55 സെൻട്രൽ പെൻഷൻ ഫണ്ട്-ഭീമമായ തുക ലഭിക്കാനവശേഷിക്കുന്നു

സെൻട്രൽ പെൻഷൻ ഫണ്ട് - ഭീമമായ തുക ലഭിക്കാനവശേഷിക്കുന്നു .

നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ നാളിതുവരെയായി താഴെ ചേർത്തിരിക്കും പ്രകാരം 34,90,48,573/- രൂപ (മുപ്പത്തി നാലുകോടി തൊണ്ണൂറു ലക്ഷത്തി നാൽപ്പത്തി എട്ടായിരത്തി അഞ്ഞൂറ്റി എഴുപത്തി മൂന്ന് ) ലഭിക്കാനുണ്ട്.

പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ ലഭിക്കാനുള്ള തുക

2006-07 മുതൽ 2016-17 വരെ -10,55,39,179/-

2017-18 -5,62,44,826/-

2018-19 -6,70,18,899/-

2019-20 -6,84,44,418/-

2020-21 -5,09,26,388/-

2021-22 -3,24,39,328/-

38,06,13,038/-

പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ ലഭിച്ച തുക

05-05-2020 - 2,74,77,171/-

27-11-2021 - 40,87,294/-

3,15,64,465/-

അലോട്ട്മെന്റ് ഇനത്തിൽ ലഭിച്ച തുക 3,15,64,465/- കിഴിച്ച് ലഭിക്കുവാനുള്ള തുക 34,90,48,573/- രൂപയാണ്.

റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നില്ല

കോട്ടയം മുനിസിപ്പാലിറ്റി-റഗുലർ വിഭാഗം ജീവനക്കാരുടെ(പങ്കാളിത്ത പെൻഷൻ വിഭാഗം ഒഴികെയുള്ളവരുടെ) പെൻഷൻ കോൺട്രിബ്യൂഷൻ തുക 2019 ജൂലൈ മുതൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കു വരുത്തുന്നില്ല എന്നു കാണുന്നു. ജീവനക്കാരുടെ 2021 മാർച്ച് മാസം വരെയുള്ള ശമ്പളത്തിൽനിന്നും താഴെ ചേർത്തിരിക്കും പ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ തുക ശമ്പളബില്ലിൽ വകയിരുത്തിയിട്ടുണ്ട്.

പെൻഷൻ കോൺട്രിബ്യൂഷൻ ശമ്പള റിക്കവറി വിവരങ്ങൾ

| മാസം | ജനറൽ സെക്ഷൻ | അക്കൗണ്ട്സ് | റവന്യൂ | എൻജിനീയറിങ്ങ് | ടൗൺ പ്ലാനിങ്ങ് | വിദ്യാഭ്യാസം | ആരോഗ്യം | ആകെ |
|---|---|---|---|---|---|---|---|---|
| ജൂലൈ /2019 | 112270 | 54754 | 129350 | 62141 | 5751 | 14924 | 215917 | 595107 |
| ആഗസ്റ്റ്/2019 | 112938 | 54754 | 135968 | 58334 | 742 | 14924 | 216370 | 594030 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| സെപ്റ്റംബർ/2019 | 102636 | 53573 | 94681 | 47237 | ഇല്ല | 14924 | 205950 | 519001 |
| ഒക്ടോബർ/2019 | 105166 | 48751 | 112099 | 43929 | ഇല്ല | 14924 | 211590 | 536459 |
| നവംബർ/2019 | 105538 | 49390 | 109079 | 43929 | ഇല്ല | 15122 | 221346 | 544404 |
| ഡിസംബർ/2019 | 105862 | 49914 | 122920 | 48525 | ഇല്ല | 15464 | 223708 | 566393 |
| ജനവരി/20 | 106447 | 53493 | 120607 | 48770 | 10070 | 15464 | 230677 | 585528<br>(-13343)*<br>572185 |
| ഫെബ്രുവരി/20 | 111468 | 53493 | 121183 | 48977 | 10070 | 15644 | 229184 | 590119<br>(-19842)<br>570277* |
| മാർച്ച്/20 | 111630 | 53736 | 125221 | 48977 | 10070 | 15644 | 241315 | 606593<br>(-)30475*<br>576118 |
| ഏപ്രിൽ/20 | 115474 | 63006 | 125258 | 49311 | 10070 | 15644 | 268839 | 647602<br>(-)<br>56022*<br>591580 |
| മെയ്/20 | 107978 | 57894 | 125656 | 49761 | 10070 | 15644 | 277690 | 644693<br>(-)60234*<br>584459 |
| ജൂൺ/20 | 105000 | 65229 | 107283 | 49869 | 10070 | 15644 | 231765 | 584860 |
| ജൂലൈ/20 | 105432 | 65229 | 108791 | 49869 | 10070 | 15644 | 226670 | 581705 |
| ആഗസ്റ്റ്/20 | 105666 | 65229 | 109723 | 50031 | 10070 | 15644 | 227551 | 583914 |
| | | | 3873(supply.bill) | | | | | 3873 |
| സെപ്റ്റംബർ/20 | 105666 | 65229 | 109697 | 50211 | 10070 | 15644 | 220305 | 576822 |
| ഒക്ടോബർ/20 | 105810 | 65229 | 113392 | 50211 | 10070 | 15644 | 222541 | 582897 |
| നവംബർ/20 | 105810 | 58578 | 95248 | 50427 | 10070 | 15842 | 213511 | 549486 |
| ഡിസംബർ/20 | 106152 | 65391 | 92982 | 50427 | 10187 | 15842 | 213294 | 554275 |
| ജനവരി/21 | 106332 | 70863 | 95860 | 43172 | 5229 | 15842 | 209226 | 546524 |
| ഫെബ്രുവരി/21 | 99945 | 66299 | 111957 | 55903 | 5229 | 16022 | 211437 | 566792 |
| മാർച്ച്/21 | 125779 | 85232 | 150048 | 68605 | 6779 | 20734 | 264175 | 721352 |
| ജനവരി മുതൽ ജൂൺ വരെ മൂന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ | | | | | | | | 81334 |
| ആകെ | | | | | | | | 12183847 |

*NPS തുക തെറ്റായി ഉൾപ്പെടുത്തിയത്.

ഈ വിഷയത്തിൽ വിശദമായ റിപ്പോർട്ട് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് 74/24.03.2022 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അർഹതപ്പെട്ട തുക ലഭ്യമാക്കുന്നതിനും ജീവനക്കാരിൽനിന്നും ഈടാക്കിയ പെൻഷൻ കോൺട്രിബ്യൂഷൻ തുക സർക്കാരിലേക്ക് ഒടുക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-56 നഗരസഭ സെക്രട്ടറിയുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സഞ്ചിത നിധിയിലേക്ക് അടവാക്കുന്നില്ല.

കോട്ടയം നഗരസഭ സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും സ്പാർക്ക് സോഫ്റ്റ്‌വെയർ മുഖേന ബിൽ തയ്യാറാക്കി ട്രഷറി വഴി പണമാക്കുകയാണ് നിലവിൽ ചെയ്തുവരുന്നത്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3) പ്രകാരം നഗരസഭ സെക്രട്ടറിക്ക് ഒരു സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് കൊടുക്കേണ്ടതും, സെക്രട്ടറിക്ക് കൊടുക്കുന്ന മുഴുവൻ ശമ്പളവും അലവൻസുകളും അവധിക്കാല ശമ്പളത്തിനും പെൻഷനും ആവശ്യമുള്ളയിടത്തോളം അംശദായങ്ങളും നഗരസഭ തനതു ഫണ്ടിൽ നിന്ന് മാസം തോറും സംസ്ഥാന ഫണ്ടിലേക്ക്

അടക്കേണ്ടതാണ്. എന്നാൽ ടി ഇനത്തിൽ കോട്ടയം നഗരസഭയിൽ നിന്നും തുക ഒടുക്കുന്നില്ല. സംസ്ഥാന ഫണ്ടിലേക്ക് അവസാനമായി തുക അടച്ച തീയതി, ഒടുക്കുവാനവശേഷിക്കുന്ന തുകയുടെ വിവരങ്ങൾ, തുക ഒടുക്കാത്തതിന്റെ കാരണം എന്നിവ ആരാഞ്ഞു നൽകിയ 25.03.22 ൽ നൽകിയ 75- ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് 2017 ജൂൺ മുതൽ 2020 സെപ്റ്റംബർ വരെയുള്ള കാലയളവിലെ ശമ്പളമായ 2282750 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് റീ ക്രൂപ്പ് ചെയ്യുന്നതിനായി 17.05.22 ലെ 38 -ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-57 വനിതകൾക്ക് സ്കൂട്ടർ (എസ്.ഒ.192/20-21) – രേഖകൾ ഹാജരാക്കിയില്ല

| പ്രോജക്ട് നമ്പറും, പേരും | അടങ്കൽ | ചെലവ് |
|---|---|---|
| എസ്.ഒ.192/20-21, വനിതകൾക്ക് സ്കൂട്ടർ | എസ്.സി.പി – 120000<br>മറ്റുള്ളവ – 200000 | എസ്.സി.പി -106747 |

പട്ടികജാതി വികസനഓഫീസർ നിർവ്വഹണം നടത്തിയ വനിതകൾക്ക് സ്കൂട്ടർ (എസ്.ഒ.192/20-21) എന്ന പ്രോജക്ടിന്റെ ഭാഗമായി വികസന ഫണ്ടിൽ നിന്നും 106747 /- രൂപ ചെലവഴിച്ച് മൂന്ന് വനിതകൾക്ക് സ്കൂട്ടർ നൽകിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ നമ്പർ 22/2018തസ്വഭവ.തീയതി:14.02.2018 പ്രകാരം തൊഴിൽരഹിതരോ ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയ ഇരുചക്രവാഹനം ഓടിയ്ക്കുന്നതിനുള്ള ലൈസൻസ് ഉള്ളവരായ ഗുണഭോക്താക്കൾക്കാണ് വാഹനത്തിന് സബ്സിഡി നൽകേണ്ടത് . എന്നാൽ ഗുണഭോക്താക്കളിൽ ഒരാളായ മിലാന വി.റ്റി എന്നയാളുടെ ഡ്രൈവിംഗ് ലൈസൻസ് ഫയലിൽ ഇല്ല. മാത്രമല്ല ഗുണഭോക്താക്കൾ ലഭിച്ച വാഹനം ഉപയോഗിച്ച് സ്വയംതൊഴിൽ ചെയ്ത് ജീവിയ്ക്കുന്നു എന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ സാക്ഷ്യപത്രവും ഫയലിൽ ഇല്ല. മിലാന എന്ന ഗുണഭോക്താവിന്റെ ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കണമെന്നും മറ്റുള്ള പരാമർശങ്ങൾക്ക് മറുപടി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 59) മറുപടി ലഭ്യമായില്ല. ആയതിനാൽ 106747 /- രൂപ തടസ്സപ്പെടുത്തുന്നു.

## 1-58 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (എസ് ഒ. 458/20-2)- ബിൽ ലഭ്യമായില്ല

2020-21 വർഷം പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (എസ് ഒ. 458/20-21)എന്ന പ്രോജക്ടിന്റെ ഭാഗമായി വികസനഫണ്ടിൽ നിന്നും 1959876 /- രൂപ ചെലവഴിച്ച് 52 ലാപ് ടോപ്പുകൾ വാങ്ങാൻ നടപടി എടുത്തിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഇതിൽ ബിൽ നമ്പർ 2008014700160131 8646 തീയതി:-22.03.2021 പ്രകാരം KELTRON ന് 482868/- രൂപ നൽകിയതായി കാണുന്നു. എന്നാൽ ലാപ് ടോപ്പ് ലഭിച്ചതിന്റെ ബിൽ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ബിൽ പ്രകാരം എത്ര ലാപ് ടോപ്പുകൾ വാങ്ങി എന്ന് വ്യക്തമല്ല. മാത്രമല്ല മറ്റ് ബില്ലുകൾ പ്രകാരം വാങ്ങിയ ലാപ് ടോപ്പുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതായും കാണുന്നില്ല. ഗുണഭോക്താക്കളായ രണ്ട് വിദ്യാർത്ഥികളുടെ അപേക്ഷ ഫയലിൽ ഇല്ല. രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 26) മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ മേൽപറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതുവരേയ്ക്കും 482868/- രൂപ ഓഡിറ്റിൽതടസ്സപ്പെടുത്തുന്നു.

## 1-59 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങൽ (എസ് ഒ. 432/20-21) -ചെലവ് തുക തടസ്സപ്പെടുത്തുന്നു

കോട്ടയം നഗരസഭ പട്ടികജാതി വികസന ഓഫീസറുടെ ഉത്തരവ് നമ്പർ KM 261/19 തീയതി:-06.03.2020 പ്രകാരം വാർഡുസഭയുടെ ലിസ്റ്റിൽപെട്ട പട്ടികജാതി വിദ്യാർത്ഥികൾക്കായി 50 മേശയും കസേരയും ARTCO Ltd , കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് ഉത്തരവാകുകയും ബിൽ നമ്പർ 20080147001600994982 തീയതി :- 27.01.2021 പ്രകാരം വികസനഫണ്ടിൽ നിന്നും (എസ്.സി.പി) 245735/- രൂപ പിൻവലിച്ച് ടി സ്ഥാപനത്തിന് നൽകിയതായും കാണുന്നു. എന്നാൽ ഇവ ARTCO യിൽ നിന്നും ലഭിച്ചതിന്റെ രേഖകൾ, സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല. രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ26) മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ മേൽപറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതുവരേയ്ക്കും 245735 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-60 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

1.

| | |
|---|---|
| പ്രോജക്റ്റ് നം | 661/21<br>വിവിധ വാർഡുകളിൽ |

| | |
|---|---|
| | സ്ട്രീറ്റ് ലൈൻ വലിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1000000/-<br>വികസനഫണ്ട്<br>35253/-തനതുഫണ്ട് |
| ചെലവ് | 1000000/-<br>വികസനഫണ്ട്<br>35253/-തനതുഫണ്ട് |
| ബിൽ നം/ചെക്ക് നം | 20080147000101170524/27-02-21 - 903878/-<br>20080147000101416694/29-03-21 -96122/-<br>ചെക്ക് നം 017858/16.6.21 - 35253/- |

വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ എന്ന പ്രവൃത്തിക്കായി കെ എസ്സ്.ഇ.ബിയിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം 1035253/- രൂപ കെ.എസ്സ്.ഇ ബി.ഇലക്ട്രിക്കൽ ഡിവിഷൻ ,പള്ളം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിൽ മേൽ സൂചിപ്പിച്ചത് പ്രകാരം നിക്ഷേപിച്ചിട്ടുണ്ട് .ടി നിക്ഷപ പ്രവൃത്തിയുടെ വിനിയോഗസാക്ഷ്യ പത്രം നാളിതുവരെ കെ.എസ്സ്.ഇ ബി.യിൽ നിന്നും ലഭിച്ചിട്ടില്ല. കെ.എസ്സ്.ഇ ബി.ഇലക്ട്രിക്കൽ ഡിവിഷൻ , പള്ളം എക്സിക്യൂട്ടീവ് എൻജിനീയറുമായി 26/02/21 ൽ കരാർ വെച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിക്കേണ്ട തീയതിയും പൂർത്തിയാക്കേണ്ട തീയതിയും രേഖപ്പെടുത്തിയിട്ടില്ല. ടി നിക്ഷേപ പ്രവൃത്തിയുടെ ഫൈനൽ ബിൽ , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ല.

2

| | |
|---|---|
| പ്രോജക്റ്റ് നം | 448/21<br>വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 7021166/-<br>21126/-വികസനഫണ്ട്<br>7000000/-ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 21126/-വികസനഫണ്ട്<br>7000000/-ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നം | 20080147000100152643/28-04-20 -6000000/-<br>20080147000101417108/29-03-21 -138004/-<br>20080147000101236199/12-03-21-861996/-<br>20080147000101417105/29-03-21 -21126/- |

ടി പ്രോജക്റ്റുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ എന്ന ടി പ്രോജക്റ്റിനായി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.പല വാർഡുകളിൽ നിന്നും Detailed Estimate ലഭിച്ചിട്ടില്ല.

2.കെ.എസ്സ്.ഇ.ബി യുമായി കരാർ ചമച്ചിട്ടില്ല.

3 നിക്ഷേപിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല.

മേൽ പറഞ്ഞ പ്രോജക്റ്റുകളുടെ അപാകതകൾ സംബന്ധിച്ച് വിശദീകരണമുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം .12/18 -12-21 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.ടി പ്രോജക്റ്റുകളുടെ ചെലവ് തുകയായ 8056379/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-61 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.അധിക തുക നിരാകരിക്കുന്നു

1.

| | |
|---|---|
| പ്രോജക്റ്റ് നം | 660/21<br>വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 14243220/-ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 14242568/-ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നം/ചെക്ക് നം | 20080147000101402076/27-03-21 - 8419568<br>20080147000101416755/29-03-21 -5823000 |

വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്ന പ്രവൃത്തിക്കായി കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം 14242568/- രൂപ എക്സിക്യൂട്ടീവ് എൻജിനിയർ, പി.എച്ച് ഡിവിഷൻ,കേരളാ വാട്ടർ അതോറിറ്റി ,കോട്ടയം പേർക്ക് മേൽ സൂചിപ്പിച്ചത് പ്രകാരം നിക്ഷേപിച്ചിട്ടുണ്ട് .ടി നിക്ഷേപ പ്രവർത്തിയുടെ വിനിയോഗസാക്ഷ്യ പത്രം നാളിതുവരെ കേരളാ വാട്ടർ അതോറിറ്റിയിൽനിന്നും ലഭിച്ചിട്ടില്ല ..ടി പ്രവൃത്തി നടപ്പാക്കുന്നതിലേയ്ക്കായി വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിട്ടില്ല.

2.

| | |
|---|---|
| പ്രോജക്റ്റ് നം | 266/21<br>വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 10000000/-ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 10000000/-ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നം/ചെക്ക് നം | 19080147000101609658/26-03-20 - 2500000/-<br>20080147000101185737/04-03-21 -7500000/- |

വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്ന പ്രവൃത്തിക്കായി കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം 9870000/-രൂപയാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കേണ്ടിയിരുന്നത്.എന്നാൽ 10000000/- രൂപ എക്സിക്യൂട്ടീവ് എൻജിനിയർ, പി.എച്ച് ഡിവിഷൻ,കേരളാ വാട്ടർ അതോറിറ്റി ,കോട്ടയം പേർക്ക് മേൽ സൂചിപ്പിച്ചത് പ്രകാരം നിക്ഷേപിച്ചിട്ടുണ്ട് . അധികമായി ഒടുക്കിയ 130000/-രൂപ ഉപയോഗിച്ച് നഗരസഭാ പ്രദേശത്ത് അടിയന്തിരമായി നടപ്പാക്കേണ്ടതായ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ വാട്ടർ അതോറിറ്റിയോട് നഗരസഭ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്രകാരം തയ്യാറാക്കിയ ഒരു എസ്റ്റിമേറ്റ് ഫയലിൽ കാണുന്നില്ല. അധിക തുകയുടെ തുടർ വിവരങ്ങൾ ലഭ്യമല്ല.. 9870000/- രൂപയുടെ വിനിയോഗസാക്ഷ്യ പത്രം നാളിതുവരെ കേരളാ വാട്ടർ അതോറിറ്റിയിൽനിന്നും ലഭിച്ചിട്ടില്ല എന്നു കാണുന്നു .ടി പ്രവൃത്തി നടപ്പാക്കുന്നതിലേയ്ക്കായി വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചതായി കാണുന്നില്ല.

മേൽ പറഞ്ഞ പ്രോജക്റ്റുടെ അപാകതകൾ സംബന്ധിച്ച് വിശദീകരണമുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം .14/ 21 -12-21 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.പ്രോജക്റ്റ് നം.226/21ന് അധികമായി നല്കിയ തുക130000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.മേൽ പ്രോജക്റ്റുകൾക്കായിചെലവഴിച്ച ബാക്കി തുക തുകയായ 24112568/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-62 നഗരത്തിലെ വിവിധ തോടുകളുടെ ആഴം കൂട്ടൽ ഡിപ്പോസിറ്റ് തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല.

1.

| | |
|---|---|
| പ്രോജക്റ്റ് നം | 267/21<br>നഗരത്തിലെ വിവിധ തോടുകളുടെ ആഴം കൂട്ടൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 8430000/-ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 8430000/-ധനകാര്യകമ്മീഷൻ ഗ്രാന്റ് |

| | |
|---|---|
| ബിൽ നം/ചെക്ക് നം | 20080147000100152642/11-04-20 -7164472/-<br>20080147000101247730/12-03-21 -1265528/ - |

നഗരത്തിലെ വിവിധ തോടുകളുടെ ആഴം കൂട്ടൽ എന്ന പ്രവൃത്തിക്കായി കോട്ടയം മൈനർ ഇറിഗേഷൻ ഡിവിഷനിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം 8430000- രൂപ എക്സിക്യൂട്ടീവ് എൻജിനിയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ,,കോട്ടയം പേർക്ക് മേൽ സൂചിപ്പിച്ചത് പ്രകാരം നിക്ഷേപിച്ചിട്ടുണ്ട് .ടി നിക്ഷേപ പ്രവൃത്തിയുടെ വിനിയോഗസാക്ഷ്യ പത്രം നാളിതുവരെ ലഭിച്ചിട്ടില്ല .ടി പ്രവൃത്തി നടപ്പാക്കുന്നതിലേയ്ക്കായി മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനിയറുമായി കരാർ ചമച്ചതായി കാണുന്നില്ല.

2.

| | |
|---|---|
| പ്രോജക്റ്റ് നം | 659/21<br>നഗരത്തിലെ വിവിധ തോടുകളുടെ ആഴം കൂട്ടൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 19905857/-ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 6010000/-ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നം/ചെക്ക് നം | 20080147000101146625/24-02-21 -6010000/- |

നഗരത്തിലെ വിവിധ തോടുകളുടെ ആഴം കൂട്ടൽ എന്ന പ്രവൃത്തിക്കായി കോട്ടയം മൈനർ ഇറിഗേഷൻ ഡിവിഷനിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം 6010000/- രൂപ എക്സിക്യൂട്ടീവ് എൻജിനിയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ,,കോട്ടയം പേർക്ക് മേൽ സൂചിപ്പിച്ചത് പ്രകാരം നിക്ഷേപിച്ചിട്ടുണ്ട് .വിവിധ 5 പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ലഭിച്ച എസ്റ്റിമേറ്റ് പ്രകാരമാണ് ടി തുക നിക്ഷേപിച്ചത്. മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനിയറുടെ 05/03/21ലെ എ2-ഡിപ്പോസിറ്റ് വർക്ക് 2020-21 നം കത്ത് പ്രകാരം മേൽ പറഞ്ഞ 5 പ്രവൃത്തികളിൽ 4 പ്രവൃത്തികൾക്കായി 4510000/- രൂപ ഒടുക്കണമെന്നും വാർഡ് 49 ലെ 5-ാമത്തെ 1500000/-രൂപയുടെ വർക്ക് മേജർ ഇറിഗേഷനുമായി ബന്ധപ്പെട്ടതാണെന്നും അറിയിച്ചിട്ടുണ്ട്.ഈ കത്ത് ലഭിക്കുന്നതിനു മുൻപ് തന്നെ 6010000/-രൂപ എക്സിക്യൂട്ടീവ് എൻജിനിയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ,കോട്ടയം പേർക്ക് ഒടുക്കീയിട്ടുണ്ട് എന്ന് ഫയൽ പരിശോധനയിൽ കാണുന്നു.ആയതിനാൽ ടി 1500000/-രൂപയുടെ നിക്ഷേപം ,വിനിയോഗം എന്നിവ സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തേണ്ടത് ആവശ്യമാണ്. നിക്ഷേപ പ്രവൃത്തിയുടെ വിനിയോഗസാക്ഷ്യ പത്രം നാളിതുവരെ ലഭിച്ചിട്ടില്ല .ടി പ്രവൃത്തി നടപ്പാക്കുന്നതിലേയ്ക്കായി കരാർ ചമച്ചില്ല.

മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് വിശദീകരണമുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം .16 / 24 -12-21 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. മേൽ പ്രോജക്റ്റുകളുടെ ആകെ ചെലവ് തുകയായ 14440000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-63 വൃദ്ധർക്ക് കട്ടിൽ (എസ്.ഒ433/20-21), (എസ്.ഒ434/20-21)- രേഖകൾ ലഭ്യമാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

പട്ടികജാതിവികസന ഓഫീസർ നടപ്പിലാക്കിയ വൃദ്ധർക്ക് കട്ടിൽ എന്ന (എസ്.ഒ 433/20-21) പ്രോജക്റ്റ് പ്രകാരം 52 കട്ടിലുകളും, (എസ്.ഒ 434/20-21) എന്ന പ്രോജക്റ്റ് പ്രകാരം 10 കട്ടിലുകളും വാങ്ങുന്നതിന് വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. കട്ടിലുകൾ വാങ്ങുന്നതിന് ARTCO Ltd, കോട്ടയം എന്ന സ്ഥാപനത്തിന് Km.262/19 , തീയതി : 21.07.2020 നമ്പർ നടപടിക്രമങ്ങൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഉത്തരവ് തീയതി മുതൽ 16 ദിവസത്തിനകം 62 കട്ടിലുകൾ പള്ളത്ത് പ്രവർത്തിയ്ക്കുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ എത്തിയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ബിൽ നമ്പർ 20080147001600994987 തിയതി 27.01.2021 പ്രകാരം 43495 /- രൂപയും ബിൽ നമ്പർ 20080147001600994994 തിയതി 27.01.2021 പ്രകാരം 226173 /- രൂപയും ഉൾപ്പെടെ ആകെ 269668 /- രൂപ Artco Executive Director &Manager ടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് കൊടുത്തതായും ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ കട്ടിലുകൾ വാങ്ങിയതിന്റെ ബില്ലുകൾ, വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല. ഇതിന് മറുപടി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 59) മറുപടി ലഭ്യമായില്ല.

ആയതിനാൽ 269668 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-64 എന്റെ വാസസ്ഥലത്ത് നാടൻ നേന്ത്രവാഴകൃഷി-അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം | 399/21<br>എന്റെ വാസസ്ഥലത്ത് നാടൻ നേന്ത്രവാഴകൃഷി |
| അടങ്കൽ | 682500 /-(വികസനഫണ്ട്) |

| | |
|---|---|
| | 187500/-ഗുണഭോക്തൃവിഹിതം |
| ചെലവ് | 229061(വികസനഫണ്ട്)<br>39688 ഗുണഭോക്തൃവിഹിതം |
| ബിൽ നം | 1.) 84/20-21/26-03-21 30000/- വികസനഫണ്ട്<br>2.)85/20-21/26-03-21 51562/-<br>വികസനഫണ്ട്<br>3.)94/20-21/26-03-21 40000/-<br>വികസനഫണ്ട്<br>4.) 86/20-21/26-03-21 82187/-<br>വികസനഫണ്ട്<br>5.)100/20-21/29-03-21 25312/-<br>വികസനഫണ്ട്<br>6.)3018906701200107/27-03-21 17188/-ഗുണഭോക്തൃവിഹിതം<br>7.)3018906701200115/30-03-21 8438/-ഗുണഭോക്തൃവിഹിതം<br>8.)3018906701200107/26-03-21 14062/-/-ഗുണഭോക്തൃവിഹിതം |

1.)ചെലവ് പത്രിക പ്രകാരം 229061രൂപ (വികസനഫണ്ട്) മാത്രമാണ് ടി പ്രോജക്റ്റിനായി ചെലവഴിച്ചത്. ഗുണഭോക്തൃ വിഹിതമായി 187500/-രൂപ വകയിരിത്തിയെങ്കിലും ചെലവ് പത്രിക പ്രകാരം ചെലവില്ല.ഫയൽ പരിശോധനയിൽ 39688രൂപ ഗുണഭോക്തൃവിഹിതമായി ചെലവഴിച്ചിട്ടുണ്ട്. ഹാജരാക്കിയ രസീതു ബുക്കുകൾ പ്രകാരം ടി പ്രോജക്റ്റിന് ഗുണഭോക്തൃവിഹിതമായി പിരിച്ചത് 25626/- രൂപയാണ്.

2.)ചെലവിനാധാരമായ ഇൻവോയ്സുകൾ /സബ് വൌച്ചറുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. 170000 രൂപയുടെ ചെലവിനെ സാധൂകരിക്കുന്ന ഇൻവോയ്സുകൾ മാത്രമെ ലഭിച്ചിട്ടുള്ളൂ.

അപാകതകൾ സംബന്ധിച്ച് എൻക്വയറി:21/ 03-01-22 നല്കി മറുപടി ലഭിച്ചെങ്കിലും അപാകതകൾ സംബന്ധിച്ച മറുപടി പൂർണ്ണമല്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 98749/-രൂപയുടെ(268749-170000) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.പ്രോജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കാൻ നിർവ്വണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-65 അത്യുൽപ്പാദനശേഷിയുള്ള കുറിയഇനം തെങ്ങിൻതൈ വിതരണം-പദ്ധതി നിർവ്വഹണത്തിലെ അപാകകൾ

| | |
|---|---|
| പ്രോജക്റ്റ് നം | 402/21<br>അത്യുൽപ്പാദനശേഷിയുള്ള കുറിയഇനം തെങ്ങിൻതൈ വിതരണം |
| അടങ്കൽ | 187500/-(വികസനഫണ്ട്)<br>62500/-(ഗുണഭോക്തൃവിഹിതം) |
| ചെലവ് | 76050(വികസനഫണ്ട്)<br>25350/-(ഗുണഭോക്തൃവിഹിതം) |
| ബിൽ നം | 1.)98/20-21/29-03-21 10050/-(വികസനഫണ്ട്)<br>2.)87/20-21/26-03-21 21000/-(വികസനഫണ്ട്)<br>3.)89/20-21/26-03-21 45000/-(വികസനഫണ്ട്)<br>4.)3018906701200109/29-03-21 7000/-ഗുണഭോക്തൃവിഹിതം<br>5.)3018906701200116/30-03-21 3350/-ഗുണഭോക്തൃവിഹിതം<br>6.)3018906701200103/26-03-21 15000/-ഗുണഭോക്തൃവിഹിതം |

1.ചെലവ് പത്രിക പ്രകാരം 76050രൂപ (വികസനഫണ്ട്) മാത്രമാണ് ടി പ്രോജക്റ്റിനായി ചെലവഴിച്ചത്. ഗുണഭോക്തൃ വിഹിതമായി 62500രൂപ വകയിരിത്തിയെങ്കിലും ചെലവ് പത്രിക പ്രകാരം ചെലവില്ല.ഫയൽ പരിശോധനയിൽ 25350/- രൂപ ഗുണഭോക്തൃവിഹിതമായി ചെലവഴിച്ചിട്ടുണ്ട്. ഹാജരാക്കിയ രസീതു ബുക്കുകൾ പ്രകാരം ടി പ്രോജക്റ്റിന് ഗുണഭോക്തൃ വിഹിതമായി പിരിച്ചത് 18350/- രൂപയാണ്.

2.ചെലവിനാധാരമായ ഇൻവോയ്സുകൾ /സബ് വൌച്ചറുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. 73400/-

രൂപയുടെ ചെലവിനെ സാധൂകരിക്കുന്ന ഇൻവോയ്സുകൾ മാത്രമെ ലഭിച്ചിട്ടുള്ളൂ.

അപാകതകൾ സംബന്ധിച്ച് എൻക്വയറി:21/ 03-01-22 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടെങ്കിലും മറുപടി പൂർണ്ണമല്ല.ചെലവ് രേഖകളുടെ അഭാവത്തിൽ 28000/-രൂപയുടെ ചെലവ്(101400-73400) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.പ്രോജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കാൻ നിർവ്വണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-66 വീട്ടിൽ ഒരു ജൈവ പച്ചക്കറി തോട്ടം-അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം | 398/21<br>വീട്ടിൽ ഒരുജൈവ പച്ചക്കറി തോട്ടം |
| അടങ്കൽ | 285000 /- വികസനഫണ്ട്<br>75000/-ഗുണഭോക്തൃവിഹിതം |
| ചെലവ് | 140625വികസനഫണ്ട്<br>26875/-ഗുണഭോക്തൃവിഹിതം |
| ബിൽ നം | 1.)91/20-21/26-03-21 20000/-വികസനഫണ്ട്<br>2.)92/20-21/26-03-21 33750/-വികസനഫണ്ട്<br>3.)96/20-21/26-03-21 20000/-വികസനഫണ്ട്<br>4.)97/20-21/26-03-21 48500/-വികസനഫണ്ട്<br>5.)99/20-21/29-03-21 18375/-വികസനഫണ്ട്<br>6.)3018906701200108/27-03-21 11250/-ഗുണഭോക്തൃവിഹിതം<br>7.)3018906701200117/30-03-21 6125/--ഗുണഭോക്തൃവിഹിതം<br>8.) 3018906701200117/26 -03-21 9500/-ഗുണഭോക്തൃവിഹിതം |

1.)ചെലവ് പത്രിക പ്രകാരം 140625/-രൂപ (വികസനഫണ്ട്) മാത്രമാണ് ടി പ്രോജക്റ്റിനായി ചെലവഴിച്ചത്. ഗുണഭോക്തൃ വിഹിതമായി 75000/- രൂപ വകയിരിത്തിയെങ്കിലും ചെലവ് പത്രിക പ്രകാരം ചെലവില്ല.ഫയൽ പരിശോധനയിൽ 26875/-രൂപ ഗുണഭോക്തൃവിഹിതമായി ചെലവഴിച്ചിട്ടുണ്ട്.ഹാജരാക്കിയ രസീതു ബുക്കുകൾ പ്രകാരം ഗുണഭോക്തൃവിഹിതം പിരിച്ചത് 17375/-രൂപയാണ്

2.)ചെലവിനാധാരമായ ഇൻവോയ്സുകൾ /സബ് വൌച്ചറുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ച് എൻക്വയറി:21/ 03-01-22 നല്കിയെങ്കിലും ഗുണഭോക്തൃ വിഹിതം , സംബന്ധിച്ച് വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല. പ്രോജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കാൻ നിർവ്വണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-67 മിനിട്സ് തയ്യാറാക്കുന്നതിന് സകർമ്മ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നില്ല

തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ അധികാരങ്ങൾ കാര്യക്ഷമമായും, സത്യസന്ധമായും, സുതാര്യമായും ജനകീയ നിയന്ത്രണത്തിന് വിധേയമായും വിനിയോഗിച്ചുകൊണ്ട് അധികാര വികേന്ദ്രീകരണത്തിന്റെയും, തദ്ദേശഭരണ സ്ഥാപനത്തിന്റെയും ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ജനപ്രതിനിധികളെയും ജീവനക്കാരെയും സഹായിക്കുന്നതിനുവേണ്ടി തദ്ദേശഭരണ വകുപ്പ് സകർമ്മ എന്ന പേരിൽ സോഫ്റ്റ്‌വെയർ വിന്യസിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഭൂരിപക്ഷം തദ്ദേശഭരണ സ്ഥാപനങ്ങളും ഇതിനോടകം ഭരണസമിതി യോഗങ്ങളുടെ മിനിട്സ് സൂക്ഷിപ്പ് ഈ സോഫ്റ്റ്‌വെയർ മുഖാന്തിരമാക്കിയിട്ടുണ്ട്. കോട്ടയം മുനിസിപ്പാലിറ്റി കൗൺസിൽ മിനിട്സ് തയ്യാറാക്കുന്നതിന് സകർമ്മ സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. മിനിട്സ് ടൈപ്പ് ചെയ്ത് പ്രിന്റ് എടുത്ത് മിനിട്സ് ബുക്കിൽ ഒട്ടിച്ചു ചേർക്കുകയാണ് നിലവിൽ ചെയ്തുവരുന്നത്. മിനിട്സിന്റെ അവസാന പേജിൽ മാത്രമാണ് ചെയർപേഴ്സൺ ഒപ്പ് രേഖപ്പെടുത്തുന്നത്. ഇപ്രകാരമുള്ള മിനിട്സിലെ രേഖപ്പെടുത്തലുകളിൽ ഭേദഗതി വരുത്തിയതായി ആരോപണം വരികയും കൗൺസിൽ യോഗത്തിൽ അത് ബഹളത്തിനിടയാക്കുകയും ചെയ്ത സംഭവം നഗരസഭയിൽ ഉണ്ടായിട്ടുണ്ട്.

മിനിട്സ് സൂക്ഷിപ്പ് സകർമ്മയിലൂടെയായിരിക്കണമെന്ന സർക്കാർ നിർദ്ദേശം ഉണ്ടായിരിക്കെ നഗരസഭയിൽ സകർമ്മ നടപ്പിലാക്കാത്തത് അനുചിതമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി യോഗങ്ങളുടെ അജണ്ടയും, അതിന്മേൽ സ്ഥാപനം കൈക്കൊള്ളുന്ന തീരുമാനങ്ങളും പരിശോധിച്ച് മനസ്സിലാക്കുന്നതിന് ഓൺലൈനിൽ ലഭ്യമാകുന്ന സകർമ്മ

സോഫ്റ്റ്‌വെയർ പൊതുജനങ്ങൾക്ക് അവസരം നൽകുന്നു. ഇത് പങ്കാളിത്ത ജനാധിപത്യത്തെ ശക്തിപ്പെടുത്തുമെന്ന കാര്യത്തിൽ സംശയമില്ല. സകർമ്മ സോഫ്റ്റ്‌വെയർ പ്രയോഗത്തിൽ കൊണ്ടുവരാതിരിക്കുന്നതിലൂടെ സ്റ്റേക്ക് ഹോൾഡർമാർക്ക് നഗരസഭ കൈക്കൊള്ളുന്ന സുപ്രധാന തീരുമാനങ്ങളും യോഗനടപടി വിവരങ്ങളും അറിയുന്നതിനുള്ള അവകാശത്തെ നിഷേധിക്കുകയാണ് ചെയ്യുന്നത്. ഈ വിഷയത്തിൽ മുനിസിപ്പൽ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു. കൗൺസിൽ മിനിട്സ് സകർമ്മ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മെറിറ്റോറിയൽ സ്കോളർഷിപ്പ്- സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക തുക നൽകി

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ മെറിറ്റോറിയൽ സ്കോളർഷിപ്പ് ( എസ്.ഒ 431/2020-2021, എസ്.ഒ 299/2020-21, എസ്.ഒ 265/2020-21) പ്രോജക്ട് ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

സബ്സിഡി മാർഗ്ഗരേഖ നമ്പർ 22/2018 തസ്വഭവ. തീയതി:14.02.2018 ഖണ്ഡിക 7.2.5 പ്രകാരം എഞ്ചിനീയറിംഗ് കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പായി 25000/- രൂപ നൽകാവുന്നതാണ്. എന്നാൽ ഇതിന് വിരുദ്ധമായി 30,000/- രൂപ വീതം ഓരോ വിദ്യാർത്ഥിക്കും നൽകിയതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും മേൽവിലാസവും | പഠിക്കുന്ന കോഴ്സ് | നൽകിയ തുക | ബിൽ നമ്പർ/തീയതി/തുക | നൽകേണ്ട തുക | അധികമായി നൽകിയ തുക |
|---|---|---|---|---|---|---|
| 1 | ഷിൽന വിനോദ് കലേക്കാട്ടിൽ, കീഴകുന്ന്, കളക്ട്രേറ്റ് പി.ഒ. | ബി.ടെക് | 30,000 | 200801470016 01257887/16.03.2021 തുക - 440,000 | 25,000 | 5000 |
| 2 | അങ്കിത രാജപ്പൻ തോട്ടുങ്കൽപറമ്പിൽ, പാക്കിൽ പി.ഒ. | ബി.ടെക് | 30,000 | 200801470016 01257887/16.03.2021 തുക - 440,000 | 25,000 | 5000 |
| 3 | ഐശ്വര്യ ലക്ഷ്മി എട്ടാംകുളം വീട് വീട്ടുനമ്പർ.183 മുട്ടമ്പലം. | ബി.ടെക് | 30,000 | 200801470016 01257887/16.03.2021 തുക - 440,000 | 25,000 | 5000 |
| 4 | ആരതി പ്രദീപ് പതിയിൽപറമ്പിൽ പുത്തനങ്ങാടി കോട്ടയം. | ബി.ടെക് | 30,000 | 200801470016 01270053/17.03.2021. തുക- 265000/- | 25,000 | 5000 |
| 5 | അങ്കിത രാജപ്പൻ തോട്ടുങ്കൽപറമ്പിൽ, പാക്കിൽ പി.ഒ | ബി.ടെക് | 30,000 | 200801470016 00670168/28.10.2020 തുക - 50,000 | 25,000 | 5000 |
| | | | | ആകെ | | 25,000 |

മാത്രമല്ല ഗുണഭോക്താക്കളുടെ അപേക്ഷയിൽ ഗുണഭോക്താവിന് ആനുകൂല്യത്തിന് അർഹതയുണ്ടെന്ന വാർഡ് കൗൺസിലറുടെ സാക്ഷ്യപത്രവും, മറ്റ് വകുപ്പുകളിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രവും ലഭ്യമല്ല. ഇതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 19)ഇത് ജോലിത്തിരക്കിനിടയിൽ അറിയാതെ സംഭവിച്ച് പോയതാണെന്നും അധികമായി നൽകിയ തുക തിരികെ അടയ്ക്കുന്നതിനായി ഗുണഭോക്താക്കൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും മറുപടി നൽകി. സബ്സിഡി മാർഗ്ഗരേഖയിൽ പറയുന്ന തുകയിലും

അധികമായി നൽകിയ സ്കോളർഷിപ്പ് തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 3-2 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.അധിക തുക നിരാകരിക്കുന്നു

1.

| | |
|---|---|
| പ്രോജക്റ്റ് നം | 660/21<br>വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 14243220/-ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 14242568/-ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നം/ചെക്ക് നം | 20080147000101402076/27-03-21 - 8419568<br>20080147000101416755/29-03-21 -5823000 |

വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്ന പ്രവർത്തിക്കായി കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം 14242568/- രൂപ എക്സിക്യൂട്ടീവ് എൻജിനിയർ, പി.എച്ച് ഡിവിഷൻ,കേരളാ വാട്ടർ അതോറിറ്റി , കോട്ടയം പേർക്ക് മേൽ സൂചിപ്പിച്ചത് പ്രകാരം നിക്ഷേപിച്ചിട്ടുണ്ട് .ടി നിക്ഷേപ പ്രവർത്തിയുടെ വിനിയോഗസാക്ഷ്യപത്രം നാളിതുവരെ കേരളാ വാട്ടർ അതോറിറ്റിയിൽനിന്നും ലഭിച്ചിട്ടില്ല .ടി പ്രവർത്തി നടപ്പാക്കുന്നതിലേയ്ക്കായി വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിട്ടില്ല.

2.

| | |
|---|---|
| പ്രോജക്റ്റ് നം/പേര് | 266/21<br>വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 10000000/-ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 10000000/-ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നം/ചെക്ക് നം | 19080147000101609658/26-03-20 - 2500000/-<br>20080147000101185737/04-03-21 -7500000/- |

വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്ന പ്രവൃത്തിക്കായി കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം 9870000/-രൂപയാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കേണ്ടിയിരുന്നത്.എന്നാൽ 10000000/- രൂപ എക്സിക്യൂട്ടീവ് എൻജിനിയർ, പി.എച്ച് ഡിവിഷൻ,കേരളാ വാട്ടർ അതോറിറ്റി ,കോട്ടയം പേർക്ക് മേൽ സൂചിപ്പിച്ചത് പ്രകാരം നിക്ഷേപിച്ചിട്ടുണ്ട് . അധികമായി ഒടുക്കിയ 130000/-രൂപ ഉപയോഗിച്ച് നഗരസഭാ പ്രദേശത്ത് അടിയന്തിരമായി നടപ്പാക്കേണ്ടതായ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ വാട്ടർ അതോറിറ്റിയോട് നഗരസഭ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്രകാരം തയ്യാറാക്കിയ ഒരു എസ്റ്റിമേറ്റ് ഫയലിൽ കാണുന്നില്ല. അധിക തുകയുടെ ഉടർ വിവരങ്ങൾ ലഭ്യമല്ല.. 9870000/- രൂപയുടെ വിനിയോഗസാക്ഷ്യ പത്രം നാളിതുവരെ കേരളാ വാട്ടർ അതോറിറ്റിയിൽനിന്നും ലഭിച്ചിട്ടില്ല എന്നു കാണുന്നു .ടി പ്രവൃത്തി നടപ്പാക്കുന്നതിലേയ്ക്കായി വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചതായി കാണുന്നില്ല.

മേൽ പറഞ്ഞ പ്രോജക്റ്റുടെ അപാകതകൾ സംബന്ധിച്ച് വിശദീകരണമുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം .14/ 21 -12-21 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.പ്രോജക്റ്റ് നം.226/21ന് അധികമായി നല്കിയ തുക130000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.മേൽ പ്രോജക്റ്റുകൾക്കായിചെലവഴിച്ച ബാക്കി തുക തുകയായ 24112568/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇറിഗേഷൻ വകുപ്പ് | നഗരത്തിലെ വിവിധ തോടുകളുടെ ആഴം കൂട്ടൽ(267/21) | 1) 2008014700010015264 2/11-04-20 -7164472/-<br>2) 2008014700010124773 0/12-03-21 -1265528/ - | 8430000 | --- | --- |
| ഇറിഗേഷൻ വകുപ്പ് | നഗരത്തിലെ വിവിധ തോടുകളുടെ ആഴം കൂട്ടൽ(659/21) | 20080147000101146625/24-02-21 -6010000/- | 6010000/- | --- | --- |
| കെ .എസ്സ്.ഇ.ബി | വിവിധ വാർഡുകളിൽ സിട്രീറ്റ് ലൈൻ വലിക്കൽ(661/21) | 1 )20080147000101170524 /27-02-21 - 903878/-<br>2 )20080147000101416694 /29-03-21 -96122/-<br>3 )ചെക്ക് നം 017858/16.6.21 - 35253/- | 1035253/- | --- | --- |
| കെ .എസ്സ്.ഇ.ബി | വിവിധ വാർഡുകളിൽ സിട്രീറ്റ് ലൈൻ വലിക്കൽ(448/21) | 1 )20080147000100152643/28-04-20 -6000000/-<br>2 )20080147000101417108/29-03-21 -138004/-<br>3 )20080147000101236199/12-03-21-861996/-<br>4 )20080147000101417105/29-03-21 -21166/- | 7021166 | -- | -- |
| കേരളാ വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ(660/21) | 1 )20080147000101402076/27-03-21 - 8419568<br>2) 20080147000101416755/29-03-21 -5823000 | 14242568/ | -- | -- |
| കേരളാ വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ(266/21) | 1 )19080147000101609658/26-03-20 - 2500000/-<br>2 )20080147000101185737/04-03-21 -7500000/- | 10000000/--- | ---- | ---- |

തുക ചെലവഴിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് പ്രവർത്തിപൂർത്തീകരണപത്രം എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ 7.5 കോടി രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | | മുതൽ | |
| ഹഡ്കോ ലോൺ പിഎംഎവൈ(നഗരം)ലൈഫ് പദ്ധതി | ജി.ഒ(എം.എസ്സ്)നം.111/18ത.സ്വ.ഭ.വ തീയതി13/08/18 | 75000000/- | ഇല്ല | 10026665 | 64973335 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5873530 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5873530 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5873530 |

വാർഷിക കണക്ക് പ്രകാരം 5000000/-രൂപ ഇക്വിറ്റി ഷെയറുകളും 873530/-രൂപ ഗവൺമെന്റ് സെക്യൂരിറ്റി നിക്ഷേപവുമാണ്

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2-20 | 2007-08 | 4.6.1 | വൈദ്യുത ശ്മശാനം അറ്റകുറ്റപ്പണി-അപാകതകൾ-വ്യഥാ ചെലവ് | പരാമർശം നിലനിൽക്കുന്നു |
| 2005-06 | 3-4 (ഡി) | 2008-09 | 3.11.3 (എ) | മാമ്മൻ മാപ്പിള ഹാൾ-അഡീഷണൽ പവർ അലൊക്കേഷന് യഥാസമയം നടപടി സ്വീകരിക്കാത്തത് മൂലം നഷ്ടം | പരാമർശം നിലനിൽക്കുന്നു |
| 2005-06 | 3-4 (ഇ) | 2008-09 | 3.11.3 (ബി) | മാമ്മൻ മാപ്പിള ഹാൾ-പവർ ഫാക്ടർ ക്ഷയം | പരാമർശം നിലനിൽക്കുന്നു |
| 2006-07 | 2-4-5 | 2009-10 | 2.4,2-6 | തനത് വരുമാനം-തിരുനക്കര ബീഫ് സ്റ്റാൾ കുടിശ്ശിക നഷ്ടം- 55001/-രൂപ | പരാമർശം നിലനിൽക്കുന്നു |
| 2006-07 | 2-3-3 | 2009-10 | 2.6 | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ വാടകയ്ക്ക് എടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത്-ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ- നഷ്ടം 262665രൂപ | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 2008-09 | 2.7 | 2012-13 | 4.4.3 | മതിപ്പുവില പോലും ഈടാക്കാതെ കെ.എസ്.ഇ.ബി-ക്ക് വസ്തു കൈമാറി | പരാമർശം നിലനിൽക്കുന്നു |
| 2008-09 | 3.1 | 2012-13 | 4.4.4 | ആദായകരമായ പദ്ധതിയായി നിർമ്മിച്ച സംഗീത ജലധാര പ്രവർത്തന രഹിതം- 28.34 ലക്ഷം രൂപ നഷ്ടമായി | പരാമർശം നിലനിൽക്കുന്നു |
| 2018-19 | 1-20 | 2019-20 | 4 | ലക്ഷങ്ങൾ ചെലവഴിച്ച നഗരസഭയിൽ സ്ഥാപിച്ച ബയോബിന്നുകൾ പ്രവർത്തിക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഈയിനത്തിൽ തൻവർഷം വരവില്ല.

(ബി)സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 757116160 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 791016813 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 155000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 50264981 |

ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി) യിലേയും (സി) യിലേയും തുകയാണ്.

(ബി) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 1-40 | ഇല്ല | 25000 | ശ്രീമതി.മഞ്ജു.ഡി പട്ടികജാതി വികസന ഓഫീസർ |
| 1-61 | | 130000 | ശ്രീ എസ്സ് ബിജു,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-42 | 3411 | ശ്രീ. പി.വിദ്യാധരൻ, ഹെൽത്ത് സൂപ്പർവൈസർ, |

| | | |
|---|---|---|
| 1-43 | 9,11,600 | ശ്രീ. സജൻ.എസ്.നായർ, പ്രിൻസിപ്പൽ, ഗവ.വി.എച്ച്.എസ്.എസ്. നാട്ടകം |
| 1-44 | 809256 | ശ്രീ.ഇ.റ്റി.സുരേഷ് കുമാർ, സെക്രട്ടറി ഇൻ ചാർജ്ജ് എസ്.എസ്.സജി ,സെക്രട്ടറി |
| 1-47 | 700000 | എസ്സ്.എസ്സ് സജി,സെക്രട്ടറി |
| 1-57 | 106747 | ശ്രീമതി. മഞ്ജു.ഡി, പട്ടികജാതി വികസന ഓഫീസർ |
| 1-58 | 482868 | ശ്രീമതി. മഞ്ജു.ഡി, പട്ടികജാതി വികസന ഓഫീസർ |
| 1-59 | 245735 | ശ്രീമതി. മഞ്ജു.ഡി, പട്ടികജാതി വികസന ഓഫീസർ |
| 1-60 | 6000000 | ശ്രീ.ഇ.റ്റി.സുരേഷ് കുമാർ, സെക്രട്ടറി ഇൻ ചാർജ്ജ് |
| | 2056379 | ശ്രീ.എസ്.ബിജു, സെക്രട്ടറി |
| 1-61 | 2500000 | ശ്രീ.ഇ.റ്റി.സുരേഷ് കുമാർ, സെക്രട്ടറി ഇൻ ചാർജ്ജ് |
| | 21612568 | ശ്രീ.എസ്.ബിജു,,സെക്രട്ടറി |
| 1-62 | 7164472 | ശ്രീ.ഇ.റ്റി.സുരേഷ് കുമാർ, സെക്രട്ടറി ഇൻ ചാർജ്ജ് |
| | 7275528 | ശ്രീ.എസ്.ബിജു, സെക്രട്ടറി |
| 1-63 | 269668 | ശ്രീമതി. മഞ്ജു.ഡി, പട്ടികജാതി വികസന ഓഫീസർ |
| 1-64 | 98749 | ശ്രീമതി.വൈശാഖി എ.എസ്സ്,കൃഷി ഓഫീസർ |
| 1-65 | 28000 | ശ്രീമതി.വൈശാഖി എ.എസ്സ്,കൃഷി ഓഫീസർ |

(സി)കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മഞ്ജു.ഡി പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, കോട്ടയം നഗരസഭ | രാജ് ഭവൻ<br>മൈത്രി നഗർ -23<br>പുന്നത്താനം<br>കടപ്പാക്കട<br>കൊല്ലം - 8 |

| | | |
|---|---|---|
| | | |
| ശ്രീ.എസ്സ്.ബിജു ,സെക്രട്ടറി | കോട്ടയം നഗരസഭ | പ്രശാന്തി,കാർത്തികപ്പള്ളി പി.ഒ,ആലപ്പുഴ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ |
|---|---|
| 1986-87 | എൽ.എഫ്.കെ (എം.എൽ1)409/95/6.2.1996/13.2.1996 |
| 1989-90 | എൽ.എഫ്.കെ. (എം.എൽ.1) 191/93/13.7.1993/23.9.1993 |
| 1992-1993 | എൽ.എഫ്.കെ. (എം.എൽ.1) 1/337/95/17.3.1997 |
| 1993-1994 | എൽ.എഫ്.കെ. (എം.എൽ.1)370/06/ 2.11.2006/03.02.2007 |
| 1996-1997(ചെലവ്) | എൽ.എഫ്.കെ. (എം.എൽ.1)2584/00/14.10.2000 |
| 1996-1997(ഡി.സി.ബി) | എൽ.എഫ്.കെ. (എം.എൽ.3)448/06/04.05.2007/08.06.2007 |
| 1997-1998(ചെലവ്) | എൽ.എഫ്.കെ. (എം.എൽ.1) 132/00/17.05.2000 |
| 1997-1998(ഡി.സി.ബി) | എൽ.എഫ്.കെ. (എം.എൽ.3)367/07/12.09.2007/15.10.2007 |
| 1998-1999(ചെലവ്) | എൽ.എഫ്.കെ. (എം.എൽ.1) 220/01/112.11.2001/18.12.2001 |
| 1998-1999(ഡി.സി.ബി) | എൽ.എഫ്.കെ. (എം.എൽ.3) 370/07/14.09.2007/15.10.2007 |
| 1999-1900(ചെലവ്) | എൽ.എഫ്.കെ. (എം.എൽ.1) 109/03/28.10.2003 |
| 1999-2000(ഡി.സി.ബി) | എൽ.എഫ്.കെ. (എം.എൽ.3) 371/07/17.09.2007/15.10.2007 |

| | |
|---|---|
| 2000-2001 ജനകീയാസൂത്രണം | എൽ.എഫ്.കെ. (എം.എൽ.3) 38/04/10.02.2004 |
| 2000-2001(ചെലവ്) | എൽ.എഫ്.കെ. (എം.എൽ.1) 101/05/05.04.2005 |
| 2000-2001(ഡി.സി.ബി) | എൽ.എഫ്.കെ. (എം.എൽ.3) 374/07/19.09.2007/15.10.2007 |
| 2001-2002(ചെലവ്) | എൽ.എഫ്.കെ. (എം.എൽ.1) 157/05/09.09.2005/24.08.2005 |
| 2001-2002ജനകീയാസൂത്രണം | എൽ.എഫ്.കെ. (എം.എൽ.3) 384/04/10.02.2004/02.04.2004 |
| 2001-2002(ഡി.സി.ബി) | എൽ.എഫ്.കെ. (എം.എൽ.3) 387/07/20.09.2007/15.10.2007 |
| 2002-2003 ജനകീയാസൂത്രണം | എൽ.എഫ്.കെ. (എം.എൽ.3) 318/04/28.10.2004/17.11.2004 |
| 2002-2003 (ചെലവ്) | എൽ.എഫ്.കെ. (എം.എൽ.1) 305/05/15.11.2005/30.01.2006 |
| 2002-2003 (ഡി.സി.ബി) | എൽ.എഫ്.കെ. (എം.എൽ.3) 388/07/29.09.2007/15.10.2007 |
| 2003-2004 (കെ.വി.പി) | എൽ.എഫ്.കെ. (എം.എൽ.3) 237/06/07.11.2005/12.12.2005 |
| 2003-2004 (ചെലവ്) | എൽ.എഫ്.കെ. (എം.എൽ.1) 267/06/04.10.2006/30.10.2006 |
| 2004-2005 (ചെലവ്) | എൽ.എഫ്.കെ. (എം.എൽ.3) 287/07/17.07.2007/30.08.2007 |
| 2005-2006 | എൽ.എഫ്.കെ.എം.എൽ.3/401/ 2008/28.03.2009/31.03.2009 |
| 2006-2007 | എൽ.എഫ്.കെ-എം.എൽ.3/39/2010/12.05.2010/31.05.2010 |
| 2007-2008 | എൽ.എഫ്.കെ-എം.3/65/2011/ 03.10.2011/30.11.2011 |
| 2008-2009 | എൽ.എഫ്.കെ-എം.3/104/2012/ 03.10.2011/30.11.2011 |
| 2009-2010 & 2010-2011 | എൽ.എഫ്.കെ-എം.3/155/2013/22.04.2013/20.05.2013 |
| 2011-2012 | എൽ.എഫ്.കെ-എം.3/80/2014/13.11.2014 |
| 2012-2013 | എൽ.എഫ്.കെ-എം.3/526/2013/30.10.2014 |
| 2013-2014 | എൽ.എഫ്.കെ-എം.3/311/2014/27.03.2015 |
| 2014-2015 | കെ.എസ്.എ/കെ.എം.3/181/2016/20.05.2016 |
| 2015-2016 | കെ.എസ്.എ/കെ.എം.എം.3/45/2017/28.01.2017. |
| 2016-2017 | കെ.എസ്.എ/കെ.എം.എം.3/483/2017/30.12.2017. |
| 2017-2018 | കെ.എസ്.എ/കെ.എം.എം.3/203/2019/07.05.2019 |
| 2018-2019 | കെ.എസ്.എ/കെ.എം.എം.3/102/2020/13.05.2020 |
| 2019-2020 | കെ.എസ്.എ/കെ.എം.എം.3/372/2021/31.12.2021 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കോട്ടയം മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കോട്ടയം മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്